കലാകൗമുദി

ഫെബ്രുവരി 3, 1991 **803** വില: 3 രൂപ 50 പൈസ

മുഖക്കുറിപ്പ്
5
ആഭാസ രാമന്മാർ
എസ്. ജയചന്ദ്രൻനായർ

റിപ്പോർട്ട്
11
പ്രഹസനമാകുന്ന
ഡൽഹി ഭരണം
ശ്രീ. നരേന്ദ്രൻ

ഫീച്ചർ
13
ചോരയുടെ ഗന്ധം നിറഞ്ഞ
കഥകൾ
ശ്രീ. എസ്.എ. സെയ്ഫ്
41
ഇങ്ങനെയും ഒരാൾ
ജീവിച്ചിരുന്നു
ശ്രീ. ഒ.രാജശേഖരൻനായർ

ഇൻറർവ്യൂ
16
സ്വാതന്ത്ര്യത്തിലേക്കുള്ള
നീണ്ട പാത
ശ്രീ. ഇന്ദ്രബാബു

കവിത
18
ശിലായുഗം
ശ്രീ. ഒ.എൻ.വി.

റിപ്പോർട്ട്
6
ഗൾഫിൽ അഗ്നിവർഷം
ഇറാക്കിനെതിരെ അമേരിക്കയുടെ നേതൃത്വത്തിലുള്ള പാശ്ചാത്യ സഖ്യകക്ഷികൾ ആരംഭിച്ചിരിക്കുന്ന യുദ്ധം ഒരു ന്യൂക്ലിയർ യുദ്ധത്തിലേക്ക് വഴുതിവീഴുമോ?—പ്രത്യേക ലേഖകന്റെ റിപ്പോർട്ട്
20
നീർമാതളം പൂത്തകാലം
മാധവിക്കുട്ടി

കഥ
22
ഇരട്ടവാതിലുള്ള തീവണ്ടി
ശ്രീ. ജോസഫ് മരിയൻ

നോവൽ
25
പാണ്ഡവൻകാടും
പാഞ്ചാലിപ്പുഴയും
ശ്രീ. എം. ഗോപിനാഥൻനായർ
29
എന്റെയും നിന്റെയും കഥ,
അവന്റെയും
ശ്രീ. യശ്പാൽ
32
നിയമസഭയിൽ നിശ്ശബ്ദനായി
ഡോ: ആർ. പ്രസന്നൻ

ലേഖനം
37
പഞ്ചനക്ഷത്രഭ്രാന്ത്
ശ്രീ. അബു എബ്രഹാം
38
സന്ദർശകരില്ലാത്ത
ശവകുടീരങ്ങൾ
ശ്രീ. കെ.എം. വേണുഗോപാൽ
45
സാഹിത്യവാരഫലം
ശ്രീ. എം. കൃഷ്ണൻനായർ

കാർട്ടൂൺ
50
ബോബനും മോളിയും
ശ്രീ. ടോംസ്

മുഖചിത്രം: ഡിസൈൻ ശ്രീ. അരിഫ്

സാംസ്കാരിക കേരളം വർഗ്ഗീയതയ്ക്കെതിരെ

ഭാരതീയ സംസ്കാരത്തിന്റെ യഥാർത്ഥ പാരമ്പര്യം ഇന്ന് വലിയൊരപകടത്തിന്റെ വക്കിലാണ്. വ്യത്യസ്ത ഭാഷകൾ സംസാരിക്കുന്നവരും വ്യത്യസ്ത മതങ്ങളിൽ വിശ്വസിക്കുന്നവരുമായ അസംഖ്യം ജനവിഭാഗങ്ങൾ ആയിരക്കണക്കിനു വർഷങ്ങളായി ഈ മണ്ണിൽ ഒരുമിച്ചു ജീവിച്ചതിന്റെ ഫലമായി രൂപപ്പെട്ടതാണ് നമ്മുടെ മഹത്തായ സംസ്കാരം. അതിനെ ഏതെങ്കിലുമൊരു മതവിഭാഗത്തിന്റെ മാത്രം കുത്തകയാക്കി വെട്ടിച്ചുരുക്കാനുള്ള ഏതു ശ്രമവും അതിന്റെ ശൈഥില്യത്തിലും നാശത്തിലുമായിരിക്കും അവസാനിക്കുക. അതിനാൽ, അത്തരത്തിലുള്ള ഏതൊരു ശ്രമത്തെയും എതിർത്തു തോല്പിച്ച് സമ്പന്നവും വൈവിദ്ധ്യപൂർണ്ണവുമായ നമ്മുടെ സംസ്കാരത്തിന്റെ മഹത്ത്വം സംരക്ഷിക്കേണ്ടത് വിവേകവും ചരിത്രബോധവുമുള്ള ഏതൊരു ഇന്ത്യാക്കാരന്റെയും കടമയാണെന്ന് ഞങ്ങൾ കരുതുന്നു.

വൈദേശികാധിപത്യത്തിനെതിരായി, ഇന്ത്യൻ ജനത ഒന്നുചേർന്നു നടത്തിയ ത്യാഗപൂർണ്ണമായ സമരങ്ങളിലൂടെ നേടിയെടുത്തതാണ് മതനിരപേക്ഷതയുടെയും ജനാധിപത്യത്തിന്റെയും മൂല്യങ്ങളിലധിഷ്ഠിതമായ നമ്മുടെ സ്വാതന്ത്ര്യം. നാം ഉയർത്തിപ്പിടിക്കുന്ന ആ മൂല്യങ്ങളാകട്ടെ, ഭാരതീയ സംസ്കാരത്തിന്റെ യഥാർത്ഥ മൂല്യങ്ങൾതന്നെയാണ്. അടിച്ചമർത്തപ്പെട്ട ഭാരതീയ സംസ്കാരപാരമ്പര്യം സ്വാതന്ത്ര്യസമരത്തിന്റെ തീവ്രയാത്നകളിലൂടെ കൈവരിച്ച പുതിയ രൂപങ്ങളാണവ. അതിനാൽ മതത്തിനു രാഷ്ട്രീയ പരിവേഷം നല്കിക്കൊണ്ട് അധികാരമത്സരത്തിൽ പങ്കുചേരാൻ നടത്തുന്ന ഏതൊരു ശ്രമവും നമ്മുടെ നാടിന്റെ സാംസ്കാരിക പൈതൃകത്തെയും സ്വാതന്ത്ര്യത്തെയും അപകടപ്പെടുത്താൻ പോന്ന വിദ്ധ്വംസകപ്രവർത്തനമായി ഞങ്ങൾ കണക്കാക്കുന്നു.

മതത്തെ രാഷ്ട്രീയത്തിൽനിന്ന് വേർപെടുത്തി നിർത്തിക്കൊണ്ടു മാത്രമേ എല്ലാ മതക്കാർക്കും അവരവരുടെ വിശ്വാസങ്ങളെ സംരക്ഷിക്കുന്നതിനുള്ള സ്വാതന്ത്ര്യം ഉറപ്പുവരുത്താൻ കഴിയുന്ന ഒരേയൊരു ഉപാധിയായ ജനാധിപത്യ രാഷ്ട്രീയത്തെ ശക്തിപ്പെടുത്താൻ കഴിയൂ. രാഷ്ട്രീയത്തിനു മേൽ മതം ആധിപത്യം പുലർത്തുക എന്നാൽ ജനാധിപത്യമൂല്യങ്ങളെ തകിടംമറിച്ചുകൊണ്ട് ഫാസിസ്റ്റ് പ്രവണതകൾ ശക്തിയാർജ്ജിക്കുന്നതിനുള്ള പരിസരം നിലവിൽ വരിക എന്നാണർത്ഥം.

ഇന്ന് നമ്മുടെ രാജ്യത്തിന്റെ പൈതൃകവും സ്വാതന്ത്ര്യവും ഭദ്രതയും ഇത്തരത്തിലുള്ള വമ്പിച്ച ഒരു വെല്ലുവിളിയെയാണ് നേരിടുന്നത്. നമ്മുടെ മഹത്തായ സംസ്കാരത്തെയും വിലപ്പെട്ട സ്വാതന്ത്ര്യത്തെയും ഈ വെല്ലുവിളികളിൽനിന്ന് മോചിപ്പിക്കുന്നതിനുവേണ്ടി ജനാധിപത്യത്തിന്റെയും മതനിരപേക്ഷതയുടെയും ജീവിതമൂല്യങ്ങളിൽ ദൃഢമായി വിശ്വാസമർപ്പിച്ചുകൊണ്ട് എല്ലാതരം സങ്കുചിത വിഭാഗീയതകൾക്കും അതീതമായി നമുക്ക് ഒരുമിച്ചു മുന്നോട്ട് പോകേണ്ടിയിരിക്കുന്നു.

കേരളത്തിലെ സാംസ്കാരിക നവോത്ഥാനത്തിന്റെ പൈതൃകമായി വർത്തിച്ച്, സാമൂഹിക സമത്വത്തിനും സ്വാതന്ത്ര്യത്തിനുംവേണ്ടി നടന്ന പോരാട്ടങ്ങളിലൂടെ വികാസംകൊണ്ട ആധുനിക കേരളീയ സംസ്കാരത്തിന്റെ പ്രബുദ്ധതയിൽ അഭിമാനം കൊള്ളുന്ന നമുക്ക് ഇക്കാര്യത്തിൽ ഭാരതീയർക്കു പൊതുവെ മാതൃകയായിരിക്കാൻ

കഴിയും എന്നാണ് ഞങ്ങളുടെ വിശ്വാസം. അതിനു തുടക്കം കുറിച്ചുകൊണ്ട് കേരളത്തിലെ എല്ലാ മതനിരപേക്ഷ ജനാധിപത്യ സാംസ്കാരിക ശക്തികളുടെയും ഐക്യം ആത്മാർത്ഥതയോടെ ഞങ്ങളാഗ്രഹിക്കുന്നു.

ബാലാമണിയമ്മ, ഒ.എൻ.വി. കുറുപ്പ്, പി. ഭാസ്കരൻ, അയ്യപ്പപ്പണിക്കർ, എം.പി. അപ്പൻ, കെ. സച്ചിദാനന്ദൻ, സുഗതകുമാരി, കടമ്മനിട്ട രാമകൃഷ്ണൻ, വിഷ്ണുനാരായണൻ നമ്പൂതിരി, കെ.ജി. ശങ്കരപ്പിള്ള, ഡി. വിനയചന്ദ്രൻ, ബാലചന്ദ്രൻ ചുള്ളിക്കാട്, ചെമ്മനം ചാക്കോ, ഏഴാച്ചേരി രാമചന്ദ്രൻ, നീലമ്പേരൂർ മധുസൂദനൻ നായർ, ഒ.വി. ഉഷ, സാവിത്രി രാജീവൻ, വിജയലക്ഷ്മി, കുഞ്ഞപ്പ പട്ടാന്നൂർ, രാവുണ്ണി, പോൾ കല്ലാനോട്, ടി.പി. രാജീവൻ, പഴവിള രമേശൻ, കരുണാകരൻ പുതുശ്ശേരി, കെ.സി. ഉമേഷ് ബാബു, മുരളി നാഗപ്പുഴ, ദേശമംഗലം രാമകൃഷ്ണൻ, ബിച്ചു തിരുമല, വൈക്കം മുഹമ്മദ് ബഷീർ, തകഴി, പൊൻകുന്നം വർക്കി, കോവിലൻ, എം.ടി. വാസുദേവൻനായർ, എൻ.പി. മുഹമ്മദ്, മാധവിക്കുട്ടി, പി. വത്സല, സി. രാധാകൃഷ്ണൻ, വൈക്കം ചന്ദ്രശേഖരൻനായർ, ആനന്ദ്, കാക്കനാടൻ, സേതു, യു.എ. ഖാദർ, എസ്.കെ. വസന്തൻ, വൈശാഖൻ, സി.ആർ. പരമേശ്വരൻ, മാടമ്പ് കുഞ്ഞിക്കുട്ടൻ, സാറാജോസഫ്, കെ. സുരേന്ദ്രൻ, ഇ. വാസു, മലയാറ്റൂർ രാമകൃഷ്ണൻ, പെരുമ്പടവം ശ്രീധരൻ, അശോകൻ ചരുവിൽ, പ്രഭാകരൻ പഴശ്ശി, സി.വി. ബാലകൃഷ്ണൻ, തോമസ് ജോസഫ്, കെ.വി. രാമനാഥൻ, സി. അച്യുതമേനോൻ, സുകുമാർ അഴീക്കോട്, എം.കെ. സാനു, പി. ഗോവിന്ദപ്പിള്ള, എ.പി. ഉദയഭാനു, ശൂരനാട് കുഞ്ഞൻപിള്ള, എസ്. ഗുപ്തൻനായർ, എം. കൃഷ്ണൻനായർ, കെ.വി. സുരേന്ദ്രനാഥ്, എൻ.എ. കരീം, എം.എൻ. വിജയൻ, പുതുപ്പള്ളി രാഘവൻ, പവനൻ, ഡി.സി. കിഴക്കേമുറി, ബി. രാജീവൻ, വി. രാജകൃഷ്ണൻ, കെ.പി. അപ്പൻ, എം. തോമസ് മാത്യു, ആർ. നരേന്ദ്രപ്രസാദ്, എം. ലീലാവതി, എരുമേലി പരമേശ്വരൻപിള്ള, എം.എൻ. കുറുപ്പ്, ഇയ്യങ്കോട് ശ്രീധരൻ, എൻ.പി.പി. ഉണിത്തിരി, ഹമീദ് ചേന്ദമംഗല്ലൂർ, എം.എസ്. മേനോൻ, കെ.ഇ.എൻ. കുഞ്ഞഹമ്മദ്, എം. കുട്ടിക്കൃഷ്ണൻ. ഡോ. ടി.പി. സുകുമാരൻ, ഡോ., കെ. മഹേശ്വരൻനായർ എ. സുധാകരൻ, പി. അപ്പുക്കുട്ടൻ, സി.കെ. രാമചന്ദ്രൻ, എൻ. സുഗതൻ, ഡോ. കുര്യാസ്, മീനാക്ഷി തമ്പാൻ, ഐ.വി. ദാസ്, വി. കാർത്തികേയൻ, എ. റസലുദ്ദീൻ, എസ്. സുധീഷ്, പി.കെ. ബാലകൃഷ്ണൻ, പി.കെ. ഗോപാലകൃഷ്ണൻ, എം.ആർ. രാഘവവാര്യർ, രാജൻ ഗുരുക്കൾ, കെ.എൻ. ഗണേശ്, പി. മോഹനൻപിള്ള, ഡോ. ബി. ഇക്ബാൽ, സി.പി. നാരായണൻ, അടൂർ ഗോപാലകൃഷ്ണൻ, ജി. അരവിന്ദൻ, കെ.പി. കുമാരൻ, കരമന ജനാർദ്ദനൻനായർ, ലെനിൻ രാജേന്ദ്രൻ, ടി.വി. ചന്ദ്രൻ, കെ.ജി. ജോർജ്ജ്, പവിത്രൻ, കെ.ആർ. മോഹനൻ, പി.ടി.കെ. മുഹമ്മദ്, രവീന്ദ്രൻ, കെ.ടി. മുഹമ്മദ്, പിരപ്പൻകോട് മുരളി, ഒ.പി. രാജ്മോഹൻ, തിക്കൊടിയൻ, ആർ. നന്ദകുമാർ, കെ.കെ. മാരാർ, ആർട്ടിസ്റ്റ് നമ്പൂതിരി, എം.വി. ദേവൻ, നെയ്യാറ്റിൻകര വാസുദേവൻ, വി. സാംബശിവൻ, എസ്. ജയചന്ദ്രൻനായർ, എൻ.ആർ.എസ്. ബാബു, എൻ. രാമചന്ദ്രൻ, മാത്യു ഉലകംതറ, പി.വി.കെ. പനയാൽ, ആനന്ദ്, ടി.വി. കുഞ്ഞികൃഷ്ണൻ, എം. മുകുന്ദൻ, സക്കറിയ, ശശികുമാർ, വി.കെ. മാധവൻകുട്ടി, ഒ.വി. വിജയൻ, ഷാജി

പുത്തേഴൻ അവാർഡ്

അവിചാരിതമായ ചില കാരണങ്ങളാൽ മുടങ്ങിപ്പോയ, 1986—87, 1987—88, 1988—89 എന്നീ വർഷങ്ങളിലേക്കുള്ള "പുത്തേഴൻ അവാർഡ്" 1991 ഏപ്രിൽ മാസത്തിൽ തൃശൂരുവച്ച് നല്കുവാൻ തീരുമാനിച്ചിരിക്കുന്നു. 1986—1989 കാലയളവിൽ ആദ്യപതിപ്പായി പ്രസിദ്ധീകരിച്ച, സാഹിത്യത്തിലെ എല്ലാ വിഭാഗങ്ങളിൽപ്പെട്ട പുസ്തകങ്ങളിൽനിന്നും ഒരു വിദഗ്ദ്ധ സമിതിയായിരിക്കും അവാർഡിനർഹമായ കൃതികൾ തിരഞ്ഞെടുക്കുന്നത്. പരിഗണനാർഹമായ കൃതികളുടെ രണ്ടു പ്രതികൾ വീതം അയച്ചുതരുവാൻ പ്രസാധകന്മാരോടും ഗ്രന്ഥകാരന്മാരോടും അഭ്യർത്ഥിക്കുന്നതോടൊപ്പം വിലയേറിയ അഭിപ്രായങ്ങൾ അയച്ചു തരുവാൻ വായനക്കാരോടും അപേക്ഷിക്കുന്നു. പുസ്തകങ്ങളും അഭിപ്രായങ്ങളും താഴെപ്പറയുന്ന മേൽവിലാസത്തിൽ അയയ്ക്കുമല്ലോ.

പുത്തേഴത്ത് ഭാസ്കരമേനോൻ.
മണ്ണത്ത് വീയ്യൂർ തൃശൂർ—680010.

പ്രബന്ധ മത്സരം

ഡോ. ബി.ആർ. അംബേദ്കർ ശതാബ്ദി ആഘോഷത്തിന്റെ ഭാഗമായി കാലിക്കറ്റ് യൂണിവേഴ്സിറ്റി അംബേദ്കർ ശതാബ്ദി ആഘോഷക്കമ്മിറ്റി കോഴിക്കോട് യൂണിവേഴ്സിറ്റിയുമായി അഫിലിയേറ്റ് ചെയ്ത കോളേജുകളിലെ വിദ്യാർത്ഥികൾക്കുവേണ്ടി ഒരു പ്രബന്ധമത്സരം സംഘടിപ്പിക്കുന്നു. "ഡോ. അംബേദ്കറുടെ സാമൂഹിക ദർശനം" എന്നതാണ് പ്രബന്ധവിഷയം. പങ്കെടുക്കാൻ ആഗ്രഹിക്കുന്ന വിദ്യാർത്ഥി പ്രബന്ധം കോളേജ് പ്രൻസിപ്പാളിന്റെ സാക്ഷ്യപത്രത്തോടൊപ്പം 1991 ഫെബ്രുവരി 15-നുള്ളിൽ കിട്ടത്തക്കവിധം "കെ.ജി. കാർത്തികേയൻ യൂണിവേഴ്സിറ്റി ലൈബ്രറി, കോഴിക്കോട് സർവ്വകലാശാല—673 635" എന്ന വിലാസത്തിൽ അയച്ചുതരേണ്ടതാണ്. പ്രബന്ധം 12 പേജിൽ കവിയാൻ പാടുള്ളതല്ല. മത്സരത്തിൽ ഒന്നും രണ്ടും മൂന്നും സ്ഥാനങ്ങൾ നേടുന്ന വർക്ക് കാഷ് അവാർഡും പ്രശംസാപത്രവും അംബേദ്കർ ശതാബ്ദി ആഘോഷങ്ങളുടെ സമാപനച്ചടങ്ങിൽവച്ച് നല്കുന്നതാണ്.

ജന. കൺവീനർ ആഘോഷക്കമ്മിറ്റി.

ആഭാസരാമന്മാർ

അങ്ങ്, പശ്ചിമേഷ്യയിൽ തീപാറുന്ന യുദ്ധം. ഇവിടെ ആർക്കും വേണ്ടാത്ത ഒരു തിരഞ്ഞെടുപ്പും, ഗണുമേളയും, ചന്ദ്രശേഖറിന്റെ നാണംകെട്ട വർത്തമാനങ്ങളും. ലോകം വിചിത്രമെന്നു പറഞ്ഞയാൾ എത്ര വലിയ മഹാൻ!

സദ്ദാം ഹുസൈനും ജോർജ് ബുഷുമെല്ലാം തിരഞ്ഞെടുപ്പു പ്രസംഗകരുടെ വാണീവിലാസത്തിൽ പല ഭാവവും രൂപവും കൈക്കൊണ്ടിരിക്കുകയാണിപ്പോൾ. മുസ്ലീങ്ങളുടെ വോട്ടു കിട്ടാൻ, സദ്ദാം അറബി വിമോചകൻ. അമുസ്ലീങ്ങളുടെ വോട്ടു കിട്ടാൻ വയറുനുപ്പിഴപ്പിനുവേണ്ടി ഗൾഫിലെത്തിയ പാവപ്പെട്ട മലയാളികളുടെ വായിൽ മണ്ണിട്ട രാവണൻ. ചിലർ അവിടംകൊണ്ടും അവസാനിപ്പിക്കുന്നില്ല. ഇറാക്കിനെ കീഴടക്കി അറബിരാജ്യങ്ങളിൽ സാമ്രാജ്യത്വം സ്ഥാപിക്കാനാണ് അമേരിക്ക ഇറങ്ങിപ്പുറപ്പെട്ടിരിക്കുന്നതെന്നാണ് അവർ പറയുന്നത്. അറബി രാജ്യങ്ങളിലെല്ലാം ജനാധിപത്യവും സോഷ്യലിസവും സുഖിച്ചു കഴിയുകയാണെന്നു ഇതു കേൾക്കുമ്പോൾ തോന്നിപ്പോകും. കുവൈറ്റിലെ അമീറും, സൗദിയിലെ ഫഹദ് രാജാവും, സിറിയയിലെ ആസാദും, ഈജിപ്റ്റിലെ മുബാറക്കുമെല്ലാം ഗോർബച്ചേവിന്റെ മച്ചമ്പിമാരാണെന്ന ഭാവത്തിലാണ് അവർ പറയുന്നത്. സി.ഐ.എയിലൂടെ അമേരിക്കൻ എസ്റ്റാബ്ലിഷ്മെന്റിന്റെ തലതൊട്ടപ്പനായി ഉയർന്നുവന്ന ബുഷിനെക്കാളും ഒട്ടും മോശക്കാരല്ല ഇവരൊന്നും. അവർക്ക് യുദ്ധം നടത്താൻ പെട്രോഡോളറുണ്ട്. അതു വാങ്ങി ആയുധം കൊടുക്കാൻ അമേരിക്കയ്ക്കു കഴിവുമുണ്ട്. ആയുധക്കച്ചവടക്കാരുടെയുദ്ധമല്ലാതെ, ജനാധിപത്യവും സോഷ്യലിസവുമൊന്നും രക്ഷിക്കാനല്ല ഈ നാശക്കൊയ്ത്ത് എന്ന് അറിഞ്ഞുകൂടാത്തവരല്ലല്ലോ നാം. എന്നിട്ടും നാമെന്തിന് കള്ളം പറഞ്ഞു പരത്തുന്നു ഒരു വോട്ടിനുവേണ്ടി! എന്നാൽ ഇതിനെക്കാൾ രസകരം സദ്ദാമിന്റെ കാര്യമാണ്. അദ്ദേഹം അധികാരത്തിൽക്കേറി വന്നത് ബാത്തിസ്റ്റു പാർട്ടിയിലൂടെയാണ്. അറബിലോകത്തിലെ ഇടതുപക്ഷശക്തികളെന്നാണ് ബാത്തിസ്റ്റുകൾ വിശേഷിപ്പിക്കപ്പെട്ടിരുന്നത്. ആ പാർട്ടിയുടെ തലവനാണ്, സ്വന്തം മണ്ണിനുവേണ്ടി പടപൊരുതിയ കുർദ്ദുകളെ കൊന്നൊടുക്കിയത്. ആ നേതാവിനെ നിലനിർത്താനാണ് സോഷ്യലിസ്റ്റ് സ്വർഗ്ഗമായ സോവിയറ്റ് യൂണിയനിൽനിന്ന്, മിസൈലുകളും അതുപോലുള്ള അത്യന്താധുനിക യുദ്ധോപകരണങ്ങളും ഇറാക്കിൽ ഒഴുകിയെത്തിയത്. അപ്പോൾപ്പിന്നെ സദ്ദാമാണ് നല്ലവൻ, അതല്ല ബുഷാണ് മിടുക്കൻ എന്നൊക്കെ പറയുന്നതിന് എന്തർത്ഥം?

യുദ്ധത്തെയാണ് എതിർക്കേണ്ടത്. ചിലർ യുദ്ധം നടത്തിയാൽ അത് ധർമ്മയുദ്ധമാകുമെന്നു പറയുന്നത് പൊളിയാണ്. പണ്ട് ഹിറ്റ്ലറിന്റെ ബ്ളിറ്റ്സ്ക്രീഗ് ലണ്ടനെ അടിമുടി കുലുക്കിക്കൊണ്ടിരുന്നപ്പോൾപ്പോലും, യുദ്ധം പാടില്ലെന്നു പറഞ്ഞ് ചർച്ചിലിനെതിരെ തിരിഞ്ഞുനില്ക്കാനും, അതിന്റെ പേരിൽ കാരാഗൃഹത്തിൽ പോകാനും റസ്സൽ എന്നൊരാൾ ധൈര്യം കാണിച്ചിരുന്നു. ദേശപ്രേമത്തിൽ റസ്സലിന്റെ നാലയലത്തു വരാനുള്ള യോഗ്യത ചർച്ചിലിനില്ലായിരുന്നു. എന്നിട്ടും റസ്സൽ യുദ്ധത്തെ എതിർത്തു. വെടിയേറ്റ് മനുഷ്യർ മരിക്കുന്നത് അദ്ദേഹത്തിന് സഹിക്കാമായിരുന്നില്ല. അങ്ങനെ നട്ടെല്ലുള്ളവർ വളരെക്കുറച്ചേ ഉണ്ടായിട്ടുള്ളൂ. സദ്ദാമിനു വേണ്ടിയും ബുഷിനുവേണ്ടിയും കൊടിപിടിക്കുന്നവർ, കുറഞ്ഞപക്ഷം ചെയ്യേണ്ടിയിരുന്നത് യുദ്ധത്തിനെതിരെ കൊടിപിടിക്കുകയായിരുന്നു. പക്ഷേ, അങ്ങനെ കൊടി പിടിച്ചാൽ വോട്ടു കിട്ടുകയില്ലല്ലോ.

ഇതിനിടയിലാണ് നാലുദിവസമെങ്കിലും യുദ്ധം നിറുത്തിവയ്ക്കണമെന്ന ചന്ദ്രശേഖറിന്റെ പാഴ്വാക്കുകൾ. ആഗസ്റ്റ് രണ്ടാംതീയതി മുതൽ ജനുവരി പതിനെട്ടാം തീയതിവരെ ഇങ്ങനെയൊക്കെപ്പറയാൻ അദ്ദേഹത്തിനു സമയമുണ്ടായിരുന്നു. അപ്പോഴൊന്നും തോന്നാത്ത ഉൽക്കണ്ഠ ഇപ്പോഴെന്തിന്? ഇന്ത്യയുടെ വിദേശനയം വന്ധ്യമായ കാര്യം അദ്ദേഹം മനസ്സിലാക്കിക്കാണില്ലായിരിക്കും. എന്നാൽ ഇതിനെക്കാൾ അസഹനീയം, അദ്ദേഹത്തിന്റെ ദൂരദർശനിലെ മുഖം കാണിക്കലാണ്. അദ്ദേഹത്തെ കണ്ടാലും പോരാ, ഇംഗ്ളീഷല്ലാത്ത ഇംഗ്ളീഷിലുള്ള പ്രസംഗംകൂടി കേൾക്കേണ്ടിവരുന്നതാണ് കഷ്ടാൽ കഷ്ടതരം. ഹിന്ദിയിൽ നന്നായിപ്പറയാൻ അറിയാമെന്നിരിക്കെ, അറിഞ്ഞുകൂടാത്ത ഭാഷയിലേ സംസാരിക്കൂ എന്ന് എന്തിന് അദ്ദേഹം ശഠിക്കുന്നു? അറിഞ്ഞുകൂടാത്ത കാര്യങ്ങൾ ചെയ്യുന്നതിലാണല്ലോ നമ്മുടെ നേതാക്കന്മാർക്കുള്ള കഴിവ്.

അതെല്ലാം പോകട്ടെ എന്നു വയ്ക്കുമ്പോഴാണ്, ആനയുടെ തുമ്പിക്കൈയിൽ അരുമയോടെ തലോടി നില്ക്കുന്ന നമ്മുടെ മന്ത്രി ഗണുമേളയുമായി എത്തിയിരിക്കുന്നത്. നാളെയെക്കുറിച്ച് യാതൊരു പിടിപാടുമില്ലാതെയിരിക്കുമ്പോൾ ഇത്തരം മേളകൾക്ക് എന്തു പ്രസക്തി? ആഭാസമാണ് ഇതെല്ലാം.

എസ്. ജയചന്ദ്രൻനായർ

പ്രത്യേക ലേഖകൻ

ബാഗ്ദാദ്: അമേരിക്കൻ വ്യോമാക്രമണം

അമേരിക്കയുടെ ഹൈ ടെക് യുദ്ധം അറബിരാജ്യങ്ങളുടെ ഭൂമിശാസ്ത്രത്തെ കീറിമുറിക്കുമെന്നതു തീർച്ചയാണ്. ആഗസ്റ്റിൽ ഇറാക്കി പട്ടാളം കുവൈറ്റിൽ കടന്നുകയറിയതിനെ തുടർന്ന് സംജാതമായ സംഘർഷത്തിന്റെ വാൾത്തലയിലൂടെ കടന്നുപോയ ലോകം ജനുവരി പതിനെട്ടാം തീയതി പുലർച്ചയ്ക്ക് (ഇന്ത്യൻ സമയം 3.20) കേട്ടത് അമേരിക്കയുടെ മാരകമായ വ്യോമാക്രമണത്തിന്റെ കാതടപ്പിക്കുന്ന ശബ്ദമാണ്. മണലാരണ്യത്തിലെ കൊടുങ്കാറ്റ് എന്ന് ഓമനപ്പേരിട്ട ഈ ആക്രമണത്തിന്റെ ആദ്യത്തെ മുന്നുമണിക്കൂറിൽ രണ്ടായിരത്തി അഞ്ഞൂറു ബോംബറുകൾ പതിനെണ്ണായിരം ടൺ ബോംബും, മറ്റു സ്ഫോടക സാമഗ്രികളും ഇറാക്കിൽ വർഷിച്ചു. മണിക്കൂറുകൾ പിന്നിടുന്തോറും ആക്രമണത്തിന്റെ തീഷ്ണത വർദ്ധിപ്പിച്ചുകൊണ്ടിരിക്കുകയുമാണ്. എന്നാൽ "വൈറ്റ് ഹൗസിലെ ചെകുത്താന്റെ ക്രൂരകൃത്യങ്ങൾക്ക്" തിരിച്ചടി നൽകുമെന്നും "വിജയം വരെ യുദ്ധം തുടരുമെന്നു" മുള്ള പ്രഖ്യാപനവുമായാണ് ഇറാക്കി പ്രസിഡന്റ്, സദ്ദാം ഹുസൈൻ ആക്രമണത്തെ നേരിട്ടിരിക്കുന്നത്.

'ശസ്ത്രക്രിയപോലെ അതിസൂക്ഷ്മം' എന്ന് അമേരിക്കൻ സൈനിക വിദഗ്ദ്ധർ വിശേഷിപ്പിച്ച വ്യോമാക്രമണത്തിൽ മനുഷ്യ ഭാവനയ്ക്കുപോലും സങ്കല്പിക്കാനാവാത്ത വിധം ആയുധ ഉപകരണങ്ങൾ ഉപയോഗിച്ചിരുന്നു. പക്ഷേ കണക്കുകൂട്ടലുകൾ നൂറുശതമാനവും ശരിയായിരുന്നില്ലെന്നാണ്, അനന്തര സംഭവങ്ങൾ തെളിയിച്ചത്. ടെൽ അവീവിൽ വന്നുവീണ ഇറാക്കിന്റെ മിസൈൽ പാശ്ചാത്യസൈനിക കമാൻഡിനെ അക്ഷരാർത്ഥത്തിൽ പരിഭ്രമിപ്പിക്കുക തന്നെ ചെയ്തു. സോവിയറ്റ് യൂണിയനിൽ നിന്നും വാങ്ങിയ സ്കഡ് മിസൈലുകൾക്ക് ഇസ്രേലിൽ എത്താനാവില്ലെന്നായിരുന്നു അമേരിക്ക ഉൾപ്പെടെയുള്ള സൈനികശക്തികളുടെ വിശ്വാസം. അതിനും പുറമെ വ്യോമാക്രമണത്തിൽ ഇറാക്കിന്റെ മിസൈൽ താവളങ്ങൾ തകർക്കപ്പെട്ടുവെന്ന വിശ്വാസവും അവർക്കുണ്ടായിരുന്നു. എന്നാൽ മിസൈലുകൾ വിക്ഷേപിക്കാനുള്ള മൊബൈൽ ലാഞ്ചറുകൾ പാറക്കെട്ടുകൾ നിറഞ്ഞ ഇറാക്കിന്റെ വടക്കേ ഭാഗത്ത് വളരെ നേരത്തെ സുരക്ഷിതമാക്കപ്പെട്ടിരുന്നുവെന്നും, ചാര ഉപഗ്രഹങ്ങൾക്കുപോലും അത് കണ്ടെത്താനായില്ലെന്നും അവസാനം പാശ്ചാത്യ സഖ്യക്ഷികൾക്ക് സമ്മതിക്കേണ്ടിവന്നു. ഇറാക്കിന്റെ സൈനിക വിന്യാസങ്ങളെപ്പറ്റി അതിസൂക്ഷ്മമായ വിവരങ്ങൾ സംഭരിച്ചിട്ടുള്ള ഇസ്രേലും ആ വസ്തുതയിലേക്കാണ് വിരൽചൂണ്ടിയത്. അമേരിക്കയുടെ സ്റ്റാറ്റലൈറ്റ്-കം-എയർബോൺ സെൻസറുകളുടെ വീഴ്ചയിലേക്ക് വിരൽചൂണ്ടിയ ഇസ്രേൽ ഒരു കാര്യം കൂടി എടുത്തുപറഞ്ഞു. ഒരു മിസൈൽ വിക്ഷേപിക്കുന്നതിന്റെ ഒരുക്കത്തിന് കുറഞ്ഞത് ആറു മണിക്കൂർ വേണമെന്നിരിക്കെ, ഈ തയ്യാറെടുപ്പുകൾ അറിയാനുള്ള സംവിധാനങ്ങൾ പാശ്ചാത്യസൈനിക ശക്തികൾക്കില്ലാതെ പോയതെന്താണ്? ഹൈ-ടെക് യുദ്ധത്തിന്റെ അന്തർഹിതമായ പോരായ്മയാണിതെന്നും ചൂണ്ടിക്കാണിക്കപ്പെടുന്നു. എത്രതന്നെ സൂക്ഷ്മതയോടെ ആയുധങ്ങൾ വിക്ഷേപിക്കപ്പെട്ടാലും, അവ ലക്ഷ്യസ്ഥാനത്തിനടുത്തോ, പത്തു മീറ്റർ അകലെയോ വീണേക്കാനുള്ള സാദ്ധ്യത നിരാകരിക്കാവുന്നതല്ലെന്ന് ജനറൽ മനേക്ഷാ അഭിപ്രായപ്പെട്ടതും ഈ പശ്ചാത്തലത്തിലാണ്.

ഇതിനകം തന്നെ വ്യക്തമാക്കപ്പെട്ടതുപോലെ മിസൈൽ ആക്രമണം നടത്തി ഇസ്രേലിനെ പ്രകോപിപ്പിക്കുകയും, യുദ്ധത്തിൽ എടുത്തുചാടാൻ നിർബന്ധിക്കുകയും ചെയ്താൽ അമേരിക്കയോടൊപ്പം സഖ്യത്തിലായ അറബിരാജ്യങ്ങൾക്കിടയിൽ ചേരിതിരിവുണ്ടാക്കാനാകുമെന്ന ഇറാക്കി പ്രസിഡന്റിന്റെ ഉന്നം എത്രമാത്രം വിജയിക്കാൻപോകുമെന്ന് ഇനിയുള്ള ദിവസങ്ങളിൽ മാത്രമേ വ്യക്തമാകൂ. മിസൈൽ ടെക്നോളജിയിൽ അറബിരാജ്യങ്ങളും ബഹുദൂരം മുന്നോട്ടുപോയിട്ടുണ്ട്. പ്രതിവർഷം നല്പതുബില്യൺ ഡോളർ ഇസ്രേലും അറബിരാജ്യങ്ങളും ഇതിനായി ചെലവാക്കുന്നുണ്ടെന്നാണ് ഒരുകണക്ക്. സോവിയറ്റ് യൂണിയനിൽ നിന്നും വാങ്ങിയ മീഡിയം റേഞ്ചുള്ള സ്കഡ് മിസൈലുകളാണ് ഇറാക്കിന്റെ ആയുധശേഖരത്തിന്റെ നട്ടെൽ. ആ ഇനത്തിൽപ്പെട്ട നൂറ്റമ്പതു മിസൈലുകൾക്ക് പുറമെ, അവയുടെ പരിഷ്കരിച്ച രൂപങ്ങളായ അൽഹുസൈൻ എന്നു പേരിട്ട നാന്നൂറുമിസൈലുകളും അൽ അബ്ബാസ് എന്ന് പേരിട്ട അഞ്ഞൂറ്റി അറുപതു മിസൈലുകളും ഇറാക്കിനുണ്ട്. ഈ മിസൈലുകളേക്കാൾ, ദീർഘ്യലക്ഷ്യസ്ഥാനത്തെത്താൻ കെല്പുള്ള ടമാസ് എന്നുപേരുള്ള ആയിരത്തി ഇരുന്നൂറ്റമ്പത് മിസൈലുകൾ ഇറാക്കിനുണ്ടെങ്കിലും, അവയുടെ പ്രയോഗകക്ഷമത ഇനിയും പരീക്ഷിച്ചറിയേണ്ടതായിട്ടാണിരിക്കുന്നത്.

പാവപ്പെട്ടവന്റെ ആറ്റംബോബ് എന്നുവിശേഷിപ്പിക്കപ്പെടുന്ന രാസായുധങ്ങളുടെ കനത്തശേഖരം ഇറാക്കിനുണ്ട്. നെർവ് ഗ്യാസ്, മസ്റ്റാർഡ് ഗ്യാസ്, സൈനേഡ്, ക്ലോറിനും ഫോസ്ഗീനും അങ്ങനെ മനുഷ്യരെ ഇഞ്ചിഞ്ചായി കൊല്ലുന്ന ഈ വാതകങ്ങൾ കൂർദ് വിപ്ലവകാരികൾക്കെതിരെ വിജയകരമായി പ്രയോഗിച്ച ഇറാക്ക് അറ്റകൈക്ക് അതും ഉപയോഗിക്കുമോയെന്ന ഭീതി പാശ്ചാത്യശക്തികളെ വേട്ടയാടുകയാണ്.

അന്തിമമായി രാസായുധ പ്രയോഗമുണ്ടായാൽ യുദ്ധം ചെന്നുനിൽക്കാൻ പോകുന്നത് ന്യൂക്ലിയർ യുദ്ധത്തിലായിരിക്കുമെന്നാണ് സൈനികകേന്ദ്രങ്ങൾ ചൂണ്ടിക്കാട്ടുന്നത്. പതിനായിരത്തിൽപ്പരം അമേരിക്കൻ സൈനികർ കൊല്ലപ്പെടുന്നപക്ഷം, പരിമിതമായ തോതിൽ ന്യൂക്ലിയർ ആയുധം പ്രയോഗിക്കുന്നതിനെപ്പറ്റി അമേരിക്കയുടെ സൈനിക നേതൃത്വം ഗൗരവമായി ആലോചിച്ചിരുന്നതാണ്. "ഇറാക്കിനെ സൈനികമായി നിലം പരിശാക്കാനല്ലെങ്കിൽ, അമേരിക്കൻ ജീവിതം രക്ഷിക്കാനെങ്കിലും ന്യൂക്ലിയർ ആയുധം ഉപയോഗിക്കേണ്ടിവരുന്ന സാഹചര്യത്തെപ്പറ്റി പ്രസിഡന്റ് ബുഷിന് ആലോചിക്കേണ്ടിവരു"മെന്ന് ഡിഫൻസ് ഡിപ്പാർട്ടുമെന്റിൽ ന്യൂക്ലിയർ പോളിസി പ്ലാനറായിരുന്ന ലിൻ ഡേവിഡ് സൂചിപ്പിച്ചത് ഈ സാദ്ധ്യത

സൗദി മണലാരണ്യത്തിലെ ആൻറി-എയർ ക്രാഫ്റ്റ് കേന്ദ്രം

മുൻകൂട്ടി കണ്ടുകൊണ്ടായിരുന്നു. ഗൾഫിലേക്ക് നിയോഗിച്ചിട്ടുള്ള വിമാനവാഹിനികളിൽ നൂറോളം ന്യൂക്ലിയർ മിസൈലുകൾ സജ്ജമാക്കിയിട്ടുണ്ട്. ഇറാക്കി ആകാശത്ത് ഒരു ന്യൂക്ലിയർ ആയുധവിസ്ഫോടനവുമായി യുദ്ധം ആരംഭിക്കണമെന്നായിരുന്നു ഗൾഫിലെ യു.എസ്. കമാൻഡർ ജനറൽ നോർമൻ ഷെവാർകോഫ് നിർദ്ദേശിച്ചിരുന്നത്. ഇറാക്കിന്റെ കൈവശമുള്ള എല്ലാ ഇലക്ട്രോണിക് ഉപകരണങ്ങളെയും സ്തംഭിപ്പിക്കാൻ പര്യാപ്തമായ ഇലക്ട്രോ-മാഗ്നറ്റിക് അലകൾ ഇതുമൂലം സൃഷ്ടിക്കാൻ കഴിയുമെന്നാണ് ഇതിന് ന്യായമായി ചൂണ്ടിക്കാണിച്ചത്. പക്ഷേ അമേരിക്കൻ പ്രസിഡന്റ് അതിനു അനുമതി നൽകിയില്ല. തൽക്കാലത്തേക്കുള്ള ഒരു നിരോധനമായിരിക്കും ഇതെന്നാണ്



ഇറാക്കിൽ തീമഴ പെയ്തുകൊണ്ട് അമേരിക്കയുടെ നേതൃത്വത്തിലുള്ള പാശ്ചാത്യ സഖ്യരാഷ്ട്രങ്ങൾ ആരംഭിച്ച വ്യോമാക്രമണം അവസാനം കാണാതെ തുടരുന്നതിനിടയിൽ ഇസ്രേലിന് നേർക്ക് മിസൈൽ ആക്രമണം നടത്തി ഇറാക്ക് യുദ്ധത്തിന്റെഗതി തിരിച്ചുവിടുമോ എന്ന പരിഭ്രാന്തി സൃഷ്ടിച്ചിരിക്കുന്നു.



യു.എസ്.എസ്.വിസ് കോൺസിലിൽ നിന്നുയരുന്ന ടൊമാഹാക്ക് മിസ്സൈൽ

റിപ്പോർട്ട്. യുദ്ധം നീണ്ടുപോകാതിരിക്കാനും, അമേരിക്കക്കാരുടെ മരണസംഖ്യ കുറയ്ക്കാനും, ശാശ്വതമായ തോതിൽ റേഡിയേഷൻ ഉണ്ടാകാത്തവിധം ന്യൂക്ലിയർ ആയുധം പ്രയോഗിക്കുന്നതിനെപ്പറ്റിയും വിദഗ്ദ്ധന്മാർ ആലോചിക്കുന്നുണ്ട്. അതിന് പല മാർഗ്ഗങ്ങൾ കണ്ടെത്തിക്കഴിഞ്ഞു. ലക്ഷ്യസ്ഥാനങ്ങളുടെ അടിയിൽ പാഞ്ഞുചെന്ന് സ്വയം പൊട്ടുന്ന എർത്ത് പെനിട്രേറ്റർ എന്നുപേരുള്ള വാർ ഹെഡുകൾ ഉപയോഗിക്കുന്നതാണ് അതിലൊന്ന്. സദ്ദാമിന്റെ വ്യോമസങ്കേതങ്ങളും, മിസൈൽ സങ്കേതങ്ങളും നശിപ്പിക്കാൻ ഇതുകൊണ്ടു കഴിയുമെന്ന് കരുതുന്നു. റേഡിയേഷൻ വികിരണശേഷിയുള്ള ആർടിലറി ഷെല്ലുകളുടെ പ്രയോഗമാണ് മറ്റൊരു മാർഗ്ഗം. അത് പ്രയോഗിച്ചാൽ റേഡിയേഷൻ പരിമിതമായിരിക്കുമെന്നും, ഇറാക്കി പട്ടാളത്തെ കൊന്നൊടുക്കാൻ അത് പര്യാപ്തമാകുമെന്നും വിദഗ്ദ്ധന്മാർക്ക് അഭിപ്രായമുണ്ട്. എന്നാൽ ന്യൂക്ലിയർ ആയുധങ്ങളെ ആശ്രയിക്കാതെ തന്നെ ലക്ഷ്യം നേടാൻ സാധിക്കുമെന്ന വിശ്വാസവും അമേരിക്കൻ സൈനിക നേതൃത്വത്തിനുണ്ട്. ഗൾഫിലെത്തിയിട്ടുള്ള അമേരിക്കൻ കപ്പലുകളിലുള്ള 650 ടൊമാഹാക്ക് മിസൈലുകളുടെ പ്രാപ്തിയാണ് മേൽക്കോയ്മ സ്ഥാപിച്ചാൽ മരുഭൂമിയിലൂടെ അടിച്ചുകയറാമെന്ന കണക്കുകൂട്ടലാണ് പിശകിയിരിക്കുന്നത്. അതുകൊണ്ട് കരയിലും കടലിലും കൂടി യുദ്ധം മുഖം തുറന്നിരിക്കുന്നു. ഇറാക്കിന്റെ വ്യോമസേന നിശ്ചേതനമാക്കാൻ സാധിച്ചിരുന്നുവെങ്കിൽ കരയിലൂടെയുള്ള ആക്രമണത്തിന് ഏകാഗ്രത കൈവരുമായിരുന്നുവെന്നും, വളരെ വേഗം ഉദ്ദേശിച്ച ഫലം നേടാനാകുമായിരുന്നുവെന്നും യുദ്ധകാര്യ വിദഗ്ദന്മാർ ചൂണ്ടിക്കാട്ടിയിട്ടുണ്ട്. ഇതോടൊപ്പം സൗദിഅറേബ്യയുൾപ്പെടെ അറബി രാജ്യങ്ങളെ ഇറാക്കി ആക്രമണത്തിൽ നിന്നും സംരക്ഷിക്കേണ്ട അതിഭീമമായ ഉത്തരവാദിത്വം പാശ്ചാത്യ സഖ്യകക്ഷികൾക്കുണ്ട്. തുർക്കിയിൽ പുതിയൊരു സമരമുഖം തുറക്കുക, വ്യോമാക്രമണത്തിലൂടെ ഇറാക്കിന്റെ വ്യോമശക്തിക്ക് മാരകമായ പരിക്കേൽപ്പിക്കുക—ഈ ദ്വന്ദ്വ ലക്ഷ്യങ്ങൾ കൈവരിക്കുന്നതിനെ ആശ്രയിച്ചിരിക്കും കരയിലൂടെയുള്ള മുന്നേറ്റത്തിന്റെ കാര്യക്ഷമത.

ഇസ്രേലിന് നേരെ മിസൈൽ ആക്രമണം ഇറാക്ക് തുടരുകയും, തിരിച്ചടിക്കുന്നതിൽ നിന്നും ഇസ്രേലിനെ നിയന്ത്രിക്കുകയും ചെയ്തുകഴിഞ്ഞാൽ സംഭവിക്കാൻ പോകുന്നത് ഇറാക്കിന്റെ രാസായുധ പ്രയോഗമായിരിക്കുമെന്ന് കരുതുന്നു. ഇത് ഇസ്രേൽ മുൻകൂട്ടികണ്ടിട്ടാണ്, ഗ്യാസ് മാസ്ക് നിർബ്ബന്ധമാക്കിയതിനുപുറമേ ആക്രമണം സംബന്ധിച്ച അപായസൂചന ഉണ്ടായാലുടൻ, കാറുപോലും കടക്കാത്തവിധം ഭദ്രമാക്കിയ മുറികളിൽ കയറി അടച്ചിരിക്കാൻ ജനങ്ങളോട് ഗവൺമെന്റ് ആവശ്യപ്പെട്ടിട്ടുണ്ട്.

നാല്പത്തിയെട്ടു മണിക്കൂറിനുള്ളിൽ ഇറാക്ക് നടത്തിയ രണ്ടുവട്ടം മിസൈൽ ആക്രമണം ഇസ്രേലിന് കാര്യമായ ക്ഷതമൊന്നും ഏല്പിച്ചതായി റിപ്പോർട്ടില്ല. ഇനിയും മിസൈൽ ആക്രമണം ഉണ്ടായാൽ മിസൈലുകളെ അന്തരീക്ഷത്തിൽ വച്ചുതന്നെ നശിപ്പിക്കാൻ പ്രാപ്തമായ പാട്രിയറ്റുപോലുള്ള യുദ്ധോപകരണങ്ങൾ അമേരിക്ക

ടെൽ അവീവിൽ മിസ്സൈൽ ആക്രമണത്തിനുശേഷം

നല്കിയിട്ടുണ്ട്. പക്ഷേ അതുകൊണ്ട് ആ ഭീഷണി അവസാനിക്കുന്നില്ല. മിസൈൽ ആക്രമണത്തിന് പിന്നാലെ രാസായുധങ്ങളും ഇറാക്ക് പ്രയോഗിക്കുമെന്ന പരിഭ്രാന്തി ഇസ്രേലിനെ പിടിക്കൂടിയിട്ടുണ്ട്. അത്തരമൊരു സാഹചര്യത്തിൽ ഇസ്രേലിൽ ഉണ്ടാകുന്ന

മൂന്നാം ലോകമഹായുദ്ധത്തിന്റെ എല്ലാ ആരവാരങ്ങളോടും ആരംഭിച്ചിരിക്കുന്ന ഈ യുദ്ധത്തിൽ ഹീറോയും വില്ലനും ഇല്ലെന്നതാണ് സത്യം. കുവൈറ്റിനെ കിഴടക്കിയ സദ്ദാം ഹുസൈന്റെ ലക്ഷ്യം വളരെ വ്യക്തമായിരുന്നു. അറബിലോകത്തെ മുഴുവൻ വരുതിയിൽക്കൊണ്ടുവരാനുള്ള വലിയ ചുവടുവയ്പിന്റെ ചെറിയൊരു കാൽവയ്പായിരുന്നു ഈ നടപടി. ഇറാനുമായി നടത്തിയ ദശവത്സരയുദ്ധം ഇറാക്കിന്റെ സമ്പദ്ക്രമത്തെ പാടെ തകർക്കുകയുണ്ടായി. അതിഭീമമായ സൈനികച്ചെലവ് താങ്ങാവുന്നതിലും കൂടുതലായിരുന്നു. സമ്പന്നമായ കുവൈറ്റിലേക്ക് ആദ്യം ഒളിനോട്ടമെറിയുകയും അവസാനം ആക്രമണമാക്കിത്തീർക്കുകയും ചെയ്ത സദ്ദാമിന്റെ മുമ്പോട്ടുള്ള പ്രയാണം അങ്കലാപ്പിലാക്കിയത് സൗദി അറേബ്യയെയായിരുന്നു. സൗദിയിലേക്കുകൂടി അതിർത്തി വികസിപ്പിക്കാൻ സാധിച്ചാൽ, ഒരൊറ്റ അറബിരാഷ്ട്രമെന്ന സദ്ദാമിന്റെ മോഹന സ്വപ്നം സാക്ഷാത്ക്കരിക്കപ്പെടുമായിരുന്നു. സിറിയയെയും ഈജ്പ്തിനെയും പോലുള്ള രാജ്യ



ഇറാക്കിന്റെ സ്കഡ്മിസ്സൈൽ



സദ്ദാംഹുസൈൻ

റസ ആൽ ഗറിൽ-ബ്രിട്ടീഷ് പട്ടാളം ആക്രമണത്തിനുതിരിക്കുന്നു



വ്യോമാക്രമണത്തിൽ കത്തിപ്പടരുന്ന ബാഗ്ദാദ്

ങ്ങളെ വരുതിക്ക് നിറുത്താനും പിന്നെ സദ്ദാമിന് വല്ലുതായി ക്ളേശിക്കേണ്ടിവരില്ല. മൊത്തം എണ്ണ ഉല്പാദനത്തിന്റെ മൂപ്പതു ശതമാനമാണ്, അതോടുകൂടി സദ്ദാമിന്റെ നിയന്ത്രണത്തിലാകുക. ഈയൊരവസ്ഥാവിശേഷം അമേരിക്കയുടെയും യൂറോപ്യൻ രാജ്യങ്ങളുടെയും പുരോഗതിയുടെ ശകടത്തെ തകിടം മറിക്കുമായിരുന്നു. അതുകൊണ്ടു മാത്രമാണ് സദ്ദാമിനെ തടയുക എന്ന ദൗത്യം അമേരിക്ക ഏറെറടുത്തത്.

ശീതയുദ്ധം കാണാമറയത്താവുകയും, വൻശക്തി മത്സരത്തിൽ നിന്നും സോവിയറ്റ് യൂണിയൻ പിന്മാറുകയും ചെയ്തതോടെ അമേരിക്കയെ നിയന്ത്രിക്കാനുള്ള ശക്തി സ്വരൂപവും ഇല്ലാതായി. അമേരിക്കയെ വെല്ലാൻതക്ക സാമ്പത്തികവും സൈനികവുമായ ശക്തി യൂറോപ്യൻ രാജ്യങ്ങൾക്ക് മാത്രമാണ് ഇപ്പോഴുള്ളത്. ഇർമ്മനിയുടെ നേതൃത്വത്തിൽ അത്തരമൊരു ശാക്തികച്ചേരി ഉരുത്തിരിയുന്നതിന് മുൻപ്, സർവ്വാധിപത്യം അരക്കിട്ടുറപ്പിക്കേണ്ടതും അമേരിക്കയുടെ ആഗോള താല്പര്യങ്ങൾക്ക് അനുപേക്ഷണീയമാണെന്നതിനാൽ അമേരിക്ക ഈ യുദ്ധത്തിൽ ഇടപെടുന്നു. അങ്ങനെ ഈ യുദ്ധത്തിൽ ഇടിക്കേണ്ടത് അമേരിക്കയുടെ ആവശ്യമായിരിക്കുന്നു. അതേസമയം സദ്ദാം ഹുസ്സൈനെ ഉന്മൂലനം ചെയ്യുന്നതിൽ പതിയിരിക്കുന്ന അപകടത്തെപ്പറ്റിയും അമേരിക്കൻ ഗവൺമെൻറിന് ബോധ്യമുണ്ട്. സദ്ദാം രംഗത്തു നിന്നും അപ്രത്യക്ഷനായാൽ ഇറാന്റെ സ്വാധീനമുള്ള ഒരു ഭരണാധിപൻ ഇറാക്കിൽ വരുന്നതിനോട് അമേരിക്കയോളിക്കുന്നേയില്ല. മതമൗലികവാദികളുടെ സ്വാധീനം ആ രണ്ടു രാജ്യങ്ങളിൽ മാത്രമായി ഒതുങ്ങിനില്ക്കുകയില്ലെന്നും, സൗദി അറേബ്യ ഉൾപ്പെടെയുള്ള രാജ്യങ്ങൾ ആ സ്വാധീനത്തിൽപ്പെട്ടുപോകുമെന്നും അമേരിക്കൻ നയവിദഗ്ദ്ധർ കണക്കുകൂട്ടുന്നുണ്ട്. സദ്ദാമിന്റെ സൈനികശക്തിയെ തകർക്കുകയും, ദുർബലനായ സദ്ദാമിന്റെ അധികാരത്തിൽ തുടരാൻ അനുവദിക്കുകയും ചെയ്യുക-- ഈ നയം നടപ്പാക്കണമെങ്കിൽ ഈ യുദ്ധത്തിൽ അമേരിക്കയ്ക്ക് ജയിക്കണം.

എന്നാൽ സായുധ ബലത്തിൽ ലോകത്തെ അഞ്ചാം സ്ഥാനത്തെത്തിനില്ക്കുന്ന ഇറാക്കിനെ ഞൊടിയിടികൊണ്ട് തകർത്തുതരിപ്പണമാക്കാൻ സാധിക്കുകയില്ലെന്ന് എഴുപത്തിരണ്ടു മണിക്കൂർ നീണ്ടുനിന്ന വ്യോമാക്രമണം തെളിയിച്ചുകഴിച്ചു. ഒന്നോ രണ്ടോ ആഴ്ച നീണ്ടുപോയേക്കാവുന്ന യുദ്ധത്തിലൂടെ കുവൈറ്റിനെ മോചിപ്പിക്കാമെന്ന കണക്കുകൂട്ടലുകൾ പുതുക്കുന്നതിൽ വ്യാപൃതരായിരിക്കയാണ് അമേരിക്കൻ സൈനിക നേതൃത്വം. മൂന്നുമാസം വരെ നീളാവുന്ന യുദ്ധം, എന്നാണ് ഏറ്റവും ഒടുവിൽ അവർ വിശ്വസിക്കുന്നത്. ആ വിശ്വാസവും തകിടം മറിഞ്ഞേക്കും, ഇസ്രേൽ യുദ്ധരംഗത്തിറങ്ങിയാൽ അതാകട്ടെ ഒരു ന്യൂക്ലിയർ യുദ്ധത്തിൽ കലാശിക്കുകയും ചെയ്യാം.

ഇതേവരെയുള്ള റിപ്പോർട്ടുകൾ സൂചിപ്പിക്കുന്നത്, അമേരിക്കയ്ക്ക് ഗണ്യമായ യുദ്ധവിജയമൊന്നും കൈവരിക്കാൻ സാധിച്ചിട്ടില്ലെന്നാണ്. വ്യോമാക്രമണത്തിൽ ഏതാനും സൈനികത്താവളങ്ങൾനശിപ്പിച്ചെങ്കിലും, ഇറാക്കിന്റെ ആയുധശക്തിയ്ക്ക് മാരകമായ പ്രഹരമേല്പിക്കാൻ ഇനിയും ആവനാഴിയിലെ മാരകമായ ആയുധങ്ങൾ പ്രയോഗിക്കേണ്ടിവരുമെന്നും സൂചനയുണ്ട്.

ഗൾഫിലെ ജോലിക്കൊപ്പം നാട്ടിലൊരു വരുമാന മാർഗ്ഗം

ഗൾഫ് നാടുകളിൽ ജോലിനോക്കിക്കൊണ്ടിരിക്കെതന്നെ കേരളത്തിൽ എസ്.ഡി. ഫാർമസിയുടെ ഏജൻസി എടുത്ത് നടത്തുവാൻ താല്പര്യം കാണിച്ചുകൊണ്ട് ഒട്ടനവധി മലയാളികളിൽനിന്നും ധാരാളം കത്തുകൾ ലഭിച്ചുകൊണ്ടിരിക്കുകയാണ്.

ഗൾഫ് നാടുകളിൽ ജോലി നോക്കിക്കൊണ്ടിരിക്കെതന്നെ ഒരു വരുമാനമാർഗംകൂടി, അല്ലെങ്കിൽ ജോലി നിർത്തി തിരികെ വരുന്ന മുറയ്ക്ക് ഉടനടി നാട്ടിലൊരു തൊഴിൽ തയ്യാറാക്കിവച്ചിരിക്കുക എന്ന ഉദ്ദേശമാണ് മിക്കവാറും എല്ലാ കത്തുകളിലും കാണുന്നത്.

സ്വന്തം നിലയിൽ ഒരു സ്ഥാപനം തുടങ്ങി നടത്തുവാൻ കഴിവും ശേഷിയും ഉള്ളവർക്ക് നിശ്ചിത വ്യവസ്ഥകൾ പ്രകാരം എസ്.ഡി. ഫാർമസിയുടെ ഏജൻസി അനുവദിക്കുന്നതാണ്. എസ്.എസ്.എൽ.സി. പ്രീ ഡിഗ്രി വിദ്യാഭ്യാസമുള്ളവർക്കുപോലും അനായാസേന ഒരു ഏജൻസി നടത്തിക്കൊണ്ടുപോകാൻ കഴിയും. നഗരങ്ങളിലും ചെറുപട്ടണങ്ങളിലും ഗ്രാമങ്ങളിലും ഏജൻസി അനുവദിക്കുന്നതാണ്. ഏജൻസി അനുവദിക്കുന്നതായി തിരഞ്ഞെടുക്കുന്ന വ്യക്തികൾക്ക് ആവശ്യമെന്നു കണ്ടാൽ വേണ്ട മാർഗ്ഗനിർദേശങ്ങളും പരിശീലനവും നൽകുന്നതാണ്.

ഏജൻസി തുടങ്ങുന്നതിന് തുടക്കത്തിൽ കുറഞ്ഞത് 25,000 രൂപ മുതൽ 50,000 രൂപ വരെ മുതൽമുടക്ക് വേണ്ടി വരും. അപേക്ഷകന് ഏതെങ്കിലും തൊഴിലിൽ മുൻപരിചയം അഭിലഷണീയം. എന്നാൽ തൊഴിലിൽ പരിചയം വേണമെന്ന് നിർബന്ധമില്ല. വ്യവസായത്തിലെ മുതൽ മുടക്കിൽനിന്ന് ആകർഷകമായ ലാഭം പ്രതീക്ഷിക്കാം. എസ്.ഡി. ഫാർമസിക്ക് നിലവിൽ 135-ൽ പരം ശാഖകളുണ്ട്. ഗൾഫ് നാടുകളിലേക്ക് നടത്തുന്ന കത്തിടപാടുകളിൽ വരുന്ന അസാധാരണമായ താമസം ഒഴിവാക്കാനും, അപേക്ഷകളുടെ മേൽ യുക്തമായ ഒരു തീരുമാനം ഉടനടി എടുക്കുന്നതിനും താഴെ കാണിച്ചിരിക്കുന്ന നിർദേശങ്ങൾ പ്രത്യേകം ശ്രദ്ധിക്കുക.

1. എസ്.ഡി. ഫാർമസിയുടെ ഏജൻസി കേരളത്തിലനുവദിക്കുന്നതായി ഏജൻസി നടത്തുവാൻ ഉദ്ദേശിക്കുന്ന കടമുറി ഞങ്ങളുടെ ഉദ്യോഗസ്ഥന്മാർക്ക് പരിശോധിക്കുന്നതിനും ഏജൻസി അനുവദിക്കുന്ന പക്ഷം ഏജൻസി എഗ്രിമെൻറിൽ ഒപ്പിടുന്നതിനും മറ്റും ഏജൻറിന്റെ സാന്നിധ്യം കേരളത്തിലാവശ്യമാണ്. ഇതിനു നേരിട്ടു ഹാജരാകുവാൻ കഴിയാതെ വരുന്ന വിദേശ മലയാളികൾക്ക് ഒരു പ്രത്യേക പരിഗണന ഏന്ന നിലയിൽ അപേക്ഷകന്റെ നിർദ്ദേശാനുസരണം ഭാര്യ, സഹോദരൻ, ബന്ധു, അല്ലെങ്കിൽ അടുത്ത സുഹൃത്ത് എന്നിവരുടെ ആരുടെയെങ്കിലും പേരിൽ ഏജൻസി അനുവദിക്കാവുന്നതാണ്. ഏജൻസി ഉടമ്പടി പ്രകാരം പിന്നീട് ആവശ്യമെന്നു കണ്ടാൽ മാറ്റിനൽകാവുന്നതാണ്.

2. ഏജൻസി വ്യവസ്ഥകൾ അപേക്ഷ കിട്ടുന്നമുറയ്ക്ക് താങ്കൾക്കും താങ്കൾ നിർദേശിക്കുന്ന നാട്ടിലെ പ്രതിനിധിയുടെ പേരിലും ഒരേ സമയം അയച്ചു തരുന്നതാണ്. കേരളത്തിലെ പ്രതിനിധിയുടെ പൂർണ്ണ മേൽവിലാസം വ്യക്തമായി കാണിച്ചിരിക്കണം.

3. ഏജൻസികൾ ഞങ്ങളുടെ നിശ്ചിത വ്യവസ്ഥകൾക്ക് വിദേയമായി മുൻഗണനാക്രമവും അപേക്ഷകയുടെ യോഗ്യതയും കണക്കാക്കി അനുവദിക്കുന്നതാണ്. വിശദവിവരങ്ങൾക്ക് അപേക്ഷിക്കുക. MARKETING DIVISION, S.D. PHARMACY, ALAPPUZHA-688 011, INDIA.

S.D. ഫാർമസി 50-ൽ പരം വർഷത്തെ ഔഷധ നിർമ്മാണ പാരമ്പര്യം:

01/0/91

നരേന്ദ്രൻ

പ്രഹസനമാകുന്ന ഡൽഹിഭരണം

അസന്തുഷ്ടനായൊരു മനുഷ്യനാണ് ഇന്ന് രാജീവ്ഗാന്ധി. പ്രധാനമന്ത്രിസ്ഥാനത്തേക്ക് ചന്ദ്രശേഖറിനെ പിന്താങ്ങേണ്ടിയിരുന്നില്ലെന്ന തോന്നലാണ് അദ്ദേഹത്തിന്. ചന്ദ്രശേഖർ ഭരണചക്രം തിരിക്കുന്നരീതി അദ്ദേഹത്തിന് തീരെ ഹിതകരമാകുന്നില്ല. കേന്ദ്രഗവൺമെൻറിന്റെ എല്ലാ കൊളളരുതായ്മകളുടെയും പാപഭാരം ചുമക്കേണ്ടിവന്നിരിക്കയാണ് രാജീവിന്. കുറുമാറ്റനിരോധന നിയമക്കാര്യത്തിൽ ഒന്നല്ല, അദ്ദേഹത്തിന് രണ്ടുവട്ടം ചന്ദ്രശേഖറിനെ താക്കീതുചെയ്യേണ്ടിവന്നു. പാർലമെൻറിനാണ് പരമാധികാരമെന്നും, ഒരു ഇടത്താവളത്തിന് യാതൊരു പ്രസക്തിയുമില്ലെന്നും നെഹ്റുവും ഇന്ദിരയും ആവർത്തിച്ചിട്ടുള്ളത് അദ്ദേഹം ചന്ദ്രശേഖറിന്റെ ശ്രദ്ധയിൽപ്പെടുത്തി. എന്നിട്ടും അധികാരത്തിൽ പിടിച്ചുനിൽക്കാൻ പാർലമെൻറിന്റെ പരമാധികാരത്തിന്റെ ചിറകുകൾ അരിഞ്ഞുവീഴ്ത്താൻ ചന്ദ്രശേഖറിന്റെ ഭരണകൂടം അവലംബിക്കുന്ന മാർഗ്ഗങ്ങളിൽ ശരിക്കും രാജീവ്ഗാന്ധി ഖിന്നനാണ്.

അതുകൊണ്ടുതന്നെ, ചന്ദ്രശേഖറിന്റെ ദിനങ്ങൾ എണ്ണപ്പെട്ടുതുടങ്ങിയിരിക്കുന്നു എന്ന വിശ്വാസം രാഷ്ട്രീയകേന്ദ്രങ്ങളിൽ ബലപ്പെട്ടിരിക്കുന്നു.

ചന്ദ്രശേഖർ തന്നോട് കളിക്കുമെന്ന് രാജീവ്ഗാന്ധിക്ക് സംശയം തോന്നിത്തുടങ്ങിയിട്ട് കാലം കുറെയായി. എന്നാൽ ഇപ്പോൾ അത് അനുഭവിച്ചു തുടങ്ങിയിരിക്കയാണ് അദ്ദേഹം. നയപരമായ രാജീവിന്റെ സമീപനങ്ങളെല്ലാം ചന്ദ്രശേഖർ ചവറ്റുകുട്ടയിലെറിഞ്ഞു കഴിഞ്ഞു. കഴിഞ്ഞ ഏതാനും ആഴ്ചകൾക്കുളളിൽ, പല മേഖലകളിലും ചന്ദ്രശേഖർ കോൺഗ്രസ്സിനെ കടത്തിവെട്ടുകയുണ്ടായി. പല നയക്കാര്യങ്ങളിലും അദ്ദേഹം രാജീവ്ഗാന്ധിയുമായി കൂടിയാലോചിച്ചു പോലുമില്ല. അതിനെല്ലാം പുറമെ കോൺഗ്രസ്സിനകത്ത് പിളർപ്പിന്റെ വിത്തു പാകാനും ചന്ദ്രശേഖറിന് കഴിഞ്ഞിരിക്കുന്നു. അടുത്തിടെയായി പല ഗ്രൂപ്പുകളും പരസ്യമായ ഓരോ നിലപാടുകളുമായി രംഗത്തുവന്നിട്ടുള്ളത് ഇതിന്റെ സൂചനയാണ്. ചന്ദ്രശേഖറിന് ഇതെല്ലാം വളരെ ഭംഗിയായി മുഷിഞ്ഞു ചെയ്യാനും സാധിച്ചിട്ടുണ്ട്.

പ്രധാനമന്ത്രിയായി ചന്ദ്രശേഖറിനെ വാഴിച്ചതിൽ രാഷ്ട്രപതി വെങ്കിട്ടരാമൻ വഹിച്ചിരുന്ന പങ്ക് ഇത്തരുണത്തിൽ ഓർമ്മിക്കേണ്ടതാണ്. വി.പി. സിംഗിന്റെ രാജിയെത്തുടർന്നുണ്ടായ സംവേവിക്കാസങ്ങൾ ഓരോന്നായി അടുക്കിയെടുത്തു പരിശോധിക്കുമ്പോഴാണ്, രാഷ്ട്രപതിയുടെ പങ്കിന്റെ യഥാർത്ഥ സ്വഭാവം മനസ്സിലാക്കാനാവുക. ഒരു ദേശീയ ഗവൺമെൻറ് രൂപീകരിക്കണമെന്നായിരുന്നപ്പോൾ രാഷ്ട്രപതി നിർദ്ദേശിച്ചത്. അത്തരമൊരു സംവിധാനം ഉണ്ടായാൽ, അതിന്റെ നേതൃസ്ഥാനം തനിക്ക് കിട്ടുമെന്നായിരുന്നു വി.പി. സിംഗ് കണക്കുകൂട്ടിയത്. പക്ഷേ യുദ്ധംപോലുള്ള അത്യാഹിതസന്ദർഭങ്ങളിൽ മാത്രമേ ദേശീയ ഗവൺമെൻറിന് പ്രസക്തിയുളളുവെന്ന് പറഞ്ഞ് ആ നിർദ്ദേശത്തെ ആദ്യമേ ബി.ജെ.പി. നിരാകരിച്ചു. രാഷ്ട്രപതിഭവന് മറ്റുചില കണക്കുകൂട്ടലുകളായിരുന്നു ഉണ്ടായിരുന്നത്. ഒരു ദേശീയ ഗവൺമെൻറ് രൂപീകരിക്കപ്പെട്ടാൽ, അതിന്റെ നേതൃത്വം തന്നിൽ അർപ്പിതമാകുമെന്ന് അദ്ദേഹം വിശ്വസിച്ചു. ശങ്കരാചാര്യസ്വാമിയുടെ അനുഗ്രഹാശിസ്സും അതിനുണ്ടായിരുന്നു. അങ്ങനെ പ്രതിസന്ധി നിറഞ്ഞ ദേശീയ ജീവിതത്തിൽ നിർണ്ണായകമായ പങ്ക് തനിക്ക് കൈവരുമെന്നായിരുന്നു അദ്ദേഹം കരുതിത്തത്. പക്ഷേ വിചിത്രമായി തോന്നാം, മുൻ രാഷ്ട്രപതി സെയിൽസിംഗ്, ദേശീയഗവൺമെൻറ് രൂപീകരിച്ചാൽ തന്നെ പ്രധാനമന്ത്രിയാക്കണമെന്ന അപേക്ഷയുമായി രംഗത്തുവന്നു. രാഷ്ട്രപതി വെങ്കിട്ടരാമനെ, അത് അക്ഷരാർത്ഥത്തിൽ വിസ്മയിപ്പിക്കുക തന്നെ ചെയ്തു. സെയിൽസിംഗ് തന്റെ അപേക്ഷയുമായി രാജീവിനെ സമീപിച്ചു. പക്ഷേ രാജീവ് അതിൽ വലിയ താൽപ്പര്യം കാണിച്ചില്ല.

രാജീവ്ഗാന്ധിയെ പ്രധാനമന്ത്രിയാക്കാൻ രാഷ്ട്രപതിക്ക് അശേഷം താൽപ്പര്യമില്ലായിരുന്നുവെന്നത് പരസ്യമായ ഒരു രഹസ്യമായിരുന്നു. ഈയവസരത്തിലാണ് ആർ.കെ. ധവാനും മറ്റു ചില കിങ്കരന്മാരും രംഗത്തുവരുന്നതും, പ്രധാനമന്ത്രി സ്ഥാനത്തേക്കുള്ള ചന്ദ്രശേഖറിന്റെ അവകാശങ്ങളെ പിന്താങ്ങാൻ അവർ രാഷ്ട്രപതിയെ പ്രേരിപ്പിക്കുന്നതും. ആദ്യമൊക്കെ അതിനോട് കടുത്ത എതിർപ്പുണ്ടായിരുന്നു. പക്ഷേ അന്തിമമായി രാഷ്ട്രപതി അതിനോട് യോജിക്കുകയും, മന്ത്രിസഭ രൂപീകരിക്കാൻ ചന്ദ്രശേഖറിനെ പ്രാപ്തനാക്കുന്നതിനായി ഒരു പിന്തുണക്കത്ത് നൽകാൻ രാജീവ്ഗാന്ധിയോട് നിർദ്ദേശിക്കുകയും ചെയ്തു. രണ്ടുകൊല്ലം നിരു

വെങ്കിട്ടരാമൻ

ചന്ദ്രശേഖർ

രാജീവ്ഗാന്ധി

പാധിക പിന്തുണ നൽകാമെന്ന കത്തായിരുന്നു രാഷ്ട്രപതി ആവശ്യപ്പെട്ടത്. എങ്ങനെയോ ആ കൈണിയിൽ രാജീവ് പെട്ടുപോയി.

ഒരു പക്ഷേ പുതിയ മന്ത്രിസഭയുടെ സുതികകർമ്മം ഏറ്റെടുത്തതിൽ രാഷ്ട്രപതിയും ഇപ്പോൾ പശ്ചാത്തപിക്കുന്നുണ്ടാവും. രാഷ്ട്രപതിയുടെ ഇഷ്ടാനുസരണം തുള്ളുന്ന ഒരു നേതാവല്ല ചന്ദ്രശേഖർ. രാജീവ്ഗാന്ധിയെപ്പോലെ അദ്ദേഹം രാഷ്ട്രപതിഭവനിലെ ഒരു സന്തതസന്ദർശകനല്ല. നയപരമായ കാര്യങ്ങൾ ധരിപ്പിക്കാൻ വല്ലപ്പോഴും ചന്ദ്രശേഖർ രാഷ്ട്രപതിഭവൻ സന്ദർശിക്കുമെന്നേയുള്ളൂ. ആരിൽ നിന്നും യാതൊരുവിധ ഇടപെടലും ഭരണകാര്യത്തിൽ പൊറുക്കുന്ന ആളല്ല ചന്ദ്രശേഖർ.

കഴിഞ്ഞൊരു ദിവസം കുറുമാറ്റനിരോധന നിയമം ഇനിതാദൾ-എസ് അംഗങ്ങളെ എങ്ങനെ ബാധിക്കുമെന്ന് അറിയാൻ, മുൻ അറ്റോർണി ജനറൽ പരാശരനെപ്പോലുള്ള ചില നിയമജ്ഞരെ വിളിച്ചുവരുത്തി രാഷ്ട്രപതി ചർച്ചചെയ്യുകയുണ്ടായി. ഈ പ്രശ്നത്തിൽ തന്റെ നിലപാടെന്തായിരിക്കണമെന്ന് തിട്ടപ്പെടുത്തുകയായിരുന്നു ഈ ചർച്ചയുടെ ഉന്നം. എം.പിമാർക്ക് അയോഗ്യത കല്പിക്കുന്നതിൽ അവസാനത്തെ വാക്ക് രാഷ്ട്രപതിയുടേതാണെന്നായിരുന്നു ഒരു വിഭാഗത്തിന്റെ നിലപാട്. ഇതറിഞ്ഞ ചന്ദ്രശേഖർ, അതിനോട് യോജിച്ചില്ല. അതോടെ ഏതെങ്കിലും ഒരഭിപ്രായം പ്രകടിപ്പിക്കുന്നതിൽ നിന്നും രാഷ്ട്രപതി ഒഴിഞ്ഞുനിൽക്കുകയാണ് ചെയ്തത്.

ഈ പശ്ചാത്തലത്തിൽ വേണം ചന്ദ്രശേഖറിന്റെ പ്രവർത്തനശൈലി വിലയിരുത്തേണ്ടത്. സമർത്ഥനും കൗശലക്കാരനുമായ ഒരു രാഷ്ട്രീയ നേതാവാണ് അദ്ദേഹം. നിലവിലുള്ള സംവിധാനത്തിന്റെ ന്യൂനതകളെയും, രാഷ്ട്രീയപ്പാർട്ടികളുടെയും നേതാക്കളുടെയും ബലഹീനതകളെയും മുതലാക്കാൻ അതുകൊണ്ടു തന്നെ അദ്ദേഹത്തിന് കഴിയുന്നു. തന്റെ ന്യൂനപക്ഷ ഗവൺമെന്റിന് വിജയിക്കാനാവില്ലെന്ന് അദ്ദേഹത്തിന് നന്നായറിയാം. അദ്ദേഹത്തിന്റെ ഗ്രാമ്യ പ്രകൃതി. ലളിതമായ വേഷം, താടി, എല്ലാം സാധാരണക്കാരെ ആകർഷിക്കാൻ ഉതകിയേക്കും. പക്ഷേ, പറയത്തക്ക രാഷ്ട്രീയ പിൻബലമോ അടിത്തറയോ തനിക്കില്ലെന്ന് അദ്ദേഹത്തിനറിയാം. കോൺഗ്രസ്സിനെ വിഭജിച്ചുനിറുത്തുകയും, അതുവഴി രാജീവ് ഗാന്ധിയെ ദുർബലനാക്കുകയും ചെയ്യുകയാണ് നിലനിൽക്കാനുള്ള ഒരേഒരു വഴിയെന്ന് അദ്ദേഹം മനസ്സിലാക്കിയിട്ടുണ്ട്. ഈ രാഷ്ട്രീയക്കളിയിൽ മിക്കവാറും അദ്ദേഹം വിജയിച്ചിരിക്കയാണ്.

കഴിഞ്ഞയാഴ്ച ചന്ദ്രശേഖറിന്റെ ബഹുമാനാർത്ഥം ഒരു പത്രപ്രവർത്തകൻ ഒരു പാർട്ടി സംഘടിപ്പിച്ചു. മഹാരാഷ്ട്ര മുഖ്യമന്ത്രി ശരദ്പവാർ ഉൾപ്പെടെ പ്രമുഖരെല്ലാം ആ പാർട്ടിയിൽ പങ്കെടുത്തിരുന്നു. പഞ്ചാബിലും കാശ്മീരിലും താൻ നേരിടുന്ന പ്രശ്നങ്ങൾ ഉൾപ്പെടെ പ്രധാനപ്പെട്ട എല്ലാ കാര്യങ്ങളെപ്പറ്റിയും വളരെ തുറന്നുതന്നെ പ്രധാനമന്ത്രി സംസാരിച്ചു. അതിനിടയിൽ ഒരാൾ പവാറിനോട് ആരാഞ്ഞു: ചന്ദ്രശേഖറിനുള്ള പിന്തുണ കോൺഗ്രസ് എപ്പോൾ പിൻവലിക്കും? ഉടനടി തിരഞ്ഞെടുപ്പുണ്ടാകുമോ? ചന്ദ്രശേഖറിനുള്ള കോൺഗ്രസ് പിന്തുണ പിൻവലിക്കുന്ന പ്രശ്നമേ ഉദിക്കുന്നില്ലെന്നായിരുന്നു അതിന് പവാർ മറുപടി നൽകിയത്. ''കാലാവധി മുഴുവൻ പൂർത്തിയാക്കും. ഇടക്കാലതിരഞ്ഞെടുപ്പ് ഉണ്ടാകുകയില്ല'' അദ്ദേഹം കൂട്ടിച്ചേർത്തു.

പവാറും, ധവാനും മറ്റു പലരും ഇപ്പോൾ ചന്ദ്രശേഖർ ക്യാമ്പിലാണ്. ജനുവരി ഒൻപതാം തീയതി കോൺഗ്രസ് വർക്കിംഗ് കമ്മിറ്റി കൂടിയപ്പോൾ ഇടക്കാലതിരഞ്ഞെടുപ്പുകാര്യം ചർച്ചാവിഷയമാക്കാൻപോലും രാജീവിനു സാധിച്ചില്ല. തിരഞ്ഞെടുപ്പു കാര്യത്തിൽ വ്യത്യസ്തമായൊരു നിലപാട് കൈക്കൊള്ളാൻ പല പ്രമുഖ കോൺഗ്രസുകാരെയും സ്വാധീനിക്കാൻ ചന്ദ്രശേഖറിന് കഴിഞ്ഞിരുന്നു. വസന്ത് സാഠേയും ദിനേശ് സിംഗുമെല്ലാം ഭരണപങ്കാളിത്തത്തിനായി വാദിച്ചു തുടങ്ങിയത് വെറുതെയല്ല. അങ്ങനെ അവർക്കെല്ലാംകൂടി രാജീവ് ഗാന്ധിയുടെ നിലപാടിനെ ദുർബലമാക്കാൻ സാധിച്ചു.

രാഷ്ട്രീയ കൗശലമുപയോഗിച്ച് സ്വന്തം നില ഭദ്രമാക്കുകയാണ് ചന്ദ്രശേഖറിന്റെ ലക്ഷ്യം. അതിന്റെ ഫലമായി ഭരണകാര്യത്തിൽ യാതൊന്നും അദ്ദേഹത്തിനു ചെയ്യാനായില്ല. ഭരണകൂടം ലക്ഷ്യബോധമില്ലാതെ ഒഴുകിപ്പോകുന്നു. മന്ത്രിസഭ തീരെ അശക്തവും.

തന്നോടൊപ്പമുള്ള അനുപതുപേരിൽനിന്നാണല്ലോ മന്ത്രിമാരെ അദ്ദേഹം തിരെഞ്ഞെടുത്തത്. ഭരണനൈപുണ്യമോ പ്രാപ്തിയോ ഇല്ലാത്തവർ. മന്ത്രിമാർ തമ്മിൽ യാതൊരു പൊരുത്തവുമില്ല. സുബ്രഹ്മണ്യം സ്വാമിയെപ്പോലുള്ളവർക്കാണെങ്കിൽ കൂട്ടുത്തരവാദിത്വത്തെപ്പറ്റി വിശ്വാസമേയില്ല. കൂറുമാറ്റ നിരോധന നിയമപ്രശ്നത്തിൽ ഡോ. സ്വാമിയുടെ നിലപാട് ഇതിന് നല്ലൊരു ദൃഷ്ടാന്തമാണ്. സ്പീക്കർക്കെതിരെ ഡെൽഹി ഹൈക്കോടതിയെ സമീപിച്ച അദ്ദേഹത്തിന്റെ നടപടിയെപ്പറ്റി പല മന്ത്രിമാരും അജ്ഞരായിരുന്നു. പാർലമെന്റിന്റെ പരമാധികാരത്തെ മറികടക്കാനുള്ള ഒരു അടവായിരുന്നു അത്. അത്യന്തം ഗുരുതരമായ ഭവിഷ്യത്തുകൾ വിളിച്ചുവരുത്താവുന്ന ആ നടപടിയുടെ ഉത്തരവാദിത്വത്തിൽനിന്നും ചന്ദ്രശേഖറിന് ഒഴിയാനാവില്ല.

നിരവധി പ്രശ്നങ്ങളിൽ ഒരുമിച്ച് ഇടപെടുക, എന്നിട്ട് മാന്ത്രിക പരിഹാരങ്ങൾ തേടുക—അതാണ് ചന്ദ്രശേഖറിന്റെ പ്രവർത്തന ശൈലി. ആസ്സാമിലെയും, പഞ്ചാബിലെയും, കാശ്മീരിലെയും തീവ്രവാദികളുമായി സംഭാഷണം തുടങ്ങാൻ അദ്ദേഹം പ്രദർശിപ്പിക്കുന്ന ധൃതി ഉദ്യോഗസ്ഥന്മാരെ അന്ധാളിപ്പിച്ചിരിക്കയാണ്. തീരുമാനങ്ങളെടുക്കുമ്പോൾ ആരുമായും അദ്ദേഹം ആലോചിക്കാറില്ല. സ്വയമൊരു ജയപ്രകാശ്നാരായൺ ആകാനാണ് ചന്ദ്രശേഖർ ശ്രമിക്കുന്നത്—ഒരു ഉദ്യോഗസ്ഥൻ പറയുകയുണ്ടായി. ഇത്തരം പ്രശ്നങ്ങളിൽ വളരെ അവധാനപൂർവ്വം വേണം പ്രധാനമന്ത്രി നീങ്ങാൻ. എന്തെങ്കിലും പറയും മുമ്പ്, അതിന്റെ നാനാവശങ്ങളും പരിശോധിക്കാൻ അദ്ദേഹം ബാദ്ധ്യസ്ഥ നാണ്—ആ ഉദ്യോഗസ്ഥൻ ചൂണ്ടിക്കാട്ടി.

ബ്യൂറോക്രസിയെ തകിടംമറിക്കുകയില്ലെന്നാണ് ആദ്യം ചന്ദ്രശേഖർ പറഞ്ഞിരുന്നത്. പക്ഷേ പല വകുപ്പുകളിലും പുതുമുഖങ്ങളെ അദ്ദേഹം പ്രതിഷ്ഠിച്ചു. ഉദ്യോഗസ്ഥ ശ്രേണിയിലെ ഉന്നതതലങ്ങളിൽ അതിൽ മുറുമുറുപ്പുണ്ട്. അതുകൊണ്ടുതന്നെ പലരും അവധിയെടുത്തു സ്ഥലംവിട്ടു. അസാധാരണമായ ഈ സാഹചര്യത്തിൽ വഴക്കിനൊന്നും മുതിരാതിരിക്കാൻ ഉദ്യോഗസ്ഥന്മാരെ പറഞ്ഞു സമാധാനിപ്പിക്കാനുള്ള ഭഗീരഥശ്രമത്തിലാണ് ക്യാബിനറ്റ് സെക്രട്ടറി നരേഷ് ചന്ദ്ര.

ബലഹീനമാക്കപ്പെട്ട ഒരു ഭരണകൂടവും, തകർച്ചയുടെ വക്കിലെത്തിയ സമ്പദ്ഘടനയും സ്ഫോടനാത്മകമായ സമൂഹവുമാണ് അദ്ദേഹം കൈയാളിയതെന്നത് ശരിതന്നെ. ഭരണപരമായ അനുഭവ ദാരിദ്ര്യം മൂലം അതിപ്രധാനമായ ഫയലുകൾ പരിശോധിക്കുന്നതിലും, പ്രതിരോധം, വിദേശകാര്യം പോലുള്ള അത്യന്തം സുപ്രധാനപ്രശ്നങ്ങളിൽ തീരുമാനമെടുക്കുന്നതിലും അദ്ദേഹം വൈഷമ്യം നേരിടുന്നുണ്ട്. അതേസമയം അദ്ദേഹം നടത്തുന്ന അഭിപ്രായപ്രകടനങ്ങൾ കേൾക്കുന്ന ഒരാൾക്ക്, യാഥാർത്ഥ്യബോധമുള്ള ഒരാളാണ് അദ്ദേഹമെന്ന് തോന്നും. പാവപ്പെട്ടവർക്കും അടിച്ചമർത്തപ്പെട്ടവർക്കും വേണ്ടിയാണ് അദ്ദേഹം സംസാരിക്കുന്നത്. ഇരുപത്തൊന്നാം നൂറ്റാണ്ടിനെപ്പറ്റി രാജീവ്ഗാന്ധിയെപ്പോലെ അദ്ദേഹം ഒന്നും പറയാറില്ല. സമ്പൂർണ്ണമായ ലിബറലൈസേഷന് ചന്ദ്രശേഖർ എതിരാണ്.

രാഷ്ട്രീയ അടവുകൾ പയറ്റുക പ്രധാന ലക്ഷ്യമായിത്തീർന്നതോടെ, ഇന്ത്യ നേരിടുന്ന അത്യന്തം ഗുരുതരങ്ങളായ പ്രശ്നങ്ങളെല്ലാം തീരുമാനം കാത്തു കഴിയുകയാണ്.

ഒരിടക്കാല തിരഞ്ഞെടുപ്പ് എങ്ങനെ ഒഴിവാക്കാം എന്നാണ് ചന്ദ്രശേഖർ നേരിടുന്ന ഏറ്റവും വലിയ പ്രശ്നം. അധികാരത്തിന്റെ ഇടനാഴികളിൽ, ഇതെപ്പറ്റി ആകെ ചിന്താക്കുഴപ്പം പരന്നിരിക്കയാണ്. എന്തൊക്കെ ന്യായങ്ങൾ ചൂണ്ടിക്കാട്ടിയാലും പുതിയൊരു തിരഞ്ഞെടുപ്പിനുമാത്രമേ കാര്യങ്ങളെ ശരിയാക്കാനാകൂ. ഡൽഹിയിൽ ആകെ നടക്കുന്നത് രാഷ്ട്രീയമായ പലതരം പയറ്റുമുറകളാണ്.

ഈ സ്ഥിതിവിശേഷത്തിന്റെ പ്രധാന ഉത്തരവാദികൾ കോൺഗ്രസുമാത്രമാണ്. നിർണ്ണായകമായ ഒരു മുഹൂർത്തത്തിൽ അധികാരം ഏറ്റെടുക്കാൻ രാജീവ്ഗാന്ധി തയ്യാറാകാത്തതാണ് ഇതിന് വഴിവച്ചത്. ചന്ദ്രശേഖറിന് ആരോടും ഒരു ഉത്തരവാദിത്തവുമില്ല. അദ്ദേഹത്തിന് പറയാമല്ലൊ, താൻ ആർക്കും ഒരു വാഗ്ദാനവും നൽകിയിട്ടില്ലെന്ന്. പക്ഷേ പ്രഹസനാത്മകമായ ഈ രാഷ്ട്രീയസ്ഥിതി എത്രകാലം?

എസ്.എ. സെയ്ഫ്

ചോരയുടെ ഗന്ധം നിറഞ്ഞ കഥകൾ

ഇരുപതാം നൂറ്റാണ്ടിന്റെ അഞ്ചാം ദശകത്തിന്റെ ആരംഭം. ജനുവരിയിലെ മരംകോച്ചുന്ന തണുപ്പുള്ള ഒരർദ്ധരാത്രിയിൽ കൊല്ലം കസ്ബ പൊലീസ് സ്റ്റേഷനിൽ നിന്ന് നാല് പൊലീസുകാർ കയറിയ ഒരു വാൻ ഇല്ലാ ആശുപത്രിയിലേക്കു തിരിച്ചു. വാനിന്റെ പ്ലാറ്റ്ഫാറത്തിൽ ഒരു യുവാവിന്റെ ചലനമറ്റ ശരീരം കിടത്തിയിരിക്കുന്നു. ആശുപത്രിയിലെ മോർച്ചറി വാതിൽക്കൽ വന്നുനിന്ന വാഹനത്തിൽനിന്നും ഈ നാൽ വർസംഘം ഒരു ശവത്തെ പണിപ്പെട്ട് എടുത്ത് മോർച്ചറിക്കുള്ളിലാക്കി. ഒന്നും സംഭവിക്കാത്ത രീതിയിൽ മടങ്ങിപ്പോയി.

ആ രാത്രിയുടെ അവസാന യാമങ്ങളിലൊന്നിൽ മോർച്ചറിയിൽനിന്നും ഒരു ഞരങ്ങലും മൂളലും കേൾക്കുന്നു. വാർത്ത കാട്ടുതീപോലെ ആശുപത്രിയിലാകെ പടർന്നു. ജനം അന്തം വിട്ട് ആ കാഴ്ചകണ്ടു. ഇരുപത്തിയേഴ് വയസ്സുതോന്നിക്കുന്ന ഒരു യുവാവ് ശ്വാസമെടുക്കാൻ ഏറെ പ്രയാസപ്പെട്ട് ജീവച്ഛവമായി മോർച്ചറിയിൽ ശവങ്ങളോടൊപ്പം ശയിക്കുന്നു. അവർ ഈ യുവാവിനെ ആശുപത്രിയിലാക്കി. ഏഴുനാൾ വേണ്ടിവന്നു ബോധം തെളിയാൻ. മരണത്തെപ്പോലും സ്വന്തം ഇച്ഛാശക്തിക്ക് അടിയറവ് പറയിച്ച ഈ യുവാവിന് ഇന്ന് പ്രായം അറുപത്തിയേഴ്. ആറര പതിറ്റാണ്ടുകൾ നൽകിയ അനുഭവങ്ങളുടെ ഉലയിൽ ഊതിത്തെളിച്ച ഉൾക്കരുത്തുമായി ഈ മനുഷ്യൻ കൊല്ലം ജില്ലയുടെ വടക്കേയറ്റത്തെ ശൂരനാട് എന്ന ഗ്രാമത്തിൽ ജീവിക്കുന്നു.

അതേ, നമുക്കുമുന്നിൽ ഇരിക്കുന്ന അയണിവിള കുഞ്ഞുപിള്ളയുടെ മനസ്സിന് ഇന്നും ചെറുപ്പമാണ്. ശൂരനാട്ടുകാർക്കെല്ലാം ഇദ്ദേഹം കുഞ്ഞുപിള്ള സഖാവാണ്. ഒരു ദേശം ഒന്നടങ്കം ഈ മനുഷ്യനെ ആദരവോടെ നോക്കിക്കാണുമ്പോൾ അത് ഭൂതത്തിനെന്ത് പ്രസക്തി? സ്വാതന്ത്ര്യത്തോടെ വഴിനടക്കാനും വസ്ത്രം ധരിക്കാനും ചെയ്ത ജോലിക്ക് കൂലി ചോദിക്കാനും തങ്ങൾക്ക് അവകാശം നേടിത്തന്നത് ഈ മനുഷ്യനുംകൂടി ആയിരുന്നല്ലോ. നിരന്തര യാതനയുടേയും കൊടിയ പീഡനത്തിന്റേയും ഏറെ കഥകൾ പറയാനുള്ള ശൂരനാട്ടെ പഴയ തലമുറയ്ക്ക് ഇദ്ദേഹം രക്ഷകനായിരുന്നു—വഴികാട്ടിയായിരുന്നു. ശൂരനാടിന്റെ സമരേതിഹാസങ്ങളിൽ ആദ്യാവസാനം നിറഞ്ഞുനിന്ന കുഞ്ഞുപിള്ളയോട് നാൽപ്പതുകളുടെ അവസാനത്തിൽ ഇവിടെ നടന്ന കാർഷിക കലാപത്തിന്റെ പൊരുളറിയാനെത്തിയതാണെന്ന് പറഞ്ഞപ്പോൾ കട്ടിച്ചില്ലുകൾക്കകത്തെ കണ്ണുകളിൽ നിറഞ്ഞ പ്രകാശം. അത് കണ്ടറിയേണ്ടതാണ്.

ശൂരനാടിനൊരു പ്രത്യേകതയുണ്ട്. ഒരു പ്രൈമറി പള്ളിക്കൂടംപോലും തുടങ്ങുന്നതിനുമുമ്പ് വിശാലമായ ലോക്കപ്പ് സൗകര്യങ്ങളോടെ പൊലീസ് സ്റ്റേറേഷൻ സ്ഥാപിതമായ നാടാണിത്. ചെമ്മണ്ണു നിറഞ്ഞ വെട്ടുവഴികൾ തലങ്ങും വിലങ്ങുമുള്ള ഇവിടം കേരളത്തിലെ കാർഷിക കലാപങ്ങളുടെ, നിലനിൽപ്പിനുവേണ്ടിയുള്ള പോരാട്ടങ്ങളുടെ ഈറ്റില്ലമാണ്. ഈ നാടിനെന്തേ ശൂരനാടെന്ന പേരുകിട്ടി? കാലത്തിന്റെ കുത്തൊഴുക്കിനിടയ്ക്കെവിടെവച്ചോ കുറെ ശൂരൻമാർക്ക് ഈ ചെമന്ന മണ്ണ് ജന്മം നൽകുമെന്ന് ആരോ മുൻകൂട്ടി കണ്ടിരുന്നുവോ? ആവാം. കുഴിക്കുമ്പിളിൽ കഞ്ഞി കുടിക്കാനും അടിമപ്പണി ചെയ്യാനും വിധിക്കപ്പെട്ട ഒരു ജനത സ്വയം മോചനമാർഗ്ഗം കണ്ടെത്തിയ ഈ മണ്ണിൽ വച്ച് അതിലെ രണനായകനുമായി നമുക്ക് സംവദിക്കാം.

മൂന്നുമുറിവീടിന്റെ ഉമ്മറക്കോലായിലിരുന്ന് മുന്നിലിരിക്കുന്ന ബീഡിക്കെട്ടിൽ നിന്ന് ഒന്നെടുത്ത് കത്തിച്ചുകൊണ്ട് അയണിവിള കുഞ്ഞുപിള്ള, എഴുതപ്പെടാത്ത ചരിത്രത്തിന്റേയും അറിയപ്പെടാത്ത ഏടുകളുടേയും നമുക്കന്യമായ ഇന്നലകളുടേയും പുറന്തള്ളിക്കാൻ മൗനത്തിന്റെ കുപ്പായമുരുകയാണ്. ഒരു ഞായറാഴ്ചയുടെ പതിവ് അലസതയ്ക്കും ലാഘവത്തിനുമപ്പുറം

സബ് ഇൻസ്പെക്ടർ നീട്ടിവിസിലടിച്ചു. പൊലീസുകാർ പാഞ്ഞെടുക്കുന്നു. ഞങ്ങൾ സ്വയരക്ഷയ്ക്കായി കല്ലെറിഞ്ഞു. പിടിച്ചുനില്ക്കാൻ ഏറെ പ്രയാസം രണ്ടാമത്തെ വിസിലും കേട്ടു. പിന്നെ സംഭവിച്ചത് ചരിത്രമാണ്. അഴകിയ കാവ്വയലിലെ ചേറിൽ ചുടുചോരയുടെ ഗന്ധം. കത്തിയേറു പിഞ്ഞിയ കാക്കിക്കുള്ളിൽ നിന്നു മൊഴുകിയ ചുടുചോരയിൽ ഒരു കീറുമുണ്ടുമുക്കി നോക്കു കുത്തിക്കമ്പിൽതൂക്കി ഇങ്കുിലാബ് വിളിക്കുന്ന ചെറുപ്പക്കാരൻ

അയണിവിള കുഞ്ഞുപിള്ള

ഒരു പകലിനെ മുഴുവൻ സാർത്ഥകമാക്കിയ ആ മൊഴികളാണിവിടെ കോറുന്നത്.

''മദ്ധ്യ തിരുവിതാംകൂറിലെ മറേറതൊരു ഗ്രാമവും പോലെയായിരുന്നു ഞങ്ങളുടെ നാടും. അക്കാലത്ത് ഇവിടത്തെ ജനങ്ങളിലേറെയും കർഷകത്തൊഴിലാളികൾ. ഇവരിലേറെയും ഹരിജനങ്ങളാണ്. അളവറ സ്വത്തിൻെറ അവകാശികളായ ഏതാനും മാടമ്പികളും ഭൂപ്രഭുക്കളുമായിരുന്നു തൊഴിലുടമകൾ. സർക്കാർവക പുറമ്പോക്കു ഭൂമിപോലും ഇവർ കൈയടക്കി വച്ച് ആദായമെടുത്തുപോന്നു. കർഷകത്തൊഴിലാളികളിലാർക്കുംതന്നെ ഇതിൽനിന്ന് ഒരു പച്ചിലപോലും എടുക്കാൻ അവകാശമില്ലായിരുന്നു. അന്നത്തെ ഭരണക്രമം മുഴുവൻ ശൂരനാട്ടെ ഒന്നുരണ്ടു പ്രഭുകുടുംബങ്ങളുടെ കാൽക്കീഴിൽ പഞ്ചപുച്ഛമടക്കിക്കിടന്നു.

കർഷകത്തൊഴിലാളികൾക്ക് കൂലി കർഷക പ്രമാണിയുടെ കൈയിൽ കൽപ്പിച്ചത്. തലപ്പുലയന് കൂലി മുന്നാഴിനെല്ലും ഒരുനേരം കഞ്ഞിയും. പറമ്പിൻെറ അങ്ങേത്തലയ്ക്കൽ കുത്തിയ കുഴിയിൽ വാഴയിലക്കീറോ മടക്കുപാളയോ വച്ചിട്ട് ഇയാൾ ദൂരെ മാറി നിൽക്കണം. വാല്യക്കാരി സ്ത്രീകൾ ഈ കുഴിയിൽ കഞ്ഞിയും കറിയും കൊണ്ടൊഴിക്കും. അവർ തിരികെ അടുക്കളയിൽച്ചെന്ന ശേഷമേ ഇതെടുക്കാൻ കർഷകത്തൊഴിലാളിക്ക് അവകാശമുള്ളൂ. ഇതിനിടയ്ക്ക് കഞ്ഞിയിൽ കാക്ക കൊത്തിയിരിക്കും. കർഷകത്തൊഴിലാളി പെണ്ണുങ്ങൾ റൗക്ക ധരിക്കാൻ പാടില്ല. അലക്കിയ തോർത്തുടുക്കരുത്. അമ്പലത്തിൽ പോകാൻ ആർക്കും സ്വാതന്ത്ര്യമില്ല. തമ്പുരാനെന്നേ വിളിക്കാവൂ. വാക്കയ്യ് പൊത്തി മേൽമുണ്ട് അരയിൽ കെട്ടിവേണം സംസാരിക്കാൻ. അങ്ങനെ ഏതാനും പ്രഭുകുടുംബങ്ങൾ അടിച്ചമർത്തി അടിമപ്പണിചെയ്യിച്ച് തേർവാഴ്ച നടത്തുന്ന കാലം.''

ഒരു ബഡിക്കുള്ള ഇടവേളയിൽ ഒഴുക്കുമുറിഞ്ഞപ്പോഴാണ് കേട്ടറിവുമാത്രമായുള്ള കാലത്തുനിന്ന് വർത്തമാനത്തിലേക്കെത്തിയത്.

കറുത്തു മെലിഞ്ഞ കുഞ്ഞുപിള്ള കാരിരുമ്പടിക്കുന്ന ചിലമ്പോടെ തുടരുന്നു.

''ഈ സമയത്ത് കളയ്ക്കാട്ടുതറ പരമേശ്വരൻ നായർ, നടവടക്ക് പരമു നായർ, പുളിലേത്ത് വാസുനായർ, മഠത്തിൽ ഭാസ്കരപിള്ള, കാഞ്ഞിരത്തിനാൽ വടക്ക് പുരുഷോത്തമക്കുറുപ്പ് തുടങ്ങിയവരും ഞാനുംകൂടി യുവജന ജനാധിപത്യ സംഘ്യടന എന്ന പേരിൽ പ്രത്യേക ലക്ഷ്യമൊന്നുമില്ലാതെ ഒരു സംഘ്യടന രൂപീകരിച്ചു. എസ്.കെ. പോറ്റിയായിരുന്നു ഇതിൻെറ പ്രസിഡൻറ്. ഇതേകാലത്ത് വളളികുന്നത് ഒരു കുടിയൊഴിപ്പിക്കലിനെതിരെ സമരം നടത്തിയതിന് പൊലീസ് തെരയുന്ന കമ്മ്യൂണിസ്റ്റ് പാർട്ടി പ്രവർത്തകരായ എൻ. ശ്രീധരൻ, തോപ്പിൽ ഭാസി, ശങ്കരനാരായണൻ തമ്പി, കാമ്പിശ്ശേരി കരുണാകരൻ, പേരൂർ മാധവൻ പിള്ള തുടങ്ങിയവർ ഒളിവിൽ കഴിയാൻ ശൂരനാട്ടെത്തി. അവർ ഇവിടെ കമ്മ്യൂണിസ്റ്റ് പാർട്ടി സംഘ്യടിപ്പിക്കാൻ ശ്രമമാരംഭിച്ചു. അന്നേവരെ അജ്ഞാതമായിരുന്ന തത്വസംഹിതകളെക്കുറിച്ച് അവർ ഞങ്ങൾക്കു പറഞ്ഞുതന്നു. ഞങ്ങൾ, യുവജന ജനാധിപത്യ സംഘ്യടനയിലെ അംഗങ്ങളെല്ലാം കമ്മ്യൂണിസ്റ്റുകളായി പ്രവർത്തനം തുടങ്ങി. നിലനിൽക്കുന്ന അനാചാരത്തിനും അടിമത്തത്തിനുമെതിരെ പോരാടാൻ ഒരു രക്ഷകൻെറ നിയോഗവുമായി പാർട്ടി വന്നതിനെ സാധാരണ ജനങ്ങൾ ഉൽസാഹപൂർവ്വം സ്വാഗതംചെയ്തു. അവർ പാർട്ടി ക്ളാസ്സുകളിലും മറ്റും സജീവമായി പങ്കെടുത്തുതുടങ്ങി''

''ഒരു കാര്യമോർക്കണം.''

എന്തേ ഇദ്ദേഹം ഓർമ്മിപ്പിക്കാനൊരുങ്ങുന്നു?

''അന്നീ പ്രവർത്തനമെല്ലാം നടത്തുന്നത് രാത്രി കാലത്താണ്. കൂരേയൊക്കെ ഒളിവിലുമാണ്.''

ശൂരനാട്ട് സംഭവത്തിലേക്ക്, അമ്പു വണ ധീരൻമാരുടെ രക്തസാക്ഷിത്വത്തിലേക്ക്, സർവ്വോപരി കർഷകത്തൊഴിലാളിക്കും ഹരിജനങ്ങൾക്കും വഴിനടക്കാനും, വസ്ത്രം ധരിക്കാനും, കൂലിചോദിക്കാനും, ആരാധിക്കാനും, കുടികിടപ്പിനുമുള്ള അവകാശത്തിലേക്ക്, സ്വാതന്ത്ര്യത്തിലേക്ക് ഈ ദേശം പ്രയാണമാരംഭിക്കുന്നത് ഈ കാലത്താണ്.

കർഷകത്തൊഴിലാളികളുടെ സ്വാതന്ത്ര്യപ്പോരാട്ടത്തെ ചോരയിൽ മുക്കിക്കൊല്ലാനെത്തിയ പൊലീസ് സബ് ഇൻസ്പെക്ടറുടെ ചോരയിൽ സ്വന്തം ഉടുമുണ്ട് മുക്കി ചെങ്കൊടിയുയർത്തി ഇൻക്വിലാബ് വിളിച്ചവർ ഇടവിട്ടുള്ള ചൂള വകവയ്ക്കാതെ ചരിത്രം മൊഴിയുന്നു.

''അന്ന് പാറക്കടവ് ചന്തയിൽ ഗവൺമെൻറുവക പുറമ്പോക്കിലെ വൃക്ഷങ്ങളുടെ ചവറ് കോതാനും വിൽക്കാനും ശൂരനാട്ടെ മാടമ്പി മാർക്കേ അവകാശമുള്ളൂ. അതുപോലെ തന്നെ സർക്കാർവക കുളത്തിലെ മൽസ്യം പിടിക്കാനും. തഹസീൽദാരുടെ മേൽനോട്ടത്തിൽ ജൻമിയും പിണിയാളുകളും കൂടി മീൻ പിടിച്ചുകൊണ്ടുപോകുന്ന പതിവായിരുന്നുളളത്. ഈ കുളത്തിലെ ഏഴയലത്തുകൂടി പോലും താഴ്ന്ന ജാതിക്കാരൻ പോകാൻ പാടില്ല. തമ്പുരാൻ കഴിക്കേണ്ട മീനല്ലേ കുളത്തിൽ കിടക്കുന്നത്. അശുദ്ധമായാലോ.''

''1949 ഡിസംബർ പതിനാലിന് എൻെറ വീട്ടിൽവച്ച് തോപ്പിൽ ഭാസി, പനത്തായം രാഘവൻ പുതുപ്പള്ളി രാഘവൻ, ശങ്കരനാരായണൻതമ്പി, ചേലക്കോട്ടഴികത്ത് കുഞ്ഞിരാമൻ തുടങ്ങി മുപ്പതോളം സഖാക്കൾ രഹസ്യമായി കമ്മിറ്റികൂടി തീരുമാനങ്ങളെടുത്തു. പുറമ്പോ ക്ക് കുളത്തിലെ മീൻ പിടിക്കാനും തോടു പുറമ്പോക്കിലെ ചവറരിയാനും അവകാശം വേണമെന്നും കൊയ്ത കററ ഇൻമികളെനിർത്തി ചുമ്മിക്കണമെന്നും ആവശ്യപ്പെടാനും അതിനുവേണ്ടി ജനമുന്നേറ്റം സംഘ്യടിപ്പിക്കാനും തീരുമാനിച്ചു. ഒരു ദിവസം കൊണ്ട് കുളത്തിലെ മീനെല്ലാം ഞങ്ങൾ പിടിച്ചു. തോടു പുറമ്പോക്കിലെ വൃക്ഷച്ചവറ് കോതി.'''

തിരുവായ്ക്കെതിർവായില്ലാത്ത കാലത്ത് ഇത് ശൂരനാട്ടെ ജൻമികുടുംബങ്ങൾക്ക് സഹിക്കാവുന്നതിലേറെയായിരുന്നു. ചവിട്ടേറ്റ പാമ്പിൻെറ പ്രതികാരവുമായി, ഈ ചെറുതീപ്പൊരിയെ ആളുംമുമ്പണയ്ക്കാൻ അവരെല്ലാശ്രമങ്ങളുംനടത്തി.

''തെന്നല കുടുംബത്തിലെ തറയിൽ ഗോപാലപിള്ള അടൂർ പോയി പൊലീസുമായി വന്നു. കേസെടുത്തു. അന്യായമായ സംഘ്യം ചേരലും അനധികൃതകയ്യേറ്റവും. ഞങ്ങൾ പത്ത് പ്രതികൾ. ഞങ്ങളെ തേടി പൊലീസ് ശൂരനാട്ടെ ഓരോ കിരിയില പോലും പൊക്കിനോക്കി. കമ്മ്യൂണിസ്റ്റുപാർട്ടി പ്രവർത്തകരുടെ വീട്ടിൽ കയറി അരുതാത്തതെല്ലാം അവർ ചെയ്തു.''

''ദേ ഇവിടെനിന്ന് ഒരു മൈൽ വടക്ക് പാതിരിക്കൽ അണയുണ്ട്. പകൽപോലും ആളുകൾക്കവിടെയെത്താൻ ബുദ്ധിമുട്ടായിരുന്നു അക്കാലത്ത്. ഞങ്ങളവിടെ ഒത്തുകൂടി. ഓരോ സഖാവിൻേറയും വീട്ടിൽപ്പോയി പരസ്പരം കാവൽനിന്ന് ഭക്ഷണം കഴിച്ചു. ഇങ്ങനെ പായിക്കാട്ടു തറയിൽ ഗോപാലപിള്ളയുടെ വീട്ടിൽ നില്ക്കുന്ന നേരത്ത് ഒരു സംഘ്യം പൊലീസുകാർ ഓടിയടുത്തു. ഞങ്ങൾ പാടവരമ്പത്ത് കൂടി ഓടി തോടു നീന്തിക്കയറി വീണ്ടും പാതിരിക്കലെത്തി. അവിടെനിന്ന് ഇപ്പോൾ രക്തസാക്ഷിമണ്ഡപം നില്ക്കുന്ന പൊയ്കയിൽ മുക്കിലെത്തിയപ്പോൾ ഒരു പൊലീസുകാരൻവന്ന് മുന്നിൽ ചാടി. ഞങ്ങളുടെ സംഘ്യബലം കണ്ട് അയാൾ തിരിച്ചു പോയി.''

പക്ഷേ, കാക്കിക്കുള്ളിലെ മനസ്സ് എക്കാലവുംചിന്തിക്കുന്നത് ഒരേ രീതിയിലാണ്. ശൂരനാട്ടെ കമ്മ്യൂണിസ്റ്റുപാർട്ടിയെ തകർക്കാൻ ഇരുപതിൽ താഴെ വരുന്ന പൊലീസുകാർ പോരാ എന്ന ബോധ്യവുമായി അടൂരിൽ നിന്ന് കൂടുതൽ പൊലീസു സന്നാഹവുമായി അയാളെത്തി.

''തലയിലെ ഈ പാടുകണ്ടോ'' അരിവാൾ പോലെ വളഞ്ഞ മുറിപ്പാട് അങ്ങിങ്ങ് നരവീണ ശിരസ്സിൽ.

''തോക്കിൻെറ പാത്തിക്കടിച്ചതാണ് സബ് ഇൻസ്പെക്ടർ. അയാളുടെ മരണത്തിനൽപ്പം മുമ്പ്.''

തൊള്ളായിരത്തി നാൽപ്പത്തിയൊൻപത് ഡിസംബർമാസം മുപ്പത്തൊന്നാംതീയതി സന്ധ്യ മയങ്ങുന്നനേരം. ഞങ്ങളെ തേടി പൊലീസ് നാടാകെ ചുറ്റുന്ന കാലമായതിനാൽ ഒറ്റതിരിയാതിരിക്കാൻ ഞങ്ങൾ സംഘ്യം ചേർന്ന് പായിക്കാട്ട് വേലി ഗോപാലപിള്ളയുടെ വീട്ടിനടുത്ത് നിൽക്കുകയാണ്. പെട്ടെന്നുള്ള ഒരാക്രമണത്തെ ചെറുക്കാൻ വേണ്ടി അൽപ്പം തയ്യാറെടുപ്പൊക്കെ ഉണ്ടെന്നു വച്ചോളൂ. എല്ലാവരും പട്ടാളച്ചിട്ടയിലാണ്. വള്ളികുന്നത്തുകാരൻ ചേലക്കോടൻ കുഞ്ഞിരാമനാണ് ക്യാപ്റ്റൻ. ഞങ്ങൾ ഓലക്കുടകളിൽ കുറെ കല്ലും ചെറിയ ഒന്നുരണ്ട് ആയുധങ്ങളും കരുതിയിരുന്നു. ഏതെങ്കിലും സാഹചര്യത്തിൽ പൊലീസ് വന്നാൽ ഒരിക്കലും അങ്ങോട്ടാക്രമിക്കരുതെന്നാണ് ക്യാപ്റ്റൻെറ നിർദ്ദേശം. പൊലീസ് ആക്രമിക്കാൻ തന്നെയാണ് വരവെങ്കിൽ ഒന്നാം വിസിലിന് എറിയണമെന്നും വീണ്ടും ആക്രമണം മൂർച്ചരിക്കുകയാണെങ്കിൽ രണ്ടാം വിസിലിന് കയറി ഇടംവലം നോക്കാതെ എന്തും ചെയ്യണമെന്നും രക്ഷപ്പെടണമെന്നും ക്യാപ്റ്റൻെറ ഉത്തരവുണ്ട്.''

''ഇങ്ങനെ ഞങ്ങൾ നിൽക്കുമ്പോൾ ദൂരെ നിന്ന് ഒരു ചിമ്മിനിവെട്ടം കാണുന്നു. സഖാക്കൾ റീയ്യാറായി നിൽക്കാൻ ക്യാപ്റ്റൻെറ നിർദ്ദേശം വന്നു. ഒരു സബ് ഇൻസ്പെക്ടറുടെ നേതൃത്വത്തിൽ ഒരു സംഘ്യം പൊലീസുകാർ. ഇൻസ്പെക്ടറുടെ കൈയിൽ തോക്കുണ്ട്. അതിൽ ഉണ്ട ഇല്ലായിരുന്നുവെന്ന് പിന്നെ മനസ്സിലായി. സബ് ഇൻസ്പെക്ടർ നീട്ടി വിസിലടിച്ചു. പൊലീസുകാർ പാഞ്ഞടുക്കുന്നു. ഞങ്ങൾ സ്വയരക്ഷയ്ക്കായി കല്ലെറിഞ്ഞു. പിടിച്ചുനിൽക്കാൻ ഏറെ പ്രയാസം. രണ്ടാമത്തെ വിസിലും കേട്ടു. പിന്നൊന്നും ചിന്തിച്ചില്ല. ഞങ്ങൾ കയറിയടിച്ചു. തലയ്ക്കത്ത് കൊള്ളിമീൻ വീശിയതുപോലെ. തോക്കിൻെറ പാത്തിക്ക് അടികൊണ്ടതാണെന്ന് മനസ്സിലാകാൻ ഏറെ സമയമെടുത്തില്ല. അടിച്ചിട്ടോടിയ സബ് ഇൻസ്പെക്ടറും ഒരു പൊലീസുകാരനും അടുത്തുള്ള വയലിൻ പുതഞ്ഞ് മറിഞ്ഞുവീണു. ഞങ്ങൾക്ക് തൊട്ടു മുന്നിൽ.''

—പിന്നെ സംഭവിച്ചത് ചരിത്രമാണ്.

—അഴകിയ കാവ് വയലിലെ ചേറിൽ ചുടുചോരയുടെ ഗന്ധം.

—കത്തിയേറ്റുപിഞ്ഞിയ കാക്കിക്കുള്ളിൽ നിന്നുമൊഴുകിയ ചുടുചോരയിൽ ഒരുകിറുമുണ്ടുമുക്കി നോക്കുകുത്തിക്കമ്പിൽ നാട്ടി ഈങ്കിലാബ് വിളിക്കുന്ന ചെറുപ്പക്കാരൻ. ഏറ്റുവിളിക്കുന്ന സഖാക്കൾ.

''ഞാനാണ് മുദ്രാവാക്യം വിളിച്ചു കൊടുത്തതെന്ന് പിന്നീട് സഖാക്കൾ പറഞ്ഞാണ് അറിയുന്നത്.''കുഞ്ഞുപിള്ളയുടെ നിഷ്കളങ്കതയെ നമുക്ക് വിശ്വസിക്കാം. അല്ലെങ്കിൽത്തന്നെ അപൂർവ്വമായ ഈ വികാരമാണല്ലോ ഒരു ഭരണക്രമത്തെപ്പോലും വെല്ലുവിളിക്കാൻ ഈ മനുഷ്യന് കരുത്തേകിയത്.

''ഈ സംഭവത്തിനുശേഷം അടുത്ത ഞായറാഴ്ച എണ്ണശേരി മലനടയിൽ രാത്രി പത്തുമണിക്ക് ഒത്തുകൂടണമെന്ന് തീരുമാനിച്ച് ഞങ്ങൾ പിരിഞ്ഞു. ഞാനും മഠത്തിൽ ഭാസ്കരൻ നായരും കൂടി മണപ്പള്ളിയിലെ ഒരു പാർട്ടി കുടുംബത്തിൽ കയറി തലയിലെ മുറിപ്പാടിൽ മാടോടും പഞ്ചസാരയും വച്ചു കെട്ടി—മുറിവിന് ചൂടുമുളളമുടി കറിക്കത്തിക്ക് മുറിച്ചശേഷം പിന്നീട് ഞങ്ങളും ഒറ്റതിരിഞ്ഞു.''

തൊള്ളായിരത്തി അൻപതിലെ പുതുവൽസരദിനത്തിൽ കേരളത്തിൻെറ ശ്രദ്ധമുഴുവൻ ഈ കുഗ്രാമത്തിലേക്ക് തിരിഞ്ഞു.

''മദ്ധ്യതിരുവിതാംകൂറിൽ കമ്മ്യൂണിസ്റ്റ് പാർട്ടിയെയും ഇരുപത്തിയാറോളം ട്രേഡ് യൂണിയനുകളേയും നിരോധിച്ചുകൊണ്ട് മുഖ്യമന്ത്രി ടി.കെ. നാരായണപിള്ള ഉത്തരവിട്ടു.''

റ്റി.കെ. പിന്നീട് ശൂരനാട്ടെത്തി. ശൂരനാട് എന്നൊരു ദേശം ഇനി ചരിത്രത്തിലേ കാണുകയുള്ളുവെന്നു പറഞ്ഞു. ഇത് കേൾക്കാൻ കാത്തിരുന്നതുപോലെയായിരുന്നു പൊലീസിൻെറ പിന്നീടുള്ള ചെയ്വന. കമ്മ്യൂണിസ്റ്റുപാർട്ടി പ്രവർത്തകരെല്ലാം ഒളിവിൽ പോയി. അവരുടെ മാതാപിതാക്കളേയും സഹോദരങ്ങളേയും നിരന്തരം പീഡിപ്പിച്ചു. കർഷകത്തൊഴിലാളികൾ എല്ലാം ഇട്ടെറിഞ്ഞ് നാടുവിട്ടു.''

വളരെ താമസിയാതെ ശൂരനാട്ട് പൊലീസ് സ്റ്റേഷൻ പ്രവർത്തനമാരംഭിച്ചു. ഇത്രയേറെ ലോക്കപ്പ് സൗകര്യങ്ങളുള്ള പൊലീസ് സ്റ്റേഷൻ നിങ്ങൾക്ക് കൊല്ലം ജില്ലയിലൊരിടത്തും കാണാൻ കഴിയില്ല. ഈ ഓണം കേറാമൂലയിലേക്ക് പൊലീസുകാരെ ആകർഷിക്കാനായി വിശാലസൗകര്യങ്ങളുള്ള ക്വാർട്ടേഴ്സ് പണിതു. അങ്ങനെ ശൂരനാട് ആദ്യത്തെ സർക്കാർ സ്ഥാപനം സ്ഥാപിതമായി.

''കേസിൽ ഞങ്ങൾ ഇരുപത്തിയാറു പ്രതികൾ. ഞങ്ങളെയെല്ലാം അറസ്റ്റു ചെയ്തു. കളക്കാട്ടുതറയിൽ പരമേശ്വരൻനായർ, പുന്നിലേത്ത് ഭാസ്കരൻനായർ എന്നിവർ ഒന്നും

കുഞ്ഞുപിള്ളയും പത്നിയും

രണ്ടും പ്രതികൾ. മൂന്നാംപ്രതിയാണ് ഞാൻ. തണ്ടാശേരി രാഘവൻ, ശങ്കരനാരായണൻ തമ്പി, തോപ്പിൽഭാസി, കാഞ്ഞിരപ്പള്ളി വടക്ക് പുരുഷോത്തമക്കുറുപ്പ്, മഠത്തിൽ ഭാസ്കരൻ നായർ, പായ്ക്കാലിൽ ഗോപാലപിള്ള, പനത്താഴ രാഘവൻ തുടങ്ങി ആദ്യകാല കമ്മ്യൂണിസ്റ്റ് പാർട്ടി പ്രവർത്തകരെല്ലാം പ്രതികളായി.''

''തണ്ടാശ്ശേരി രാഘവനെ പിടിച്ചരാത്രിയിൽത്തന്നെ ഇടിച്ചുകൊന്നു. 1950 ജനവരി 18ന്. ജനുവരി പതിനെട്ടാണ് ശൂരനാട് രക്തസാക്ഷിദിനമായി ആചരിക്കുന്നത്.''

''സംശയമെന്ത്? ശിക്ഷയുടെ ആദ്യത്തെ ആറേഴുവർഷത്തിനകത്തെന്നെ ഞങ്ങളിൽ ശേഷിച്ചവരെക്കൂടി അവർ കൊന്നു കുഴിച്ചുമൂടിയേനേ''.

''ജയിൽ വിമോചിതരായപ്പോൾ കേരളത്തിലാകമാനം കമ്മ്യൂണിസ്റ്റ് പാർട്ടി പ്രവർത്തകർ ഞങ്ങൾക്ക് സ്വീകരണംതന്നു. ഏഴാംനാളാണ് വീട്ടിൽകൊണ്ടുവിട്ടത്.''

തൊള്ളായിരത്തി അൻപതിനും അൻപത്തേഴിനും ഇടയ്ക്ക് നാട്ടിൽ സംഭവിച്ച മാറ്റങ്ങളെക്കുറിച്ച് പറയുമ്പോൾ വാക്കുകളിൽ നായരും ഗോപാലപിള്ളയും രക്തസാക്ഷിത്വം വരിച്ചത് വിചാരണക്കാലത്താണ്.''

ശൂരനാടിൻെറ ധീരൻമാരായ അഞ്ച് മക്കൾ കസ്ബ പൊലീസ് സ്റ്റേഷൻേറയും സബ് ജയിലിൻേറയും കരിങ്കൽച്ചുമരുകൾക്കുള്ളിൽ മൈരിഞ്ഞാമർന്നു. ഇവരിൽ ഒരാൾ-അഞ്ചാമൻ-മരണം വരിച്ചത് ജയിന് പുറത്തുവച്ചാണെങ്കിലും മരണത്തിൻെറ കൈയിലേക്ക് ആസുമനസ്സിനെ എറിഞ്ഞുകൊടുത്തത് ഇവിടത്തെ മർദ്ദനമുറകളായിരുന്നു എന്നതിന് എന്തിനേറെ തെളിവുകൾ? കേസ് വിചാരണയിലിരിക്കെ, കോടതിവിധി വരുന്നതിനുമുമ്പ് കാക്കിക്കുപ്പായത്തിനുള്ളിലെ കറുത്ത മനസ്സുകൾ കൂട്ടവധശിക്ഷ നടപ്പാക്കി നീതിവാഴിച്ചപ്പോൾ വ്യർത്ഥരിക്കപ്പെട്ടത് അരുണിമയാർന്ന ഒരായിരം സ്വപ്നങ്ങളാണ്. മനുഷ്യരക്തം ചിതറിത്തെറിച്ച് പാടപുണ്ട കരിങ്കൽ ഭിത്തികളിൽ നാലുയുവാക്കളുടെ നിശ്വാസങ്ങൾ പ്രതിധ്വനിച്ചലിഞ്ഞവസാനിച്ച കഥ പറഞ്ഞപ്പോൾ ഈ ചെറിയ കണ്ണുകളിൽ എന്തേ കണ്ണീർ കിനിയുന്നു?

''കോടതിയിൽ കേസ് നടത്തിയത് പതിമൂന്ന് വക്കീൽൻമാരുടെ ഒരു കമ്മിറ്റിയാണ്. വിചാരണ നടന്ന ഒന്നേകാൽക്കൊല്ലം മിക്കവാറും എല്ലാം ജയിലുകളിലുമായി മാറിമാറി പാർപ്പിച്ചു. എല്ലായിടത്തും കൊടിയ മർദ്ദനം. ഒരുദിവസം രാത്രി കസ്ബ സ്റ്റേഷനിൽ നിന്ന് എന്നെ മർദ്ദനമേറ്റ് മരിച്ചെന്നു കരുതി ജില്ലാ ആശുപത്രിയിലെ ശവക്കോട്ടയിൽ കൊണ്ടുപോയിട്ടു. പവറയിൽനിന്ന് ഒരപകടം സംബന്ധിച്ച് ആശുപത്രിയിലെത്തിയ ആർ. എസ്.പി പ്രവർത്തകർ എൻെറ ഞരക്കം കേട്ടു. അവരിടപെട്ട് എന്നെ ആശുപത്രിയിലേക്ക് മാറ്റി.''

''അവസാനം വിധിവന്നു. ആദ്യത്തെ മൂന്നുപ്രതികൾക്ക് എഴുപത്തഞ്ച് വർഷം വീതം കഠിനതടവ്.''

''ഒരു പുരുഷായുസ്സിൻെറ ദൈർഘ്യമുള്ള ശിക്ഷയ്ക്കു മുന്നിൽ പതറിയോ?''

''ഇല്ലേയില്ല.'' ''കാരണം ഞങ്ങൾ പ്രതീക്ഷിച്ചത് വധശിക്ഷയാണ്.''

''ശിക്ഷ അനുഭവിക്കുന്ന കാലത്താണ് അമ്പത്തേഴിൽ ഇ.എം.എസ്. മന്ത്രിസഭ വരുന്നത്. അധികാരത്തിൽ കയറിയതിൻെറ ഒമ്പതാംപക്കം ഞങ്ങളെയെല്ലാം മോചിപ്പിച്ചു.''

''അന്ന് ഇ.എം.എസ്. മന്ത്രിസഭ വന്നിരുന്നില്ലെങ്കിലോ?''

''സംശയമെന്ത്? ശിക്ഷയുടെ ആദ്യത്തെ ആറേഴുവർഷത്തിനകത്തെന്നെ ഞങ്ങളിൽ ശേഷിച്ചവരെക്കൂടി അവർ കൊന്നു കുഴിച്ചുമൂടിയേനേ''.

''ജയിൽ വിമോചിതരായപ്പോൾ കേരളത്തിലാകമാനം കമ്മ്യൂണിസ്റ്റ് പാർട്ടി പ്രവർത്തകർ ഞങ്ങൾക്ക് സ്വീകരണംതന്നു. ഏഴാംനാളാണ് വീട്ടിൽകൊണ്ടുവിട്ടത്.''

തൊള്ളായിരത്തി അൻപതിനും അൻപത്തേഴിനും ഇടയ്ക്ക് നാട്ടിൽ സംഭവിച്ച മാറ്റങ്ങളെക്കുറിച്ച് പറയുമ്പോൾ വാക്കുകളിൽ

ശേഷം 49-ാം പേജിൽ

ഇന്ദ്രബാബു

സ്വാതന്ത്ര്യത്തിലേക്കുള്ള നീണ്ടപാത

കിഴക്കേ യൂറോപ്പിലും സോവിയറ്റ് യൂണിയനിലും ചരിത്രമായിത്തീർന്ന മാറ്റങ്ങൾക്ക് പിന്നിൽ എഴുത്തുകാർക്കും ബുദ്ധിജീവികൾക്കും നിർണ്ണായകമായ പങ്കായിരുന്നു. സ്വാതന്ത്ര്യത്തിനുവേണ്ടി ജീവൻ പോലും ത്യജിക്കാൻ തയ്യാറായവർ എഴുതിയ പുതിയ ചരിത്രമാണ് ആ രാജ്യങ്ങളിൽ ഇതൾ വിടർത്തുന്നത്. ആ ചരിത്ര സംഭവങ്ങളെ ഒരു കൂടിക്കാഴ്ചയിലൂടെ നോക്കിക്കാണുകയാണ് പ്രമുഖ നിരൂപകനായ വി. രാജകൃഷ്ണൻ

സോവിയറ്റ് യൂണിയനിലും, കിഴക്കൻ യൂറോപ്യൻ രാജ്യങ്ങളിലും ഈയിടെ നടന്ന 'രണ്ടാംവിപ്ലവ'ത്തിന്റെ അർത്ഥവ്യാപ്തിയെക്കുറിച്ചുള്ള ഒരു തുറന്ന സമീപനം

ചോദ്യം: സോവിയറ്റ് യൂണിയനിലും, കിഴക്കൻ യൂറോപ്യൻ നാടുകളിലും സമീപകാലത്തുണ്ടായ മാറ്റങ്ങളിൽ സർഗ്ഗാർത്മക സാഹിത്യകാരന്മാർക്കുള്ള പങ്ക് എന്തായിരുന്നുവെന്ന്

ഉത്തരം: തങ്ങളുടെ സംവേദന തീവ്രമായ സ്പർശിനികൾ കൊണ്ട് ഈ മാറ്റങ്ങളെ മുൻകൂട്ടി അറിയുകയും, ഔദ്യോഗിക മാദ്ധ്യമങ്ങൾ പ്രചരിപ്പിച്ചുപോന്ന അസത്യങ്ങൾക്കും ''വാസ്തവമല്ലിനീകരണ''ത്തിനുമെതിരായ സന്ധിയില്ലാത്ത പോരാട്ടത്തിലൂടെ ബുദ്ധിപരമായ ജാഗ്രത സമൂഹത്തിൽ അണയാതെ കാക്കുകയും ചെയ്തവരാണ്, ഈ രാജ്യങ്ങളിലെ വിമതസാഹിത്യകാരന്മാർ. ഇപ്പോൾ പിന്നിട്ട നിയോ-സ്റ്റാലിനിസ്റ്റ് കാലഘട്ടത്തിൽക്കൂടി ഈ രാജ്യങ്ങളിലെല്ലാം സമാന്തരമായ സർഗ്ഗാവിഷ്കരണമാർഗ്ഗങ്ങൾ ഏറെറക്കുറച്ചിലുകളോടെ നിലനിന്നതായികാണാം. നിയന്ത്രണങ്ങൾ ഏറെ കർക്കശമായിരുന്ന സോവിയറ്റ് യൂണിയനകത്തുപോലും 'സാമിസ്ദാത്' എന്നറിയപ്പെടുന്ന പ്രസിദ്ധീകരണമാർഗ്ഗം തടസ്സങ്ങളെ അതിജീവിച്ചുകൊണ്ട് വളർച്ചപ്രാപിക്കുകയുണ്ടായി. ഔദ്യോഗികമായ അപ്രീതിക്കും, സെൻസർഷിപ്പിനും നിരോധനത്തിനും വിധേയമായ പല രചനകളും വായനക്കാരുടെ കൈകളിലെത്തിയത് ഈവിധമായിരുന്നു. ചില എഴുത്തുകാർ സുഹൃത്തുക്കളുടെ സഹായത്തോടെ തങ്ങളുടെ കയ്യെഴുത്തുപ്രതികൾ പടിഞ്ഞാറൻ രാജ്യങ്ങളിലേക്ക് കടത്തുന്നതിൽ വിജയംവരിച്ചു.

കിഴക്കൻ യൂറോപ്യൻ നാടുകളിൽ സമീപവർഷങ്ങളിൽ കണ്ടുവന്ന കൗതുകകരമായ ഒരു സംഗതി, ചില വിമതസാഹിത്യകാരന്മാർ സാംസ്കാരികനായകന്മാരും, രാഷ്ട്രീയപ്രേക്ഷോഭകാരികളുമായി വളർച്ചപൂണ്ടു എന്നതാണ്. ഇതിന്റെ ഏറ്റവും തിളക്കമാർന്ന ഉദാഹരണം പുതിയ ചെക്ക് പ്രസിഡൻറായ വാസ്ലേവ് ഹാവലാണ്. ഈ അസംബന്ധ നാടകകൃത്ത് ജനാധിപത്യാവകാശങ്ങൾക്കു വേണ്ടിയുള്ള പൗരപ്രക്ഷോഭണങ്ങളുടെ മുൻനിരയിൽ പ്രവർത്തിച്ചതിന്റെ ഫലമായി പലതവണ ജയിൽശിക്ഷ അനുഭവിക്കുകയുണ്ടായി. ക്രമേണ ഹാവൽ വ്യവസ്ഥിതിക്കെതിരായി ചെക്കോസ്ലാവേക്യയിൽ വീശിയടിച്ച രോഷത്തിന്റെ കരുത്തനായ വക്താവായിത്തീർന്നു. അങ്ങനെ 1968-ൽ ഡ്യൂബ്ചെക്ക് ആരംഭംകുറിച്ച 'പ്രാഗ് വസന്ത'ത്തിന്റെ ചൈതന്യം വീണ്ടെടുക്കാനുള്ള ചരിത്രദൗത്യം, അദ്ദേഹത്തിൽ അർപ്പിക്കപ്പെട്ടു. സോഷ്യലിസ്റ്റ് സ്റ്റേറ്റിന്റെ സേച്ഛാധിപത്യ സ്വഭാവത്തെ പാടെ തിരസ്കരിച്ചുകൊണ്ട് ''അധികാരരഹിതരുടെ അധികാരം'' എന്നൊരു മുദ്രാവാക്യം തന്നെ തൻ നയിച്ച രക്തരഹിത വിപ്ലവത്തിന്റെ അവസാനഘട്ടത്തിൽ അദ്ദേഹമുയർത്തുകയുണ്ടായി. ഹംഗറിയിൽ 1956-ലെ സോവിയറ്റ് ഇടപെടലിനുശേഷം അവിടം വിട്ടുപോയ ബുദ്ധിജീവികളുടെ കൂട്ടത്തിൽ പ്രമുഖനായ ഒരാളാണ്, പോസ്റ്റ്-മോഡേൺ നോവലിസ്റ്റായ ജോർജ്ജ് കോൺറാഡ്. അടുത്തകാലത്ത് നാട്ടിൽ മടങ്ങിയെത്തിയതിനുശേഷം കോൺറാഡ് പൊതുകാര്യങ്ങളിൽ സജീവമായ താല്പര്യം കാണിക്കുകയും, പൗരസ്വാതന്ത്ര്യങ്ങൾ പുനഃസ്ഥാപിക്കാൻ വേണ്ടിയുള്ള പ്രസ്ഥാനങ്ങളിൽ പങ്കാളിയാവുകയും ചെയ്തു.

സോവിയറ്റ് യൂണിയനിൻ ക്രൂഷ്ചേവ് തുടക്കമിട്ട ഒരു പ്രക്രിയ പൂർവ്വാധികം വാശിയോടെ തിരിച്ചുവന്നിരിക്കുകയാണിപ്പോൾ. അതായത് മരിച്ച എഴുത്തുകാരെ പുനരധിവസിപ്പിക്കുക. നാല്പതും അമ്പതും വർഷങ്ങൾക്കുമുമ്പ് രഹസ്യപ്പോലീസിന്റെ പീഡനത്തിനുവിധേയരായി മൃതിയടഞ്ഞ സാഹിത്യകാരന്മാർ ഇപ്പോഴിതാ പുനർജ്ജനിച്ചുകൊണ്ടിരിക്കുന്നു. ശപിക്കപ്പെട്ട സ്റ്റാലിനിസ്റ്റ് ഭൂതകാലത്തിന്റെ ഓർമ്മകൾ ആവാഹിച്ചുകളയുന്നതിന്റെ ഭാഗമായി കണക്കാക്കിയാൽ മതി, ഈ ശവാനുരാഗത്തെ.

ചോദ്യം: അപ്പോൾ ട്രോട്സ്കിയുടെ കാര്യമോ?

ഉത്തരം: ട്രോട്സ്കിക്ക് ഇനിയും പൂർണ്ണമായ ശാപമോക്ഷം കിട്ടിയിട്ടില്ല എന്നത് നേരുതന്നെ. എങ്കിൽക്കൂടി ട്രോട്സ്കിയുടെ ചരിത്രപരമായ പങ്കിനെ സംബന്ധിച്ച ഔദ്യോഗികമായ വിലയിരുത്തലുകളിൽ കുറെക്കൂടി അയവ് വന്നതായികാണാം. ട്രോട്സ്കിയുടെ അടിസ്ഥാനപരമായ ചില നിലപാടുകൾ (ഉദാഹരണത്തിന് വിപ്ലവം കയറ്റുമതി ചെയ്യുന്നതുസംബന്ധിച്ച അദ്ദേഹത്തിന്റെ സിദ്ധാന്തം) തെറ്റായിരുന്നു എന്നുതന്നെയാണ് ഇപ്പോഴത്തെ സോവിയറ്റ് നേതൃത്വം വിശ്വസിക്കുന്നത്. അതേസമയം ട്രോട്സ്കിയെ ഒരു രാക്ഷസനായി ചിത്രീകരിക്കാൻ സ്റ്റാലിനിസ്റ്റ് കാലഘട്ടത്തിൽ നടന്ന സംഘടിത ശ്രമങ്ങൾ ഇന്ന് ഏതാണ്ട് വസാനിച്ചിരിക്കുകയാണ്. ഒക്ടോബർ വിപ്ലവത്തിന്റെ വിജയത്തിൽ ട്രോട്സ്കി വഹിച്ച നിർണ്ണായകമായ പങ്കിനെക്കുറിച്ചും അദ്ദേഹത്തിന്റെ ധൈര്യത്തേയും ക്രാന്തദർശിത്വത്തേയും കുറിച്ചും സോവിയറ്റ് ചരിത്രകാരന്മാർ ആദരവോടെ സംസാരിച്ചു തുടങ്ങിയിരിക്കുന്നു. ഒരുപക്ഷേ ഈ ദുരന്തനായകൻ തന്റെ ധാർഷ്ട്യം കലർന്ന പ്രാഭവത്തോടെ, ജനഹൃദയങ്ങളിൽ തിരിച്ചെത്തുന്ന ദിവസം അത്ര അകലെയല്ല. ട്രോട്സ്കിയിസം ഒരു രാഷ്ട്രീയ സിദ്ധാന്തമെന്ന നിലയിൽ സോവിയറ്റ് യൂണിയനിലോ മറേറതെങ്കിലും നാട്ടിലോ ഇനി തളിരിടുമെന്ന് എനിക്ക് തോന്നുന്നില്ല. കാരണം മാർക്സിസം-ലെനിനിസത്തിന്റെ ക്രൂരവും, ഏകാധിപത്യപരവുമായ പല അംശങ്ങളും അതിലുൾച്ചേർന്നിട്ടുണ്ട്. എന്നാൽ ട്രോട്സ്കി എന്ന ചരിത്രപുരുഷന്റെ തിളക്കമാർന്ന വ്യക്തിത്വം വരുംകാലങ്ങളിൽ കൂടുതൽ പേരെ ആകർഷിക്കാനിടയുണ്ട്-പ്രത്യേകിച്ചും രാഷ്ട്രീയ പണ്ഡിതന്മാരേയും, എഴുത്തുകാരേയും. പീറർ വെയ്സ്സിന്റെ നാടകവും അതുണർത്തിയ വിക്ഷുബ്ധമായ പ്രതികരണവും ഈ ദിശയിലേക്കുള്ള ചൂണ്ടുപലകയായിരുന്നു എന്നുവേണം കരുതാൻ. ട്രോട്സ്കിയുടെ സൗന്ദര്യ ചിന്തയ്ക്ക് പടിഞ്ഞാറൻ സാഹിത്യലോകത്തിൽ ഏതാനും ദശകൽൾക്കുമുമ്പു തന്നെ മാന്യമായ അംഗീകാരം ലഭിച്ചതോർക്കുമല്ലോ?

ഹാവെൽ

ചോദ്യം: സ്റ്റാലിന്റേയും ബ്രെഷ്നേവിന്റേയും കാലഘട്ടങ്ങളിൽ, പറയത്തക്ക അലട്ടൽ കൂടാതെ, വ്യവസ്ഥിതിയുമായി ഏതാണ്ട് ഒട്ടിനിന്നുകൊണ്ട് സാഹിത്യരചന നടത്തിയ എഴുത്തുകാർക്കിപ്പോൾ എന്തു സംഭവിച്ചു?

ഉത്തരം: അവരിൽ പലരും അതിവേഗം വിസ്മൃതരായിക്കൊണ്ടിരിക്കുകയാണ്. സ്റ്റാലിൻ പ്രൈസ് കരസ്ഥമാക്കിയ ദേശാഭിമാനപ്രചോദിതമായ പല കൃതികളും ഇന്ന് വായനശാലകളിൽ പൊടിപിടിച്ചുകിടക്കുന്നു. നമ്മുടെ നാട്ടിലെ മോസ്കോ ഭക്തന്മാർ ഒരുകാലത്ത് ഇതിഹാസതുല്യമെന്ന് വാഴ്ത്തിപ്പാടിയ ചില നോവലുകൾ ഗവേഷണ വിദ്യാർത്ഥികൾക്ക് കൗതുകം ജനിപ്പിക്കുന്ന രേഖകളായി മാറിക്കൊണ്ടിരിക്കുകയാണ്. ഈ പ്രക്രിയയെച്ചൊല്ലി ഖേദിച്ചിട്ടുകാര്യമില്ല. ഇതിനെയാവാം നാം ചരിത്രത്തിന്റെ പ്രതികാരദാഹമെന്ന് വിളിക്കുന്നത്. സ്റ്റാലിൻ അഴിച്ചുവിട്ട കൊടും ഭീതിയുടെ കാലഘട്ടത്തിൽ അഖ്മത്തോവയുടെ തീക്ഷ്ണമായൊരു അലങ്കാരം കടമെടുത്തുപറഞ്ഞാൽ ''മരണത്തിന്റെ നക്ഷത്രങ്ങൾ നമുക്കുമീതെ പ്രകാശിച്ചുനിന്ന'' ദിവസങ്ങളിൽ അതിനെപ്പറ്റി കുറെകരമായ നിശ്ശബ്ദത പുലർത്തി, ഗവൺമെന്റ് നല്കിയ ആനുകൂല്യങ്ങൾ സ്വീകരിച്ച് ട്രാക്ടറുകളെപ്പറ്റിയും ഹൈഡ്രോ ഇലക്ട്രിക്കൽ പദ്ധതികളെപ്പറ്റിയും കവിതകളെഴുതിയവർ സ്വന്തം മനസ്സാക്ഷിയെ വഞ്ചിക്കുകയായിരുന്നു. ഇങ്ങനെ, അവസരവാദികളും ഭീരുക്കളുമായ എഴുത്തുകാരുടെ ഒരു നീണ്ട നിരതന്നെ വിപ്ലവാനന്തര കാലഘട്ടത്തിൽ സോവിയറ്റ് യൂണിയനിലുണ്ടായതായി കാണാം. മാർക്സിം ഗോർക്കി പോലും ഈ കാപട്യത്തിന് അതീതനല്ലായിരുന്നുവെന്ന് തിരിഞ്ഞുനോക്കുമ്പോൾ കാണാൻ കഴിയും. (ഭരണകൂടത്തിന്റെ അപ്രീതിക്ക് പാത്രമായിത്തീർന്ന ചില വിമതസാഹിത്യകാരന്മാരെ രക്ഷിക്കുന്നതിൽ ഗോർക്കി കാട്ടിയ ഉദാരമനസ്കത വേറൊരു കാര്യമാണ്.) വിപ്ലവം സ്വന്തം സന്തതികളെ കൊന്നുതിന്നുന്നതുകണ്ട് മൗനം പാലിക്കേണ്ടിവന്നതിലുള്ള വേദനവും, ആത്മനിന്ദയും ഗോർക്കിയുടെ അന്ത്യത്തിന് വേഗമണച്ചതായി തെളിഞ്ഞിട്ടുണ്ട്.

പ്രാഗ് വസന്തം: സോവിയറ്റ് ശക്തിക്കെതിരെ അണിനിരന്ന നിരായുധർ

ചോദ്യം: സോവിയറ്റ് യൂണിയനിലും കിഴക്കൻ യൂറോപ്യൻ രാജ്യങ്ങളിലും സമീപകാലത്തുണ്ടായ മാറ്റങ്ങൾ സോഷ്യലിസത്തിന്റെ തകർച്ചയല്ല കുറിക്കുന്നത്, മറിച്ച് സോഷ്യലിസം പ്രയോഗത്തിൽ കൊണ്ടുവരുന്നതിൽ അവിടങ്ങളിലെ രാഷ്ട്രീയ നേതൃത്വത്തിന് സംഭവിച്ച പാളിച്ചകളുടെ അനന്തരഫലമാണവ എന്നൊരു വാദം ഉയർന്നുവന്നിട്ടുണ്ടല്ലോ? തെറ്റുകൾ തിരുത്തി വർദ്ധിച്ച കരുത്തോടെ മുമ്പോട്ടുനീങ്ങാൻ സോഷ്യലിസ്റ്റ് വ്യവസ്ഥിതിക്കുള്ള സഹജമായ കഴിവാണ്, ഈ രാജ്യങ്ങളിൽ അടുത്തകാലത്തുണ്ടായ പുനർനിർമ്മാണ ശ്രമങ്ങളിലൂടെ തെളിയിക്കപ്പെട്ടിട്ടുള്ളത് എന്ന് ചിലർ ചൂണ്ടിക്കാട്ടുന്നു. ഇതിനെപ്പറ്റി എന്താണ് അഭിപ്രായം?

ഉത്തരം: വാഗ്ദത്തഭൂമി കാണാമറയത്തായതിൽ അകംകൊണ്ട് ദുഃഖിക്കുന്ന ഇ.എം.എസ്. ഉൾപ്പെടെയുള്ള ഇവിടത്തെ സാമ്പ്രദായിക മാർക്സിസത്തിന്റെ വക്താക്കൾ എഴുന്നെള്ളിച്ചിട്ടുള്ള ഒരു വ്യാഖ്യാനമാണിത്. ഒരായുഷ്കാലമത്രയും. തങ്ങൾ പേറിനടന്ന ആദർശപ്രാണങ്ങൾ തരിപ്പണമാകുന്നതുകാണുമ്പോൾ ഇക്കൂട്ടർക്കനുഭവപ്പെടുന്ന അങ്കലാപ്പ് നമുക്ക് ഊഹിക്കാവുന്നതേയുള്ളു. എന്നാൽ കിഴക്കൻ യൂറോപ്പിൽ വീശിയടിച്ച കൊടുങ്കാറ്റിൽ മർദ്ദമളക്കുന്നതിൽ കേരളത്തിലെ കമ്മ്യൂണിസ്റ്റിതരബുദ്ധിജീവികൾ കൂടി പരാജയപ്പെട്ടതായാണ് കാണുന്നത്. ഈ വിഷയത്തെ സംബന്ധിച്ച് വാർത്താമാദ്ധ്യമങ്ങൾ പകർന്നുതന്നിട്ടുള്ള വിസ്തൃതമായ അറിവിൽനിന്ന് ഒരു യഥാർത്ഥ ചിത്രം മെനഞ്ഞെടുക്കാൻ അവർക്ക് സാധിച്ചതായി തോന്നുന്നില്ല.

കിഴക്കൻ യൂറോപ്യൻ രാജ്യങ്ങളിൽ കഴിഞ്ഞ ഒരുകൊല്ലത്തിനിടയിൽ അരങ്ങേറിയ രാഷ്ട്രീയ പരിവർത്തനങ്ങളുടെ കാതലായ ഒരംശമായി എനിക്കുതോന്നുന്നത്, ഈ രാജ്യങ്ങളിലെ പൊതുജീവിതത്തിൽ തങ്ങൾക്കുണ്ടായിരുന്ന നടുനായകത്വം അവസാനിപ്പിക്കാൻ കമ്മ്യൂണിസ്റ്റ് പാർട്ടികൾ നിർബന്ധിതരായിത്തീർന്നു എന്നതാണ്. ഈ രാജ്യങ്ങളിലെല്ലാം രണ്ടാംലോകമഹായുദ്ധത്തെത്തുടർന്നുള്ള ദശകങ്ങളിൽ അധികാരക്കുത്തക അനുഭവിച്ചുപോന്ന ഭരണകക്ഷികൾ തങ്ങളുടെ പേരിനോടൊപ്പമുള്ള കമ്മ്യൂണിസ്റ്റ് എന്ന വിശേഷണം ഉപേക്ഷിക്കുകയോ എന്നിട്ടും നില്ക്കക്കള്ളിയില്ലാതെ വന്നപ്പോൾ സ്വയം പിരിച്ചുവിടുകയോ ചെയ്യുന്ന കാഴ്ചകൾക്ക് നാം സാക്ഷ്യം വഹിക്കുകയുണ്ടായല്ലോ? സോവിയറ്റ് യൂണിയനിൽ പോ കമ്മ്യൂണിസ്റ്റ് പാർട്ടി പൊതുജീവിതത്തിൽ അതിനുണ്ടായിരുന്ന നിയാമകസ്ഥാനം കൈയൊഴിയുകയും, വ്യത്യസ്തസ്വരങ്ങൾക്ക് ഇടമനുവദിക്കുകയും ചെയ്തുകഴിഞ്ഞു. കിഴക്കൻ യൂറോപ്യൻ രാജ്യങ്ങളിൽ ഏറിയ പങ്കും ഇന്ന് പാശ്ചാത്യരീതിയിലുള്ള ബഹുകക്ഷിജനാധിപത്യം അംഗീകരിക്കുകയും, പ്രാവർത്തിക

ശേഷം 35-ാം പേജിൽ

ഒ.എൻ.വി.

ശിലായുഗം*

ഈ നല്ല മണ്ണിൽ തെല്ല്
നേരം ഞാനിനിദ്ധ്യാന-
ലീനനാവട്ടേ; യൊന്നു
കാണട്ടേ—യെന്നാചാര്യൻ
വാണകാലത്തിന്നേതോ
കടവിലൊരു സന്ധ്യ-
ഞാനുമിന്നതിൻ സാക്ഷി-
യാവട്ടേ! വെയിലിന്റെ
നാളങ്ങൾ പയ്യെപ്പയ്യെ-
ക്കെട്ടടങ്ങിടും നേരം,
നീളും കാർനിഴൽ മോന്തി
വെളിച്ചം വറ്റും നേരം,

താഴ്വരയേതോ സർഗ-
യജ്ഞസാക്ഷിയായ് ദീർഘ-
ജാഗരക്ലേശം പൂണ്ടു
നെടുവീർപ്പിടും നേരം,
ചിത്രമാം രാമായണ-
മാകിയ കാവ്യം മുഴു-
മിച്ചൊരാ നിമിഷത്തിൻ
ഹൃദ്യമാമാലസ്യത്തിൽ
തിരുനാരായം താളി-
യോലയിലിളവേല്ക്കെ,
ഗുരുവും കനകപ്പൂൽ-
പ്പായ വിട്ടെഴുന്നേല്ക്കെ,
*1 ''വന്നിഹ സരയുവിൽ
മുഴുകീടുവിനെങ്കിൽ....''
എന്നൊരേ വരി നിജ-
ജന്മവാസനയാലോ
വെറുതേയാവർത്തിച്ചു
കൊഞ്ചുന്നു കിളിമകൾ,
തൊടിയിൽ കദളിത്തേൻ-
കുമ്പുകൾ വിരിഞ്ഞതും,
തെന്നലിൽ കുരുത്തോല
തന്നാനമാടുന്നതും,
ചെന്നെല്ലിൻകുല മുത്തു
വരമ്പിൽ ചായുന്നതും,
ഒന്നൊന്നും കാണാൻ കൂട്ടാ-
ക്കാതെയാ കിളിമകൾ
പിന്നെയും കൊഞ്ചിക്കൊഞ്ചി-
പ്പാടുകയാണിങ്ങനെ:
''വന്നിഹ സരയുവിൽ
മുഴുകീടുവിനെങ്കിൽ....''

തൻമെതിയടിപ്പുറ-
ത്തേറുന്നു ഗുരു, സ്വപ്ന-
സഞ്ചാരിയെപ്പോൽ നിളാ-
മുഖത്തേക്കണയുന്നു;
മുന്നിൽ കാൺമതു ഗുരോ,
നിളയോ? സരയുവോ?
താഴ്ന്നിറങ്ങുവതാരോ
താമരക്കൈകൾ കൂപ്പി,-
യാരക്തമുഖത്തോടെ,
ഇലിക്കും ചുടർനാള-
മാർന്ന നെയ്ത്തിരി പോലെ
തപിക്കും മനസ്സോടെ,
ആരിന്നീ നദീപ്പട്ടം
പൂകിയസ്തമിക്കുന്നു,
സൂര്യനോ, സൂര്യാന്വയ-
രത്നമോ?—അല്ലല്ലെന്നാ
ചാര്യനു രണ്ടല്ലവർ!
അദ്വൈതമല്ലോ സുഖം!
കുഞ്ഞുനുമ്പുകൾ മുതൽ
കൂറ്റനാം മൃഗപക്ഷി-
വ്യന്ദങ്ങ, ളയോദ്ധ്യയിൽ
വാഴുന്ന ജനങ്ങളും,
വന്നിഹ സരയുവിൽ
മുഴുകുന്നതു കണ്ടു
നിന്നുവോ ഗുരോ! മുന്നിൽ
നിളയോ, സരയുവോ?
ഈ മണ്ണിൽ പായും നദി-
യേതുമെന്നാചാര്യന്നു
ശ്രീമയമായ സരയൂ
നദി; അതിൻ തട-
സീമകളയോദ്ധ്യകൾ!-
അവിടെ വാഴ്വൂ ചിരം-
ജീവികൾ: മാനുഷ്യക-
സൗന്ദര്യ വൈരൂപ്യങ്ങൾ!
അവയെ തന്തീലയ-
തരളമിന്നോളവും
അനുഗാനം ചെയ്വോരെ-
യന്തരാ നമിച്ചിട്ടോ,
പുഴയിൽ വീഴും നീലാ-
കാശത്തെ നോക്കി നമ്ര-
മുഖനായ് നിന്നൂ ഗുരു;
തൻ കുലഗുരുവാകും
ആദിമകവിക്കിതു
പാടുവാനൊരു കിളി-
യായിരുന്നീലേ ക്ഷണ-
ഹേതുവായതെന്നോർത്തോ?
എങ്കിലെന്നാചാര്യനു-
മക്ഥ പാടിക്കേൾക്കാൻ
തൻകിളിമകളെത്താ-
നല്പയോ നിയോഗിച്ചു!
വിതച്ചും കൊയ്തും കറ്റ
മെതിച്ചും പാടുന്നോർതൻ
ഹൃദയങ്ങളിൽനിന്നു
നൂത്തെടുത്തതാം ശീലിൽ,
ചന്ദനത്തണലൂടെ-
യിന്ദിശ പാടിപ്പാറും
സുന്ദരിയാകും കിളി-
പ്പെണ്ണിന്റെ നാടൻശീലിൽ,
മണ്ണിന്നോമനകൾക്ക്
മംഗളം നേരും പുള്ളോ-
പ്പെണ്ണിന്റെ കുടം മൂളും
ശ്രുതി ചേർന്നൊരു ശീലിൽ,
തുമ്പയും മുക്കുറ്റിയും
പൂക്കുന്ന മണ്ണിൻ തന-
തുൺമയാർന്നൊരു ശീലിൽ,
ഇളനീരാടും ശീലിൽ,
തൻകിളിമകളെക്കൊ-
ണ്ടക്കഥ പാടിക്കവേ,
എൻഗുരോ! ഇവിടത്തെ
ചക്കാലക്കുടിലൊരു
ഗന്ധർവൻതന്നില്ലമായ്;
ഇന്നാട്ടു മൊഴി ദേവ-
ഗംഗയായ്; സാക്ഷാൽ ജന-
കാത്മജാ മിഴിനീരെൻ
ഉമ്മറത്തളത്തിനും
തീർത്ഥമായ്, സുധന്യമാ-
മിമ്മുഹൂർത്തത്തിലെന്റെ
നിളയും സരയുവായ്!
പുഴയിൽ മുങ്ങും ദിന-
തേജസ്സിൻ മുഖമോർത്തു
തൊഴുകൈയോടേ ഗുരോ,
മന്ത്രിപ്പതെന്തേ മന്ദ്രം?
*2 ''..സന്താപനാശകരായ നമോ നമഃ
അന്ധകാരാന്തകരായ നമോ നമഃ...''
അസ്തമിച്ചതു വെറു-
മൊരു വാസരമല്ലാ,
അർത്ഥദീർഘമാം സർഗ-
ശോഭമൊരു യുഗം!
പിന്നെ രാത്രിയായ്, രാത്രി
തൻ ഹിരൺമയ ദുഃഖ-
മൊന്നൊന്നായിരുട്ടിലും
തിളങ്ങി; തിങ്കൾക്കല
ക്ഷയവൃദ്ധികളുടെ
സാരോപദേശം ചൊല്ലി-
യകലങ്ങളിലൂടെ-
യൊറ്റയ്ക്കു നടന്നുപോയ്!
മൂന്നുരു ഗുരു മുങ്ങി-
നിവർന്നു; നെഞ്ചോടൊപ്പം
ചേർന്ന കൈക്കുടന്നയാ
ശംഖിന്റെ തുമ്പിൽനിന്നും
ഇറ്റിറ്റു വീഴും തീർത്ഥം
തന്മാറിലേല്ക്കെ, ചെറു-
വൃത്തങ്ങളായി, നിള
നിർവൃതിക്കൊള്ളും പോലെ!
കാലത്തിൻ മിടിപ്പുപോൽ
ഗുരുവിൻ മെതിയടി-
താളമാ തപോവാടം
തന്നിലേക്കൊഴുകുന്നു.

ഗാന്ധമീ സന്ധ്യായാമം,
ശിവസുന്ദരം, പ്രല-
യാന്തമാമൊരു യുഗ-
കഥ തീർന്നതുപോലെ!
തന്നുടെ ഘുൽപ്പായയിൽ
തളർന്നിരിക്കും ഗുരു
തന്നടുത്തേക്കായ് കിളി-
മകളും പറന്നെത്തീ.
''വന്നിഹ സരയുവിൽ
മുഴുകീടുവിൻ.....'' പക്ഷി-
ജന്മവാസന വീണ്ടു-
മാമൊഴിയാവർത്തിക്കെ,
തൻകരപുടത്തിലെ
ബദരീഫലം തന്നി-
ലെന്നപോൽ ഭവാൻ കാല-
ത്രയം കണ്ടറിഞ്ഞുവോ?
ഇല്ലില്ല സരയുവിൽ
മുഴുകീലെല്ലാമെന്നു
ചൊല്ലുംപോൽ-സ്നേഹാർദ്രമാ-
മിഴികൾ തഴുകുന്നു
തൻകിളി മകളെ!-വി-
ദൂരമാമേതോ ഗുഹ
തന്നുള്ളിൽ ക്ഷുധാർത്തനാം
സിംഹത്തിന്നലർച്ചപോൽ
കാറ്റിരമ്പുന്നു, കദളീ-
വനത്തിലെ യില-
ച്ചാർത്തുകൾ തല്ലിക്കീറി-
യുലുത്തി ച്ചീറീടുന്നു.
മറ്റൊരു ഝംഝാവാത-
മിരമ്പിയുള്ളിൽ; വട-
വൃക്ഷം പോലെന്നാചാര്യ-
നതിനെത്താലോലിപ്പൂ.
*3 ''ശ്രീമയമായ രൂപം
തേടും പൈങ്കിളിപ്പെണ്ണേ!''
സീമയില്ലാതെ ഗുരു-
കാരുണ്യം വിളിക്കുന്നു.
ഒരിക്കൽക്കൂടി കിളി-
മകൾ പാടുന്നു; താളി-
ലൊരിക്കൽക്കൂടിത്തിരു-
നാരായം ചലിക്കുന്നു.
തന്നെയും ഭരിക്കുന്ന
നീതിക്കായ് തൻറെയെല്ലാം
ഒന്നൊന്നായുപേക്ഷിച്ച
സരയൂഹൃദയത്തിൽ
അസ്തമിച്ചൊരു സൂര്യാ-
ന്വയ സൂര്യനോ, പൂർണ്ണ-
മർത്ത്യനായ് മഹാഭാര-
താത്മാവിലുദിക്കുന്നൂ!
കൃഷ്ണനായ്, കൃഷ്ണദ്വൈപാ-
യനനുമാരാദ്ധ്യനായ്,
കൃഷ്ണവർണ്ണമാർന്നൊരു
നദിതൻ തടങ്ങളിൽ,
കൃഷ്ണകോമളം വ്യൂന്ദ
പൂവിടും ഘനങ്ങളിൽ,
കൃഷ്ണയാം കുടപ്പിറ-
പ്പിന്നഭിമാനം കാക്കാൻ,
നിസ്സർക്കൊരന്യമായ്,
പീഡിതയദുകുല-
രക്ഷയ്ക്കാ, യധർമ്മ സം-
ഹാരത്തിൻ ദൂതുംപേറി
ജീവനമഹാവേണു-
നാദമായുയിർക്കുന്നു,
കേവലർ ഞങ്ങൾക്കാ,യി-
ത്തിരുനാരായത്തുമ്പിൽ!
ആടുന്നു നാലുമാറും
മല്പയാണ്ട് തൻ ചക്കിൽ;
പാടുന്നു കിളിമകൾ,
'ഊഴിയിൽ ചെറിയോർ'ക്കായ്!
ധന്യമാമുഹൂർത്തത്തിൻ
ധ്യാനസാക്ഷി ഞാൻ—ധീര-
സുന്ദരമായൊരു യുഗ-
ത്തിന്റെ സ്വപ്നവും പേറി
അലയും തോഴർക്കൊപ്പ-
മീത്തൊടിയണയുന്നു;
നിളയിൽ സ്വന്തം രക്തം
വാർന്നു താഴുന്നു സൂര്യൻ;
ഇവിടെക്കുട്ടാ കൂടി-
യിരിപ്പൂ, കവിത തൻ
ഇളം കുമ്പുകൾ, ഗുരോ,
നിന്റെ വത്സലശിഷ്യർ..
ഇവർ തേടുന്നു പുതു-
പൊരുൾ നിൻ മൊഴികളിൽ;
ഇവർ പാടുന്നു പുതു-
യുഗവിഫലതകൾ:
ശിലയെയഹല്യയായ്
മാറ്റിയ കാരുണ്യത്തിൻ
ഉറവെങ്ങുപോയ്?
ശിലമാത്രമായിതോ ബാക്കി?

☆ തൂഞ്ചൻ പറമ്പിലെ ഒരു സന്ധ്യയുടെ ഓർമ്മയ്ക്ക്

*1 ഉത്തര രാമായണത്തിലെ വരി

*2 എഴുത്തച്ഛന്റെ വരി—ആദിത്യസ്തുതി

*3 ഭാരതത്തിന്റെ മുടക്കയത്തിൽനിന്ന്

മാധവിക്കുട്ടി

നീർമാതളം പൂത്തകാലം

തുനിയാഞ്ഞതും അമ്മയുടെ ഭീരുത്വത്തിന്റെ മറ്റൊരു ദൃഷ്ടാന്തമായി കുട്ടി കണക്കാക്കി.

അങ്ങനെ, വലിയമ്മാമനും അമ്മയ്ക്കും നടുവിൽ വികാരങ്ങളുടെ ഒരു കന്മതിൽ ഉയർന്നു നിന്നു. മകന്റെ ചിന്തകൾ മനസ്സിലാക്കുവാൻ കഴിഞ്ഞ ആ പാവം മൗനത്തിൽ അഭയം പ്രാപിച്ചു. അവന്റെ കൺമുമ്പിൽ വരാൻകൂടി ഭയന്ന്, ഇരുണ്ട വടക്കിനിയിലും അറകളിലും വെളിച്ചം കാണാതെ ജീവിച്ചു. തന്റെ സൗന്ദര്യവാനായ മകന്റെ കണ്ണുകളുടെ തിളക്കം അവരെ ഭയചകിതയാക്കി.

അരുതേ, കുട്ടാ, എന്നെ ചീത്ത പറയരുതേ എന്ന വാചകം ഉച്ചരിക്കപ്പെട്ടതേയില്ല. എന്നിട്ടും മകൻ അത് പലതവണയും കേട്ടു. അമ്മമ്മയുടെ കണ്ണുകളിലെ അപരാധബോധവും നിസ്സഹായതയും അനുകമ്പയ്ക്ക് പകരം വെറും വെറുപ്പാണ് അവനിൽ ഉയർത്തിയത്.

ഞാൻ ഓർമ്മവച്ചതുടങ്ങിയ കാലം മുതൽക്കേ അമ്മാമൻ മുടിനരച്ച ഒരു പണ്ഡിതനായിരുന്നു. ഒരു വലിയമ്മാമൻ. അദ്ദേഹം തന്റെ അമ്മയോട് എന്തെങ്കിലും സംസാരിക്കുന്നത് ഞാൻ കേട്ടിട്ടില്ല. അമ്മാമൻ ഉണ്ണാൻവേണ്ടി തെക്കിനിയിൽ പലകയിട്ട് ഇരിക്കുമ്പോഴും വിളമ്പുകാരായി അമ്മമ്മയോ ചെറിയമ്മയോ മാത്രമേ സമീപത്ത് ഉണ്ടാ

നമ്പൂതിരിപ്പാടിന്റെ മകളായിരുന്നതുകൊണ്ട് അദ്ദേഹത്തിന്റെ നിറം അവർക്കും കിട്ടിയിരുന്നു. അദ്ദേഹത്തിന്റെ ഗാംഭീര്യവും, സ്വർണ്ണംകെട്ടിച്ച ഒരു തുളസിമാലയും നാഗമ്പുകൊണ്ട് നിർമ്മിച്ച ഉരുളൻ മോതിരവും മാത്രമേ ആഭരണങ്ങളായി വലിയമ്മയ്ക്ക് ഞാൻ ഓർക്കുന്നകാലത്ത് ഉണ്ടായിരുന്നുള്ളു. അമ്മാമന്റെ ആദ്യഭാര്യ ചിമ്മന്നായ്ക്ക് മേൽത്തട്ടുള്ള കട്ടിൽ ഉണ്ടാക്കുവാനായി വലിയമ്മയുടെ കടകങ്ങളും മാലകളും ഒരിക്കൽ മകൻതന്നെ വാങ്ങിച്ചുകൊണ്ടുപോയെന്ന് അമ്മമ്മയുടെ അമ്മയിൽ നിന്ന് ഞാൻ കേട്ടിരുന്നു. ഞൊറികളുള്ള മേൽക്കട്ടിയും കടഞ്ഞ കാലുകളുമുള്ള കട്ടിൽ ഉണ്ടാക്കി. പക്ഷേ, അമ്മായി പ്രസവത്തിൽ രക്തസ്രാവത്താൽ



മൂല കുടിക്കുന്ന കുട്ടി അമ്മയുടെ മറ്റൊരവയവമായിത്തീരുന്നു. 'ഘല കു' ടിയെന്ന ശീലം മാറിക്കിട്ടുന്നതുവരെ ആ ഘവാച്യമായ അടുപ്പം നിലനില്ക്കും. പിന്നീട് ഒരിക്കലും ആ ആത്മബന്ധം പുലർത്തുവാൻ കുട്ടിക്ക് സാധിക്കുകയുമില്ല. എന്റെ അമ്മമ്മയുടെ അമ്മാമൻ കുട്ടിയായിരുന്നപ്പോൾത്തന്നെ കാരണവരുടെ ആജ്ഞയ്ക്ക് വഴങ്ങി അമ്മയായ നാലപ്പാട്ട് മാധവിയമ്മ തന്റെ സ്നേഹശൂന്യനായ ഭർത്താവിൽനിന്ന് അകന്നു. കുട്ടി അമ്മയുടെ ഭീരുത്വത്തേയും നിസ്സഹായതയേയും വെറുത്തു. വിവാഹമോചനം പൊറുത്തു. പക്ഷേ, അമ്മയുടെ പുനർവിവാഹം അവന്റെ അഭിമാനത്തിന് ക്ഷതം വരുത്തി. എന്തുകൊണ്ട് തന്റെ അമ്മ കാരണവരുടെ ഇച്ഛയ്ക്കനുസരിച്ച് പ്രവർത്തിച്ചു? ആത്മഹത്യ ചെയ്യുകയായിരുന്നു ഇതിലും ഭേദം. ആത്മഹത്യയ്ക്ക് വാനുള്ളു. വടക്കിനിയുടെ അഴികളിൽക്കൂടി തിളങ്ങുന്ന കണ്ണുകളിൽ അദ്ദേഹത്തിന്റെ അമ്മയുടെ കണ്ണുകളും പെട്ടിരിന്നുവോ എന്ന് എനിക്ക് ഇന്ന് ഓർമ്മയില്ല. ആ കണ്ണുകളുടെ കീഴിൽ മരത്തണൽപോലെയുള്ള നിഴലുകളുണ്ടായിരുന്നു. ഒരിക്കലും സൂര്യപ്രകാശം ലഭിക്കാത്ത കിണറുകൾ പോലെയായിരുന്നു അവ. ഒരിക്കലെങ്കിലും അവർ ചിരിക്കുന്നത് ഞാൻ കണ്ടിട്ടില്ല. കുട്ടികളോട് വാത്സല്യം പ്രകടിപ്പിക്കുവാൻ അവർ മിനക്കെട്ടതുമില്ല. അടുക്കള സംബന്ധികളായ ചില പ്രവൃത്തികളിൽ വ്യാപൃതയായതൊക്കെ അറയിൽ ഇരുന്ന് നാമം ചൊല്ലുന്നതായൊ മാത്രമേ ഞാൻ വലിയമ്മയെ ഓർക്കുന്നുള്ളു. അധികം നര കയറാത്തതും നീണ്ട് സമൃദ്ധവുമായ തലമുടി ഞാൻ ഓർക്കുന്നു. നാലപ്പാട്ട് സാധാരണ കാണാൻ സാധിക്കാത്ത തവിട്ടുനിറമായിരുന്നു അവർക്ക്. കാട്ടുമാടം വലിയ

മരിച്ചു. ഒരുവർഷം തികഞ്ഞില്ല, ആ വിവാഹം അവരുടെ മരണത്തിൽ അവസാനിച്ചു. അവരെപ്പറ്റിയാണ് അമ്മാമൻ കണ്ണുനീർത്തുള്ളി എന്ന പുസ്തകത്തിൽ വിലപിച്ചത്. ഞാൻ ജനിക്കുന്നതിന് വളരെ മുമ്പാണ് ആ മരണം നടന്നത്. എനിക്ക് അമ്മാമന്റെ രണ്ടാംഭാര്യയായ കുട്ടിയോപ്പൂവിനെ മാത്രമേ പരിചയമുള്ള. കുട്ടിയോപ്പു ശൃംഗാരപ്രിയയും സംഗീതവിദുഷിയും പ്രിയംവദയുമായിരുന്നു. അമ്മാമൻ താൻ അമ്പാഴത്തേൽ വീട്ടിൽനിന്ന് കല്യാണം കഴിക്കുവാൻ നിശ്ചയിച്ചു എന്ന് ഒരു സന്ധ്യയ്ക്കാണത്രെ വീട്ടിലുള്ളവരോട് പറഞ്ഞത്. ''ബാലാ?'' എന്ന് വലിയമ്മ ചോദിച്ചതായി മറ്റുള്ളവർ പറഞ്ഞത് ഞാൻ അറിഞ്ഞു.

''അല്ല, ചിന്നമ്മയെയാണ് ഞാൻ കല്യാണം കഴിക്കാൻ പോവുന്നത്'' എന്ന് അമ്മാമൻ പറഞ്ഞപ്പോൾ നാലപ്പാട്ടെ സ്ത്രീകൾ അമ്പരന്നുപോയി. അമ്മാമന്റെ വയസ്സുതന്നെയായിരുന്നു ചിന്നമ്മയുടെയും വയസ്സ്. അവർ വൈകുന്നേരം പറമ്പിലും മണൽ വഴിയിലും ഉലാത്തിക്കൊണ്ട് സംസാരിക്കാറുണ്ടെന്ന് നാട്ടുകാർക്ക് അറിയാമായിരുന്നു. അമ്മാമൻ ഒരിക്കലും അവരെ രഹസ്യമായി സന്ദർശിച്ചതുമില്ല. അവർ മിത്രങ്ങളായിരുന്നു. കോഴിക്കോട്ട് താമസിച്ചിരുന്ന ഒരു ധനികൻ ആയിടയ്ക്ക് ചിന്നമ്മയെ വിവാഹം ചെയ്യുവാൻ ആലോചിക്കുകയായിരുന്നു. ഭാര്യമരിച്ച ഒരു ജന്മി. ആ ബന്ധത്തിൽ ചിന്നമ്മയ്ക്കും താൽപ്പര്യമുണ്ടായിരുന്നതായി നാട്ടിൽ കേട്ടിരുന്നു. അമ്മാമൻ തന്റെ വിവാഹനിശ്ചയത്തെപ്പറ്റി പറഞ്ഞപ്പോൾ വലിയമ്മ അസ്വസ്ഥയായി. പക്ഷേ, അവർ എതിർത്തതേയില്ല. പുരുഷന്മാരെ, സ്വന്തം ആൺമക്കളെക്കൂടി, എതിർക്കുവാൻ അന്ന് സ്ത്രീകൾക്ക് അവകാശം ഉണ്ടായിരുന്നില്ല. തന്റെ അച്ചന്മാർ തമ്മിൽ പിരിഞ്ഞതും അമ്മ വീണ്ടും വിവാഹം ചെയ്തതും അമ്മാമന്റെ മനസ്സിൽ മാറാത്ത വേദനയായി അവശേഷിച്ചിരിക്കണം. സ്ത്രീകൾ ശയന സാമഗ്രികളാണെന്നും അവരുടെ ഇഷ്ടാനിഷ്ടങ്ങൾ ആരും കാര്യമായി പരിഗണിക്കുകയില്ല എന്നും അമ്മാമൻ ബാല്യകാലത്തിലൊ കൗമാരദശയിലൊ അങ്ങനെ ഗ്രഹിച്ചിരിക്കാം. അതുകൊണ്ടാവും അദ്ദേഹം രതിസാമ്രാജ്യം എന്ന പുസ്തകം സസന്തോഷം എഴുതിത്തീർത്തത്. സ്ത്രീകളോട് തോന്നുന്ന അപരാധബോധം, മുഖ്യമായും തന്റെ അമ്മയോടു തോന്നിയ അപരാധ ബോധം മായ്ച്ചുകളയുവാൻ മറ്റൊരു മാർഗ്ഗവും അദ്ദേഹം കണ്ടില്ലായിരിക്കാം. സ്ത്രീ ഒരു ശരീരം മാത്രമാണ്. അതുകൊണ്ട് കേടുവന്ന ഒരു കളിപ്പാട്ടത്തിനോട് തോന്നാവുന്ന നേർത്ത അനുകമ്പ മാത്രമേ അവളോടും തോന്നുവാൻ പാടുള്ളു. അതിലപ്പുറം അവൾ അർഹിക്കുന്നില്ല. രതി സാമ്രാജ്യം സ്വയം തിരഞ്ഞെടുത്ത ഒരു ചികിത്സാരീതിയായിരുന്നു. അമ്മമ്മാമന് ആ ചികിത്സയും ഫലിച്ചില്ല. ഒരു ദിവസം രാവിലെ എട്ടുമണിക്ക് അമ്മാമൻ കുളിമുറിയിൽനിന്ന് പുറത്തുകടന്ന് അഞ്ചാംപുരയിൽക്കൂടി നടക്കുമ്പോൾ വലിയമ്മ ഒരു മരികയിൽ പരിപ്പും പേറിക്കൊണ്ട് എതിരെ വന്നു. പരിപ്പിൽ നിന്ന് മുഖം ഉയർത്തി തന്റെ മകന്റെ തുടുത്ത മുഖം അടുത്തുകണ്ടപ്പോൾ ആ കണ്ണുകൾ പെട്ടെന്ന് വികസിച്ചു.

''ആ'' എന്നൊരു ശബ്ദം മാത്രം ഉച്ചരിച്ച് അമ്മാമൻ മെതിയടി ശബ്ദിച്ചുകൊണ്ട് നടന്നുപോയി. തന്റെ മകനെ മാറോടണയ്ക്കുവാൻ കലശലായി ആഗ്രഹിച്ചെങ്കിലും സംസാരിക്കുവാൻകൂടി ധൈര്യപ്പെടാതെ വലിയമ്മയും തലതാഴ്ത്തി അടുക്കളയിലേക്കുപോയി. വലിയമ്മയ്ക്കു കഠിനമായ വയറുവേദന വന്ന്, അവർക്ക് ഡോക്ടർ ഭാസ്കരൻ മോർഫീൻ കൊടുത്തു തുടങ്ങിയപ്പോൾ അമ്മാമൻ തെക്കേമുറിയിൻമേൽ ആകെ പ്രമേഹക്കുരുപൊന്തി കഷ്ടപ്പെട്ടു കിടക്കുകയായിരുന്നു. അമ്മാമനെ എടുത്തു വലിയമ്മ കിടന്നിരുന്ന കിഴക്കേ അറയിൽ കൊണ്ടുപോവാൻ ആരും ധൈര്യപ്പെട്ടില്ല. വലിയമ്മ ബോധരഹിതയായിരുന്നു താനും. അതുകൊണ്ട് അവർ മരിച്ചതിനുശേഷം മാത്രമാണ് അമ്മാമൻ അവരെ കണ്ടത്. ഇഗന്നാഥൻ തുണികൊണ്ട് മൂടിക്കെട്ടിയ ആ ശരീരം വീട്ടിൽനിന്ന് പുറത്തേക്കു എടുത്തപ്പോൾ തന്റെ കട്ടിലിൽ ചാരിയിരുന്നുകൊണ്ട് അമ്മാമൻ ഉച്ചത്തിൽ തേങ്ങിക്കരഞ്ഞു. വർഷങ്ങളോളം തന്നെ നിയന്ത്രിച്ച ഒരണക്കെട്ട് ആ നിമിഷത്തിൽ പൊട്ടിപ്പോയെന്ന് അദ്ദേഹം മനസ്സിലിക്കായിരിക്കണം. അമ്മേ എന്റെ അമ്മേ എന്ന ആ വിളി ജീവിച്ചിരിക്കുമ്പോൾ വലിയമ്മ കേട്ടിരുന്നുവെങ്കിൽ അവരുടെ കണ്ണുകളും മറ്റുള്ളവരുടെ കണ്ണുകളെപ്പോലെ തിളങ്ങുമായിരുന്നു. പ്രകടമാവാത്ത സ്നേഹം നിരർത്ഥകമാണ്. പിശുക്കന്റെ 'ക്ളാവ്' പിടിച്ച നാണ്യശേഖരംപോലെ ഉപയോഗശൂന്യവും.

(തുടരും)



ജോസഫ് മരിയൻ

ഇരട്ടവാതിലുള്ള തീവണ്ടി



നിലവിളിച്ചുകൊണ്ടായിരുന്നു അഗിനീസ് പള്ളിയിൽനിന്ന് അവിടേക്ക് വന്നത്. തീവണ്ടി വരുന്നുണ്ടോയെന്നറിയാനായി പാളത്തിൽ ചെവിയമർത്തിക്കിടന്നു. നെഞ്ചിനുള്ളിൽനിന്ന് മിടിപ്പുകേട്ടപ്പോൾ ഇടതുകൈപ്പടം മുലകൾക്കിടയിലമർത്തി അവളത് ശ്രദ്ധിച്ചു.

വെളുത്ത സാരിത്തുമ്പുകൊണ്ട് തല മറച്ചു. കഴുത്തിലൂടിട്ടിരുന്ന 'വെന്തീഞ്ഞ'യിൽ തിരുപ്പിടിച്ചപ്പോൾ നാലുവയസ്സായ തന്റെ ആൽബർട്ടിനെ തൊട്ടപോലെ തോന്നി.

''കാണിച്ചുകൊടുക്കും ഞാൻ'' എന്ന് മനസ്സിലോർത്തത് ചവിട്ടാനായി വലതുകാലുയർത്തുന്ന ഔസോയുടെ വെറുപ്പുനിറഞ്ഞ മുഖം ഓർമ്മയിൽ വന്നപ്പോഴാണ്. അവൾക്കിപ്പോൾ, കെഴക്കൻ വളവിന്റെയപ്പുറത്തെ, പാടങ്ങളുടെയപ്പുറത്തെ, നദികടക്കുന്ന തീവണ്ടിയുടെ മുകളിടൽ കേൾക്കാൻ കഴിഞ്ഞു.

അതിങ്ങെത്താൻ സമയമെടുക്കും എന്നതുകൊണ്ടും നടു വേദനിച്ചതിനാലും അഗിനീസ് മുട്ടുകുത്തിയിരുന്നു. പുൽനാമ്പുകൾക്കിടയിൽ പരന്ന ഒരാണി കിടക്കുന്നതുകണ്ട് അവളതെടുത്തു.

''ആൽബർട്ടിനു കൊടുക്കാം...'' അവൾ വിചാരിച്ചു.

അപ്പോൾ ബാല്യകാലം വെറുതേ അവളുടെ മുന്നിലൂടെ പോയി.

റെയിൽപ്പാളങ്ങളിലൂടെ ബാലൻസുപിടിച്ച് ഒരു പെൺകുട്ടി, വളവുതിരിഞ്ഞ്, അറ്റമില്ലാത്ത പാടങ്ങൾ കടന്ന്, നദികടന്ന്, പിന്നെയപ്പുറത്തെ പറഞ്ഞുമാത്രം കേട്ടിട്ടുള്ള നാടുകളിലേക്ക് പോകുന്നതു കണ്ടു.

അഗിനീസ് പരന്നയാണിയെടുത്ത് കൈവെള്ളയിൽ വച്ചു. അവളുടെ കുട്ടിക്കാലം മുഴുവനും അതിൽ ചിത്രണം ചെയ്തിട്ടുണ്ടായിരുന്നു.

ദൂരെ തീവണ്ടിയുടെ ഒററക്കണ്ണൻ മുഖം കണ്ടു. ''നെഞ്ചിൽ നിന്നായിരിക്കണം അത് പ്രത്യക്ഷപ്പെട്ടിരിക്കുക.''

അഗിനീസ് തന്നോടുതന്നെ പറഞ്ഞു.

പാളങ്ങളിൽ അതിന്റെ മുഴക്കം എങ്ങനെയായിരിക്കുമെന്നുള്ള പരീക്ഷണത്തിൽ അഗിനീസ് ഏർപ്പെട്ടു. 'ആൽബർട്ടി'ന്റെ അസ്പഷ്ടമായ വർത്തമാനങ്ങൾ കേട്ടു. പിന്നെ കെട്ടിയവന്റെ അലർച്ച അനേകം കഷണങ്ങളായി ചിതറിപ്പോകുന്നതറിഞ്ഞു.

തീവണ്ടി, നേർത്തുവരുന്ന മുഴക്കവുമായി ഒന്നുമറിയാതെ പടിഞ്ഞാറ് അന്തിപ്രകാശത്തിലേക്ക് കയറി അപ്രത്യക്ഷമായി.

റെയ്‌ലുകൾക്കുനടുവിലേക്ക് അഗിനീസിന്റെ തല ഉരുണ്ടുപോകുകയും, കൈ, മുട്ടിൽ മുറിഞ്ഞ്, കാൽപ്പാദത്തിലൊന്നുമുറിഞ്ഞ് പാളത്തിൽ ചേർത്ത ചെവി കേൾവിയോടൊപ്പം അതിൽ അരഞ്ഞുചേർന്ന്, പിന്നെ പള്ളിയിലെ മണിമേടയിൽനിന്നൊരു മുഴക്കം വന്ന്, പഴഞ്ചാക്കിൽ അവയെ മൂടിയിട്ടു.

ഔസോയപ്പോൾ പടിഞ്ഞാറേക്ക് തീവണ്ടിയിൽ യാത്ര പോകുന്നത് സ്വപ്നം കാണുകയായിരുന്നു. കെഴക്കൻ വണ്ടി പരുങ്ങിയെന്നവണ്ണം ഒച്ചയെടുക്കാതെ മുന്നിൽ വന്നുനിന്നു. ചക്രങ്ങളുടെയിടയിൽ ഒരു വാതിൽ തുറക്കപ്പെടുന്നതുകണ്ട് അങ്ങോട്ട് ഏതായാലും ഇപ്പോഴില്ല എന്നു പറഞ്ഞു. പടികളോടുകൂടിയ ഒരു വാതിൽ മേലെ അയാളപ്പോൾ കണ്ടു. നീണ്ടുപോയ ചുമയിലൂടെ തീവണ്ടി മുറിയിലേക്ക് തൂങ്ങിക്കയറുകയും ഒഴിഞ്ഞുകണ്ട ഒററയിരിപ്പിടത്തിൽ കയറിയിരുന്ന് തളളിവരുന്ന കഫം കമ്പിയഴിയിലൂടെ പുറത്തേക്ക് നീട്ടിത്തുപ്പുകയും ചെയ്തു. അഴികളിൽ

പററിയ തുപ്പൽ തുടച്ചുകളഞ്ഞ് തന്നെ വിട്ടുപോകുന്ന കലുങ്കിനേയും നാടിനേയും നോക്കി നോക്കിയിരുന്നു.

ഉറക്കം പുറമേനിന്നു വന്ന് കൊഴുത്ത ഇലത്തിലേക്ക് ഔസോയെ തളളിയിട്ടു.

കണ്ണു തുറന്നപ്പോൾ ഇനം നൂരയ്ക്കുന്ന ഒരു സ്റേഷനിൽ വണ്ടി നിർത്തിയിരിക്കുന്നതായി കണ്ടു. അഴികൾക്കിടയിലൂടെ പുതിയ ലോകത്തിലേക്ക് അയാൾ തല്ലയിട്ടു.

എന്തുകൊണ്ട് നേരത്തേ യാത്ര പുറപ്പെട്ടില്ല എന്ന് പുതിയ ലോകങ്ങൾ യാത്രയ്ക്കിടയിൽ ഔസോയോട് ചോദിച്ചു.

''ഓ... നേരത്തേയെനിക്കതിനു കഴിഞ്ഞില്ല...''

തീവണ്ടിയൊന്ന് കൂവി.

രാത്രിയിൽ കണ്ണുതുറന്ന് തീവണ്ടി ഔസോയുമായി സംസാരിക്കാൻ ശ്രമിച്ചു. ഇരുട്ടിൽ, ഓർമ്മകളും മൗനവും മുറിക്കാൻ അയാളാഗ്രഹിച്ചില്ല. പട്ടികൾ ഓരിയിട്ട ഒരു രാത്രിയുടെ സ്മരണ ഔസോ അയവിറക്കുകയായിരുന്നു.

''അന്നായിരുന്നു കൂടെക്കിടന്ന അഗിനീസിനെ തൊഴിച്ച് താഴെയിട്ടത്...''

രാത്രിമുഴുവനും കണ്ണുതുറന്നിരുന്നതിനാൽ ഇനലഴിയിൽ തലചായ്ച്ച് ഔസോ ഉറങ്ങി. അനുകരിക്കാനാവാത്തവിധം അനേകം ശബ്ദങ്ങൾ ഒരു പക്ഷിയെപ്പോലെ തീവണ്ടി പുറപ്പെടുവിച്ചു.

ഒരുദിവസം തന്റെ പതിവുമയക്കത്തിലേക്ക് ഔസോ വീഴുകയായിരുന്നു. ഉറക്കത്തിലേക്ക് ഒരു ഞരക്കം കടന്നുവരുന്നതറിഞ്ഞ് ഔസോ കണ്ണുതുറന്നു.

തീവണ്ടിയനങ്ങുന്നില്ല.

''സ്നേഹിതാ—''

തൊട്ടു താഴെനിന്ന് അങ്ങനെയൊരു വിളികേട്ടു. സൂക്ഷിച്ചുനോക്കിയപ്പോൾ പാളത്തിനരികിൽ ഒരാള് കിടക്കുന്നതു കണ്ടു.

''സ്നേഹിതാ എന്നെയൊന്ന് താങ്ങിയെണീപ്പിക്കാമോ...?''

താഴെക്കിടന്നയാൾ അപേക്ഷിച്ചു.

പുറത്തിറങ്ങിച്ചെന്നിട്ട് കഴുത്തിലൂടെ കൈയിട്ട് അയാളെ തീവണ്ടിയുടെ ചക്രത്തിൽ ചാരിയിരുത്തി രണ്ടു കൈയിലുമായി കോരിയെടുത്ത് നെഞ്ചിൽ ചേർത്തു പിടിക്കണമെന്ന വിചിത്രമായ ഒരാഗ്രഹം ഔസോയ്ക്കുണ്ടായി. എന്നാൽ എന്തോ ഒരു പന്തികേട് ആ ശരീരത്തിനുണ്ടായിരുന്നു. അരയ്ക്കുതാഴെ അയാൾക്ക് ശരീരമില്ലായിരുന്നു.

''തന്റെ കാലുകളെന്തേ...?''

റെയിൽപ്പാളത്തിന്റെറയുയരത്തിൽ നിന്ന് താഴേക്ക് നോക്കാനായി അയാൾ പറഞ്ഞു. പുല്ലുകൾക്കിടയിൽ എന്തോ അനങ്ങുന്നത് ഔസോ കണ്ടു.

''എന്റെ കാലുകളാണ്...!''

''എപ്പോഴും ഒന്നിച്ചിരിക്കണം എന്ന പ്രതിജ്ഞയൊക്കെയുപേക്ഷിച്ച് അവ പൊയ്ക്കളഞ്ഞു.'' അയാളുടെ മുറിവിൽനിന്ന് വേദനയും മരണവും മേലേക്ക് പ്രസരിക്കുന്നുണ്ടായിരുന്നു.

''കാലുകളില്ലാതെ ഞാനെങ്ങനെ വീട്ടിലേക്കുപോവും. അമ്മയെന്നെ ചിലപ്പോൾ വഴക്കുപറയും. നിന്റെയപ്പനുണ്ടായിരുന്നെങ്കിൽ... എനിക്കിതൊന്നും കാണേണ്ടിവരികയില്ലായിരുന്നു. എപ്പോഴും അമ്മ അപ്പനെക്കുറിച്ച് എന്നോടു പറയും. അങ്ങേരുടെ മകനായി ജനിക്കാൻ എനിക്ക് ഭാഗ്യമില്ലാതായിപ്പോയി.''

ഔസോ എല്ലാം കേട്ടിരുന്നു.

''അമ്മയ്ക്ക് ചതി പററിയതാണ് ഷണ്ഡനായിരുന്നത്രേ എന്റെയപ്പൻ. അതു

കൊണ്ട് ഞാൻ ജനിക്കുന്നതിനുമുമ്പേ അപ്പൻ പൊയ്ക്കളഞ്ഞു. അമ്മയെ ഒരുപാട് ഉപദ്രവിക്കുമായിരുന്നെന്ന് എന്നോടു പറഞ്ഞിട്ടുണ്ട്.''

ഔസോ ഒന്നും മറുപടി പറയാതിരുന്നു. എന്നാൽ അയാൾ തീവണ്ടിച്ചക്രങ്ങളിൽ ചാരിയിരുന്ന് തന്നെ വിട്ടുപോകുന്ന കാലുകളെ നോക്കുകയായിരുന്നു.

പുല്ലുകളുടെയിടയിൽനിന്ന് അവ വെളിംപ്രദേശത്ത് എത്തി. ഒററയാളെപ്പോലെ കാലുകൾ നടന്നുപോയി.

''എങ്ങനെയിത് സംഭവിച്ചു...?''

വിശ്വാസം വരാതെ ഔസോ ചോദിച്ചു.

''കാലുകൾ എന്നോട് വഴക്കു കൂടി. എന്നോട് അവയ്ക്ക് ഒത്തുപോകാനാവില്ലത്രേ... വിടുതൽ വേണമെന്ന് അവയെന്നോടാവശ്യപ്പെട്ടു.

നിങ്ങൾക്കത് ആദ്യമേ ചെയ്യാമായിരുന്നല്ലോ. ഇനിയിപ്പോ അതൊങ്ങനെ ശരിയാകാനാണ് എന്നൊക്കെ ഞാൻ വാദിച്ചുനോക്കി.

''അവയ്ക്ക് ഒരേ പിടി. നേരെ ഇവിടേക്ക് പോരുകയും ചെയ്തു.''

''തടയാമായിരുന്നില്ലേ നിങ്ങൾക്ക്...?''

''ആഗ്രഹമുണ്ടായിരുന്നു. പക്ഷേ അതെങ്ങനെയാണ് സാധിക്കുക...?''

അവരങ്ങനെ സംസാരിക്കുന്നതിനിടയിൽ പുറപ്പെടാറായി എന്ന് തീവണ്ടി കൂവി. തീവണ്ടിച്ചക്രം പതിയെ അനങ്ങി. പരിഭ്രമത്തോടെ ഔസോ അയാളെ വിട്ട് തീവണ്ടിമുറിയിലേക്ക് വലിഞ്ഞുകയറി.

താങ്ങില്ലാതായപ്പോൾ പാളത്തിനു കുറുകെ അയാൾ വീണു. നെഞ്ചിലൂടെ ചക്രം കടന്നുപോയി.

സന്ധ്യകഴിഞ്ഞപ്പോൾ തീവണ്ടിയുടെ ചക്രങ്ങൾക്കിടയിൽനിന്ന് ആരോ ഔസോയോട് സംസാരിച്ചു. അപ്പോൾ തന്റെ മുഴുവൻ വേഗതയുമെടുത്ത് തീവണ്ടി പായുകയായിരുന്നു. അതയാളുടെ സ്വരംപോലെ ഔസോയ്ക്ക് തോന്നി.

പാതിരാവരെ സംസാരിക്കുന്നത് ഔസോ കേട്ടു. മറുപടിയാകട്ടെ ഒന്നും പറഞ്ഞുമില്ല.

ഒരുദിവസം താഴെ ശബ്ദമൊന്നും ഔസോ കേട്ടില്ല. രാത്രിയാകാൻ ഔസോ ക്ഷമയോടെ കാത്തിരുന്നു. കുറെ നേരമിരുന്നിട്ടും ഏതായാലും അങ്ങോട്ട് ചോദിച്ചേക്കാമെന്നു കരുതി ഔസോ അയാളോട് പറഞ്ഞു:

''നിങ്ങളുടെ കാലുകളെ ഞാനിന്നു കണ്ടു.''

കാലുകളോ അതെന്താണ്...?'' ഉടൻതന്നെ താഴെനിന്ന് മറുപോദ്യം വന്നു.

''ഓർക്കുന്നില്ലേ അവ ഇന്നാള് നിങ്ങളെയുപേക്ഷിച്ചുപോയത്...''

ഔസോയ്ക്ക് ആശ്ചര്യമായി.

''അതിന് എനിക്ക് എനിക്ക് കാലുകളില്ലല്ലോ. ചക്രങ്ങളല്ലേ എനിക്കുള്ളത്...!''

അത് തീവണ്ടി തന്നെയായിരുന്നെന്ന് ഔസേയ്ക്ക് ഇപ്പോൾ ബോദ്ധ്യമായി.

''ഇവനായിരുന്നെന്നറിഞ്ഞെങ്കിൽ ഞാനൊന്നും മിണ്ടുമായിരുന്നില്ല.''

ഒരുപാട് ശാപവാക്കുകൾ ഔസോ ഉച്ചരിച്ചു.

എന്തുകൊണ്ടോ താഴെനിന്ന് പിന്നീടൊരൊച്ചയും കേട്ടില്ല. നേരം വെളുത്തപ്പോൾ തീവണ്ടി തന്റെ ഒററക്കണ്ണടച്ച് ഉറക്കമായി. ഉറക്കത്തിലൂടെ അത് യാത്ര ചെയ്തുപോയി. എന്നാൽ ഉറക്കത്തിനിടയ്ക്കും സ്വപ്നത്തിലും, തീവണ്ടി കാഴ്ചകൾ കാണുകയും അറിയുകയും ചെയ്യുന്നുണ്ടായിരുന്നു. തലേരാത്രിയിലെ ഉറക്കം മുഴുവനും തീർക്കാമെന്നു കരുതിക്കിടന്ന ഔസോ ഒന്നും അറിയുന്നുണ്ടായിരുന്നില്ല.

അഗിനീസെന്ന വിധവയുടെ ഇരുപത്തഞ്ചു വയസ്സുകഴിഞ്ഞ കുഞ്ഞുമകൻ ആൽബർട്ട് പാളത്തിൽ വന്ന് കെറുറിച്ചിരുന്നപ്പോൾ ഉറക്കമായിരുന്നെങ്കിലും തീവണ്ടിയതറിഞ്ഞു. പാഞ്ഞുവരികയായിരുന്നെങ്കിലും സ്വപ്നം മുറിച്ച് വേഗതയൊന്നു കുറച്ച് തീവണ്ടി ആൽബർട്ടിനു മുമ്പിൽ ഞരങ്ങിനിന്നു.

''പാളത്തിൽ, എന്റെ വഴിയിൽ നില്ക്കുന്നതെന്തിനാ ആൽബർട്ടേ...?''

തീവണ്ടി, തന്റെ ശബ്ദം പുറത്തെടുത്ത്, ഔസോയോടെന്നപോലെ, അവനുമായി സംഭാഷണത്തിലേർപ്പെട്ടു.

''ഞാൻ ചാകാൻ വന്നതാണ്...''

ആൽബർട്ട് കോപത്തോടെ പറഞ്ഞു.

''എന്തിന്?''

ചിരിവന്നെങ്കിലും പണിപ്പെട്ട് തീവണ്ടിയടക്കി.

''ഞാനിന്ന് അമ്മയുമായി വഴക്കിട്ടു. കാടിവെള്ളമാണ് വിശന്നപ്പോൾ അവരെനിക്കു തന്നത്...'' ആൽബർട്ടിന്റെറ തൊണ്ടയിടറി.

''വീട്ടിലൊന്നും ഇല്ലായിരുന്നു. പുറത്തുനിന്ന് എന്തെങ്കിലും മേടിക്കാമെന്നു കരുതി അഞ്ചുരൂപ ചോദിച്ചു. അപ്പോൾ അമ്മ പറഞ്ഞത് എന്താണെന്നറിയണോ?''

''ആൽബി, കുഞ്ഞുമോനേ നിനക്ക് വയ

സ്സിരുപത്തഞ്ചായല്ലോ പുറത്തുപോയി എന്തെങ്കിലും പണിയെടുക്ക്. അഞ്ചല്ല, അമ്പത് നിനക്കു കിട്ടും. എന്റെറ മോൻ ചെല്ല്. എന്നുംപറഞ്ഞ് അരിവാളെടുത്ത് പൊക്കിൾക്കൊടി മുറിച്ചുകളഞ്ഞു...''

സങ്കടംകൊണ്ട് ആൽബർട്ട് തേങ്ങി.

''ഞാൻ വിട്ടുപോകുമെന്നു ഭയന്ന് പൊക്കിൾക്കൊടി മുറിക്കാൻ വയററാട്ടിയെപ്പോലും അമ്മ അനുവദിച്ചിട്ടില്ല...! എന്നിട്ടാണ്....''

കരയല്ലേ ആൽബീയെന്ന് തീവണ്ടിയവനെ ആശ്വസിപ്പിച്ചു.

''എനിക്കു ചത്താൽ മതി.''

ആൽബർട്ട് ശാഠ്യം പിടിച്ചു.

"അമ്മ പറയുന്നതിലും കാര്യമില്ലേ ആൽബീ. നോക്ക്... പാളത്തിൽ നിന്നുമാറി ദാ കലുങ്കിലിരുന്ന് നീയൊന്നാലോചിക്ക്. അപ്പോൾ നിനക്ക് മനസ്സിലാവും. നിന്നോട് സ്നേഹമുള്ളതുകൊണ്ടല്ലേ അമ്മയതു പറഞ്ഞത്.

"നേരാണോ...?"

കരച്ചിൽ നിർത്തി ആൽബർട്ട് ചോദിച്ചു.

"ഉം..."

അതുപറഞ്ഞപ്പോൾ തീവണ്ടി ആശ്വാസത്തോടെ നിശ്വസിച്ചു. വലുതായ ഒച്ചയോടെ നീരാവി പുറത്തേക്കു വന്നു.

മടിച്ചുമടിച്ച് ആൽബർട്ട് പാളത്തിൽ നിന്നു മാറി കലുങ്കിനടുത്തക്ക് നടന്നു. ഉടൻ ഇരമ്പലോടെ തീവണ്ടി പുറപ്പെട്ടു. തീവണ്ടിക്ക് തിടുക്കം കൂടിപ്പോയി.

ആൽബർട്ടിനു താൻ കബളിപ്പിക്കപ്പെട്ടതായാണ് അതുകൊണ്ട് തോന്നിയത്. വലുതായ കോപത്തോടെ വണ്ടിയുടെ മുന്നിലേക്ക് അവൻ ഓടിച്ചെന്നു. എന്നാൽ ഒപ്പമെത്താനായില്ല. കാര്യങ്ങൾ വഷളാക്കാനായി തീവണ്ടിയപ്പോൾ നീട്ടിയൊന്ന് കൂവി.

അതോടെ ആൽബർട്ട് ചക്രങ്ങളുടെ ഇടയിലേക്ക് എടുത്തുചാടാൻ ശ്രമിച്ചു. എന്നാൽ തീവണ്ടിയവനെ തെറുപ്പിച്ചുകളഞ്ഞു. വലതുകൈ തോളിൽ മുറിഞ്ഞുപോയതിനാൽ അലറിക്കരയുകയും പിടഞ്ഞെഴുന്നേറ്റ് ആൽബർട്ട് വണ്ടിക്കടുത്തേക്ക് വീണ്ടും ഓടിച്ചെല്ലുകയും ചെയ്തു.

രണ്ടാമതും തീവണ്ടിയവനെ തള്ളിയിട്ടു. ഇത്തവണ പാളങ്ങൾ അവന്റെയിടതുകൈ പിടിച്ചുവച്ചുകളഞ്ഞു. ബോധം പോകുംപോലെ വേദന വന്ന് അവനെ മൂടി. പല്ലുകൾ കടിച്ചുഞെരിച്ച്, ശേഷിയുണർത്തി, മണ്ണിൽ നെറ്റിമുട്ടിച്ച്, ആയാസപ്പെട്ടെഴുന്നേറ്റു. വണ്ടിയുടെ പിന്നറ്റം കടന്നുപോകുന്നതായറിഞ്ഞ് ചക്രത്തിനിടയിലേക്ക് സമർത്ഥമായി തന്റെ ശരീരം കടത്തുകയും രണ്ട് മുറികളായി പാളങ്ങൾക്കുള്ളിൽ കിടക്കുകയും ചെയ്തു.

"ഇപ്പോഴാണ് നീയെന്റെ മകനായത്..." ആൽബർട്ട്, അമ്മ പറയുന്നതു കേട്ടു.

അവൻ സ്വപ്നം കാണുകയായിരുന്നു. അതിന് രണ്ട് ഭാഗങ്ങളുണ്ടായിരുന്നു. മുറിഞ്ഞുപോയ വലതുകൈയെടുത്ത് ആൽബർട്ട് വീട്ടിലേക്കു ചെന്നു. അവനെക്കാത്ത് അമ്മ ചവിട്ടുകല്ലിൽ ഇരിക്കുന്നുണ്ടായിരുന്നു. ചെന്നപാടെ അത് അമ്മയുടെ മടിയിലേക്ക് വച്ചുകൊടുത്തു.

"ഇന്ന് ജോലി ചെയ്തിട്ട് ദേ ഇതാണെനിക്ക് കിട്ടിയത്..."

"കൊള്ളാം ആൽബീ നമുക്ക് ഒരുനേരത്തെ കറിക്കായല്ലോ. ചോര കളയണ്ട. ഒരു ചിരട്ടയിൽ പിടിച്ചോ അമ്മയത് വരട്ടിത്തരാം..."

അമ്മ അടുക്കളയിലേക്ക് സന്തോഷത്തോടെ പോയി.

"ആൽബീ.. ഇതൊന്ന് നുറുക്കിത്താടാ..." അടുക്കളയിൽനിന്ന് അമ്മ വിളിച്ചുപറഞ്ഞു.

"ഒരു കൈയല്ലേ എനിക്കുള്ളൂ അമ്മേ..."

"ഓ... ഞാനത് മറന്നു..."

ഇറച്ചി വാർന്നെടുത്ത്, മസാല പുരട്ടി എണ്ണയിൽ വറുത്തെടുക്കുകയും എല്ലുകൾ നുറുക്കി ചാറുണ്ടാക്കുകയും ചെയ്തു. ചോറു വിളമ്പിവച്ചിട്ട് അമ്മ ആൽബർട്ടിനെ ഉണ്ണാൻ വിളിച്ചു.

ആൽബർട്ടിന് ചിരിവന്നു.

അമ്മയുണ്ടോ അറിയുന്നു താനിവിടെ കിടക്കുകയാണെന്ന്.

"ഒറ്റയ്ക്കുതന്നെ അമ്മയ്ക്ക് ഉണ്ണേണ്ടിവരും..."

സ്വപ്നത്തിന്റെ രണ്ടാം പകുതിയിൽ, ആൽബർട്ട് തീവണ്ടിയെ കണ്ടു. നദിയിലിറങ്ങി തീവണ്ടി തന്റെ ചക്രങ്ങൾ വൃത്തിയാക്കുകയായിരുന്നു.

"ഞാനവനോട് പറഞ്ഞതാണ്..."

ചോരയും അരഞ്ഞമാംസവും കഴുകിക്കളയുമ്പോൾ തീവണ്ടി തന്നത്താൻ പറഞ്ഞു.

ഉറക്കമുണർന്ന ഔസോ തീവണ്ടിയെന്തോ പറയുന്നതു കേട്ടു. ആരെപ്പറ്റിയാണ് പറയുന്നതെന്ന് മനസ്സിലായില്ല. ആലോചിച്ചങ്ങനെയിരുന്നപ്പോൾ അത് തന്നെപ്പറ്റിയാവാമെന്ന് ഒരു സന്ദേഹം തോന്നി.

നദിക്കു കുറുകെ നീന്തിക്കടന്നിട്ട്, ദേഹത്തു പറ്റിയ ഇലം തെറുപ്പിച്ചുകളഞ്ഞിട്ട്, തീവണ്ടി കതിരുചാഞ്ഞ പാടങ്ങളുടെ നടുവിലൂടെ ഓടി.

N.B.S. news

പുതിയ പുസ്തകങ്ങൾ

മരണം മുർബ്ബലം (നോവൽ)
കെ. സുരേന്ദ്രൻ 65.00

തൂക്കുമരങ്ങൾ ഞങ്ങൾക്ക് (കഥകൾ)
എം. സുകുമാരൻ 16.00

സൂര്യകാന്തി (കവിതകൾ)
മഹാകവി ജി. 10.00

മലയാളനോവൽ സാഹിത്യ ചരിത്രം
ഡോ. കെ.എം. തരകൻ 35.00

ഭാഷാപ്രദീപം
ടി.പി. ബാലകൃഷ്ണൻനായർ 40.00

ഭാരതീയ ദർശനങ്ങൾ
സി.വി. വാസുദേവ ഭട്ടതിരി 125.00

തെങ്കല നാഥോയേ
ശ്രീനീലകണ്ഠകവി 14.00

ഡോ. ഫൗസ്റ്റ് (ആട്ടക്കഥ)
അയ്മനം കൃഷ്ണക്കൈമൾ 12.00

നാഷനൽ ബുക്ക് സ്റ്റാൾ
കോട്ടയം

കേരള ദിനേശ് ബീഡി
കണ്ണൂർ

കൈരളീസുധ ആഴ്ചപ്പതിപ്പ്

സമൂഹത്തിന്റെ വിവിധമണ്ഡലങ്ങളിലുള്ള സ്ത്രീകളുടെ പ്രശ്നങ്ങൾ ചർച്ചചെയ്യുന്ന

വനിതാപതിപ്പായി

റിപ്പബ്ലിക്കു് സ്പെഷൽ പ്രസിദ്ധീകരിക്കുന്നു.

എഴുതുന്നവരിൽ ചിലർ:

സുഗതകുമാരി, പത്മാരാമചന്ദ്രൻ, സുമംഗല, സാറാതോമസ്, കെ. ബി. ശ്രീദേവി, ഡോ: ആൽബർട്ടീൻ ഗെർ, ജെ. ലളിതാംബിക, ഡോ: ലക്ഷ്മീദേവി, വിമലാമേനോൻ തുടങ്ങിയവർ.

കെ. ആർ. ബീന
എഴുതിയ
ശാന്തിപർവ്വം
നോവലാരംഭിക്കുന്നു.

വില: 3 ക. വാഷ്കികവരിസംഖ്യ: 150ക. ആറുമാസത്തേക്ക്: 75 ക.

കൈരളീസുധ ആഴ്ചപ്പതിപ്പ്, വിയ്യൂർ, തൃശ്ശൂർ-10. ഫോൺ: 40833.

എം. ഗോപിനാഥൻ നായർ

പാണ്ഡവൻകാവും പാഞ്ചാലീപുഴയും

മുപ്പത്തിയാറ്

നരിയൻ കുന്നിനു മുകളിൽ കോടക്കാറു വീശിയടിക്കുന്നുണ്ടായിരുന്നു. കുടിലിനു കിഴക്കോട്ടാണ് ദർശനം. ഉദയത്തിന്റെ ചെഞ്ചായം മലമടക്കുകളിൽ വീണു കഴിഞ്ഞു. കുന്നിനു താഴെയുള്ള പാടങ്ങളും വീടുകളും അപ്പോഴും ഇരുട്ടിന്റെ പുതപ്പിൽ ഉറങ്ങുന്നു.

അകലെ ഫാക്ടറികളിലെ ലൈറ്റുകൾ കാണാം. വെളിച്ചത്തിന്റെ ഓരോ ദീപുകൾ. പുകക്കുഴലുകൾക്കു മുകളിലുള്ള ചുവന്ന വെളിച്ചം നരേന്ദ്രൻ എണ്ണിനോക്കി. പതിനെട്ട്. എല്ലാ കുഴലുകളിൽ നിന്നുമുള്ള വിഷപ്പുക അന്തരീക്ഷത്തേയും ട്വൺഷിപ്പിനേയും മൂടിയിരിക്കുന്നു. പടിഞ്ഞാറൻ കാറ്റിൽ അതിന്റെ ഉള്ളു തുളയ്ക്കുന്ന മണമുണ്ട്. പാണ്ഡവൻകാടും തടാകവുമെല്ലാം മഞ്ഞുപോലെയുള്ള പുകയിൽ മൂടി ചലനമറ്റു കിടക്കുന്നു. വിഷപ്പുതപ്പിൽ മൂടി പതിനായിരങ്ങൾ ട്വൺഷിപ്പിൽ ഉറങ്ങുന്നു.

ഈശാവാസ്യമിദം സർവ്വം....ഇളം വയലറ്റുനിറം പടർന്ന ഒരു സ്വർണ്ണ വെളിച്ചത്തിന്റെ ഓർമ്മ. എല്ലാറ്റിനേയും പൊതിഞ്ഞുനില്ക്കുന്ന ചൈതന്യം....ഗഗനസദൃശം സർവ്വധി സാക്ഷിഭൂതം....അതു സാന്ദ്രമായ ആനന്ദത്തിന്റെ പുതപ്പ്. ഇതോ?

ആദ്യം വന്നത് ഒരു ഫാക്ടറി. അതിന്റെ ബൈപ്രോഡക്ടുകൊണ്ട് രണ്ടാമതൊന്ന്. അതിൽനിന്ന് പൊട്ടിമുളച്ച് മൂന്നാമതൊന്ന്. പാണ്ഡവൻകാട് കുനിഞ്ഞിരുന്ന് കൊക്കിച്ചുമയ്ക്കുന്നു. ചുമച്ചുചുമച്ച് ശർദ്ദിക്കുന്നു. തടാകം രക്തവർണ്ണമാകുന്നു.

ഓരോ ഫാക്ടറിയും ഓരോ ഭീമാകാരനായ രാക്ഷസനാണ്. കരാളമൂർത്തികളെ കെട്ടഴിച്ചുവിടുന്ന രാക്ഷസൻ. അവന്റെ ഉച്ഛ്വാസമാണ് പുകക്കുഴലുകളിലൂടെ വരുന്നത്. കഴുകൻ ചിറകുകൾ പരത്തി അതു രണ്ടുമൂന്നു നാഴിക അകലെ നിലത്തേക്കു താഴ്ന്നിറങ്ങുന്നു. അതോടെ പറമ്പുകളിലെ പച്ചിലനാമുകൾ കരിയുന്നു. തെങ്ങുകൾ....വെറ്റിലക്കൊടികൾ...ശ്വാസകോശങ്ങൾ അരിപ്രാവുകളെപ്പോലെ കുറുങ്ങുന്നു...ദ്രവിക്കുന്നു. ഒടുവിൽ ഏതെങ്കിലും ആശുപത്രിക്കിടക്കയിൽ....ആസ്മ...അർബുദം...

അവന്റെ മലമൂത്രങ്ങൾ ചെറിയ നീർച്ചാലുകളായി ഒലിച്ചിറങ്ങി നെൽപ്പാടങ്ങളിൽ നിറയുന്നു. തണ്ടുകൾ അഴുകി നെൽച്ചെടികൾ തല കുമ്പിട്ടു വീഴുന്നു.

ഫാക്ടറികൾ വരുന്നത് ഉത്സവാഹ്ലാദത്തോടെ സ്വീകരിച്ചവരാണ് നാട്ടിലെ കൃഷിക്കാർ. കിടപ്പാടം വിട്ടുപോകേണ്ടിവന്നവർക്കും പ്രതീക്ഷയായിരുന്നു....നാലുപേർക്കു ജോലി കിട്ടുമല്ലോ. പക്ഷേ, പതുക്കെപതുക്കെ അവന്റെ രാക്ഷസാകാരവും രൗദ്രഭാവവും തെളിഞ്ഞുവന്നപ്പോൾ...പച്ചപ്പും കൃഷിയും നശിച്ച നാട്ടുകാർ നെഞ്ചിൽ കൈവച്ച് നെടുവീർപ്പിട്ടു നടന്നു. ഏതു പടിപ്പുരയിൽ മുട്ടണമെന്നവർക്കറിയില്ല. എന്തു ചെയ്യണമെന്നറിയില്ല. അവരുടെ കണ്ണുനീരിന്റെ എരിയുന്ന ചൂട്...നരേന്ദ്രൻ അവരുടെ രക്ഷകനായി...ദൈവമായി.

നാട്ടുകാരുടെ ഒരു വലിയ ജാഥ....സ്ത്രീകളും കുഞ്ഞുകുട്ടികളുമടക്കം...അടുപ്പിലെ തീ വറ്റിയ വീറകിൻകൊള്ളികളും ഒഴിഞ്ഞ കരിക്കലങ്ങളും പേറി...ഏറ്റവും മുന്നിൽ നടന്ന നരേന്ദ്രന്റെ കാവിയുടുപ്പ് വിയർപ്പിൽ മുങ്ങി. എല്ലാ ഫാക്ടറി ഗേറ്റുകളിലും കൃഷിക്കാരുടെ ഇടനെഞ്ചു പിളർക്കുന്ന വിളി. കൃഷി നശിച്ചവർക്കു കോമ്പൻസേഷൻ...രോഗികളായവർക്കു ചികിത്സയ്ക്കുള്ള പണം.

രാഇഗോപാലൻമാർ ആദ്യമൊക്കെ അവരെ കണ്ടില്ലെന്നു നടിച്ച് ചുണ്ടിൽ ഒരു പരിഹാസച്ചിരിയുമായി കമ്പനി ഗേറ്റിനുള്ളിലേക്കു കാറോടിച്ചുപോയി. കമ്പനിയുടെ കൂറ്റൻ മതിലുകൾക്കുള്ളിലേക്കു നരേന്ദ്രന്റെ ശബ്ദം ഇരമ്പിച്ചെന്നു. ചെറുകിട കൃഷിക്കാരും കർഷകത്തൊഴിലാളികളും വ്യവസായത്തൊഴിലാളികളും കൈകോർത്തു പിടിക്കണമെന്നാഹ്വാനം ചെയ്ത വിപ്ലവവായാടികളെ നിങ്ങളിതെന്നെവിടെയാണ്?

അകത്തുനിന്ന് മറുപടിയൊന്നുമില്ല. പകരം കത്തിയും വടിവാളും കൂട്ടിമുട്ടുന്ന ശബ്ദം. പോളും മനോഹരനും തമ്മിൽ പൊരിഞ്ഞ ശണ്ഠ. കമ്പനിത്തൊഴിലാളികളുടെ നേതൃത്വത്തിനുവേണ്ടിയുള്ള പോരാട്ടം. മനോഹരൻ മറ്റൊരു യൂണിയനുണ്ടാക്കി. അവർ പരസ്പരം പുലഭ്യം പറയുന്നു. പോർവിളി നടത്തുന്നു. തൊഴിലാളികളുടെ ബോണസിനും ശമ്പളവർദ്ധനവിനുംവേണ്ടി മത്സരിച്ചു സമരം ചെയ്യുന്നു. യൂണിയൻ ഫണ്ട് പിരിവ് അതിനേക്കാൾ ഊർജ്ജിതമായി നടത്തുന്നു.

പോളുമായി ഇടഞ്ഞതോടെ മനോഹരന് കമ്മ്യൂണിസ്റ്റ് പാർട്ടിയിൽ സ്ഥാനമില്ലാതായി. അവൻ നാഷണൽ കോൺഗ്രസ്സിൽ ചേർന്നു. അതോടെ അവന്റെ നല്ല കാലം പിറന്നു. ചെറിയൊരു കുടവയറൊക്കെ വച്ച് ഒന്നു തടിച്ചുകൊഴുത്തു. ഇപ്പോൾ കണ്ടാൽ ശ്രീമാനുള്ള ഒരു സിനിമാ നടന്റെ മട്ടുണ്ട്. അഭിനയപ്പൊലിമയുള്ള ഒരു പ്രസംഗശൈലിയും കിട്ടിയുണ്ട്. എറണാകുളത്തുള്ള ഒരു കോൺട്രാക്ടറുടെ മകളെ കല്യാണമുറപ്പിച്ചെന്നു കേട്ടു. ലക്ഷങ്ങൾ സ്ത്രീധനം. അടുത്ത പൊതുതിരഞ്ഞെടുപ്പിൽ മനോഹരനാണ് കോൺഗ്രസ് സ്ഥാനാർത്ഥി. കമ്മ്യൂണിസ്റ്റു പാർട്ടിയിൽനിന്നു രാജിവച്ചുവന്നതിന്റെ ഗ്ളാമർ വേറെ. വലതു കാലിന്റെ അസ്വാധീനം കൂടി ഇല്ലായിരുന്നെങ്കിൽ....

ഫാക്ടറിപ്പടി കണ്ണു തുറക്കുന്നില്ലെന്നറിഞ്ഞ് നരേന്ദ്രൻ നാട്ടുകാരുടെ ജാഥയുമായി എറണാകുളത്തേക്കു നീങ്ങുന്നു. കളക്ടറേറ്റിനു മുന്നിൽ സത്യാഗ്രഹം. മാസ് പെറ്റീഷൻ. കോടതി വരാന്തയിലെ കറുത്ത ഗൗണുകൾക്കുള്ളിലെ മനുഷ്യത്വത്തിന്റെ നേർക്ക് യാചന. പത്രമാഫീസുകളിലേക്കും പ്രസ്ക്ളബ്ബിലേക്കുമുള്ള നീണ്ട യാത്രകൾ....

ഉറങ്ങിക്കിടന്ന സർക്കാർ യന്ത്രം പതുക്കെയുണരുന്നു. പൊല്യൂഷൻ കൺട്രോൾ ബോർഡിൽ നിന്ന് ഒരു ശാസ്ത്രജ്ഞൻ ഒരു ദിവസം ഫാക്ടറിപ്പടിക്കൽ വന്നിറങ്ങി. അയാൾക്ക് നീണ്ടുമെലിഞ്ഞ കൈകാലുകളും വിളർത്ത മുഖവുമായിരുന്നു. ആരോടും അയാൾ സംസാരിച്ചില്ല. ഒരു രഹസ്യാന്വേഷകന്റെ പതിഞ്ഞ കാൽവയ്പുകളോടെ മുക്കുവിടർത്തി അന്തരീക്ഷവായു മണപ്പിച്ചും, പുറത്തേക്കൊഴുകുന്ന ജലത്തിൽ ചൂണ്ടുവിരൽ മുക്കി രുചിച്ചുനോക്കിയും കുറേദിവസം അയാൾ ഫാക്ടറികളിൽ ചുറ്റിക്കറങ്ങി. കമ്പനിയുടെ ഗസ്റ്റ്റൂഹൗസുകളിൽ അന്തിയുറങ്ങി. ഒരു രാത്രി ആരും കാണാതെ അപ്രത്യക്ഷനാകുകയും ചെയ്തു.

ഒരാഴ്ചയ്ക്കുള്ളിൽ അയാളുടെ റിപ്പോർട്ടു വന്നു. ഫാക്ടറികൾ പുണ്യക്ഷേത്രങ്ങളാണെന്നും ലോകവസാനംവരെ നിലനിന്നാലും അതാർക്കും ഒരു ഭീഷണിയല്ലെന്നും നാട്ടുകാർക്കു വല്ല പനിയോ ജലദോഷമോ ഉണ്ടായാൽ ചികിത്സിക്കാൻ ഒരു റൂറൽ ഹെൽത്ത് സെന്ററും വിളവുനാശം തടയാൻ ഒരു ശാസ്ത്രീയ കൃഷിസെന്ററും സ്ഥാപിക്കണമെന്നും അതിൽ ശുപാർശ ചെയ്തിരുന്നു.

നരേന്ദ്രൻ ചുവന്നു തുടുത്തുവരുന്ന കിഴക്കിനെ മുഖത്തുനോക്കി ചിരിച്ചു. എന്തൊരൗദാര്യം! എന്തൊരു കരുണ! ശാസ്ത്രജ്ഞന്റെ റിപ്പോർട്ടോടെ എല്ലാ പ്രതിഷേധ സമരവും കെട്ടടങ്ങിക്കഴിഞ്ഞു എന്നായിരുന്നു മന്ത്രിയുടെ വിശ്വാസം.

ഒരു കൃഷിയുദ്യോഗസ്ഥനും ഒരു ഡോക്ടറും ഒരുദിവസം കുഴിക്കാട്ടു പ്രത്യ

ക്ഷപ്പെട്ടു. അവർ രണ്ടുമൂന്നു കടവാടകയ്ക്കെടുത്ത് ഒന്നിൽ റൂറൽ ഹെൽത്ത് സെന്റർ എന്നും ഒന്നിൽ ശാസ്ത്രീയ കൃഷി സെന്റർ എന്നും ഓരോ ബോർഡുംതൂക്കി. മറ്റൊന്നും ചെയ്യാനില്ലാതിരുന്നതുകൊണ്ട് അവർ കടകളുടെ ഒത്ത നടുവിൽ വരാന്തയിൽ കസേരകളിട്ട് വൈകുന്നതുവരെ പതിനെട്ടു നായും പുലിയും കളിച്ചു.

സ്കൂട്ടർ സ്വാമി എങ്ങനെയെങ്കിലും രക്ഷിക്കും എന്നാണ് പാവപ്പെട്ട കൃഷിക്കാരുടെ വിശ്വാസം. എത്രയൊക്കെ കഷ്ടപ്പാടുകളുണ്ടായിട്ടും അവരുടെ ആത്മവീര്യവും വിശ്വാസവും അണുവിട കുറഞ്ഞിട്ടുമില്ല. നിഷ്കളങ്കമായ ആ മുഖങ്ങൾ കാണുമ്പോൾ നരേന്ദ്രന്റെ മനമുരുകുന്നു. അവരെ രക്ഷിക്കാൻ എന്താണൊരു മാർഗ്ഗം? എല്ലാ പ്രശ്നങ്ങൾക്കും പരിഹാരം ആകാശത്തു നിന്നും വർഷിക്കപ്പെടുന്നു. ഗവൺമെന്റ് പൊതുതിരഞ്ഞെടുപ്പ് പ്രഖ്യാപിച്ചപ്പോൾ നരേന്ദ്രനുതോന്നിയതങ്ങനെയാണ്.

കൃഷിക്കാരുടെ പൊതുയോഗം വിളിച്ചുകൂട്ടി നരേന്ദൻ പ്രഖ്യാപിച്ചു നമ്മൾ ബഹിഷ്കരിക്കുന്നു. പ്രശ്നങ്ങൾക്ക് നീതിപൂർവ്വമായ പരിഹാരമുണ്ടാക്കുന്നില്ലെങ്കിൽ നമ്മൾ ആർക്കും വോട്ടുചെയ്യുന്നില്ല. സ്ഥാനാർത്ഥികളേയും ബഹിഷ്കരിക്കുക. നമ്മൾ അവരുടെ സമ്മേളനങ്ങളിൽ പോകില്ല. അവർ കൊണ്ടുവരുന്ന ലഘുലേഖകൾ വാങ്ങില്ല. വീടുകളിൽ വന്നാൽ അവർക്കെതിരെ വാതിലുകൾ കൊട്ടിയടയ്ക്കുക.

സ്വാമിയുടെ ഒരു തമാശ എന്ന് എല്ലാ രാഷ്ട്രീയനേതാക്കന്മാരും ആദ്യമൊക്കെ ചിരിച്ചുതള്ളി. തിരഞ്ഞെടുപ്പു തീയതി അടുത്തതോടെ വയറ്റിൽ തീയാളാൻ തുടങ്ങി. നാട്ടുകാരുടെ നിസ്സഹകരണം അത്ര സമ്പൂർണ്ണമായിരുന്നു. അവർ ഒരുപാറപോലെ ഉറച്ചു നിന്നു. കൂട്ടായി പടികൾ കൊട്ടിയടച്ചു. എന്തെങ്കിലും സംസാരിക്കണമെങ്കിൽ സ്വാമിയോടായിക്കോളിൻ എന്നു പറഞ്ഞ് വാതുടിക്കെട്ടി നിന്നു.

ഭരണ കക്ഷിയുടെ സ്ഥാനാർത്ഥി മനോഹരനാണ്. നാട്ടിലെ കൃഷിക്കാർ നീണ്ട കാലങ്ങളായി കോൺഗ്രസ്സിന്റെ വോട്ടു ബാങ്കാണ്. അധികാര സോപാനങ്ങളിലേക്കുള്ള കന്നി കാൽവയ്പ്പുതന്നെ അപകടത്തിൽ. അവനു നേരിട്ടുവന്നു പറയാൻ ഒരു വൈക്ലബ്യം. ലോക്കൽ നേതാക്കന്മാരെ പലരേയും പറഞ്ഞുവിട്ടു.

നരേന്ദ്രൻ വാശിപിടിച്ചുനിന്നു. മന്ത്രിതന്നെ നേരിൽ വന്നു സംസാരിക്കണം. ഉറപ്പു തരണം. വാക്കാലുള്ള ഉറപ്പുപോര. എഴുതിത്തരണം. രാഷ്ട്രീയക്കാരന്റെ വാക്കും പഴയ ചാക്കും ഒരുപോലെ...തിരഞ്ഞെടുപ്പു തീയതിക്കു മുമ്പ് ഉറപ്പുകൾ പാലിച്ചില്ലെങ്കിൽ ഒരൊറ്റയാളും വോട്ടു ചെയ്യാൻ പോകില്ല.

നേതാക്കന്മാർ വിറളിപിടിച്ചോടി. ഇന്നു പത്തു മണിക്കു യോഗം വച്ചിരിക്കയാണ്. തിരുവനന്തപുരത്തുനിന്നു മന്ത്രിവരുന്നു. ഫാക്ടറികളുടെ തലവന്മാരെയെല്ലാം വിളിപ്പിച്ചിരിക്കുന്നു.

നരേന്ദ്രൻ മൂന്നുമണിക്കെഴുന്നേറ്റത്താണ്. നരിയൻ കുന്നിന്റെ പാദത്തിൽ ഒരു നീർച്ചാലുണ്ട്. ഉള്ളിലെ പാറയിടുക്കുകളിൽ ഉറവ പൊട്ടി കുന്നിന്റെ പള്ള കീറി വരുന്ന നിർമ്മലമായ ജലം. കുറ്റിക്കാടുകൾക്കിടയിലൂടെയുള്ള വഴി. അവിടെ ശരീരശുദ്ധി വരുത്തി തിരിച്ചെത്തി.

കുടിലിൽ ദീപം തെളിഞ്ഞു. സാമ്പ്രാണിയുടെ സുഗന്ധം പരന്നു. നരേന്ദ്രൻ കിഴക്കോട്ടഭിമുഖമായി ഇരുന്നു. പുരികങ്ങൾക്കു നടുവിലെ പ്രാവിൻ ചുണ്ടിൽ പഞ്ചപാദനക്ഷത്രമുദിച്ചു. അപ്പൂപ്പന്റെ വെളുത്ത താടിയും കരുണയൂറുന്ന കണ്ണുകളും തെളിഞ്ഞുവന്നു. നീണ്ട രണ്ടുമണിക്കൂർ കാരണവരോടു നിരന്തരമായി സംസാരിച്ചു കഴിഞ്ഞപ്പോൾ മനസ്സ് ആകാശത്തിന്റെ നീല നിറം പകർന്നു. ശാന്തിയുടെ പൊൻനൂലുകൾ വിടർന്നു.

മന്ത്രി വന്നാൽ കോമ്പൻസേഷൻ പ്രശ്നം പരിഹരിക്കും. പകരം അവർക്കു വോട്ടു ചെയ്യുമെന്നുറപ്പുവേണമെന്നു പറഞ്ഞാൽ? മനോഹരന് വോട്ടു ചെയ്യണമെന്ന് താൻ തന്നെ നാട്ടുകാരോടാവശ്യപ്പെടേണ്ടിവരില്ലേ?

അപ്പൂപ്പൻ ചിരിച്ചു.

''നരേന്ദ്ര, മറുപടി നിനക്കുതന്നെ നിശ്ചയമുണ്ട്. നിനക്കു യുക്തമെന്നു തോന്നുന്നതെന്താ അതുതന്നെയാണ് ശരി.'

മനോഹരനു വോട്ടു ചെയ്യണമെന്നു പറയാൻ മനസ്സനുവദിക്കില്ല. ചെയ്യരുതെന്ന് പറയുന്നില്ല. നാട്ടുകാർ പാവങ്ങളാണ്. അധികം വിദ്യാഭ്യാസവുമില്ല. എങ്കിലും അവർ ബുദ്ധികുറഞ്ഞവരല്ല. അവർക്കു യുക്തമായതു ചെയ്യട്ടെ.

അപ്പൂപ്പൻ അതംഗീകരിക്കുന്ന മട്ടിൽ പുഞ്ചിരിച്ചു. മനസ്സിനെ മഥിച്ചിരുന്ന ഒരു പ്രശ്നത്തിനു പരിഹാരം കിട്ടിയ ആശ്വാസത്തോടെ നരേന്ദ്രൻ ഉണർന്നു.

കുടലിനു പിറകിലിരിക്കുന്ന സ്കൂട്ടറിനടുത്തേക്കു നടന്നു. സ്നേഹപൂർവ്വം അവളുടെ ശിരസ്സിലെ കുഞ്ചിരോമങ്ങൾ തലോടി. അവൾ ഉറക്കമുണർന്നു കണ്ണുമിഴിച്ചു.

''ജൂലീ.....ഇന്ന് മന്ത്രിവരുന്ന ദിവസമാണ്. നമുക്കുടനേ പുറപ്പെടണം. രണ്ടുമൂന്നു സ്ഥലത്തു പോകാനുണ്ട്. അതുകഴിഞ്ഞ് പത്തുമണിക്ക് എറണാകുളം ഗസ്റ്റ് ഹൗസിലെത്തുകയും വേണം. അതുവരെ നീ എടങ്ങേറൊന്നുമുണ്ടാക്കരുത്.'

അതിരാവിലെ ഉറക്കമുണരേണ്ടിവന്നതിന്റെ അസ്വാരസ്യം. അവൾ മുന്നോട്ടു നീങ്ങാൻ കൂട്ടാക്കാതെ മടിപിടിച്ച് ചിണുങ്ങിനിന്നു. നിന്റെ കൊഞ്ചലും കുസൃതിയുമെടുക്കേണ്ട സമയമല്ലിത്. മന്ത്രിയെന്നു പറഞ്ഞാൽ ആരാണെന്നാ നിന്റെ വിചാരം? നിന്റെ കളിപ്പിള്ളയാ? അവരുടെ സമയം മെനക്കെടുത്തിയാലുണ്ടല്ലോ....'

ചെറിയൊരു തുമ്മലും ചീറ്റലുമായി അർദ്ധമനസ്സോടെ അവൾ പോകാൻ തയ്യാറായി നിന്നു. തണുത്ത കാറ്റിനെതിരെ ഒരമ്പുപോലെ ചീറി അവൾ പൊതു നിരത്തിലേക്കിറങ്ങി.

''നമുക്ക് ഉച്ച കഴിയുമ്പോൾ തിരിച്ചു വരാമെന്നു തോന്നുന്നു. ഒന്നുരണ്ടുമണിക്കൂറിൽ കൂടുതലൊക്കെ മന്ത്രി ഇരിക്കുമെന്നു തോന്നുന്നില്ല.''

ജൂലിക്ക് ഒരു പ്രതികരണവുമില്ല. അവളുടെ പിണക്കം മാറിയില്ലെന്നു തോന്നി. തുമ്മലും ചീറലും തുടർന്നുകൊണ്ടേയിരുന്നു.

നരേന്ദ്രൻ വീണ്ടും അവളുടെ ശിരസ്സിൽ തലോടി. വിരൽത്തുമ്പുകൾ അവളുടെ ഹൃദയമിടിപ്പ് സ്പർശിച്ചറിഞ്ഞു. ഷീയീസ് ഇൻ ആൻ വെളിറ്റേറ്റഡ് മൂഡ്!

''ഇന്നത്തെ സംഭാഷണം വിജയിച്ചാൽ നമുക്കു രണ്ടും രാജകീയ സ്വീകരണമായിരിക്കും. പ്രൊസഷനു മുന്നിൽ നിന്നെ ഒരു രാജകുമാരിയെപ്പോലെ അവർ അലങ്കരിച്ചു എഴുന്നള്ളിച്ചുകൊണ്ടു നടക്കും.'

എന്തു പറഞ്ഞിട്ടും അവൾ പ്രസാദിക്കുന്ന ലക്ഷണമില്ല.

''ജൂലിക്കുട്ടി തിരിച്ചുവന്നിട്ട് നമുക്ക് ആൻറണിയുടെ വീട്ടിലൊന്നു പോണം. നീ മറക്കരുത്.'

പാർവ്വതി ആളു പറഞ്ഞുവിടിരുന്നു. എന്താണു കാര്യമെന്നറിയില്ല. ആൻറണി എന്തെങ്കിലും കുഴപ്പം ഒപ്പിച്ചിട്ടുണ്ടാവും.

മനോഹരനും പോളും മത്സരിച്ച് ശമ്പള വർദ്ധനയും ബോണസ്സും വാങ്ങിക്കൊടുക്കുന്ന കമ്പനിത്തൊഴിലാളികൾ ഇന്നു മറ്റൊരു വർഗ്ഗമാണ്. ഒരിക്കൽ സ്വന്തമായിരുന്ന പാവത്തം അവർക്കു കൈമോശം വന്നിരിക്കുന്നു. കോൺട്രാക്ട് തൊഴിലാളികളായി ഒപ്പമുണ്ടായിരുന്ന പലരുടേയും മുഖങ്ങൾ ഓർമ്മ വന്നു. വഴിയിൽവച്ച് കണ്ടാൽ പരിചയഭാവം കാണിക്കാൻപോലും അവർക്കു മടി.

'അവരിന്നൊരു പ്രത്യേക ലോകത്തിലാണ്. അവരുടെ ജീവിതരീതികൾ സ്വപ്നങ്ങൾ ഒക്കെ വേറെ. ഒരിക്കലും പ്രതീക്ഷിച്ചിട്ടില്ലാത്ത ഐശ്വര്യങ്ങൾ വന്നു കുമിയുമ്പോൾ തോന്നുന്ന സ്ഥലജലഭ്രമം. എവിടെയാണു നില്ക്കുന്നതെന്നറിയാൻ പാടില്ലാത്ത അഹന്ത.

ആൻറണിയെ കമ്പനിയിലൊന്നു കയറ്റിവിടാൻ എത്ര പാടുപെട്ടു. ഷിലയോടുള്ള കടപ്പാട്. അവളുടെ തന്നെമറന്നുള്ള സ്നേഹത്തിന്റെ ഓർമ്മ. ഒരു സഹോദരനോടു തോന്നിയ അനുകമ്പ. എന്നിട്ടും ഇന്നവനെ വിടെയാണ്?

രണ്ടുകിടപ്പുമുറികളും ഒരടുക്കളയും മറ്റൊല്ലാ സൗകര്യങ്ങളുമുള്ള കമ്പനി ക്വാർട്ടേഴ്സ്. വെള്ളവും വെളിച്ചവും സൗജന്യമായി കിട്ടുന്നു.മോശമില്ലാത്ത ശമ്പളം. കുറച്ചു ഓവർടൈംകൂടി ചെയ്താൽ ശമ്പളക്കവറിന്റെ കനം ഇരട്ടിയാക്കാം. പാർവ്വതി എല്ലാംതികഞ്ഞ ഒരു പെണ്ണ്. സൗന്ദര്യവും സ്വഭാവഗുണവും ഒപ്പത്തിനൊപ്പം. എന്നിട്ടും അവന്റെ തല തിരിഞ്ഞുപോയി. അവൻ നന്നാകില്ല എന്നു ഷീല പ്രവചിച്ചത് എത്ര ശരിയായി....

അവൻ മാത്രമല്ല ആ വർഗ്ഗംതന്നെ വേറുമറന്നിരിക്കുന്നു. തലകുത്തി നടക്കുന്നു. കാലുകൊണ്ട് സംസാരിക്കുന്നു. ഒരിക്കലും മതിയാകാത്ത ആർത്തി. സുഖസൗകര്യങ്ങളെല്ലാം ഒരുമിച്ചു കയ്യാളാനുള്ള നെട്ടോട്ടം....നിങ്ങൾക്കു നഷ്ടപ്പെടാൻ കൈച്ചങ്ങലകൾ മാത്രം. ചങ്ങല ഊർന്നു വീണപ്പോൾ അവർ രണ്ടു കൈകൾ കൊണ്ടും കണ്ണിൽ കണ്ടതെല്ലാം എത്തിപ്പിടിച്ചു സ്വന്തമാക്കുന്നു. കൂടെനിന്ന സഖാവിന്റെ കുതികാൽ വെട്ടുന്നു. മനോഹരന്റെ ശരിയായ അനുയായികൾ.

പാർവ്വതി ഒരിക്കൽ ആളുപറഞ്ഞുവിട്ടു. അവിടെയെത്തുമ്പോൾ കണ്ടത് അവളുടെ കർഞ്ഞുകലങ്ങിയ കണ്ണുകൾ.....

എല്ലാക്കാലത്തും പാർവ്വതിക്ക് നരേന്ദ്രൻ രക്ഷകനായിരുന്നു. വിശ്വസിക്കാവുന്ന സഹോദരൻ. കല്യാണം കഴിഞ്ഞ് ആൻറണിയുടെ വിട്ടിലെത്തിയ ദിവസമാണ് പരിചയപ്പെടുന്നത്. അന്നുമുതൽ അവളുടെ മനസ്സിൽ നരേന്ദ്രന് അങ്ങനെയൊരു സ്ഥാനമാണ്. ആപത്തും വിഷമവും വരുമ്പോൾ ഓടിയെത്തുന്ന കാവൽമാലാഖ.

പാർവ്വതിയുടെ ചുണ്ടുകൾ വിറയ്ക്കുന്നു.

''നാലുദിവസമായി ചേട്ടനെ കണ്ടിട്ട്.'

''അവൻ എവിടെപോയി?'

''അറിയില്ല. ക്ളബ്ബിലെന്നു പറഞ്ഞ് ഇവിടെനിന്നിറങ്ങിയതാണ്.'

''കമ്പനിയിൽ അന്വേഷിച്ചോ?''

''അവിടെയില്ല.'

''പിന്നെവിടെ പോകാനാണ്?'

പാർവ്വതി കരയാൻതുടങ്ങി.

''വല്ലപ്പോഴുമൊക്കെയാണിപ്പോൾ കമ്പനിയിൽ പോക്ക്. ബാക്കി സമയമെല്ലാം കുടിയും ചീട്ടുകളിയും. ഞാനെന്തെങ്കിലും ചോദിച്ചാൽ....'

''ചോദിച്ചാൽ....?'

''നരേന്ദ്രൻചേട്ടനറിയില്ല. ഇപ്പോൾ പഴയ ആളൊന്നുമല്ല. ഇതുകണ്ടോ?'

പാർവ്വതിയുടെ വെളുത്ത കൈത്തണ്ടയിലെ കറുത്ത പാടിൽ കണ്ണുനീർ വീണു.

''ഞാനെന്തോ പറഞ്ഞതിന് കൈയിലിരുന്ന പ്ളേറെടുത്ത് എറിഞ്ഞതാണ്. എന്റെ വീട്ടിൽ ഞാനെങ്ങിനെയാണ് വളർന്നതെന്ന്.....'

നരേന്ദ്രന് ശ്വാസംമുട്ടുന്നതുപോലെ തോന്നി. ആൻറണിയും കുടുംബവും നരേന്ദ്രന്റെ ബന്ധുജനങ്ങളാണ്. അങ്ങനെയേ കണ്ടിട്ടുള്ളൂ. അവരുടെ കുടുംബകാരണവരുടെ സ്ഥാനം നരേന്ദ്രൻ സ്വയം എടുത്തണിഞ്ഞതല്ല. ആൻറണിയും പാർവ്വതിയുമൊക്കെ അത്ര വിനയവും ആദരവും കാണിച്ചിട്ടുണ്ട്; പ്രത്യേകിച്ചും പാർവ്വതി. അവൾ മഹാലക്ഷ്മിയാണ്. സ്നേഹത്തിന്റെ നിറകുടമാണ്. ആൻറണിയുടെ അപ്രഹരനേയും സഹോദരങ്ങളേയും സ്വന്തം ചിറകിനുള്ളിൽ വച്ചാണവൾ സംരക്ഷിക്കുന്നത്. അവളുടെ കണ്ണുനീർ വീണാൽ ആ വീടു മാത്രമല്ല ജനപദമാകെ വെന്തുവെണ്ണീറാകും. അതുമനസ്സിലാക്കാത്ത അധമൻ....

നേരെ ക്ളബ്ബിലേക്കാണ് കയറിച്ചെന്നത്. നാലുമേശകളിൽ ചീട്ടുകളി നടക്കുന്നു. ബീഡിപ്പുകയുടെ മേഘപടലം ചുറ്റുന്ന ഹാൾ.

ആൻറണിയെ അവിടെ കണ്ടിരുന്നെങ്കിൽ നിയന്ത്രണം വിട്ടുപോകുമായിരുന്നു. മേശകളെല്ലാം ചവിട്ടി മറിക്കാനാണ് തോന്നിയത്. ഒരു ചാട്ട കൈയിലെടുത്ത് തലങ്ങും വിലങ്ങും അടിക്കണം. രക്തം പിന്തുന്ന ദേഹവുമായി എല്ലാവരിനേയും വീടുകളിലേക്കു പായിക്കണം.

ആദ്യം കണ്ട ആളോടു ചോദിച്ചു.

''ആൻറണിയില്ലേ ഇവിടെ?'

''ഇന്നു കണ്ടില്ല. പുറത്തൊരു ലോഡ്ജുണ്ട്. അവിടെ നോക്ക്.'

''ഇവിടെ രാവും പകലും കളിയാണോ?'

അയാൾ മറുപടി പറയാതെ കളിയിൽ ശ്രദ്ധിച്ചു. പല വർണ്ണത്തിലുള്ള പ്ളാസ്റിക് കോയിനുകൾ മേശയ്ക്കു മുകളിലൂടെ അങ്ങോട്ടുമിങ്ങോട്ടും പറക്കുന്നു. പണം വച്ചുള്ള കളിയാണ്.

ലോഡ്ജ് അന്വേഷിച്ചു കണ്ടുപിടിച്ചു. കമ്പനിത്തൊഴിലാളികളാണ് അവിടേയും താമസം. പുറമേ കാണുന്ന മുറികൾക്കു നടുവിലൂടെ ഒരൊറ്റവയടിപ്പാത. അതു ചെന്നെത്തുന്നത് ഇത്തിരിവട്ടത്തിലുള്ള ഒരിടുങ്ങിയ ഹാളിൽ.

ന്യൂസ്പേപ്പർ വിരിച്ച് ഏഴെട്ടുപേർ നിലത്തു വട്ടമിട്ടിരിക്കുന്നു. കളി കണ്ടുകൊണ്ട് തൊട്ടടുത്ത അരഭിത്തിയിൽ രണ്ടുപേരുണ്ട്. നിലം മുഴുവൻ കപ്പലണ്ടിത്തോടുകളും ബീഡിക്കുറ്റികളും ചെരിപ്പുകളും വലിച്ചിട്ടിരിക്കുന്നവരുടെ നടുവിൽ അവനെ കണ്ടു. ചീട്ടിൽത്തന്നെ മിഴിനട്ട്.

''ആൻറണീ....' അതൊരലർച്ചയായിരുന്നു.

അവൻ തലയുയർത്തിനോക്കി. കുണ്ടിലാണ്ട കണ്ണുകളിൽ പീള കെട്ടിയിരിക്കുന്നു. അതിനിടയിൽ രണ്ടുമൂന്നു ദിവസത്തെ ഉറക്കം തങ്ങിയ രക്തനിറം. വാടിത്തുങ്ങിയ മുഖത്ത് വളർന്നുനില്ക്കുന്ന താടിരോമങ്ങൾ.

നരേന്ദ്രനു ബോധം മറഞ്ഞു.

''എണീക്കെടാ തെണ്ടീ....'

ഷർട്ടിടാത്ത അവന്റെ മെലിഞ്ഞ ചുമലിൽ പിടിച്ചുയർത്തി പുറത്തേക്കു തള്ളി. നേരെ നില്ക്കാൻ കാലുകൾക്കു ബലം പോരാഞ്ഞത് അവൻ മുട്ടുകുത്തി വീണു. നരേന്ദ്രൻ ചീട്ടുകളിട്ടിരുന്ന ന്യൂസ്പേപ്പറും കോയിനുകളും കാലുകൊണ്ടു തോണ്ടിയെറിഞ്ഞു.

ഓർക്കാപ്പുറത്തുള്ള ആക്രമണമായതുകൊണ്ടാകണം എല്ലാവരും സ്തംഭിച്ചിരുന്നു. ആരും അനങ്ങിയില്ല.

ആൻറണിയെ പൊക്കിയെടുത്തുകൊണ്ട് വെളിച്ചത്തിലേക്കിറങ്ങി.

''എത്ര ദിവസമായി നീ വീട്ടിൽ നിന്നിറങ്ങിയിട്ട്?'

അവൻ പീള കെട്ടിയ പ്രേതക്കണ്ണുകളുമായി തുറിച്ചുനോക്കിയതല്ലാതെ മറുപടി പറഞ്ഞില്ല.

റോഡിൽ കൊണ്ടുവന്ന് മുന്നോട്ടു തള്ളി.

''ഓടു വീട്ടിലേക്ക്....'

അവൻ അനുസരിച്ചു. വേച്ചുവേച്ചുനടക്കുന്ന ആ മനുഷ്യക്കോലവും നോക്കി നരേന്ദ്രൻ നിന്നു.

''ജൂലിക്കുട്ടി, ഇതൊക്കെയാണ് ജീവിതം.... ഇതാണ് മനുഷ്യൻ...എല്ലാ സുഖങ്ങളും കിട്ടിയാലും ഒരട്ടയെപ്പോലെ അവൻ അഴുക്കിലേക്കു ഇഴഞ്ഞിറങ്ങും. ഇതുപറഞ്ഞപ്പോഴാണോർത്തത്. നമുക്ക് വരുന്നവഴി നമുക്ക് സാറിന്റെ വീട്ടിലും ഒന്നു കേറണം. കനോളായില്ലേ അങ്ങോട്ടുപോയിട്ട്. അമ്മയെ ഒന്നു കാണണം.''

ജൂലി ഒന്നുറക്കെ ചിരി. നരേന്ദ്രൻ ഉള്ളിൽ ചിരിച്ചു. അമ്മയെ കാണാനാണു പോകുന്നതെന്ന് അവൾ വിശ്വസിക്കുന്നില്ല. സ്ത്രീസഹജമായ അസൂയ.

സുരേഷ് സാർ പാവമാണ്. വലിയമാനേജരാണെന്ന ഭാവമൊന്നുമില്ല. എല്ലാവരോടും സമഭാവന. അമ്മ എണ്ണിറുചാരിയിരുന്നു തുടങ്ങിയപ്പോൾ, വിറച്ചുകൊണ്ടാണെങ്കിലും വലതു കൈയിൽ ചായക്കപ്പു വാങ്ങി സ്വയം കുടിച്ചുതുടങ്ങിയപ്പോൾ അദ്ദേഹത്തിന്റെ മുഖത്തു തെളിഞ്ഞ ആനന്ദം....

ജൂലിമോളേ ഇതൊക്കെയല്ലേ ജീവിതത്തിൽ നമുക്കുള്ള സമ്പാദ്യം? വഴിവക്കിൽ ഒരു പൂവിരിഞ്ഞുനില്ക്കുന്നതു കണ്ടാൽ നീ ധൈര്യമായി വിശ്വസിച്ചോളൂ, അതേതോ ഒരു മനുഷ്യന്റെ മനസ്സിൽ മുളച്ച സൽഭാവത്തിന്റെ പുനർജന്മമാണ്. നിന്നെ കടിക്കുന്ന ഓരോ കൊതുകും ഏതോ മനുഷ്യരുടെ മനസ്സിൽ കിളിർത്ത ദുഷ്ട ചിന്തകളുടെ പുനരവതാരമാണ്.

സുരേഷ് സാറിനെ എനിക്കിഷ്ടമാണ്. പക്ഷേ, അവരുടെ---അദ്ദേഹത്തിന്റെ ഭാര്യയുടെ പെരുമാറ്റരീതികൾ...എന്താണ് ജൂലിക്കുട്ടി അവരിങ്ങനെ? തീരെ മനസ്സിലാക്കാൻ വിഷമം.

അമ്മ എണ്ണിറുറിരുന്നതിൽ, ആഹ്ലാദത്തേക്കാൾ അവർക്ക് അത്ഭുതമായിരുന്നു. ഒരിക്കലും പ്രതീക്ഷിക്കാത്ത ഒന്ന് കൺമുന്നിൽ സംഭവിച്ചുകണ്ടതിലുള്ള വിസ്മയം. സ്വതേ വലുതായ കണ്ണുകൾ ഒന്നുകൂടി വിടർന്നു പൂത്തിരി കത്തി....

''അഞ്ചുമണിക്ക് അമ്മയുടെ നെറ്റിയിൽ കൈവച്ചുകൊണ്ട് ഞാൻ നിന്നപ്പോൾ എന്റെ ശരീരത്തിലൂടെ എന്തോ ഒഴുകിയിറങ്ങുന്നതുപോലെ തോന്നി. വല്ലാത്തൊരനുഭവമായിരുന്നു. എന്തായിരുന്നു അത്?'

''ഞാൻ തന്നെ.'

ശരിയല്ലേ ജൂലിമോളേ ഞാൻ പറഞ്ഞത്? അവരുടെ ശരീരം ഒരുനിമിത്തം മാത്രമായിരുന്നു. അതിലൂടെ പുതിയ ജീവശ്ശക്തിയായി ഞാൻ അമ്മയുടെ ശരീരത്തിലെ ഓരോ കോശങ്ങളിലേക്കും ഓരോ അണുവിലേക്കും കടന്നു ചെല്ലുകയായിരുന്നു.

''സ്വാമിയോ എന്റെ ശരീരത്തിലൂടെ....?'

''അതെ.'

അപ്പോൾ ഒരു കുസൃതിച്ചിരിയോടെ ചോദിക്കുന്നു.

''അതൽപ്പം അതിരുവിട്ട പ്രവൃത്തിയായിപ്പോയില്ലേ?'

''എന്ത്?'

''ഒരു സ്ത്രീയുടെ ശരീരത്തിൽ അവളുടെ അനുവാദമില്ലാതെ അതിക്രമിച്ചു കടക്കുന്നത്....?''

ഉറക്കെ ചിരിച്ചുപോയി. രസച്ചരടു പൊട്ടാതിരിക്കാൻവേണ്ടിമാത്രം പറഞ്ഞു.

''അനധികൃതമാണെന്നു സമ്മതിക്കാൻ തയ്യാറില്ല. സുരേഷ് സാറിന്റെ അനുവാദമുണ്ടായിരുന്നു.'

''അപ്പോൾ ഞാനെന്താ വെറും പാവയോ എന്റെ അനുവാദം വേണമെന്നു തോന്നാതിരിക്കാൻ....?

സത്യത്തിൽ ഞാൻ വല്ലാതെയായിപ്പോയി. ഉത്തരംമുട്ടി എന്നു പറയുന്നതാവും ശരി. ചോദ്യം യുക്തി ഭദ്രമാണ്. അതു ഞാനല്ല എന്നിലെ ജീവശ്ശക്തി മാത്രമാണെന്നു വിശ്വസിപ്പിക്കാൻ ശ്രമിച്ചാലും സത്യമാകുമോ?

ആ പതനത്തിൽ നിന്നെന്നെ രക്ഷിക്കാനാണെന്നു തോന്നുന്നു സാന്ത്വന സ്വരത്തിൽ പറഞ്ഞു.

''സാരമില്ല. ഞാൻ ക്ഷമിച്ചിരിക്കുന്നു. എന്തായാലും ഒരു നല്ല കാര്യത്തിനുവേണ്ടിയായിരുന്നല്ലോ ഈ സാഹസം.''

ഉള്ളിൽ തോന്നിയ ഇാള്യത എന്നിട്ടും ബാക്കിനിന്നു. വേണ്ടിയിരുന്നില്ലെന്നു തോന്നി. അവർക്കുപകാരം സുരേഷ് സാറിനെ നിർത്താമായിരുന്നു.

അതിനെച്ചൊല്ലി പരിഭവത്തിന്റെയോ വെറുപ്പിന്റെയോ ലാഞ്ഛനപോലും പിന്നിടുണ്ടായിട്ടില്ല. ഒരു ഷോക് ട്രീറ്റ്മെന്റു നടന്നമെന്നേ ഉണ്ടായിരുന്നുള്ളുവെന്നു തോന്നി. അതോടെ എല്ലാം മനസ്സിൽനിന്നു തുടച്ചുകളഞ്ഞപ്രസാദഭാവം. എങ്കിലും....

ജൂലി ഒന്നു നിട്ടിനുമ്മി വഴിയറികിൽ നിന്നു. അനുക്ഷോഭം കൊണ്ട് അവളുടെ ശരീരത്തിൽനിന്നും ചൂടുവമിക്കുന്നുണ്ടായിരുന്നു. നിന്നിടത്തു നിന്നനങ്ങാൻ കൂട്ടാക്കാതെ അവൾ തല താഴ്ത്തി നിന്നു. ആകെ പിണങ്ങിയ മട്ട്.....

നരേന്ദ്രൻ അവളുടെ ശിരസ്സിൽ തലോടി. പളളയിൽ വിരലൂന്നി ഇക്കിളിയിട്ടു. സാന്ത്വനങ്ങൾ പറഞ്ഞു. സാമദാന ഭേദങ്ങൾ പരീക്ഷിച്ചു. എന്തു ചെയ്തിട്ടും അവൾക്ക് കുലുക്കമില്ല.

നരേന്ദ്രന് കുറേശ്ശെ ദേഷ്യംവന്നു തുടങ്ങിയിരുന്നു.

''നിന്നോടു ഞാൻ തുടക്കത്തിലേ പറഞ്ഞു ഇന്നു പോകുന്നതെന്തിനാണെന്ന്. പിണക്കത്തിനും ദുശ്ശാഠ്യത്തിനും നിനക്ക് ഇപ്പോഴേ സമയം കിട്ടിയുള്ളൂ? മന്ത്രിയാരാ നിന്നെ കളിപ്പിള്ളയോ?''

കമ്പനിയിലുള്ള ആദ്യത്തെ ബസ്സിൽ ആ വഴിവന്ന ഉണ്ണിക്കൃഷ്ണൻ അവിടെയിറങ്ങി.

''എന്താ നരേന്ദ്രൻ ചേട്ടാ?'

''ഗർഭിണിയായ ഭാര്യയ്ക്ക് പുവമ്പഴം വാങ്ങാൻപോയ ഒരുത്തന്റെ കഥയുണ്ട് വൈക്കം മുഹമ്മദ് ബഷീറിന്റെ. അതുപോലെ ഒരുതരം പിടിവാശി ഇവൾക്കും.'

''സ്പാർക്ക് പ്ലഗ്ഗിന്റെയായിരിക്കും. ഒന്നഴിച്ചുനോക്കാം.'

''അവടമ്മേടെ പ്ലഗ്ഗ്. അതൊന്നും വേണ്ടെടോ. ബഷീറിന്റെ മരുന്നുമതി.'

നരേന്ദ്രൻ അടുത്ത പുരയിടത്തിലേക്കു നടന്ന് ഒരു കവളിമടൽ ഒടിച്ചെടുത്തു. ഉണ്ണിക്കൃഷ്ണനു തടയാൻ അവസരം കിട്ടുന്നതിനുമുൻപ് അവളുടെ ശരീരത്തിൽ തലങ്ങും വിലങ്ങും അടിവീണു.

ജൂലി അടികൊണ്ട് പുളഞ്ഞു. എന്താണിതു ഭ്രാന്തോ എന്ന് ഉണ്ണിക്കൃഷ്ണൻ ചോദിക്കുന്നതിനുമുമ്പ് അവൾ ഉണർന്നെണീറുകഴിഞ്ഞിരുന്നു. പേടികൊണ്ടാവും അവളുടെ ഹൃദയമിടിപ്പുകൾ ഡ്രംബീറുപോലെ ഉച്ചത്തിൽ കേട്ടു.

ഇപ്പോഴെങ്ങനെയുണ്ട് എന്ന വിജിഗീഷുവിന്റെ നോട്ടവും ചിരിയുമായി സ്വാമി കൈവീശിക്കൊണ്ട് സ്കൂട്ടർ ഓടിച്ചു പോകുന്നത് ഉണ്ണിക്കൃഷ്ണൻ വഴിയിരികിൽ നോക്കിനിന്നു.

(തുടരും)

ജാതകം

സൂക്ഷ്മമായി ഗണിച്ചു തയ്യാറാക്കി ഫലനിരൂപണത്തോടെ അയച്ചുകൊടുക്കും. എഴുതുക:

K. SREEDHARAN
M.A. B Ed
Po: PUTHOOR—PANOOR
670692
KANNUR



വിവാഹത്തിന് മുമ്പും പിമ്പും നിങ്ങൾക്കുണ്ടാകുന്ന ബലഹീനത, നാഡീതളർച്ച, ധാതുക്ഷയം, ശക്തിക്കുറവ് മുതലായ രോഗങ്ങൾ ചികിത്സിച്ച് സുഖപ്പെടുത്തുവാൻ ഇന്നു തന്നെ നേരിൽ കാണുക.

Dr. M.S. സർക്കാർ
സർക്കാർ
ഡിസ്പെൻസറി,
മേടമുക്ക്,
മണക്കാട്,
തിരുവനന്തപുരം.

യശ്പാൽ വിവർത്തനം: കെ.വി. കുമാരൻ

എന്റെയും നിന്റെയും കഥ അവന്റെയും

മുപ്പത്തിമൂന്ന്

മകൾ തിങ്കളാഴ്ച ഉച്ചയാകുമ്പോഴേക്കും വീട്ടിലേക്കു തിരിക്കുമെന്ന് മിസ്സസ്സ് പണ്ഡിത് അയൽവാസികളോടു പറഞ്ഞിരുന്നു. ഡ്രോയിങ്ങ് റൂമിന്റെ അടുത്ത മുറി തുടച്ചു വൃത്തിയാക്കി കട്ടിലിട്ട് കിടക്കയും വിരിച്ചിട്ടിരുന്നു. മകൾ തിരിച്ചുവരുന്ന സന്തോഷത്തിൽ മറ്റു വിഷമങ്ങൾ വിസ്മരിച്ചിരുന്നു. മകൾ സുഖമായി തിരിച്ചുവരുമ്പോൾ തെറ്റിദ്ധാരണകൾ തനിയെ വിട്ടകലുമെന്നു വിശ്വാസമുണ്ടായിരുന്നു. രണ്ടുമണിയാകുമ്പോഴേക്കും പണ്ഡിത്ജി മകളേയും കൊണ്ട് വരുമെന്നായിരുന്നു, പ്രതീക്ഷ.

- മണി മൂന്നേകാലായിട്ടും പണ്ഡിത്ജി മകളേയുംകൂട്ടി വന്നെത്തിയില്ല. മിസ്സസ്സ് പണ്ഡിതിനും വേവലാതിയായി. ''ഹേ പ്രഭോ, ഞങ്ങളെ ഇനിയും പരീക്ഷിക്കരുതേ...''അപ്പോഴേക്കും ആംബുലൻസിന്റെ ശബ്ദം കൊണ്ട് തെരുവാകെ മുഴങ്ങി. ആളുകൾ എത്തിനോക്കി. മിസ്സസ്സ് പണ്ഡിതും വാതിൽക്കൽ വന്നുനിന്നു. വണ്ടി വീട്ടുപടിക്കൽനിന്നു. അമ്മയെ സഹായിക്കാൻ അമീത് വീട്ടിൽത്തന്നെ ഉണ്ടായിരുന്നു.

ഉഷ തിരിച്ചുവന്ന കാര്യം ആംബുലൻസിന്റെ കർക്കശശബ്ദം തെരുവുനീളെ പ്രഖ്യാപിച്ചുകഴിഞ്ഞിരുന്നു. എന്നാലും മിസ്സസ്സ് പണ്ഡിത് പത്മയെ വിളിച്ചുപറഞ്ഞു-''ചേച്ചി തിരിച്ചെത്തിയ കാര്യം സിംഗ് അങ്കിളിനോടും ഡോക്ടർ അങ്കിളിനോടും അയൽക്കാരോടുമൊക്കെ പറഞ്ഞേക്ക്.''

തെരുവിലെ സ്ത്രീകൾ ഒറ്റയ്ക്കും കൂട്ടായും വന്നുതുടങ്ങി. നല്ല ദിവസം തന്നെ തിരിച്ചുവന്നതിൽ എല്ലാവരും അഭിനന്ദിച്ചു. ദൈവത്തിനും ദൈവപുത്രനും നന്ദിപറഞ്ഞു. ഉഷയെ അനുഗ്രഹിച്ചു. വന്നവർ പത്തും ഇരുപതും മിനുട്ടുകൊണ്ട് ഉഷയോടു സഹാനുഭൂതി പ്രകടിപ്പിച്ച് സ്ഥലംവിട്ടു.

മിസ്സസ്സ് പണ്ഡിത് സഹാനുഭൂതിക്ക് നന്ദിപ്രകടിപ്പിച്ചുകൊണ്ട് പറയും-''തുടയെല്ല് പൊട്ടിയെന്നു കേട്ടപ്പോൾ ഞങ്ങളുടെ കണ്ണിൽ ഇരുട്ടു കയറി. ഞങ്ങൾ മനം നൊന്തു യേശുവിനെ വിളിച്ചു. ദൈവകടാക്ഷം കൊണ്ട് ആദ്യം വന്ന ഡോക്ടർതന്നെ ഇദ്ദേഹത്തിന്റെ സ്റ്റുഡന്റായിരുന്നു. റോമെ നാലഞ്ചു ഡോക്ടർമാരുമുണ്ടായിരുന്നു, സ്റ്റുഡന്റായിട്ട്. ചീഫ് മെഡിക്കൽ ഓഫീസ്സർക്കും ഇദ്ദേഹത്തെ അറിയാമായിരുന്നു. സ്ക്രീൻ ചെയ്തുകൊണ്ട് തന്നെ അവർ പൊട്ടിയ എല്ല് പഴയ പടിചേർത്തു. കുഴപ്പമൊന്നുമുണ്ടാകാൻ തരമില്ല. ഈരണ്ടു ഡോക്ടർമാർ എന്നും നോക്കിക്കൊണ്ടിരുന്നു. വെളളക്കാരികളായ നേഴ്സുമാർ മുറിയിൽ. സദാ സമയവും ഉണ്ടായിരുന്നു. വീട്ടിൽ നിന്നു ഭക്ഷണം പോലും കൊണ്ടുപോകേണ്ടിവന്നില്ല. മുട്ടയും പാലും സൂപ്പും എല്ലാം വേണ്ടപോലെ കൊടുത്തിരുന്നു. എക്സ്റേ എടുത്തപ്പോൾ എല്ല് യഥാസ്ഥാനത്തു ചേർന്നിരിക്കുന്നുവെന്നു മനസ്സിലായി. അഞ്ചാഴ്ച അനങ്ങാതെ കിടക്കാൻ നിർദ്ദേശിച്ചിട്ടുണ്ട്, എല്ലുറയ്ക്കാൻ....സ്ത്രീകൾ ആശ്ചര്യപൂർവ്വം കേൾക്കും. വലിയവരായതുകൊണ്ടും ഈശ്വരകൃപകൊണ്ടും പഠിപ്പും സൗന്ദര്യവുമുളള കുട്ടിയുടെ ജീവിതം രക്ഷപ്പെട്ടു. ദൈവത്തിനു സ്തുതി പറഞ്ഞുകൊണ്ട് അവർ സ്ഥലം വിട്ടു.

മിസ്സസ്സ് പണ്ഡിത് ആംബുലൻസ് വന്നെത്തിയപ്പോഴേ ഉഷയെക്കാണാൻ വന്നു. മിസ്സസ്സ്

ചൊഹാൻ വീട്ടിലില്ലായിരുന്നു. അവർ വരുമെന്നറിയാം.

മിസ്സസ്സ് സിംഗിന് ഉത്സവസ്ഥലത്തേക്കു സാധനങ്ങളെയ്ക്കാൻ തിടുക്കമുണ്ടായിരുന്നു. മിസ്സസ്സ് പണ്ഡിത് റോസിയേയും കൂടെ അയച്ചു. അവർ ഭർത്താവോടു പറഞ്ഞു—''ഈസ്റ്ററർ ഗേതറിങ്ങിൽ നിങ്ങൾക്കുകൂടി പോകരുതോ? അമീതിനേയും കൂടെ കൂട്ടിക്കോളൂ. ആളുകളെക്കണ്ട് അഭിവാദ്യം ചെയ്യേണ്ടേ? ഉഷയെ ഡിസ്ചാർജ്ജ് ചെയ്ത വിവരം പറയുകയും ചെയ്യാമല്ലോ.''അവർ ഉദ്ദേശിച്ചത് പണ്ട് കുടുംബത്തെയാണെന്നു വ്യക്തം.

ആറേകാലിനു പണ്ഡിത്ജി തിരിച്ചെത്തി. അല്പം കഴിഞ്ഞപ്പോൾ അമീതും. മിസ്സസ്സ് പണ്ഡിത് ജിജ്ഞാസയോടെ ചോദിച്ചു. ''അവിടെ അവരെയൊരേയും കണ്ടില്ലേ?''

പണ്ഡിത്ജി നിഷേധാർത്ഥത്തിൽ തലയാട്ടി. അമീത് പറഞ്ഞു—അച്ഛനേയും അമ്മയേയും കണ്ടില്ല. പുപ്പലും ആയയുംകൂടി ഐസ്ക്രീം വച്ചിരുന്നു.''

മകൾ വന്നെത്തുകയും ഈസ്റ്ററർ ഗേതറിങ്ങിൽ എല്ലാവരേയും കണ്ടുമുട്ടുകയും ചെയ്യുന്നതോടെ ചില നല്ല കാര്യങ്ങൾ ഉണ്ടായിക്കൂടായ്കയില്ല എന്ന തോന്നൽ മിസ്സസ്സ് പണ്ഡിതിന്റെ മനസ്സിൽനിന്നും അകന്നു. ഇക്കാര്യത്തെക്കുറിച്ച് പണ്ഡിത്ജിയോടു സംസാരിച്ചിട്ടു കാര്യമില്ല. മിസ്സസ്സ് ചൗഹാനിൽനിന്നു മാത്രമേ എന്തെങ്കിലും പ്രതീക്ഷയുള്ളൂ. അവരാണെങ്കിൽ ഇനിയും തിരിച്ചുവന്നിട്ടുമില്ല.

ഉഷ ഉച്ചയുറക്കമെണീറ്റു ജനലിലൂടെ വെളിയിലേക്കു കണ്ണയച്ചു. തുറന്ന സ്ഥലത്തു കിടക്കാനൊരാശ. പതിനാലു ദിവസമായില്ലേ, ജയിൽപോലെ അടച്ചിട്ട മുറിയിൽ കിടക്കുന്നു! മമ്മിയുടെ കൈകൊണ്ടൊരു ചായ.

മിസ്സസ്സ് പണ്ഡിത് ചായയുണ്ടാക്കിക്കൊണ്ടുവന്നു. അപ്പോഴുണ്ട്, വെളിയിൽ നിന്നൊരു വിളി—''മോളേ, പത്മാ...''

''ചൗഹാൻ ആൻറി.'' അമീത് വാതിൽ തുറക്കാൻ പോകുന്നതിനിടയിൽ പറഞ്ഞു.

വാതിൽ തുറന്നുകൊണ്ട് അമീത് അതിയായ സന്തോഷത്തോടെ ആൻറിയോടു പറഞ്ഞു.

''ചേച്ചി വന്നു, ആൻറി.'

''കങ്രാച്ചുലേഷൻസ്!''

''കൊച്ചു പൗത്രൻ എങ്ങനെയിരിക്കുന്നു?''മിസ്സസ്സ് പണ്ഡിത് ആരാഞ്ഞു.

''താങ്ക് യൂ.''മിസ്സസ്സ് ചൗഹാൻ ഉത്സാഹ

ഞാടെ പറഞ്ഞു—"ദൈവകൃപകൊണ്ട് എ ല്ലാവരും സുഖമായിരിക്കുന്നു."

"ഒരു ഗ്ളാസ്സ് ചായ കുടിച്ചോളൂ. ഇപ്പഴ് ഉണ്ടാക്കീട്ടേയുള്ളൂ." മിസ്സസ്സ് പണ്ഡിത് പറഞ്ഞു.

"താങ്ക് യൂ." മിസ്സസ്സ് ചൗഹാൻ ചായ കുടിച്ചുകൊണ്ട് തുടർന്നു-"ഞാൻ അന്നേ ഊഹിച്ചതാണ്, അക്കൂട്ടർ ഒഴിഞ്ഞുമാറുകയാണെന്ന്. ആളുകളുടെ സ്വഭാവം മനസ്സിലാക്കാൻ അധികസമയം വേണോ? മകളുടെ പ്രസവം കഴിഞ്ഞുവന്ന ഉടനെ ഞാൻ ചർച്ചിലേക്കു പോയി. അക്കൂട്ടരെ കാണലായിരുന്നു, പ്രധാന ഉദ്ദേശ്യം. ഞാൻ എത്തിച്ചേർന്നപ്പോഴേക്കും പന്തിന്റെ കാർ വന്നുനിന്നു. നിർമ്മലായിരുന്നു കാറോടിച്ചിരുന്നത്.

"മോൻ എപ്പോൾ വന്നു?" ഞാൻ അന്വേഷിച്ചു.

"മിനിഞ്ഞാന്നു എത്തിച്ചേർന്നു, ആന്റി." എന്നിട്ട് വെപ്രാളപ്പെട്ട് അച്ചരനോടു പറഞ്ഞു—"ഡാഡി കുതിരവണ്ടിയിൽ വന്നോളൂ. എനിക്കു വൈകുന്നു." എന്നിട്ടു ധൃതിയിൽ കരോടിച്ചുപോയി.

ഉഷ ശ്വാസമടക്കി കേൾക്കുകയായിരുന്നു. തല തനിയേ താണു.

മിസ്സസ്സ് ചൗഹാൻ ആവേശത്തോടെ തുടർന്നു—"ഞാൻ പരാതിപ്പെടാൻ ഭാവിക്കുമ്പോഴേക്കും നിർമ്മലിന്റെ അമ്മ പറഞ്ഞു തുടങ്ങി—"നടുവൊടിഞ്ഞുന്നാ ആളുകൾ പറയുന്നത്. ഞാനതു വിശ്വസിക്കുന്നൊന്നുമില്ല. എന്നാൽ ദൈവം ഞങ്ങളെ രക്ഷിച്ചു. എങ്ങാനും എക്കേളുമെന്റ് കഴിഞ്ഞുപോയിരുന്നെങ്കിൽ! നിങ്ങൾക്കറിയാമല്ലോ ചെറുക്കൻ അസിസ്റ്റന്റ് കലക്ടർ. ഓഫീസർമാരുടെ ഭാര്യമാർ ക്ളബ്ബിലും പാർട്ടികളിലുംകൂടെ പോകേണ്ടേ? വൈഫ് മുടന്തിയായാൽപ്പിന്നെ ഓഫീസർമാക്കെന്തു വില?.....ഞങ്ങളുടെ ചെറുക്കനാണെങ്കിൽ ഡാൻസെന്നാൽ ജീവനാ. സംഭവം അറിഞ്ഞപ്പോൾ അവന് ഷോക്ക്! അവന്റെ അഭിപ്രായമാരാഞ്ഞപ്പോൾ നിങ്ങളൊക്കെ പറയുംപോലെ എന്നാണ് പറയുന്നത്. ഞങ്ങൾക്ക് ധൃതിയൊന്നുമില്ല. ചികിത്സിച്ചു ഭേദമായാൽ ശരി. ഇല്ലെങ്കിൽ വിധിയെന്ന് കരുതുകയേ നിവൃത്തിയുള്ളൂ. നിങ്ങളുതന്നെ പറയൂ. അറിഞ്ഞുംകൊണ്ട് ചെറുക്കന്റെ കഴുത്തിൽ ആരെങ്കിലും പ്രാരാബ്ധം കെട്ടിവയ്ക്കുമോ? എല്ല് കൂടിച്ചേർന്നേക്കാം. എന്നാലും റിപ്പേർ ചെയ്ത സാധനം ഇത്രയെന്നില്ലേ? തണുപ്പുകാലത്തും മഴക്കാലത്തും വേദനിക്കാതിരിക്കില്ല. പെണ്ണ് വെൽ എജ്യുക്കേറ്റഡ്, കണ്ടാലും കൊള്ളാം, നല്ല പെരുമാറ്റം. പക്ഷേ, ദൈവത്തിനിഷ്ടമില്ലെങ്കിൽ എന്തു ചെയ്യാൻ!...."

ഉഷ മുഖം തിരിച്ചുകളഞ്ഞു. മിസ്സസ്സ് പണ്ഡിത് സാരിത്തുമ്പുകൊണ്ട് കണ്ണു തുടയ്ക്കുകയായിരുന്നു.

"ശരി, അതുപോകട്ടെ. അവരെ ദൈവം രക്ഷിച്ചു. നമ്മളേയും." ചർച്ച അവസാനിപ്പിക്കാനെന്നോണം മിസ്സസ്സ് പണ്ഡിത് പറഞ്ഞു.

"ആ കൊള്ളരുതാത്തവന്റെ മുഖത്തു കാർക്കിച്ചു തുപ്പാൻ തോന്നി. വലിയ മര്യാദക്കാർ! ഇത് ആദ്യത്തെതൊന്നുമല്ലല്ലോ. അലഹബാദിലെ ജോഷിയുടെ മകളുമായി കല്യാണം പറഞ്ഞുറപ്പിച്ചിട്ട് തലയുരിയതാണ്. മകനു സ്വന്തമായി അഭിപ്രായമൊന്നുമില്ല. അച്ഛനമ്മമാർക്ക് അത്രയുമില്ല. മാനവും മര്യാദയുമുള്ള വീട്ടുകാരെ വഞ്ചിച്ച ഇക്കൂട്ടരു

ഇടശ്ശേരി Vol.2
കവിതകൾ
- മാപ്പില്ല
- കാവിലെ പാട്ട്
- അമ്പാടിയിലേക്ക് വീണ്ടും

ആലാപനം :
Dr. S.P. രമേശ്,
എം. കൃഷ്ണകുമാർ,
പി. അജിത

Ragamalika Cassettes
Ravipuram, Kochi-682 016

TBS NEWS

കോളേജ്, സ്കൂൾ ലൈബ്രറികളുടെ ശ്രദ്ധക്ക്

ലൈബ്രറികൾക്ക് വേണ്ട എല്ലാ വിഷയങ്ങളിലേയും ഭാഷയിലേയും പുസ്തകങ്ങൾ ധാരാളം സ്റ്റോക്കെത്തിയിട്ടുണ്ട്.

കൂടാതെ ലാബുകളിലേക്കാവശ്യമായ പ്രശസ്തരായ മുഴുവൻ നിർമ്മാതാക്കളുടെ ഉപകരണങ്ങളും മേപ്പുകളും ചാർട്ടുകളും സ്പോർട്ട്സ് ഉപകരണങ്ങളും ധാരാളം സ്റ്റോക്കുണ്ട്. വർഷാന്ത തിരക്കാവുന്നതിന് മുമ്പ് സമീപിക്കാൻ അപേക്ഷ.

T B S Publisher's Distributors
T B S Building, G.H.Road, CALICUT -1
Phone:60085
Court Road, CALICUT-1. Phone: 74025

FOUR ACES

ടെമേൽ ഇടത്തി വീഴും....."

"മിസ്സസ്സ് ചൗഹാൻ, അതു പോകട്ടെ." ചായ കുടിക്കാൻ അപേക്ഷിച്ചുകൊണ്ട് മിസ്സസ്സ് പണ്ഡിത് പറഞ്ഞു- " അതുകഴിഞ്ഞ കഥയായി കണക്കാക്കിയാൽ മതി...."

"ഇവരറിങ്ങളും ക്രിസ്ത്യാനികളാണല്ലോ?" മിസ്സസ്സ് ചൗഹാൻ ഗ്ളാസ്സ് കൈയിലെടുത്തുകൊണ്ട് ആശ്ചര്യം പ്രകടിപ്പിച്ചു.

മിസ്സസ്സ് ചൗഹാൻ പോയതോടെ വീട്ടിലാകെ മ്ളാനത വ്യാപിച്ചു. ഉഷ ജനലിലൂടെ ആകാശനീലിമയിലേക്കു കണ്ണും നട്ടുകൊണ്ട് മൗനം പൂണ്ടിരുന്നു. മകളുടെ നേരെ നോക്കുമ്പോൾ മിസ്സസ്സ് പണ്ഡിതിന്റെ ഹൃദയം പിടഞ്ഞു. മനം കുളിർക്കെ കരയാനായി അവർ മേൽത്തട്ടിലേക്കു ചെന്നു.

എട്ടുമണിയായപ്പോൾ പത്മ ഉഷയെ സമീപിച്ചു. "മമ്മി ഭക്ഷണം കൊണ്ടു വരട്ടെയോ എന്നു ചോദിക്കാൻ പറഞ്ഞു."

ഉഷ നിഷേധിച്ചു. റോസി വന്ന് ഭക്ഷണം കഴിക്കാൻ നിർബന്ധിച്ചു. ഉഷ ഉരിയാടിയതേയില്ല. മിസ്സസ്സ് പണ്ഡിതും ഒന്നും കഴിച്ചില്ല. കുട്ടികൾ ഉപവസിക്കേണ്ടെന്നു കരുതി പണ്ഡിത്ജി ഭക്ഷണത്തിനിരുന്നു.

ഉഷയ്ക്ക് ഉറക്കം വന്നില്ല. ശരിക്കും ഉണർന്നുമല്ല, കിടപ്പ്. മസ്തിഷ്കത്തിനും മുറിവേറ്റതുപോലെ, അർദ്ധ സുഷുപ്തിയിലാണ് കിടപ്പ്. വഞ്ചനയുടേയും നിരാശയുടേയും അപമാനത്തിന്റേയും പർവ്വതങ്ങൾ തലയിൽ പൊട്ടിവീണതു പോലുള്ള അനുഭവം. വഞ്ചിക്കപ്പെട്ടതുമൂലമുള്ള ആത്മനിന്ദ! എന്തെല്ലാം പഞ്ചാര വാക്കുകൾ! 'ഈ ബന്ധത്തെ പവിത്രമായി കണക്കാക്കുന്നു, നാം ഇപ്പോൾത്തന്നെ ഭാര്യാ-ഭർത്താക്കന്മാരായിക്കഴിഞ്ഞു....' എല്ലാം വഞ്ചന! കൊള്ളരുതാത്തവന്റെ ചതിയിൽ കുടുങ്ങിപ്പോയി.

ഉഷ ഉറക്കമുണർന്നപ്പോൾ സൂര്യകിരണങ്ങൾ വ്യാപിച്ചു കഴിഞ്ഞിരുന്നു. മനസ്സ് കുറേ ശാന്തമായിക്കഴിഞ്ഞിരുന്നു. എന്നാൽ ശരീരം ശിഥിലമായിരിക്കുന്നു. നേരിയ തലവേദന അനുഭവപ്പെട്ടു. ദാഹവും. ഉഷ ഉണർന്നതു കണ്ടപ്പോൾ റോസി ഓടിയെത്തി. നെറ്റിയിൽ ചുംബിച്ചു.

"എനിക്കു ചായ വേണം."

ചായ കുടിച്ചുകഴിഞ്ഞപ്പോൾ റോസിയും മമ്മിയും ചേർന്ന് അവളുടെ മേലാകെ നനഞ്ഞ തുണികൊണ്ടു തുടച്ചു. മുടി ചീകിക്കെട്ടി. ഉടുപ്പുമാറ്റി. അപ്പോഴും അവളുടെ മനസ്സിൽ വഞ്ചിക്കപ്പെട്ടതിലുള്ള വെറുപ്പുണ്ടായിരുന്നു. പത്രമെടുത്തു കണ്ണോടിച്ചു. ആരോടും സംസാരിക്കാൻ തോന്നിയില്ല. ഡോക്ടർ കൊടുത്ത പുസ്തകം മറിച്ചുനോക്കി. ആകർഷകമായിത്തോന്നിയില്ല. മമ്മിയോടു നെഹ്റുവിന്റെ ആത്മകഥ എടുത്തു കൊടുക്കാൻ പറഞ്ഞു. വായിച്ചുകൊണ്ടിരിക്കുമ്പോഴും വഞ്ചിക്കപ്പെട്ടുവെന്ന തോന്നൽ മനസ്സിൽ ഒളിമിന്നി. ആ ചിന്തയെ തള്ളിമാറ്റിക്കൊണ്ട് വീണ്ടും പുസ്തകത്തിൽ ലയിക്കാൻ ശ്രമിച്ചു. വെളളിയാഴ്ചയാകുമ്പോഴേക്കും പുസ്തകം രണ്ടാവട്ടം വായിച്ചുകഴിഞ്ഞിരുന്നു.

വെളളിയാഴ്ച ഉച്ചയ്ക്കുശേഷം ചിത്ര വന്നു. കുട്ടുകാരിയെ മന്ദസ്മിതത്തോടെ സ്വാഗതംചെയ്തു. അടുത്തുതന്നെ കട്ടിലിൽ പിടിച്ചിരുത്തി.

"ആകെ ഉണങ്ങിനിറിക്കുന്നല്ലോടി, എന്തു പറ്റി?"

"നിനക്കു തോന്നുന്നതാ. അൾപ്പം മെയങ്ങി. ഇപ്പോൾ ഉണർന്നതേ..."

"നിർമ്മൽ വന്നോ?" ചിത്ര പുഞ്ചിരിച്ചുകൊണ്ടു ചോദിച്ചു.

"അക്കാര്യം കള" ഉഷ തല തിരിച്ചുകൊണ്ടു പറഞ്ഞു.

"അതെന്താ? എന്തുണ്ടായി?" ചിത്ര സാശ്ചര്യം ചോദിച്ചു.

ഉഷ മൗനിയായി ചുമരിലേക്കു കണ്ണും നട്ടുകൊണ്ട് കിടന്നു. മുഖത്ത് ഗൗരവം. ചിത്ര അടുത്തു ചെന്നിരുന്നു. തല തടവിക്കൊണ്ട് ചോദിച്ചു—"എന്തുണ്ടായീന്നു പറ."

ഉഷയ്ക്കു തൊണ്ടയിടറി. ഏതാനും നിമിഷനേരത്തെ മൗനത്തിനുശേഷം മിസ്സസ്സ് ചൗഹാൻ പറഞ്ഞ കാര്യങ്ങൾ പറഞ്ഞു കേൾപ്പിച്ചു.

ചിത്രയ്ക്കു വല്ലാത്ത വിഷമം തോന്നി. "അവൻ പററിച്ചു, അല്ലേ?"

"കൊള്ളരുതാത്തവൻ! വിശ്വാസ ഘാതകൻ!"

"വളരെ നന്നായീന്നാ എനിക്കു തോന്നുന്നേ." ഉഷയുടെ കണ്ണുകൾ ചെമ്പനീർപ്പൂപോലെ ചുവന്നിരുന്നു. "കല്യാണത്തിനു ശേഷമാണ് ഇങ്ങനെ സംഭവിക്കുന്നതെങ്കിലോ?.....താങ്ക് ഗോഡ്! അപകടം ഒരു മാസം മുമ്പുതന്നെ സംഭവിച്ചല്ലോ. കല്യാണത്തിനു ശേഷമാണ് ഇതു സംഭവിച്ചിരുന്നതെങ്കിൽ എന്നെ പൊട്ടിയ ചെരിപ്പുപോലെ വലിച്ചെറിഞ്ഞേനേ! ചർച്ചിൽ വച്ചുള്ള ചടങ്ങുകൾ പൂർത്തിയായിട്ടില്ലെന്നതു നേരുതന്നെ. എന്നാൽ അദ്ദേഹത്തിന്റെ പ്രതിജ്ഞകളെങ്ങുപോയി! ബൈബിൾ തൊട്ടുകൊണ്ടുള്ള പ്രതിജ്ഞകൾ ആരും ലംഘിക്കാറില്ല. വലിയ ഉദ്യോഗസ്ഥനാകുമെന്ന അഹങ്കാരം തന്നെ. അവരുടെയൊക്കെ തനിനിറം കണ്ടല്ലോ...." നെഹ്റുവിന്റെ ആത്മകഥ തുറന്ന് സർക്കാർ ഉദ്യോഗസ്ഥന്മാരെക്കുറിച്ച് അദ്ദേഹം കുറിച്ച അഭിപ്രായം കാട്ടിക്കൊടുത്തു-"നാട്ടിനെക്കുറിച്ചോ നാട്ടുകാരുടെ സുഖദുഃഖങ്ങളെക്കുറിച്ചോ ചിന്തയില്ലാത്ത വർഗ്ഗം!....അവനുണ്ടോ ഒരു വ്യക്തിയുടെ ജീവിതത്തെക്കുറിച്ച് ചിന്ത!..... എന്തായാലും രക്ഷപ്പെട്ടു. പൊട്ടക്കിണറ്റിൽ വീഴാൻ പോകയായിരുന്നു. [illegible] ളയുതാത്തവന്റെ കൂടെ ജീവി [illegible]ല്ലോ...."

"പ്രേമവും മുഹബത്തുമൊക്കെ വെറും തട്ടിപ്പ്." ദീർഘനിശ്വാസത്തോടെ ചിത്ര പറഞ്ഞു: "പെൺകുട്ടികളെ സംബന്ധിച്ചേടത്തോളം കല്യാണം അകലത്തെ അമ്പിളി തന്നെ.....പ്രേമവും നിഷ്ഠയുമൊക്കെ സ്ത്രീകളുടെ മാത്രം ധർമ്മം! പുരുഷന്മാർക്ക് എന്താണ് ഇഷ്ടം, എന്താണ് സൗകര്യം, അങ്ങനെയാവാം. എന്റെ മുത്തശ്ശിയുടെ കാര്യം പറഞ്ഞിരുന്നല്ലോ. പ്രസവിക്കുന്നില്ലാന്നും പറഞ്ഞ് ഭർത്താവ് മറ്റൊരുത്തിയെ കെട്ടി. അവരും പ്രസവിച്ചില്ല. ചിന്തിച്ചുപോവുകയാണ്. നമുക്കോ മറ്റോ എങ്ങാനും അങ്ങനെ സംഭവിച്ചുപോയിരുന്നെങ്കിൽ!....."

നാലു മണിക്കുവന്ന ചിത്ര ഏഴുമണിവരെ ഇരുന്നു. രണ്ടുപേരും എന്തൊക്കെയോ കുശുകുശുത്തുകൊണ്ടിരുന്നു. ചിത്രയോടു എല്ലാം തുറന്നുപറയാൻ കഴിഞ്ഞതുകൊണ്ട് ഉഷയുടെ മനസ്സിനൊരു ലാഘവം അനുഭവപ്പെട്ടു. മുഖത്ത് പ്രസന്നതയും പുഞ്ചിരിയും തിരിച്ചുവന്നില്ലെങ്കിലും മുമ്പത്തെപ്പോലെ സംസാരിച്ചുതുടങ്ങിയിരിക്കുന്നു.

ഡോക്ടറുടെ ഉപദേശാനുസരണം പണ്ഡിത്ജി മകൾക്കായി കക്ഷത്തുവയ്ക്കുന്ന ഊന്നുവടി കൊണ്ടുവന്നിരുന്നു. ഉഷ അതുപയോഗിച്ച് രാവിലേയും വൈകുന്നേരവും മുറ്റത്തു നടന്നു തുടങ്ങി. കിടന്നുകൊണ്ടും പ്ളാസ്റ്ററിട്ട കാലിന്റെ വിരലുകൾ ചലിപ്പിച്ചുകൊണ്ടിരുന്നു. എത്രയും വേഗത്തിൽ കാൽ ശരിപ്പെടണം. എന്നിട്ട് ഞായറാഴ്ച പളളിക്കു പോകണം. പന്ത് കുടുംബത്തെ കണ്ടാൽ കണ്ടതായി നടിക്കില്ല. ഹൈഹീൽഡ് ചെരിപ്പും ധരിച്ച് ടക്....ടക്.....എന്നു ശബ്ദമുണ്ടാക്കിക്കൊണ്ട് അവരുടെ മുമ്പിലൂടെ ഒരു നടത്തം.....

മേയ് മുന്നാംതിയതി പ്ളാസ്റ്ററെടുക്കാൻ പററുമെന്ന് ഉഷയ്ക്ക് പൂർണ്ണ വിശ്വാസമുണ്ടായിരുന്നു. ജൂലായ് രണ്ടാം വാരത്തിലേയുണിവേഴ്സിറ്റി ക്ളാസ്സുകൾ തുടങ്ങും. എം.എ.ക്കു ചേരണം. അപ്പോഴേക്കും നേരാംവണ്ണം നടക്കാൻ കഴിയണം. ജയപ്രകാശ് നാരായണന്റേയും ഇമായിൽ ബേണിന്റേയും പുസ്തകങ്ങൾ രണ്ടാവർത്തി വായിച്ചു കഴിഞ്ഞിരുന്നു. ലാസ്കിയുടെ പുസ്തകം അതേ ശ്രദ്ധയോടെ വായിച്ചുകൊണ്ടിരിക്കുകയാണിപ്പോൾ. പരീക്ഷയ്ക്കു പഠിക്കുകയാണെന്നേ കണ്ടവർക്കു തോന്നൂ. പന്ത് കുടുംബത്തിന്റെ കാര്യം വിസ്മരിക്കാൻ ശ്രമിക്കുകയായിരുന്നു. ഇടയ്ക്കൊരു വിഷമം.....ആ കൊള്ളരുതാത്തവനെ ചുംബിക്കാൻ വിട്ടതു കഷ്ടമായിപ്പോയി. ചുണ്ടുകളിൽ ചീഞ്ഞളിഞ്ഞ വസ്തു സ്പർശിച്ചതുപോലുള്ള അനുഭവം.

(തുടരും)

ഡോ: ആർ. പ്രസന്നൻ

നിയമസഭയിൽ നിശ്ശബ്ദനായി

പത്മവ്യൂഹത്തിലകപ്പെട്ട ഗവർണർ

നാൽപ്പത്തിയൊന്ന് കാശ്മീരിലെ വിശ്രുതമായ ഹസ്രത്ത് ബാൽ പള്ളിയിൽ സൂക്ഷിച്ചിരുന്ന നബിതിരുമേനിയുടെ വിശുദ്ധമായ തലമുടി നാര് കാണ്മാതായപ്പോൾ അതു കണ്ടെത്താൻ പ്രധാനമന്ത്രി ജവഹർലാൽ നെഹ്റു ചുമതലപ്പെടുത്തിയത്, അന്ന് ആഭ്യന്തരവകുപ്പു സെക്രട്ടറിയായിരുന്ന ശ്രീ.വി. വിശ്വനാഥനെയായിരുന്നു. മുസ്ലീം മതവിശ്വാസികളെ ആനന്ദത്തുന്ദിലരാക്കുകയും പ്രധാനമന്ത്രി ഉൾപ്പെടെയുള്ളവരെയെല്ലാം അദ്ഭുതപരതന്ത്രരാക്കുകയും ചെയ്തുകൊണ്ട് ഏതാനും ദിവസങ്ങൾക്കുള്ളിൽ ശ്രീ.വിശ്വനാഥൻ ആ അമൂല്യവസ്തു കണ്ടെത്തി പൂർവസ്ഥാനത്തു നിക്ഷേപിച്ചു. അതിലേക്ക് അദ്ദേഹമുപയോഗിച്ച തന്ത്രം എന്തായിരുന്നുവെന്നത് അദ്ദേഹത്തിനു മാത്രം അറിയാവുന്ന രഹസ്യമാണ്. (ആ രഹസ്യം അദ്ദേഹത്തോടൊപ്പം മൺമറയുകയും ചെയ്തു.)

ഇനാധിപത്യപ്രക്രിയയിലൂടെ ചരിത്രത്തിലാദ്യമായി അധികാരത്തിലേറിയ കമ്മ്യൂണിസ്റ്റ് മന്ത്രിസഭയ്ക്കു നേതൃത്വം നല്കിയ ശ്രീ.ഇ.എം.എസ്. നമ്പൂതിരിപ്പാട്, വർഷങ്ങൾക്കുശേഷം വീണ്ടും മുഖ്യമന്ത്രിയായി ഭരണാധികാരം വഹിക്കുന്ന കാലത്ത്, കേരളത്തിലെ ഗവർണർ സ്ഥാനത്ത് അവരോധിക്കാൻ പ്രധാനമന്ത്രി ശ്രീമതി ഇന്ദിരാഗാന്ധി കണ്ടെത്തിയതും ശ്രീ.വിശ്വനാഥനെയാണ്. കുശാഗ്രബുദ്ധിയും നയകോവിദനും സർവോപരി താത്വികാചാര്യനുമായ ശ്രീ.നമ്പൂതിരിപ്പാട് മുഖ്യമന്ത്രിയായിരിക്കുമ്പോൾ ഒരു ഗവർണർക്കും അലംഭാവം പുണ്ടിരിക്കാൻ കഴിയുകയില്ല എന്നറിഞ്ഞുകൊണ്ടുതന്നെയാണ് ശ്രീ. വിശ്വനാഥൻ രാജ്ഭവനിൽ വാസം തുടങ്ങിയത്.

കേന്ദ്രത്തിന്റെ പക്ഷപാതപരമായ പെരുമാറ്റത്തെക്കുറിച്ച് പ്രതിപക്ഷകക്ഷികൾ ഭരിക്കുന്ന സംസ്ഥാനത്തിൽ വമ്പിച്ച പ്രചരണസാദ്ധ്യതയുണ്ടല്ലോ. നിത്യനൂതനമായ ആ പ്രചാരണ പരിപാടിക്ക് ഒരുതരത്തിലും മങ്ങലോ കോട്ടമോ തട്ടാതിരിക്കാൻ 'കേന്ദ്രത്തിന്റെ ഏജന്റാ'യ ഗവർണറെ കാൽ വിരൽത്തുമ്പിൽ നിറുത്തേണ്ടത് ആവശ്യമാണ്. അതിന്റെ ഭാഗമായി, കേന്ദ്ര-സംസ്ഥാന ബന്ധത്തെ ബാധിക്കുന്നതും അല്ലാത്തതുമായ പല ഭരണകാര്യങ്ങളെക്കുറിച്ചും മുഖ്യമന്ത്രിയായ ശ്രീ.നമ്പൂതിരിപ്പാട് ഗവർണർക്ക് ഔപചാരികമായി കത്തെഴുതുക പതിവുണ്ടായിരുന്നു എന്നാണ് കേട്ടിട്ടുള്ളത്.

തുറന്നതും അടച്ചതുമായ കത്തുകൾ അയയ്ക്കുന്നതിൽ ശ്രീ. നമ്പൂതിരിപ്പാടിനുള്ള വിരുത് പ്രസിദ്ധവും പ്രസിദ്ധമാണല്ലോ. അതിരാവിലെ വാലയ്ക്കോ അഞ്ചരയ്ക്കോ [illegible] കിടക്കുമ്പോൾ മുതൽ ഉറങ്ങണമെന്നുവച്ച് കിടക്കുമ്പോൾ വരെ അദ്ദേഹം ഒരുദിവസം എഴുതുന്ന വൈവിദ്ധ്യമാർന്ന കാര്യങ്ങൾ, ലോകത്തു മറ്റാരുടെയെങ്കിലും വിരൽത്തുമ്പിലോ നാവിൻതുമ്പിലോ കൂടി പുറത്തുവരാറുണ്ടെന്നു തോന്നുന്നില്ല. രാഷ്ട്രീയം, സാമ്പത്തികം, ചരിത്രം, സാഹിത്യം എന്നിത്യാദി വിഷയങ്ങളെക്കുറിച്ച്, നിർമ്മാണത്തിലിരിക്കുന്ന ഒന്നോ രണ്ടോ ഗ്രന്ഥത്തിലെ ഏതാനും അദ്ധ്യായങ്ങൾ, ആധികാരികങ്ങളും ശ്രദ്ധേയങ്ങളുമായിത്തീരാവുന്ന പ്രബന്ധങ്ങളിലെ കാതലായ ഭാഗങ്ങൾ, ആനുകാലിക പ്രസിദ്ധീകരണങ്ങൾക്കുള്ള ലേഖനങ്ങൾ, ദൈനംദിന രാഷ്ട്രീയകാര്യസംബന്ധിയായ പ്രസ്താവനകൾ മുതലായവ തയ്യാറാക്കുന്നതോടൊപ്പം, എഴുതുന്നവയാണ് പ്രതിയോഗികൾക്കും അനുയായികൾക്കും സുഹൃത്തുക്കൾക്കും അയയ്ക്കുന്ന, പരസ്യപ്പെടുത്തുന്നവയും അല്ലാത്തവയുമായ, കത്തുകൾ.

ഭാരതീയ തർക്കശാസ്ത്രത്തിന്റെ പ്രയോഗസവിശേഷതകൾ ഹൃദിസ്ഥമാക്കിയിട്ടുള്ള ശ്രീ.നമ്പൂതിരിപ്പാടുമായി വാദത്തിലേർപ്പെടുന്നത് അപകടകരമാണെന്ന് അറിയാത്തവരില്ല. പ്രസ്താവനാസമരങ്ങളിലും കത്തിടപാടുകളിലും ഏർപ്പെടുമ്പോൾ പ്രതിയോഗികൾ തീരെ പ്രതീക്ഷിക്കാത്ത രീതിയിലും സന്ദർഭത്തിലുമായിരിക്കും അദ്ദേഹം അവരെ വെട്ടിലാക്കുന്നതും മുട്ടുകുത്തിക്കുന്നതും. അവരെ കുടുക്കാനുള്ള കെണിയൊരുക്കുന്നത് അവരുടെ പ്രസ്താവനകളിലെയും കത്തുകളിലെയും ചില വാക്കുകളോ വാചകങ്ങളോ അടർത്തിയെടുത്തായിരിക്കും. അദ്ദേഹത്തിന്റെ അടവുകൾ വേണ്ടപോലെ മനസ്സിലാക്കിയിട്ടുള്ളത് അവിടെ ത കമ്മ്യൂണിസ്റ്റു പാർട്ടിയിലെ ചില പൂർവകാല സുഹൃത്തുക്കൾ മാത്രമാണെന്നു തോന്നുന്നു.

വി. വിശ്വനാഥൻ

പൊതു ചടങ്ങുകളിൽ ശ്രീ. വിശ്വനാഥൻ വളരെ അപൂർവമായി മാത്രമേ സംബന്ധിച്ചിരുന്നുള്ളുവെങ്കിലും, കേരളീയ ജീവിതത്തിന്റെ വിവിധ മണ്ഡലങ്ങളിൽ പെടുന്ന വരുൾപ്പെടെയുള്ള അതിവിപുലമായ പരിചിതവലയം തനിക്കു ചുറ്റും സൃഷ്ടിക്കാൻ അദ്ദേഹത്തിനു കഴിഞ്ഞിരുന്നു. സജീവ രാഷ്ട്രീയത്തിൽ അദ്ദേഹത്തിനു വലിയ താല്പര്യമില്ലായിരുന്നു.

മുഖ്യമന്ത്രിയെന്ന നിലയിൽ ശ്രീ.നമ്പൂതിരിപ്പാട് അയച്ചിരുന്ന കത്തുകൾക്കൊന്നിനും ശ്രീ.വിശ്വനാഥൻ മറുപടി എഴുതിയിരുന്നില്ല എന്നാണ് അക്കാലത്ത് സെക്രട്ടേറിയറ്റു വൃത്തങ്ങളിൽ പറഞ്ഞുകേട്ടിരുന്നത്. ശ്രീ.നമ്പൂതിരിപ്പാടിനെക്കുറിച്ചു കേട്ടും കണ്ടും അറിഞ്ഞ കാര്യങ്ങളുടെ അടിസ്ഥാനത്തിലായിരിക്കണം, പ്രത്യക്ഷത്തിൽ സാമാന്യ മര്യാദയ്ക്കു നിരക്കാത്തതെന്നു തോന്നുന്ന അത്തരം ഒരു നടപടിക്കു ശ്രീ. വിശ്വനാഥൻ മുതിർന്നത്. പക്ഷേ, കത്തു കിട്ടിയാലുടൻ തന്റെ സെക്രട്ടറി മുഖാന്തിരം മുഖ്യമന്ത്രിയെ അദ്ദേഹം കൂടിക്കാഴ്ചയ്ക്കു ക്ഷണിച്ചിരുന്നുപോൽ. രണ്ടുപേരും ഒത്തുകൂടുമ്പോഴാകട്ടെ, വിവിധ വിജ്ഞാനമേഖലകളിൽ പാണ്ഡിത്യം നേടിയ ഇരുവർക്കും സംസാരിക്കാൻ പററിയ വിഷയങ്ങൾ ഏറെയുണ്ടായിരുന്നുതാനും. കൂട്ടത്തിൽ കത്തിൽ പരാമർശിച്ചിരുന്ന കാര്യങ്ങളും ചർച്ചാവിഷയമാകും.

എന്നിരുന്നാലും ശ്രീ.നമ്പൂതിരിപ്പാട് വീണ്ടും വീണ്ടും കത്തുകളെഴുതിയിരുന്നു. കൂടിക്കാഴ്ചകളും തുടർന്നുകൊണ്ടിരുന്നു. ശ്രീ.നമ്പൂതിരിപ്പാട് മുഖ്യമന്ത്രിസ്ഥാനത്തുനിന്നു സ്വയം വിരമിച്ചതിനുശേഷവും ഈ പതിവിനു മാറ്റം വന്നില്ല. കത്തുകളുടെയും കൂടിക്കാഴ്ചകളുടെയും എണ്ണം ചുരുങ്ങിയെന്നുമാത്രം.

ഗവർണറെന്ന നിലയിൽ ശ്രീ.വിശ്വനാഥന്റെ അവിതർക്കിതമായ പ്രവർത്തന വിജയം കണക്കിലെടുത്തുകൊണ്ടായിരിക്കണം, അദ്ദേഹത്തിന്റെ പിൻഗാമിയായി മറ്റൊരു സിവിൽ സർവീസ് ഉദ്യോഗസ്ഥനെ നിയോഗിച്ചത്. പക്ഷേ, ശ്രീ.കൈലാസ്നാഥ് വാഞ്ചു ശ്രീ.വിശ്വനാഥനിൽനിന്ന് പല കാര്യങ്ങളിലും വ്യത്യസ്തനായിരുന്നു.

പൊതു ചടങ്ങുകളിൽ ശ്രീ.വിശ്വനാഥൻ വളരെ അപൂർവമായി മാത്രമേ സംബന്ധിച്ചിരുന്നുള്ളുവെങ്കിലും, കേരളീയ ജീവിതത്തിന്റെ വിവിധ മണ്ഡലങ്ങളിൽപ്പെടുന്നവരുൾപ്പെടെയുള്ള അതിവിപുലമായ പരിചിതവലയം തനിക്കു ചുറ്റും സൃഷ്ടിക്കാൻ അദ്ദേഹത്തിനു കഴിഞ്ഞിരുന്നു. സജീവരാഷ്ട്രീയത്തിൽ അദ്ദേഹത്തിനു വലിയ താൽപര്യമില്ലായിരുന്നു. പക്ഷേ, കേരളരാഷ്ട്രീയത്തിലെ ചെറിയ ചലനങ്ങൾപോലും രാജ്ഭവനിലെ വിശാലമായ പുൽത്തകിടിയിലിരുന്ന് അദ്ദേഹം മനസ്സിലാക്കിയിരുന്നു. അദ്ദേഹത്തെ മാർച്ചിനോടനുബന്ധിച്ച് ശ്രീ.നമ്പൂതിരിപ്പാട് അയച്ച കത്തിന് ഗവർണർ നല്കിയ മറുപടിതന്നെ വിവാദവിഷയമായിത്തീർന്നു. കത്തിലെ നിർദ്ദോഷമെന്നു തോന്നിയ ചില ഭാഗങ്ങൾ, താർക്കികനായ പ്രതിപക്ഷ നേതാവിന്റെ കൈയിൽ ഒന്നാംതരം കേന്ദ്ര വിരുദ്ധ പ്രചരണായുധമായി മാറി.

രാഷ്ട്രീയാന്തരീക്ഷം കാർമേഘാവൃതമായിരുന്നുവെങ്കിലും മൂന്നുമാസക്കാലത്തോളം നീണ്ടു നില്ക്കുന്ന ഒരു നിയമസഭാ സമ്മേളനത്തിന് ഗവൺമെന്റ് വട്ടം കൂട്ടുകയായിരുന്നു. പ്രക്ഷോഭണോത്സുകരായി നില്ക്കുന്ന പ്രതിപക്ഷത്തെ നിയമസഭയ്ക്കകത്തു നേരിടുന്നതാണു ബുദ്ധിപൂർവമെന്ന് പൂർവാനുഭവത്തിൽക്കൂടി അവർ മനസ്സിലാക്കിയിരിക്കണം. നേതാക്കന്മാരെല്ലാം നിയമസഭാ നടപടികളിൽ വ്യാപൃതരായിക്കഴിയുമ്പോൾ, പുറത്തുള്ള സമരങ്ങൾക്കും പ്രകടനങ്ങൾക്കും ഒരു 'വേലിയിറക്കം' ഉണ്ടാവുക സ്വാഭാവികമാണല്ലോ.

നിയമസഭയിൽ പുതിയ ഗവർണറുടെ കന്നി പ്രസംഗമാണ്. ഗവർണർ മലയാളത്തിൽ

ഒടുവിൽ ഗത്യന്തരമില്ലാതെ ഗവർണറെ മോചിപ്പിക്കുന്നതിനായി അസംബ്ലിയിലെ അംഗരക്ഷകരെത്തന്നെ നിയോഗിക്കാൻ തീരുമാനിച്ചു. ദൃഢനിശ്ചയത്തോടെ അവർ അടുത്തേക്കു വരുന്നതു കണ്ടപ്പോൾ ഗവർണറെ തടഞ്ഞു വച്ചിരുന്ന അംഗങ്ങൾ പെട്ടെന്നു നിലത്തു കിടന്നുകൊണ്ടു മുദ്രാവാക്യം മുഴക്കാൻ തുടങ്ങി. മറ്റംഗങ്ങൾ അവർക്കു ചുറ്റിനും കൂടി. ഉന്തും തള്ളും പിടിയും വലിയും, പിന്നെ പലതും ഉണ്ടാവുമെന്നു തോന്നി. സംഗതി ആകെ അലമ്പാവുമോ?

എൻ.എൻ. വാഞ്ചു

കാണാനെത്തുന്നവരുടെ പുറംപോലെ അകവും കണ്ടെത്തുവാനും കത്തയയ്ക്കുന്നവരുടെ ഉള്ളിലിരിപ്പറിയുവാനും അദ്ദേഹത്തിന് അസാധാരണമായ കഴിവുണ്ടായിരുന്നു.

ശ്രീ.വാഞ്ചു ആകൃതിയിലും പ്രകൃതിയിലും ഒരു 'ജെന്റിൽമാൻ' ആയിരുന്നു. സുമുഖനായ അദ്ദേഹത്തിന്റെ പെരുമാറ്റവും സൗമ്യവും സൗഹൃദപൂർണ്ണവുമായിരുന്നു. എങ്കിലും, ഐ.സി.എസ് വംശപരമ്പരയിൽപ്പെട്ടതുകൊണ്ടാവാം, അദ്ദേഹം എല്ലാവരോടും എല്ലായ്പ്പോഴും അല്പം അകൽച്ച പുലർത്തിയിരുന്നു. ഈ അകൽച്ച കാരണം, ആളുകളെ അടുത്തറിയുവാനും അവരെ അളന്നു തിട്ടപ്പെടുത്തുവാനും അവരിൽനിന്ന് ആവശ്യമായ വിവരങ്ങൾ ശേഖരിക്കാനും അദ്ദേഹത്തിനു പ്രയാസമനുഭവപ്പെട്ടിരുന്നു. കേരളത്തിലെ അതിസങ്കീർണ്ണമായ രാഷ്ട്രീയ-സാമൂഹ്യ ബന്ധങ്ങളുടെ ഉള്ളറകളിലേക്കു കടക്കുന്നതിന് അദ്ദേഹത്തിനു കഴിയാതെ പോയതിന് ഒരു പ്രധാന കാരണവും അതാണ്.

അദ്ദേഹത്തിന്റെ രാജ്ഭവൻ വാസത്തിന്റെ ആദ്യനാളുകളിലാണ് മാർക്സിസ്റ്റു പാർട്ടിയുടെ നേതൃത്വത്തിൽ ഭക്ഷ്യദൗർലഭ്യത്തിനെതിരെയും കേന്ദ്ര അവഗണനയുടെയും പേരിൽ രാജ്ഭവൻ മാർച്ച് നടന്നത്. പ്രസംഗിക്കണമെന്നുള്ളത് സോഷ്യലിസ്റ്റ് കക്ഷിയംഗങ്ങൾ എല്ലാ വർഷവും ആവർത്തിച്ചാവർത്തിച്ച് ഉന്നയിക്കാറുള്ള ആവശ്യമായിരുന്നു. ഗവർണർ ഇംഗ്ലീഷിൽ പ്രസംഗിക്കുവാൻ ആരംഭിക്കുന്നതോടെ പ്രതിഷേധസൂചകമായി മുദ്രാവാക്യം മുഴക്കിക്കൊണ്ട് പുറത്തേക്കുപോകുന്നതും ആവർത്തനം കൊണ്ടു പുതുമ നശിച്ച ഒരു പരിപാടിയായിത്തീർന്നുകഴിഞ്ഞിരുന്നു. ആരുടേയും പിന്തുണ നേടാൻ കഴിയാതെപോയ അനുഷ്ഠാനപരമായ ഈ പരിപാടിമൂലം അവർ എല്ലാ രീതിയിലും പരിഹാസപാത്രങ്ങളായിത്തീരുകയും ചെയ്തു.

ചില ഉത്തരേന്ത്യൻ ഹിന്ദിഭ്രാന്തന്മാരുടെ ആംഗലഭാഷാവിരോധത്തിൽനിന്നും ഉടലെടുത്തതായിരുന്നുവല്ലോ സോഷ്യലിസ്റ്റ് കക്ഷിക്കാർ പ്രകടമാക്കിയിരുന്ന മാതൃഭാഷാപ്രേമം. ഭാഷയുടെ കാര്യത്തിൽ ഉത്തർപ്രദേശ്, ബീഹാർ വാസികൾക്കും തമിഴർക്കുമുള്ള ഉൽക്കടമായ വികാരവിക്ഷോഭങ്ങൾ മലയാളികൾക്കും ഉണ്ടായിരിക്കുമെന്ന് ഉത്തരേന്ത്യാക്കാരനായ ഗവർണർ ധരിച്ചുവശായിട്ടുണ്ടായിരിക്കണം. കേരളത്തിലെത്തിയ ഉടനെ മലയാളഭാഷാപഠനത്തിനായി ഉത്സാഹപൂർവം ഒരുമ്പെട്ടതും അദ്ദേഹത്തിന്റെ വിലപ്പെട്ട സമയത്തിൽ ഏതാനും മണിക്കൂറുകൾ ദിവസവും അതിലേക്കായി പ്രാരംഭദശയിൽ വിനിയോഗിച്ചിരുന്നതും അക്കാരണംകൊണ്ടാണല്ലോ. ഏതായാലും നിയമസഭയിൽ നടത്തുന്ന കന്നി പ്രസംഗത്തിന്റെ ഏതാനും ഭാഗങ്ങളെങ്കിലും മലയാളഭാഷയിൽത്തന്നെയാവണമെന്ന് അദ്ദേഹത്തിനു നിർബന്ധമുണ്ടായിരുന്നു. അന്യനാട്ടുകാരനായ ഗവർണർ മലയാളത്തിൽ പ്രസംഗിക്കുന്നതു കേൾക്കുമ്പോൾ അമ്മിഞ്ഞപ്പാലിന്റെ മണവും മാധുര്യവും മലയാളികളായ അംഗങ്ങൾക്ക് അനുഭവപ്പെടുമെന്നും അവർ അഭിമാനംകൊണ്ട് പുളകിതഗാത്രരായി അടങ്ങിയിരുന്നുകൊള്ളുമെന്നും ആരെങ്കിലും ശുദ്ധാത്മാവായ അദ്ദേഹത്തെ ധരിപ്പിച്ചിട്ടുണ്ടായിരുന്നുവോ എന്നറിയില്ല.

മലയാള ഭാഷാപാണ്ഡിത്യത്തിൽ ദത്തശ്രദ്ധനായിരുന്നതിനാലാവാം ഗവർണറുടെ ശ്രദ്ധ സുരക്ഷിതത്വ നടപടികളിൽ വേണ്ടത്ര പതിയാതെ പോയത്. നയപ്രഖ്യാപന പ്രസംഗവേളയിൽ പ്രതിപക്ഷകക്ഷികളുടെ പ്രതിഷേധപ്രകടനം ഏതുവിധത്തിലായിരിക്കുമെന്ന് മുൻകൂട്ടി അറിയുവാൻ ശ്രീ.വിശ്വനാഥൻ പല മാർഗ്ഗങ്ങളും അവലംബിച്ചിരുന്നു. പൊലീസിലെ രഹസ്യാന്വേഷണ വിഭാഗവുമായി നിരന്തരസമ്പർക്കം പുലർത്തുന്നതു കൊണ്ടുമാത്രം അദ്ദേഹം തൃപ്തിപ്പെട്ടിരുന്നില്ല. അദ്ദേഹത്തിന്റെ വിപുലമായ രാഷ്ട്രീയ ബന്ധങ്ങളും വിശ്വസ്തരായ ഉദ്യോഗസ്ഥന്മാരുടെ സേവനവും അദ്ദേഹം അതിലേക്കായി ഉപയോഗിച്ചിരുന്നു. പ്രസംഗവേളയിലോ അതിനുമുൻപോ എന്തെങ്കിലും പ്രതിബന്ധങ്ങൾ സൃഷ്ടിച്ചാൽ അതെങ്ങനെ നേരിടണമെന്നതിനെക്കുറിച്ചും അദ്ദേഹം മുൻകൂട്ടി ആലോചിച്ചുറച്ചിരുന്നു.

ഗവർണർ ശ്രീ.വാഞ്ചുവിന്റെ നയപ്രഖ്യാപന പ്രസംഗം കേൾക്കാൻ അദ്ദേഹത്തിന്റെ പത്നിയും കുടുംബാംഗങ്ങളും ഉണ്ടാവുമെന്ന് രാജ്ഭവനിൽനിന്ന് നേരത്തേ വിവരം ലഭിച്ചിരുന്നു. അവർ നേരത്തേ എത്തുകയും വിശിഷ്ടാതിഥികൾക്കുള്ള ഗ്യാലറിയിൽ അവർക്കായി സജ്ജീകരിച്ചിരുന്ന സീറ്റുകളിൽ ഉപവിഷ്ടരാവുകയും ചെയ്തു.

അഞ്ചുമണി ആകാൻ പതിനഞ്ചു മിനിട്ടുള്ളപ്പോൾ രാജ്ഭവനിൽനിന്നും ഒരു സന്ദേശം ലഭിച്ചു—പതിവുപോലെ. ഗവർണർ നിയമസഭാമന്ദിരത്തിലേക്കു പുറപ്പെടുവാൻ തയ്യാറായിക്കഴിഞ്ഞു എന്നായിരുന്നു സന്ദേശം. ഗവർണറെ ഔപചാരികമായി സ്വീകരിക്കുന്നത് നിയമസഭാകവാടത്തിൽ പ്രത്യേകമായി കെട്ടി അലങ്കരിച്ച പന്തലിൽവച്ച് സ്പീക്കറും നിയമസഭാ സെക്രട്ടറിയും ചേർന്നാണ്. അതിലേക്കായി ഞാൻ മുറിയിൽനിന്നും ഇറങ്ങാൻ തുടങ്ങുമ്പോൾ മറെറാരു ഫോൺ സന്ദേശം.

''ഗവർണർ വരുമ്പോൾ മാർക്സിസ്റ്റുകാർ കൂഴപ്പമുണ്ടാക്കും. കരുതിയിരിക്കുക.''

പതിഞ്ഞ സ്വരത്തിൽ ഇംഗ്ലീഷിൽ ഇത്രയും മാത്രമേ പറഞ്ഞുള്ളൂ. അങ്ങേതലയ്ക്കൽ റിസീവർ താഴെവയ്ക്കുന്ന ശബ്ദം കേട്ടു. ഈ രഹസ്യസന്ദേശം ഫോൺവഴി പകർന്നത് ആരാണെന്നോ എവിടെനിന്നാണെന്നോ ഒരു

രൂപവുമില്ലായിരുന്നു.

ഗവർണർ നിയമസഭാകവാടത്തിൽ എത്തുന്നതിന് ഏതാനും മിനിട്ടുകൾ മാത്രമുള്ളപ്പോൾ എന്താണു ചെയ്യുക? സന്ദേശത്തിന്റെ ഉറവിടം കൂടി അറിയാതിരിക്കുമ്പോൾ അത് എങ്ങനെ വിശ്വസിക്കും? വിശ്വസിച്ചാൽത്തന്നെയും ആ വൈകിയവേളയിൽ അതിന് മേൽ എന്തു നടപടിയെടുക്കാൻ കഴിയും? ഗവർണർ രാജ്ഭവനിൽനിന്നും പുറപ്പെടുകഴിഞ്ഞു. പൊലീസിനെ എങ്ങനെ വിവരം ധരിപ്പിക്കും? നിയമസഭയ്ക്കകത്തുവച്ചാണ് 'കുഴപ്പം' ഉണ്ടാകുന്നതെങ്കിൽ അവർക്ക് ഒന്നും ചെയ്യാനും കഴിയുകയില്ല.

വിവരം സ്പീക്കറെ ധരിപ്പിച്ചപ്പോൾ അദ്ദേഹവും അല്പമൊന്നു പരിഭ്രമിക്കാതിരുന്നില്ല. സാധാരണ കുഴപ്പമാണെങ്കിൽ സാരമാക്കാനില്ല. അതിനപ്പുറം വല്ലതുമായാലോ?

അപ്പോഴേക്കും ഗവർണറുടെ കാർ സ്വീകരണപ്പന്തലിൽ എത്തിക്കഴിഞ്ഞു. സുസ്മേരവദനനായി ശ്രീ.വാഞ്ചു കാറിൽനിന്നിറങ്ങി, ഞങ്ങളുടെ അഭിവാദ്യം സ്വീകരിച്ചു. നിയമസഭാസെക്രട്ടറി, സ്പീക്കർ, ഗവർണർ, ഗവർണറുടെ അംഗരക്ഷകൻ, സെക്രട്ടറി എന്ന ക്രമത്തിൽ ചേംബറിനകത്തേക്കുള്ള ഘോഷയാത്രയാരംഭിച്ചു.

കവാടത്തിലെത്തിയപ്പോൾ പതിവുപോലെ ഞാൻ വിളിച്ചറിയിച്ചു: ''ആണറബിൾ മെംബേഴ്സ്, ദ ഗവർണർ.''

അകത്ത് പ്രതിപക്ഷാംഗങ്ങൾ ഒന്നടങ്കം എഴുന്നേറ്റുനിന്ന് മുദ്രാവാക്യം വിളിക്കുന്നു. അതും പതിവുള്ളതാണ്. അത്രയേ ഉള്ളുവോ?

വൈവാഹികം

മദ്ധ്യകേരളത്തിൽ കേന്ദ്ര സർക്കാർ ജോലിയുള്ള ദളിത് യുവാവ് ജീവിത പങ്കാളിയെ തേടുന്നു. കലാഭിരുചിയും വിദ്യാഭ്യാസവും വേണം. ലളിതവിവാഹം. നേരിട്ട് എഴുതുക. കുട്ടികളില്ലാത്ത വിധവകളോ വിവാഹമോചിതരോ സാമ്പത്തിക പ്രതിസന്ധിയുള്ളവരോ— അപേക്ഷിക്കുക.

Box No. K—185
C/o Kala Kaumudi Pettah
Thiruvananthapuram—695024



ചേംബറിന്റെ മദ്ധ്യഭാഗത്തുള്ള ഇടുങ്ങിയ വഴിയിലൂടെയാണ് അദ്ധ്യക്ഷവേദിയിലേക്കു പോകേണ്ടത്. ഒരുവശത്ത് ഭരണകക്ഷിയംഗങ്ങളും മറുവശത്ത് പ്രതിപക്ഷ കക്ഷിയംഗങ്ങളും. ഇടവഴിയിലേക്കു കടക്കേണ്ട താമസം, പ്രതിപക്ഷത്തെ ഏതാനും അംഗങ്ങൾ ഈറ്റപ്പുലികളെപ്പോലെ കുതിച്ചുപാഞ്ഞുവന്ന് ഞങ്ങളെ വലയം ചെയ്തു. ചെവി പൊട്ടുംവിധം മുദ്രാവാക്യം മുഴക്കുവാനും തുടങ്ങി:

''അരി തരാത്ത കേന്ദ്രനേര
ഭരണം വേണ്ടേ വേണ്ട.''

''പ്രസംഗം വേണ്ട, ഭക്ഷണം വേണം.''

''കോൺഗ്രസ്–ശിവസേനാ ഗുണ്ടായിസം അവസാനിപ്പിക്കുക.''

ഏതാനും മിനിട്ടുകൾ അങ്ങനെ കഴിഞ്ഞപ്പോഴാണ് ഗവർണർ 'ഫ്ലൈറാവോ' യുടെ പിടിയിലകപ്പെട്ടിരിക്കുകയാണെന്നു ഞങ്ങൾക്കു മനസ്സിലായത്.

കേന്ദ്ര സെക്രട്ടേറിയറ്റിന്റെ കോട്ടമതിലുകളുടെ സുരക്ഷിതത്വത്തിൽ പ്രതാപവാനായി കഴിഞ്ഞിരുന്ന ശ്രീ.വാഞ്ചുവിന് കേരളത്തിലെ ഉത്തരവാദപ്പെട്ട ജനനേതാക്കളിൽനിന്നും നേരിട്ട ഈ തിക്താനുഭവം അദ്ദേഹത്തിനു താങ്ങാവുന്നതിലും അധികമായിരുന്നു.

ആദ്യം ചുവന്നുതുടുക്കുകയും നിമിഷങ്ങൾ പിന്നിടുംതോറും വിളറിവെളുക്കുകയും ചെയ്ത അദ്ദേഹം വിയർപ്പിൽ കുളിച്ചിരുന്നു. തന്റെ ചുറ്റും കൂടിനിന്ന് മുഷ്ടിചുരുട്ടി മുദ്രാവാക്യം വിളിക്കുന്നവരോട് അദ്ദേഹം ചില ന്യായവാദങ്ങൾ നടത്തിനോക്കി. ആരു കേൾക്കാൻ? മുദ്രാവാക്യംവിളി മുറുകിയതേ ഉള്ളു. അതിനാൽ ആ വിഫല യത്നത്തിൽനിന്ന് അദ്ദേഹം പിൻതിരിഞ്ഞ് നിസ്സഹായനായി ഏവരേയും നോക്കിനിന്നു.

ജീവിതത്തിന്റെ ഔന്നത്യങ്ങളിലേക്ക് ഭർത്താവിനോടൊപ്പം അഭിമാനപൂർവം കയറിപ്പോവുകയും സുഖദുഃഖങ്ങളിൽ ഒരുപോലെ പങ്കു ചേരുകയും ചെയ്ത ശ്രീമതി വാഞ്ചു ഇതെല്ലാം മുകളിലിരുന്നു കാണുന്നുണ്ടായിരുന്നു. പത്മവ്യൂഹ(?)ത്തിൽപ്പെട്ടു പരിക്ഷീണനായി നില്ക്കുന്ന പ്രിയതമന്റെ ദയനീയാവസ്ഥ കണ്ട് പരിതപിക്കാനല്ലാതെ ആ സാധ്വിക്ക് മറ്റെന്തു ചെയ്യാൻ കഴിയും?

മുഖ്യമന്ത്രിയും മറ്റു മന്ത്രിമാരും അചഞ്ചലരായി (അക്ഷോഭ്യരായി എന്നു പറഞ്ഞുകൂടാ! സ്വസ്ഥാനങ്ങളിൽ ഇരുന്നതേയുള്ളൂ. (പ്രതിപക്ഷനേതാവും ഇരിപ്പിടത്തിൽനിന്ന് ഇളകിയില്ല. പക്ഷേ, പതിവിനു വിപരീതമായി അദ്ദേഹം അസ്വസ്ഥനായി കാണപ്പെട്ടു. ''ഈ കുട്ടർ കാട്ടുന്നതൊക്കെ ശ്ശി അധികമായോ'' എന്നൊരു ശങ്ക ഉള്ളിലിരുന്നുതുപോലെ. ജനാധിപത്യമര്യാദകളെപ്പറ്റിയുള്ള തങ്ങളുടെ സങ്കല്പവുമായി പൊരുത്തപ്പെടാത്തതിനാലാവാം, കേരളാകോൺഗ്രസ്സിലെയും സംഘടനാ കോൺഗ്രസ്സിലെയും അംഗങ്ങൾ പ്രധാന പ്രതിപക്ഷ കക്ഷിയുടെ പ്രതിഷേധപ്രകടനത്തിൽ പങ്കുചേരാതെ സഭ വിട്ടിറങ്ങിപ്പോവുകയാണു ചെയ്തത്. പക്ഷേ, സോഷ്യലിസ്റ്റുപാർട്ടിയിലും കർഷക തൊഴിലാളി പാർട്ടിയിലും കേരളാസോഷ്യലിസ്റ്റ് പാർട്ടിയിലുംപെട്ട അംഗങ്ങൾ മാർക്സിസ്റ്റരംഗങ്ങളോടൊപ്പം താല്പര്യപൂർവം തോളോടു തോൾ ചേർന്നുനിന്നു.

വ്യൂഹത്തിൽനിന്നും പുറത്തുകടന്ന സ്പീക്കർ ശ്രീ.ഹാജി മുഖ്യമന്ത്രിയും ആഭ്യന്തര മന്ത്രിയുമായി തിരക്കിട്ട ചർച്ചകൾ നടത്തി. ഭരണപ്രതിനാപരമായ ഒരു സുപ്രധാന കർത്തവ്യം നിർവഹിക്കുന്നതിനായി പരമോന്നത ജനാധിപത്യവേദിയായ നിയമസഭയിലെത്തിയ സംസ്ഥാന ഭരണത്തലവനെ ബന്ധനസ്ഥനാക്കി നിറുത്തിയിരിക്കുന്നത്, നിയമസമാധാനപാലനത്തിനു ചുമതലപ്പെട്ട ഭരണാധികാരികൾ കൈയുംകെട്ടി നോക്കിയിരിക്കേണ്ടിവന്നാൽ അതിൽപ്പരം ഒരു ഗതികേടു പിന്നെ വരാനുണ്ടോ?

പക്ഷേ, എല്ലാ അധികാരങ്ങളുമുണ്ടെങ്കിലും ഗവർണറെ അന്യായ തടങ്കലിൽനിന്നും മോചിപ്പിക്കാൻ എന്തു നടപടി സ്വീകരിക്കാനാണ്? ഭരണകക്ഷിയംഗങ്ങൾ ഇടപെട്ടാൽ അടികലശലും അതിനപ്പുറവും ഉണ്ടാകുമെന്നതു തീർച്ച. നിയമസഭയിലെ 'വാച്ച് ആൻഡ് വാർഡ്' വിഭാഗത്തെ ഉപയോഗിച്ച് അംഗങ്ങളെ ബലപ്രയോഗിച്ചു മാറ്റാമെന്നു വച്ചാൽ അതിലേക്കു മതിയാവുന്ന 'അംഗരക്ഷകരി'ല്ല. 'പരിപാവന'മായ നിയമസഭാപരിസരത്ത് പൊലീസ്സെന്ന 'ആസുര' വർഗ്ഗത്തെ കയറ്റരുവാനും പറ്റില്ല. അവരാരെങ്കിലും ലക്ഷ്മണരേഖ കടന്നാൽ 'പ്രിവിലേജിന്റെ' മന്ത്രശക്തിമൂലം അവർ ഭസ്മീകരിക്കപ്പെടുകയും ചെയ്യും.

ഒടുവിൽ ഗത്യന്തരമില്ലാതെ, ഗവർണറെ മോചിപ്പിക്കുന്നതിനായി അസംബ്ളിയിലെ അംഗരക്ഷകരെത്തന്നെ നിയോഗിക്കാൻ തീരുമാനിച്ചു. ദൃഢനിശ്ചയത്തോടെ അവർ അടുത്തേക്കു വരുന്നതു കണ്ടപ്പോൾ, ഗവർണറെ തടഞ്ഞുവച്ചിരുന്ന അംഗങ്ങൾ പെട്ടെന്നു നിലത്തു കിടന്നുകൊണ്ടു മുദ്രാവാക്യം മുഴക്കാൻ തുടങ്ങി. മറ്റംഗങ്ങൾ അവർക്കു ചുറ്റിനും കൂടി. ഉന്തും തള്ളും പിടിയും വലിയും, പിന്നെ പലതും, ഉണ്ടാവുമെന്നു തോന്നി. സംഗതി ആകെ അലമ്പാവുമോ?

വെളുത്ത യൂണിഫോമും വെള്ളത്തൊപ്പിയും ധരിച്ച അംഗരക്ഷകർ, ശാഠ്യം പിടിച്ചു തറയിൽ കിടക്കുന്ന കുട്ടികളെ മുതിർന്നവർ പൊക്കിയെടുക്കുന്ന ലാഘവത്തോടെ, അംഗങ്ങളെ ഓരോരുത്തരെയായി എടുത്തുമാറ്റി, പുറത്തേക്കു കൊണ്ടുപോയി. എങ്കിലും ചില അംഗങ്ങൾ രംഗത്തിനു നാടകീയത കൈവരുത്തുവാനായി അല്പം ബലപ്രയോഗവും നടത്താതിരുന്നില്ല. കൺവെട്ടത്തുനിന്നും മറയുന്നതുവരെ, അതെല്ലാം മര്യാദരാമന്മാരായി തികച്ചും സഹിച്ച രക്ഷകരുടെ മട്ടും മാതിരിയും പിന്നീടു മാറിയതായും മർമ്മസ്ഥാനങ്ങളിൽ വിരലും കൈമുട്ടും ഊന്നി അവരെ നിശ്ചേഷ്ടരാക്കിയെന്നും ഒരു കഥ പിന്നീട് ലോബിയിൽ പരന്നു. അതിൽ എത്രത്തോളം വാസ്തവമുണ്ടെന്ന് അനുഭവസ്ഥർക്കേ അറിയൂ. പക്ഷേ, ആരും അതേക്കുറിച്ച് അന്നു പരാതിപ്പെട്ടില്ല.

(തുടരും)

സ്വാതന്ത്ര്യത്തിലേക്കുള്ള നീണ്ടപാത

(17 പേജിൽ നിന്നും തുടർച്ച)

മാക്കുകയും ചെയ്തുകൊണ്ടിരിക്കുകയാണ്. സോവിയറ്റ് യൂണിയനും ഏതാണ്ട് ഇതേ മാർഗ്ഗത്തിലൂടെയാണ് നീങ്ങുന്നതെന്ന് കാണാം. വിശാല ജനാധിപത്യത്തിലേക്കുള്ള പരിണാമത്തിന് വേഗം പോരെന്ന കാരണത്താലാണല്ലോ യെൽറ്റ്സിനെപ്പോലുള്ള ഉൽപതിഷ്ണുക്കൾ ഗോർബച്ചേവിനെ വിമർശിക്കുന്നത്? വേറൊരു രീതിയിൽ പറഞ്ഞാൽ, 'വെൽവെറ്റ് വിപ്ളവ'ത്തിന്റെ ഫലമായി ചെക്കോസ്ലാവേക്യയിലും, വലേസയുടെ നേതൃത്വത്തിലുള്ള പ്രതിരോധപ്രസ്ഥാനത്തിന്റെ വിജയത്തിലൂടെ പോളണ്ടിലും, ഹംഗറിയിലും രൂപംപൂണ്ടുവരുന്ന കമ്മ്യൂണിസോത്തരജനാധിപത്യം അവിടങ്ങളിൽ മുമ്പുണ്ടായിരുന്നതായി ഇന്ത്യൻ കമ്മ്യൂ

ട്രോട്സ്കി

ബോറിസ് പാസ്റ്റർ നാക്

സോൾ ഷെനിത്സൻ

ണിസ്റ്റുകാർ വാഴ്ത്തിപ്പാടിനടന്ന രാഷ്ട്രീയ മാതൃകയുടെ സമ്പൂർണ്ണനിഷേധമാണ്.

മാർക്സിസം–ലെനിനിസത്തിന്റെ ആധാരശിലകളിലൊന്നാണ്, തൊഴിലാളിവർഗ്ഗ സർവ്വാധിപത്യമെന്ന ആശയം. സ്റ്റാലിൻ അടക്കമുള്ള കമ്മ്യൂണിസ്റ്റ് ഭരണാധികാരികൾ തങ്ങൾ നടത്തുന്ന ആസൂത്രിതമായ രാഷ്ട്രീയ കൊലപാതകങ്ങൾക്കും അടിച്ചമർത്തലുകൾക്കും താത്വികമായ സാധൂകരണം കണ്ടെത്താനായി പലപ്പോഴും കൂട്ടിനുവിളിക്കാറുണ്ടായിരുന്നത് ഈ ആശയത്തെയായിരുന്നു. ഇതിനോട് സോവിയറ്റ് യൂണിയൻ വിടവാങ്ങിക്കഴിഞ്ഞു. വർഗ്ഗസമരമല്ല, വർഗ്ഗസഹകരണമാണ് തങ്ങളുടെ ലക്ഷ്യമെന്ന് ഗോർബച്ചേവും കൂട്ടരും ഇതിനകം പരസ്യമായി പ്രസ്താവിച്ചിട്ടുണ്ട്. മിക്കവാറും എല്ലാ കിഴക്കൻ യൂറോപ്യൻ രാജ്യങ്ങളും ഇന്ന് കേന്ദ്രീകൃതമായ സാമ്പത്തികാസൂത്രണം വേണ്ടെന്നുവച്ച് സ്വതന്ത്ര വിപണിയിലേക്ക് തിരിഞ്ഞിരിക്കുകയാണ്. പടിഞ്ഞാറൻ മാതൃകയിലുള്ള ലിബറൽ ജനാധിപത്യത്തിന്റെ അനിവാര്യ ഫലങ്ങളിൽ ഒന്നാണിത്. സോവിയറ്റ് യൂണിയൻ കൂടി സ്വകാര്യസ്വത്തിലും, മത്സരത്തിലുമധിഷ്ഠിതമായ ഒരു 'മാർക്കറ്റ് ഇക്കോണമി'യിലേക്ക് ശീഘ്രപ്രഖ്യാപനം ഇന്ത്യയിലെ കമ്മ്യൂണിസ്റ്റ് നേതാക്കന്മാരിലുണ്ടാക്കിയ പരസ്യവിലാപം ചിലരുടെയെങ്കിലും കാതുകളിൽ ഇപ്പോഴും മുഴങ്ങുന്നുണ്ടാവും.

പറഞ്ഞുവരുന്നതിതാണ്. മാർക്സിസ്റ്റ് സൈദ്ധാന്തിക മാതൃകയുടെ കാതലായ അംശങ്ങൾക്കെല്ലാം അംഗഭംഗമോ, തകർച്ചയോ സംഭവിച്ചിരിക്കുന്നു. ഒരു രാഷ്ട്രീയ പ്രത്യയശാസ്ത്രമെന്ന നിലയിൽ അല്ലെങ്കിൽ ഒരു പ്രവർത്തന പദ്ധതിയെന്ന നിലയിൽ എന്തു പ്രസക്തിയാണ് കമ്മ്യൂണിസത്തിന് ബാക്കിയുള്ളത് എന്ന് നമുക്ക് വ്യാഖ്യാനിച്ചുതരാനുള്ള കർത്തവ്യം ഇന്നാട്ടിലെ ഇടതുപക്ഷത്തിന്റെ വക്താക്കൾക്കുണ്ട്.

ചോദ്യം: ഈ രാജ്യങ്ങളിൽ കമ്മ്യൂണിസ്റ്റ് രാഷ്ട്രീയ മാതൃകയുടെ തകർച്ചയോടൊപ്പം അനാരോഗ്യകരമായ ചില പ്രവണതകളും തലപൊക്കുകയുണ്ടായിട്ടില്ലേ?

ഉത്തരം: ഈ വസ്തുത ഞാനംഗീകരിക്കുന്നു. ഉപദേശീയതകളുടെ പ്രശ്നമാണ് താങ്കൾ ഉദ്ദേശിക്കുന്നതെന്ന് ഞാനനുമാനിക്കുകയാണ്. മതപരമായ അന്യാവേശത്തിലും, ഭാഷസംബന്ധമായ അഭിമാനത്തിലും, സാംസ്കാരികത്തനിമയെക്കുറിച്ചുള്ള ബോധത്തിലുമൊക്കെ വേരുന്നിയ ഉപദേശീയതകൾ സോവിയറ്റ് യൂണിയനിലും, മുൻ സോഷ്യലിസ്റ്റ് രാഷ്ട്രങ്ങളിലും ശക്തമായൊരു അടിയൊഴുക്കായി അടുത്തകാലത്ത് രൂപപ്പെട്ടിട്ടുണ്ട്. സോവിയറ്റ് യൂണിയനിൽ ഇത് ദേശീയമായ കെട്ടുറപ്പിനെക്കൂടി ബാധിക്കുന്ന തീതിയിൽ വ്യാപകമായ മാനം കൈക്കൊണ്ടിരിക്കുന്നു. വംശപരമായ ചേരിതിരിവുകൾ ഹാവെലിന്റെ രാഷ്ട്രീയ നേതൃത്വത്തിന് കടുത്തതലവേദന സൃഷ്ടിച്ചിരിക്കുകയാണെന്ന് ചെക്കോസ്ലാവേക്യയിൽ നിന്നുള്ള ഒടുവിലത്തെ റിപ്പോർട്ടുകൾ സൂചിപ്പിക്കുന്നു. സോഷ്യലിസ്റ്റ് വ്യവസ്ഥിതിയുടെ ശൈഥില്യത്തെത്തുടർന്നുണ്ടായവിടവിൽ പൗരസ്വാതന്ത്ര്യങ്ങൾക്കും ജനാധിപത്യവകാശങ്ങൾക്കും വേണ്ടിയുള്ള തീക്ഷ്ണമായ അഭിലാഷത്തോടൊപ്പം മയങ്ങിക്കിടന്നിരുന്ന വംശപരമായ ചില കൂടിപ്പകകളും, മതപരമായ തീവ്രവാദവും തലയുയർത്തിയതായി തെളിഞ്ഞിരിക്കുന്നു.

ഒരുപക്ഷേ സോവിയറ്റ് യൂണിയനിലേയും, കിഴക്കൻ യൂറോപ്യൻ നാടുകളിലേയും ഭരണകൂടങ്ങൾ പിന്തുടർന്നുപോന്ന അടിച്ചമർത്തൽ നയത്തിനുകിട്ടിയ അനിവാര്യമായ തിരിച്ചടികളിൽ ഒന്നാണിത്. ഉപദേശീയതകളുടെ പ്രശ്നത്തെ സഹിഷ്ണുതയോടെയും, ദീർഘവീക്ഷണത്തോടെയും കൈകാര്യം ചെയ്യാൻ ഈ ഭരണകൂടങ്ങൾ ഒരിക്കലും സന്നദ്ധത കാണിച്ചിരുന്നില്ല. മറിച്ച് തൊഴിലാളിവർഗ്ഗ സാഹോദര്യം പോലുള്ള പൊള്ളയായ മുദ്രാവാക്യങ്ങൾ ഉയർത്തിപ്പിടിച്ചുകൊണ്ട് പ്രാദേശികവും, വംശപരവുമായ വികാരങ്ങളെ മെരുക്കിനിർത്താനുള്ള ധാർഷ്ട്യ മനോഭാവമാണ് സ്റ്റാറാലിനിസ്റ്റ് കാലഘട്ടം തൊട്ടിങ്ങോട്ട് ഈ ഭരണകൂടങ്ങൾ പ്രദർശിപ്പിച്ചുപോന്നത്. പാരമ്പര്യത്തിനേറെയും, സംസ്കാരത്തിനേറെയും ഗതിവിഗതികളെ അവഗണിച്ചുകൊണ്ട് ദേശീയതയെ സംബന്ധിച്ച് ഒരു കാഴ്ചപ്പാട് രൂപവൽക്കരിക്കാൻ ശ്രമിക്കുന്നത് വ്യർത്ഥവും, ദീർഘാടിസ്ഥാനത്തിൽ വിപരീതഫലമുളവാക്കുന്നതുമാണെന്ന് സോവിയറ്റ് യൂണിയനിലും, കിഴക്കൻ യൂറോപ്യൻ രാജ്യ

ങ്ങളിലും സമീപകാലത്ത് പൊട്ടിപ്പുറപ്പെട്ട ആഭ്യന്തരദാസ്വാസ്ഥ്യങ്ങൾ തെളിയിക്കുന്നു. ഇന്ത്യയിൽ അഖണ്ഡഭൂരേതത്തിന്റെ പേരു പറഞ്ഞ് നമ്മുടെ നിത്യജീവിതത്തിലും, രാഷ്ട്രീയ സംഘട്ടനാരീതിയിലും , സാഹിത്യത്തിലും, കലയിലുമൊക്കെയുള്ള നാനാത്വത്തെ അമർച്ചചെയ്യാൻ അടുത്തകാലത്ത് കച്ചകെട്ടിയിറങ്ങിയിട്ടുള്ള കടുംമത്തെ വേഷക്കാർ ഇതിലടങ്ങിയിട്ടുള്ള താക്കീത് ശ്രദ്ധിക്കുന്നത് നന്നായിരിക്കും.

ചോദ്യം: സേച്ഛാധിപത്യ വ്യവസ്ഥിതിയിൻ കീഴിൽ എഴുത്തുകാർക്കും, കലാകാരന്മാർക്കും സ്വാതന്ത്ര്യം കൈമോശംവരുന്നതിനെറ ദൃഷ്ടാന്തങ്ങളാണല്ലോ സമീപവർഷങ്ങളിൽ സോഷ്യലിസ്റ്റ് രാജ്യങ്ങളിൽ നാം കണ്ടത്? അപ്പോൾ ഇത്തരത്തിലുള്ള സ്വാതന്ത്ര്യനിഷേധത്തിൽ നിന്നുമാത്രമേ ഗംഭീരമായ കലാസൃഷ്ടികൾ ഇനിക്കു എന്നുണ്ടോ?

ഉത്തരം: അങ്ങനെയൊരു സിദ്ധാന്തം മെനഞ്ഞെടുക്കുന്നത് ശരിയായിരിക്കുമെന്ന് തോന്നുന്നില്ല. അതേസമയം കൗതുകകരമായൊരു വൈരുദ്ധ്യമാണ് താങ്കളിവിടെ സ്പർശിച്ചത്. ഉദാഹരണത്തിന് സ്വച്ഛരമായൊരു ജനാധിപത്യ സമൂഹത്തിൽനിന്ന് അലക്സാണ്ടർ സ്സോൾഷെനിത്സന്റെ ''ദി ഫസ്റ്റ് സർക്കിൾ'' പോലൊരു നോവൽ ആവിർഭവിക്കാനിടയില്ല. വിപ്ലവത്തിന്റെ ക്രൂരതയും. ഭീകരതയും അനുഭവിച്ചറിയാത്ത ഒരു ജനതയ്ക്ക് ബോറിസ് പാസ്റ്റർനാക്കിന്റെ ''ഡോക്ടർ ഷിവാഗോ'' പോലുള്ള ഒരു കൃതി സങ്കല്പിക്കാനാവില്ല. ഇരുപതാം നൂറ്റാണ്ടിലെ ഏറ്റവും തീവ്രവും, ഹൃദയോന്മാദിയുമായ ചില സാഹിത്യരചനകൾ പിറവിയെടുത്തത് ഇയിലുകളിലും, കോൺസെൻട്രേഷൻ ക്യാമ്പുകളിലുമായിരുന്നു. ഫയറിംഗ് സ്ക്വാഡിന്റെ മുമ്പിൽ നില്ക്കുന്ന എഴുത്തുകാരിൽ നിന്നാണ് ഈ യുഗത്തിന്റെ കരളലിയിക്കുന്ന രോദനങ്ങളിൽ ചിലത് നാം കേട്ടത്. സേച്ഛാധിപത്യ വ്യവസ്ഥിതിയിക്കു മാത്രമേ മഹാനായ ഒരെഴുത്തുകാരനെ സൃഷ്ടിക്കാൻ കഴിയൂ എന്നുപറയുന്നത് തെറ്റായിരിക്കും. എന്നാൽ സേച്ഛാധിപത്യ ഭരണകൂടങ്ങൾ ഒരുക്കുന്ന തീവ്രസന്ദർഭങ്ങൾ നമ്മെ ആഴത്തിൽ അസ്വാസ്ഥ്യംകൊള്ളിക്കുന്ന ചില സർഗ്ഗസൃഷ്ടികൾക്ക് വെടിമരുന്നായിത്തീർന്നിട്ടുള്ള അനവധി സംഭവങ്ങൾ എടുത്തുകാട്ടാൻ കഴിയും.

ചോദ്യം: വിപ്ലവനന്തര വ്യവസ്ഥിതിയിൽ അടങ്ങിയുട്ടുള്ള മാനുഷ്യത്വമില്ലായ്മയേയും ക്രൂരതയേയും തുറന്നെതിർക്കുന്നതിനുപകരം പരോക്ഷമായ ആവിഷ്കരണരീതികളിലൂടെ ഈ അനുഭവം വായനക്കാർക്ക് പകർന്നുകൊടുക്കാൻ ശ്രമിച്ച ചില എഴുത്തുകാരില്ലേ?

ഉത്തരം: 'ഉവ്വ്. ദസ്തയേവ്സ്കി തൊട്ടിങ്ങോട്ടുള്ള റഷ്യൻ സാഹിത്യചരിത്രം പരിശോധിച്ചാൽ, ഭരണകൂടത്തെ നേരിട്ടുവിമർശിക്കുന്നതിനുപകരം ധ്വന്യാത്മകമായ കലാസങ്കേതങ്ങളിലൂടെ തങ്ങളുടെ ആപൽ ഭീതികൾ സംവേദനം ചെയ്യുന്നരീതി എഴുത്തുകാർ മാറിമാറി പരീക്ഷിച്ചുനോക്കിയതായി തെളിയും. സ്റ്റാലിനെ ചുറ്റിപ്പറ്റിയുള്ള സാഹിത്യത്തിന്റെ ഒരുപങ്ക് ഇത്തരത്തിലുള്ളതാണ്. പല എഴുത്തുകാരും സ്റ്റാലിൻ എന്ന വ്യക്തിയേയോ, അയാളുടെ ചെയ്തികളേയോ തങ്ങളുടെ രചനകൾക്ക് നേരിട്ട് വിഷയമാക്കുന്നത് വിഷമകരവും, അതിലുമുപരിയായി അർത്ഥശൂന്യവുമായൊരു അഭ്യാസമാണെന്നുകണ്ടു. കാരണം അവരെ സംബന്ധിച്ചിടത്തോളം സ്റ്റാലിനിസമെന്നത് യുക്തിസഹമായ വിശകലനത്തിനോ, യഥാതഥമായ ചിത്രീകരണത്തിനോ വഴങ്ങാത്തവണ്ണം ദുഃസ്വപ്നസമാനമായൊരു അനുഭവമായിരുന്നു. കുപ്രസിദ്ധമായ 'മോസ്കോ വിചാരണകൾ' കേവലമായ മനുഷ്യയുക്തിക്ക് നിരക്കുന്നവയായിരുന്നില്ല. അതിന് ഇരയായയിത്തീർന്നവർക്ഷക്കണക്കിനാളുകൾക്ക് തങ്ങൾ വിചിത്രമായ ഏതോ ഉന്മാദാവസ്ഥയിലൂടെ തെന്നിനീങ്ങുന്ന തോന്നലാണുണ്ടായിരുന്നത്. അങ്ങനെ റഷ്യയിലെ ചില വിമതസാഹിത്യകാരന്മാരും, നാടുവിട്ടുപോയ എഴുത്തുകാരും ആക്ഷേപഹാസ്യത്തിനേറെയും, ഭ്രമകല്പനയുടേയും, അന്യാപദേശത്തിനേറെയും മാർഗ്ഗങ്ങൾ അവലംബിച്ചുകൊണ്ട് സ്റ്റാലിനിസ്റ്റ് കാലഘട്ടത്തിന്റെ കരാളതയ്ക്ക് വാങ്മയം കണ്ടെത്താൻ ശ്രമിച്ചു. പുരാവൃത്തത്തിനേറെയും യക്ഷിക്കഥയുടേയും, ഇന്തുപുരാണത്തിനേറെയുമൊക്കെ രൂപങ്ങളിൽ സ്റ്റാലിനും, സ്റ്റാലിന്റെ കിങ്കരന്മാരും അവതരിച്ച സന്ദർഭമായിരുന്നു ഇത്. ഇതിന് സമാനമായ ചില വിദ്യകൾ സിനിമയിലും പരീക്ഷിക്കപ്പെട്ടതായി കാണാൻ സാധിക്കും. നമ്മുടെ നാട്ടിൽ ഏറെപ്പേരെ ആകർഷിച്ച ''റിപ്പെൻറൻസ്'' എന്ന ചലച്ചിത്രത്തിൽ സ്റ്റാലിൻ ചാപ്ലിന്റെ ഗ്രേറ്റ് ഡിക്റ്റേറ്ററുടെ മാതൃകയിലുള്ള ഒരു കഥാപാത്രമായി കടന്നുവരുന്നതോർമ്മിക്കുക. റഷ്യയിലെ വിമതസാഹിത്യകാരന്മാർ ഒരുകാലത്ത് വളരെ സമർത്ഥമായി ഉപയോഗപ്പെടുത്തിയ ഒരു സങ്കേതമായിരുന്നു, സ്റ്റാലിനും ഐതിഹ്യങ്ങളിലെ ചില ദുഷ്ടകഥാപാത്രങ്ങളും തമ്മിലുള്ള സമാന്തരം. വളരെക്കുറച്ച് സൂചനകളിലൂടെ ഒട്ടുവളരെക്കാര്യങ്ങൾ വായനക്കാരിലേക്ക് പകരാൻ ഈ രീതി അവരെ സഹായിച്ചു.

അതേസമയം യഥാർത്ഥമായ ആവിഷ്കരണരീതി ഉപയോഗിച്ച് സ്റ്റാലിനേയും അയാളുടെ വളർച്ചയ്ക്ക് വഴിയൊരുക്കിയ രാഷ്ട്രീയ സാഹചര്യങ്ങളേയും പുനഃസൃഷ്ടിക്കാനുള്ള അതിപ്രധാനമായ ചില ശ്രമങ്ങളും റഷ്യൻ സാഹിത്യത്തിലുണ്ടായിട്ടുണ്ട്. ഇതിനകം ഏറെ ചർച്ചചെയ്യപ്പെട്ടു കഴിഞ്ഞ റയ്ബക്കോവിന്റെ ''ചിൽഡ്രൻ ഓഫ് ദി ആർബത്ത്'' എന്ന നോവൽ നോക്കുക. സ്റ്റാലിന്റെ ഏറെക്കുറെ വസ്തുനിഷ്ഠമായൊരു ചിത്രം ഈ നോവലിലുണ്ട്. പരമാധികാരത്തിലേക്കുള്ള സ്റ്റാലിന്റെ പ്രയാണത്തിലെ വ്യത്യസ്ത ഘട്ടങ്ങളും, ഈ ഘട്ടങ്ങളിൽ ഒരോന്നിലുംവച്ച് തന്റെ എതിരാളികളെ വകവരുത്തുതിലും അതിലൂടെ സ്വന്തം സ്ഥാനം ഭദ്രമാക്കുന്നതിലും സ്റ്റാലിൻ കാണിച്ച നിഷ്കരുണമായ മനക്കരുത്തും വിശദാംശങ്ങൾ ചോർന്നുപോകാതെ റയ്ബക്കോവ് ആവിഷ്കരിച്ചിരിക്കുന്നു. സോൾഷെനിത്സൻ മുമ്പുതന്നെ ''ദി ഫസ്റ്റ് സർക്കിളി''ൽ സ്റ്റാലിനെ ഒരു കഥാപാത്രമായി അവതരിപ്പിച്ചിരുന്നു. ഈ നോവലിൽ ചിന്തേരിട്ട ചില ആത്മഭാഷണങ്ങളിലൂടെ സ്റ്റാലിന്റെ മനശ്ശാസ്ത്രപ്രേരണകൾ പുറത്തുഎടുത്തുകാട്ടുന്നതിൽ സോൾഷെനിത്സൻ കാണിച്ച വൈദഗ്ദ്ധ്യം പല വിമർശകന്മാരുടേയും ശ്രദ്ധപിടിച്ചുപറ്റുകയുണ്ടായി. സ്റ്റാലിനേയും, ട്രോട്സ്കിയേയും ബുഖാറിനേയുമൊക്കെ കഥാപാത്രങ്ങളാക്കിക്കൊണ്ട്, യഥാർത്ഥമായ നിരീക്ഷണങ്ങളും ഇരുണ്ടഹാസ്യവും ഭ്രമകല്പനയുമിടകലർത്തി മിഖയേൽ ഷാട്രോവ് എഴുതിയ ''ഓൺ വേർഡ്... ഓൺവേർഡ്... ഓൺ വേർഡ്'' എന്ന നാടകം 'ഗ്ളാസ്നോസ്'ററിന്റെ വർഷങ്ങളിൽ സോവിയറ്റ് യൂണിയനിൽ തകർപ്പൻ വിജയം കൈവരിക്കുകയുണ്ടായി.

ചോദ്യം: സെൻസർഷിപ്പ് പ്രശ്നങ്ങൾ കാരണം മുമ്പ് പൂഴ്ത്തിവയ്ക്കപ്പെടുകയോ, നിരോധിക്കപ്പെടുകയോ ചെയ്ത ചില കലാസൃഷ്ടികൾ 'ഗ്ളാസ്നോസ്റ്റി'നെത്തുടർന്ന് വെളിച്ചം കാണുകയുണ്ടായല്ലോ? ഇതിനെക്കുറിച്ചുകൂടി ചിലത് പറയാമോ?

ഉത്തരം: സോൾഷെനിത്സന്റെ ഏററവും വിവാദാത്മകമായ നോവലുകൾക്ക് റഷ്യയിൽ പ്രസിദ്ധീകരണാനുമതി നല്കാനുള്ള ഗവൺമെൻറിന്റെ തീരുമാനമാണ് ഈ സന്ദർഭങ്ങളിൽ എടുത്തുപറയേണ്ട ഒന്ന്. 'ഗ്ലാസ്നോസ്റ്റ്' വ്യവസ്ഥിതിയുടെ രാജിയില്ലാത്ത വിമർശകന്മാരിൽ ഒരാളാണല്ലോ സോൾഷെനിത്സൻ. ''റിക്വിം'' എന്ന പേരിലുള്ള അന്നാ അഖ്മത്തോവയുടെ കാവ്യപരമ്പര 1987-ൽ അവയുടെ പൂർണ്ണരൂപത്തിൽ പ്രകാശിതമായി. സ്റ്റാലിൻ അഴിച്ചുവിട്ട കൊടുംഭീതിക്ക് ഇരയായിത്തീർന്ന തന്റെ മകനേയും ഭർത്താവിനേയും കുറിച്ചുള്ള ഓർമ്മകൾ പിഴുതെടുത്ത് കാട്ടുന്നതിലൂടെ തന്നെപ്പോലെ ലോലഹൃദയരായ നൂറുകണക്കിന് വ്യക്തികൾക്ക് കണ്ണുനീരും നൊമ്പരവും കാഴ്ചവച്ചുകൊണ്ട് കടന്നുപോയ ഒരു ചരിത്രകാലഘട്ടത്തിന് ദൃന്തസാക്ഷ്യം വഹിക്കുകയാണ് ഈ കാവ്യചക്രത്തിലൂടെ അഖ്മത്തോവ ചെയ്തത്. 1980-ൽ രചിക്കപ്പെട്ട ഗ്രോഡ്മാന്റെ ''ലൈഫ് ആൻഡ് ഫേറ്റ്'' എന്ന നോവലാണ് എടുത്തുപറയേണ്ട വേറൊരു രചന. ഈ പുസ്തകം ഇപ്പോൾ വായനക്കാരുടെ കൈകളിൽ എത്തിച്ചേർന്നിരിക്കുന്നു. ഇരുപതുവർഷക്കാലം പെട്ടിയിൽ പൂഴ്ത്തിവയ്ക്കപ്പെട്ട '' കമ്മിസ്സാർ'' എന്ന സിനിമ അന്താരാഷ്ട്രീയ ഫിലിം ഫെസ്റ്റിവലുകളിൽ പ്രദർശിപ്പിക്കപ്പെട്ടപ്പോൾ ഉണ്ടായ വിസ്മയം കലർന്ന പ്രതികരണങ്ങൾ ചിലരെങ്കിലും മറന്നുകാണില്ല. ഗ്ളാസ്നോസ്റ്റ് അങ്ങനെ പുതുവസന്തം രചിക്കുക മാത്രമല്ല ചവിട്ടിത്തേക്കപ്പെട്ട തളിരുകൾക്ക് വീണ്ടും വിടരാൻ അവസരമൊരുക്കുകകൂടി ചെയ്തു.

അബുഎബ്രഹാം

പഞ്ചനക്ഷത്ര ഭ്രാന്ത്

കേരളത്തിന് ടൂറിസം ഭ്രാന്ത് ഇളകിയിരിക്കുകയാണ്. ഇനങ്ങളെ ഈ വൈറസ് എങ്ങനെയാണ് ബാധിക്കാൻ പോകുന്നതെന്ന് ഊഹിക്കാവുന്നതേയുള്ളൂ. എന്നാൽ, ഈശ്വരൻ ഈ സംസ്ഥാനത്തെ സ്വർഗ്ഗത്തിന്റെ മാപ്പിലാക്കി പ്രഖ്യാപിക്കാൻ പോവുകയാണെന്ന മട്ടിലാണ് ഗവൺമെൻറും ടൂറിസം വകുപ്പും ടൂറിസ്റ്റ് ഈയറിലേക്ക് ചാടിക്കടന്നിരിക്കുന്നത്.

ടൂറിസത്തെ ഒരു രോഗമായോ വരമായോ വിശേഷിപ്പിക്കാം. മറ്റെവിടെത്താക്കാളും ടൂറിസം കൊടുമ്പിരിക്കൊണ്ടിരിക്കുന്ന കോവളത്തിലെത്തുന്ന ടൂറിസ്റ്റുകളിൽ പലരും മലയാളികളുടെ അംഗീകൃത ദേശാചാരങ്ങൾക്കെല്ലാം കടകവിരുദ്ധമായാണ് പെരുമാറുന്നതെന്ന് പൊതുവെ ബോദ്ധ്യമുണ്ടെങ്കിലും കേരളത്തിലുള്ളവരാരും തന്നെ അവരോട് ശത്രുത പുലർത്തുന്നില്ല. കോവളം ബീച്ച് ടൂറിസത്തിന്റെ ഒരു ഇൻറർനാഷണൽ 'ഫ്രീ പോർട്ട്' ആയിക്കഴിഞ്ഞിരിക്കുന്നു. ഹിപ്പിത്തരവും മയക്കുമരുന്നും നഗ്നതയും ഗോവാക്കാർക്ക് പെടിച്ചു തുടങ്ങിയപ്പോഴാണ് ടൂറിസ്റ്റുകൾ അധികമകലെയല്ലാത്ത കേരളത്തിലേക്ക് ചേക്കേറാൻ തുടങ്ങിയത്.

പാശ്ചാത്യരായ സാധാരണ ടൂറിസ്റ്റുകൾ—അതായത് സമ്പന്നരും പാക്കേജ് ടൂറിസ്റ്റുകളുമ ല്ലാത്തവർ—കേരളത്തെ സ്വയം കണ്ടെത്തുകയാണുണ്ടായത്. ഡൽഹിയിലെ ടൂറിസം മന്ത്രാലയം അതിന്റെ വിപുലമായ ടൂറിസവൃത്തത്തിൽ ഉൾപ്പെടുത്താൻ ആലോചിക്കുന്നതിനും എത്രയോ മുൻപുതന്നെ.

വർഷങ്ങൾക്കു മുമ്പൊരിക്കൽ ഡോ: കരൺസിംഗുമായി മുഷിയേണ്ടിവന്ന കാര്യം ഞാനോർക്കുകയാണ്. ടൂറിസംമന്ത്രി എന്ന നിലയിൽ ലണ്ടൻ സന്ദർശിക്കുകയായിരുന്നു അദ്ദേഹം. താൻ ഒട്ടേറെ പായ്ക്കേജ് ടൂറുകൾ വാഗ്ദാനം ചെയ്തിട്ടും ഇന്ത്യ തീരെക്കുറച്ച് ടൂറിസ്റ്റുകളെ മാത്രമേ ആകർഷിക്കുന്നുള്ളുവെന്ന് അദ്ദേഹം ഇന്ത്യൻ പത്രപ്രവർത്തകരുമായി നടത്തിയ ഒരു പ്രസ്സ് കോൺഫറൻസിൽ വിലപിച്ചു. ഡൽഹിയിലും. ആഗ്രയിലും ഇയ്പൂരിലും ഖജുരാഹോയിലും മാത്രം ഒതുങ്ങുന്നവയായിരുന്നു ആ പായ്ക്കേജ് ടൂറുകൾ. ആ ഏതാനും സ്ഥലങ്ങളെക്കാളും എത്രയോ അധികം ഇടങ്ങൾ ടൂറിസം കേന്ദ്രങ്ങളാക്കാനായി ഇന്ത്യയിലുണ്ടെന്ന കാര്യം ഞാൻ അദ്ദേഹത്തിന്റെ ശ്രദ്ധയിൽപ്പെടുത്തി. തെക്കെ ഇന്ത്യയെയും ഒറീസ്സയെയും അപ്പാടെ അവഗണിച്ചതെന്തിനായിരുന്നു? അപ്പോൾ വിചിത്രമായൊരു പ്രസ്താവനയാണ് അദ്ദേഹം നടത്തിയത്: നിർഭാഗ്യവശാൽ, മി.എബ്രഹാം, ടൂറിസ്റ്റുകൾ തീരെ കുറവുള്ള മിക്ക സ്ഥലങ്ങളും വടക്കേ ഇന്ത്യയിലായിപ്പോയല്ലോ.' ഞാൻ എതിർത്തു. അദ്ദേഹം പറഞ്ഞു: 'തെക്കെ ഇന്ത്യയെ എനിക്കിഷ്ടമാണ്. പക്ഷേ, ക്ഷേത്രങ്ങളിൽ പ്രവേശനമനുവദിക്കാത്തപ്പോൾ ടൂറിസ്റ്റുകളെ അങ്ങോട്ടയച്ചിട്ടെന്തു കാര്യം?'' വിവരംകെട്ട മറ്റൊരു പ്രസ്താവം!

തെക്കെ ഇന്ത്യയിലൂടെ സഞ്ചരിച്ചിട്ടുള്ള ഏതൊരാൾക്കുമറിയാവുന്നതാണ് ക്ഷേത്രങ്ങളിൽ (മിക്കവാറും എല്ലാറ്റിലും) അഹിന്ദുക്കളെ ശ്രീകോവിലിനുള്ളിൽ മാത്രമേ പ്രവേശിപ്പിക്കാതെയുള്ളൂവെന്ന്. മറ്റെല്ലാം കാണാനും ആസ്വദിക്കാനും സ്വാതന്ത്ര്യമുണ്ട്. മധുരയിലെയും തഞ്ചാവൂരിലെയും ശുചീന്ദ്രത്തെയും ഹളേബിഡി (ആരാധനയില്ലായ്മയിലെയും ബേലൂരിലെയും ക്ഷേത്രങ്ങൾ കലയിലെയും വാസ്തുവിദ്യയിലെയും വിസ്മയങ്ങളാണ്. കൊണാരക്ക് കലർപ്പില്ലാത്ത അത്ഭുതമാണ്; എനിക്കത് താജ്മഹലിനെക്കാളും അത്യാകർഷകമാണ്. അലെങ്കിലും, ക്ഷേത്രങ്ങൾ മാത്രമല്ലല്ലോ ഇന്ത്യൻ ഉപദ്വീപിന് കാഴ്ചവയ്ക്കാനുള്ളത്.



ഹംപിയാണെന്നു പറയപ്പെടുന്നു, ലോകത്തിലെ ഏറ്റവും വലിയ പുരാതനാവശിഷ്ട നഗരം. പതിന്നാലും പതിനഞ്ചും നൂറ്റാണ്ടുകളിൽ തുറോപ്പും മധ്യപൂർവ്വ ദേശങ്ങളും സ്ഥാനപതികളെയും ദൂതന്മാരെയും അയച്ചിരുന്ന മഹത്തായ വിജയനഗര സാമ്രാജ്യത്തിന്റെ ആസ്ഥാനമായിരുന്നു അവിടം ആദ്ധൂതാദരങ്ങളുണരത്തുന്ന സ്ഥലമാണ്. പക്ഷേ,വിദേശങ്ങളിലുള്ളവരോടു ഇതെപ്പറ്റിപറഞ്ഞ് അവിടം സന്ദർശിക്കാൻ അവരിൽ താല്പര്യമുണർത്താനായി എന്തെങ്കിലും ചെയ്യുന്നുണ്ടോ? ഒന്നുമില്ല .

സ്വന്തം രാജ്യത്തെക്കുറിച്ച് തീരെ വിവരംകെട്ടവർ നടത്തുന്നുവെന്നതാണ് വിദേശങ്ങളിലുള്ള നമ്മുടെ ടൂറിസം ഓഫീസുകളുടെ ഗുരുതരമായ ദൗർബല്യങ്ങളിലൊന്ന്. നമ്മുടെ ടൂറിസം പ്രതിനിധികൾ നിർദ്ദേശിക്കുന്ന യാത്രാപരിപാടികളെക്കുറിച്ച് എൻറെ ഇംഗ്ളീഷുകാരായ സുഹൃത്തുക്കൾ ചിലപ്പോഴൊക്കെ എന്നോട് ആരാഞ്ഞിട്ടുണ്ട്. അവരുടെ ചില നിർദ്ദേശങ്ങൾ അങ്ങേയറ്റം അസംബന്ധമായിരുന്നിട്ടുണ്ട്. ഉദാഹരണത്തിന്, ഇനുവരിയിൽ തെക്കേയിന്ത്യ ചുറ്റാനെത്തിയ ജൂതദമ്പതികളോട് ഊട്ടിയിൽ ഒരാഴ്ച ചെലവിടാൻ നിർദ്ദേശിച്ച കാര്യമെടുക്കാം. അല്പകാലത്തേക്കെങ്കിലും അവർ രക്ഷപ്പെടാൻ ശ്രമിച്ച, അവരുടെ രാജ്യത്തെ ശീതകാലത്തിന്റെ അതേയളവ് തണുപ്പും ഈർപ്പവും തന്നെയായാലും അവർക്കിവിടെയും ലഭ്യമാവുക. ഊട്ടിക്കുപകരം കൊച്ചിയിൽ പോകാൻ ഞാനവരെ ഉപദേശിച്ചു; അതിനവർ പിന്നീട് എന്നോടു വളരെയേറെ നന്ദി പ്രകടിപ്പിക്കുകയും ചെയ്തു. കേരളത്തിലെ അതിമനോഹര നഗരങ്ങളിലൊന്നാണെന്നതിനു പുറമെ കൊച്ചിക്ക് ജൂതന്മാരുടെ അധിവാസകേന്ദ്രമെന്ന നിലയ്ക്കുള്ള മോഹിപ്പിക്കുന്ന ഒരു ചരിത്രവുമുണ്ട്.

ടൂറിസ്റ്റ് നയത്തിൽ മാത്രമല്ല, നമ്മുടെ ദേശീയ ജീവിതത്തിൽത്തന്നെ ഒട്ടനവധി രീതികളിൽ ചിലർ പശുബെൽറ്റെന്നും മറ്റുചിലർ ഗർവ്വോടെ ആര്യാവർത്തമെന്നും വിളിക്കുന്ന ഗംഗാസമതലത്തിന്, തെക്കിനോടുള്ള വിപ്രതിപത്തികൾ പ്രതിഫലിച്ചിട്ടുള്ളതാണ്. ഇന്ത്യയിലെ അവികസിതമായ, പിന്നോക്കം നിൽക്കുന്ന യാഥാസ്ഥിതിക ഭാഗമായാണ് തെക്കിനെ അവർ കരുതിപ്പോരുന്നത്. ഇവിടത്തെ ജനങ്ങളാകട്ടെ വിചിത്രങ്ങളായ ഭാഷകൾ സംസാരിക്കുന്നവരും ഇഡ്ഡലിയും ദോശയും ശാപ്പിടുന്നവരും! അത്തരം മനോഭാവത്തിന് ഇപ്പോൾ പ്രാബല്യം കുറഞ്ഞിട്ടുണ്ടെങ്കിലും ഐ.റ്റി.ഡി.സി.യിൽ ഇപ്പോഴും പഞ്ചാബ്-ഹര്യാന- ബിസ്സിനസ്-ഇൻഡസ്ട്രിയൽ കോംപ്ളക്സിനാണ് മേധാവിത്വം എന്നു തോന്നുന്നു. കേരളത്തിലോ ബംഗാളിലോ ഹൈദരാബാദിലോ ഗുജറാത്തിലോ എവിടെയായാലും ടൂറിസ്റ്റുകളുടെമേൽ പഞ്ചാബി ഫുഡ് അടിച്ചേല്പിക്കുന്നത് വിദേശികളായ വിനോദസഞ്ചാരികളെയും സ്വദേശികളായ ഒഴിവു

കെ.എം. വേണുഗോപാൽ

സന്ദർശകരില്ലാത്ത ശവകുടീരങ്ങൾ

തികച്ചും ദുഃഖഭരിതമായ ഈ ജീവിതം ഇനിയുമിങ്ങനെ തുടരുന്നതിന് എന്തെങ്കിലും നീതീകരണമുണ്ടോ? ഒരു രീതിയിലുള്ള ശുഭാപ്തിവിശ്വാസത്തിനും കീറിമുറിക്കാനാകാത്തവിധം കടുത്ത ശൂന്യത ജീവിതത്തെ ആവരണം ചെയ്യുമ്പോൾ ഏതൊരുവനും സ്വയംചോദിച്ചുപോകുന്ന ചോദ്യമാണിത്. അയാൾക്കു കിട്ടുന്ന ഉത്തരമാകട്ടെ പലപ്പോഴും നിഷേധാത്മകമായിരിക്കുകയും ചെയ്യും. അത്തരം നിമിഷങ്ങളാണ് അയാളെ ആത്മഹത്യയുടെ അതിരിടവരമ്പുകളിൽ കൊണ്ടെത്തിക്കുന്നത്.

മൂല്യങ്ങളുടെ അടിപതറലിനെയും അതിനോടൊപ്പമുള്ള അന്യവൽക്കരണത്തേയും കുറിച്ചുള്ള പ്രഭാഷണങ്ങൾ ഇപ്പോൾ അർത്ഥമില്ലാത്തവയായിത്തീർന്നിരിക്കുന്നു. എല്ലാ അരക്ഷിതാവസ്ഥകളുടേയും നടുവിൽ ജീവിതം ഏറെക്കുറെ യുക്തിബദ്ധമായി മുന്നോട്ടു പോകുന്നു. പക്ഷേ, ഒരു കലാകാരന് ഈ അവസ്ഥകളെ തീക്ഷ്ണമായി അഭിമുഖീകരിക്കേണ്ടിവരുന്ന നിമിഷങ്ങളുണ്ട്. ആ നിമിഷങ്ങൾ ഉളവാക്കുന്ന കോറലുകളിൽനിന്നു രക്ഷപ്പെടാൻ അയാൾ രചനയിലേർപ്പെടുന്നു. ഏതോ കഠിനമായ മാനസികത്തകർച്ചയിൽനിന്നും രക്ഷപ്പെടാൻ യുങ്ങിന്റെ ചിക്ത്സയിൽ കഴിഞ്ഞിരുന്ന എലിയറിനെത്തേടി 'ദ വേസ്റ്റ് ലാൻഡ്' സൃഷ്ടിച്ചിലെത്തിയതിങ്ങനെയാണ്. ഈ പരിവർത്തനം സാധ്യമല്ലാത്തവിധം തീക്ഷ്ണമായ ദർശനഭംഗങ്ങളിൽ പെട്ടുപോയവർക്ക് എന്തു സംഭവിച്ചിരിക്കും? അകാലമൃത്യുവും ആത്മഹത്യയും പ്രതിരൂപാത്മകമായ ആത്മഹത്യയും ഈ നൂറാണ്ടിലെ കലാകാരന്മാരെ വിടാതെ

എലിയറ്റ്

പിൻതുടർന്നതോർമ്മയുണ്ടോ? റിംബോ 20-ാ മത്തെ വയസ്സിൽ കവിതയെഴുത്തുനിർത്തി. വാൻഗോഗ് ആത്മഹത്യ ചെയ്തു. സ്ട്രിൻബർഗിനു ഭ്രാന്തു പിടിച്ചു. അതിനുശേഷം ആ നിര നീളുകയാണ്. ക്ഷയരോഗത്തിൽ നിന്നുള്ള അകാലമൃത്യുവിനെ കലാപരമായ ആത്മഹത്യയാക്കി മാറ്റാൻ കാഫ്ക സ്വന്തം രചനകൾ നശിപ്പിക്കാൻ കൊതിച്ചു. വിർജ്ജിനിയാ വുൾഫ് നദിയിലേക്കെടുത്തുചാടി, അവളുടെ തന്നെ വികാരങ്ങളുടെ ചുഴിയിൽപ്പെട്ടുമരിച്ചു. ഡിലൻ തോമസ് മദ്യത്തിൽ മുങ്ങി മരിച്ചു. ആർതോദ് ഭ്രാന്താലയങ്ങളിൽ വർഷങ്ങൾ കഴിച്ചുകൂട്ടി. പോൾ സെലാനും മയക്കോസ്തിയും സിൽവിയാ പ്ളാത്തും സീസർ പാവേസയും ഇൂക്സൻ പൊള്ളോക്കും ആത്മഹത്യ ചെയ്തു. അച്ചരന്റെ പാത പിൻതുടർന്ന് സ്വയം വെടിവച്ചു മരിച്ച ഹെമിംഗ് വേ ഒരു നൂറ്റണ്ടിന്റെ മനസ്സാക്ഷിയെ മുഴുവൻ വേട്ടയാടുന്നു. സർഗ്ഗാത്മക വൈമല്യവേദനാനിർഭരമാണ്. വേദനയുടെ നഗ്നവെളിച്ചത്തിൽ ഉടലുകാട്ടിക്കൊടുക്കലാണ്. അത് കലാകാരന് സഹിക്കാവുന്നതിനുമപ്പുറമാകുമ്പോൾ അയാൾ കോളറിജിനെപ്പോലെ പ്രതിരൂപാത്മകമായി ആത്മഹത്യ ചെയ്യുന്നു. കോളറിജ് മുപ്പതുവർഷത്തെ ജീവിതത്തെ അദ്ദേഹത്തിന്റെ മരണാനന്തര നിലനില്പായാണ് ചില വിമർശകർ കരുതുന്നത്. ഇരുപതാമത്തെ വയസ്സിൽ കവിതയെഴുത്തു നിർത്തി എത്യോപ്യായിലൊരു കച്ചവടക്കാരനായി ജീവിതമൊടുക്കിയ റിംബോയും ഇതുതന്നെയാണ് ചെയ്തത്.

ഈ പശ്ചാത്തലത്തിലാണ് ആത്മഹത്യയുടെ പൊരുൾ തേടിപ്പോകുന്നത്. അൽവാരസിന്റെ 'ദ സാവേജ് ഗോഡ്' എന്ന ഗ്രന്ഥം പ്രസക്തമാകുന്നത്. ഈ ലോകത്തിൽ മനുഷ്യനു ചെയ്യാവുന്ന ഏറ്റവും വലിയ പാപമായി ചില മതങ്ങൾ ആത്മഹത്യയെ കാണുന്നു. മനശ്ശാസ്ത്രത്തിന്റെയും സാമൂഹ്യശാസ്ത്രത്തിന്റേയും ദൃഷ്ടിയിൽ അതൊരു മാനസികരോഗമാണ്. പിരിമുറുക്കം ഏറെയുള്ള മാനസികാവസ്ഥയിൽ വളരെ സാധാവികമായി ഏതൊരു മനുഷ്യനിലും ഉണ്ടാകാവുന്ന പ്രതികരണമായി ആത്മഹത്യയെ അൽവാരസ് നിരീക്ഷിക്കുന്നത്, തീർച്ചയായും മൗലികമാണ്. അചിന്തനീയമായത് മുന്നിൽ വന്നു പെടുമ്പോൾ സാമൂഹിക ശാസ്ത്രജ്ഞനും തത്ത്വജ്ഞാനിയും അതിനെക്കുറിച്ച് വിചാരത്തിലേർപ്പെടുന്നു. എന്നാൽ കലാകാരൻ ചുറ്റുപാടുകളിലെ പരുഷയാഥാർത്ഥ്യങ്ങളെ ഹൃദയംകൊണ്ട് സ്പർശിച്ചറിയുകയാണ് ചെയ്യുന്നത്. ആത്മഹത്യ ചെയ്ത കലാകാരന്മാരുടെ ഡയറിക്കുറിപ്പുകളും അവരുടെ കഥാപാത്രങ്ങളുടെ മാനസിക ഭാവങ്ങളും അപഗ്രഥിക്കുന്നതിലൂടെ നൈരാശ്യം കൊടികുത്തിവാണ ഒരു നൂറ്റാണ്ടിൽ സാഹിത്യത്തിലുണ്ടായ സുപ്രധാന ഋതുസംക്രമണങ്ങളെ അപൂർണ്ണമായൊരു ദൃഷ്ടിയിലൂടെ കാണുകയാണ്, അൽവാരസ്.

കാല്പനികകലയുടെ ആത്മാവ് പ്രകൃതിയിലേക്കും മനുഷ്യ പ്രകൃതിയിലേക്കുമുള്ള മടക്കമായിരുന്നു. കലാകാരന്റെ ആദ്യചുമതല അവബോധത്തോടുതന്നെയായി മാറി. എങ്കിലും കാല്പനികന്റെ ഗന്ധർവ്വസങ്കല്പം അടിപതറിയപ്പോൾ നാം മറ്റെവിടെയോ ഒക്കെ ആലംബം തേടി. പരമ്പരാഗതമൂല്യസങ്കല്പങ്ങൾ അർപ്പിതമായിരുന്ന കോട്ടകൾ—രാഷ്ട്രീയം, മതം,സംസ്കൃതി, ഏറ്റവും ഒടുവിലായിയുക്തിയും–ഇടറിവീണപ്പോൾ കൊടുംനൈരാശ്യം ഇരുപതാം നൂറ്റാണ്ടിലെ കലയുടെ സ്ഥായിഭാവമായിമാറി. 'ലോകത്തെ മുഴുവൻ രണ്ടായി വിഭജിക്കാം. രചനയിലേർപ്പെടുന്നവരും അല്ലാത്തവരും. രചനയിലേർപ്പെടുന്നവർ നൈരാശ്യത്തെ പ്രതിനിധീകരിക്കുന്നു' എന്ന കീർക്കഗാറിന്റെ ചൊല്ലിന് പുതിയ കാലത്ത് പുതിയ അർത്ഥങ്ങളുണ്ടാകുന്നു. ദസ്തയേവ്സ്കിക്കും പിന്നീടുള്ള പ്രധാന എഴുത്തുകാർക്കും അവരുടെ മുഴുവൻ സർഗ്ഗാത്മക ശ്രമത്തേയും നിർവചിക്കുന്ന പൊതുസവിശേഷതയായിരുന്നു നൈരാശ്യം. ഇതോടെ ജീവിതത്തിന് നിറം പകരാനുള്ള ഒരലങ്കാരമായി സാഹിത്യത്തെ നിർണ്ണയിക്കുന്ന രീതിയിൽ മാറ്റം വന്നു. മനുഷ്യനന്മയെ ചൊല്ലിയുള്ള കാല്പനിക ശുഭാപ്തിവിശ്വാസംപോലും അറുതിവന്നതുപോലെയായി. 'സെൽഫി'നെച്ചൊല്ലിയാണ് കലയുടെ ഏറ്റവും നൂതനമായ പരിഗണനയെങ്കിൽ കലയുടെ ആത്യന്തികമായ പരിഗണന 'സെൽഫി'ന്റെ അന്ത്യമാണ്,മരണമാണ്.

തീർച്ചയായും ഇതൊരു പുതിയ പ്രശ്നമല്ല. ലോകത്തെ പകുതിയലധികം സാഹിത്യവും മൃത്യുവിനെക്കുറിച്ചാണ്. അതിനുലഭിച്ച തീക്ഷ്ണതയും നൂതനമായ അർത്ഥമാനങ്ങളുമാണ് പ്രധാനം. മധ്യകാലങ്ങളിൽ, ഉദാഹരണത്തിന്, മരണം ഒരാധിപോലെ എഴുത്തുകാരനെ പിൻതുടർന്നിരുന്നു. പക്ഷേ, അപ്പോൾ പുനർജ്ജനിയുടെ സ്വപ്നലാവണ്യമാണ് ഇഹലോകജീവിതത്തെ അപ്രധാനമാക്കിയത്. ഇവിടെ ആ സ്വപ്നമില്ല. നന്ദിയർഹിക്കാത്ത ഈ വെളിപാടാണ് കമ്യൂവിന്റെ മെർസാൾട്ടിന് മരണം യുക്തിബദ്ധമായൊരു ആവശ്യകതയാക്കിയത്. ദസ്തയോവ്സ്കിയുടെ കഥാപാത്രമായ കറിലോവ് സ്വയം വെടിവച്ചു മരിക്കുന്നതിനുമുൻപെന്താണൊഴുതിവച്ചത്?

—ആത്മഹത്യചെയ്യാതിരിക്കാൻവേണ്ടിമാത്രം ഒരു ദൈവത്തെ സൃഷ്ടിക്കുകമാത്രമാണ് മനുഷ്യനിന്നേവരെ ചെയ്തത്. ഇന്നുവരെയുള്ള പ്രപഞ്ചചരിത്രത്തിന്റെ സത്താണത്. ഈ പ്രപഞ്ചത്തിന്റെ ആവശ്യങ്ങളും കർക്കശമായി മാറിയതിനു പിന്നിൽ ഒന്നിലധികം കാരണങ്ങളുണ്ട്. ഏറ്റവും പ്രധാനപ്പെട്ടത് സ്വാസ്ഥ്യരഹിതമായ പരീക്ഷണോന്മുഖതയുടെ നൈരന്തര്യമാണ്. സ്വീകൃതമായ ശൈലികളെ തട്ടിത്തെറിപ്പിക്കുവാനുള്ള താൽപ്പര്യം. ക്ളാസിക് ശൈലിയിൽനിന്നു തെറിപ്പിരിഞ്ഞപ്പോൾ റൊമാന്റിക്കുകൾ ഉറപ്പിച്ചത് അവരുടെ വൈകാരിക സ്വാതന്ത്ര്യമായിരുന്നു. മോഡേണിസ്റ്റുകൾ പരമ്പരാഗതമായിപ്പോയ ഈ ശൈലിയേയും അട്ടിമറിച്ചത് അവരുടെ ഭാവുകത്വത്തിന്റെ സത്യസന്ധമായ ആവിഷ്കാരം സാധ്യമാക്കാനാണ്. കാവ്യഭാഷയിലുണ്ടാകുന്ന ഇത്തരം പരീക്ഷണങ്ങളുടെയെല്ലാം വേരുകൾ എഴുത്തുകാരന്റെ മാനസിക പ്ലടനയിലാണ് നിലീനമായിരിക്കുന്നത്. കാവ്യരചനയിലെ ഗൗരവാവഹമായ പരീക്ഷണങ്ങൾ വെറും സാങ്കേതികമായ തിരിമറിച്ചിലുകളല്ല. ധാർമ്മികവും സാംസ്കാരികവുമായ എല്ലാ സുരക്ഷിതത്വങ്ങളും നഷ്ടമാകുന്ന അവസ്ഥയിൽ 'ഞാൻ എന്താണ്?' എന്ന നിർണ്ണായക ചോദ്യത്തിനു ലഭിക്കുന്ന ഉത്തരങ്ങളാണ് .മറ്റു മനുഷ്യർക്കു മുൻപേ തന്നെ തന്റെ കാലത്തിന്റെ ദീനതകളെ ആത്മാവുകൊണ്ട് സ്പർശിച്ചറിയാനും ആവിഷ്കരിക്കാനും കലാകാരനു കഴിയും എന്നു മുൻപു സൂചിപ്പിച്ചുവല്ലോ. അതുകൊണ്ടുതന്നെ ആധുനികകലയുടെ പുരോയാനമവസാനിക്കുന്നത് നാശത്തെക്കുറിച്ചുള്ള അസഹനീയമായ അവബോധത്തിലാണ്. കലാകാരന് സമൂഹത്തിലഭിനയിക്കേണ്ട ഭാഗം തന്നെ മാറിപ്പോയിരിക്കുന്നു. ഒരു കാല്പനിക നായകനും വിമോചകനും എന്ന സ്ഥാനം വിട്ട് അയാൾ ഒരിരയായി, ബലിമൃഗമായിത്തീർന്നിരിക്കുന്നു. എല്ലാത്തരം പ്രത്യാശകൾക്കും ഭീതിക്കും നായകബോധത്തിനുമപ്പുറത്തുള്ള ഒരുതരം മരവിപ്പിലേക്കു ഇരുപതാം നൂറ്റാണ്ടിലെ അന്യതാബോധം നീളുകയാ : നാശത്തേയുംമരണത്തേയും നിരന്തരം ദിമുഖീകരിക്കുന്നതിന്റെ ഫലമാണിത്. മരണം എല്ലായിടത്തും സംഭവിക്കുമ്പോൾ, യുദ്ധത്തിലെന്നപോലെ വിപുലമായി അതുളവാകുമ്പോൾ, അത് നിർവ്യക്തികവും ഒഴിവാക്കാനാകാത്തതും,ഏറ്റവും ഒടുവിലായി അർത്ഥമില്ലാത്തതുമായിത്തീരുന്നു. ഇവിടെ എത്ര നൈമിഷികമായിട്ടെങ്കിലും രക്ഷപ്പെടാനുള്ള ഒരേയൊരു മാർഗ്ഗം ഒരുകല്ലിനെപ്പോലെ നിർവികാരനായിത്തീരുക എന്നതാണ്. നടപ്പുദീനത്തെപ്പോലെ നീതിമാന് മാരിലും അല്ലാത്തവരിലും യുക്തിയോ മുന്നറിയിപ്പോ ഇല്ലാതെ വന്നിറങ്ങുന്ന മരണം ഇരുപതാം നൂറാണ്ടിന്റെ അനുഭവമേഖലകളിലെവിടെക്കെയോ ഉണ്ട്. ഒന്നാം ലോകമഹായുദ്ധത്തിലെ അർത്ഥമില്ലാത്ത കൊന്നൊടുക്കലുകളിലൂടെ നാസിസ്റാറാലിനിസ്റ്റ് ക്യാമ്പുകളിലൂടെ, രണ്ടു ആറ്റംബോംബുകളിലൂടെ, വിയറ്റ്നാം യുദ്ധത്തിലൂടെ കടന്നുവന്നപ്പോഴേക്കും മനുഷ്യചേതന ഒരിക്കലും തിരിച്ചുവരാനാകാത്തവിധം മരവിപ്പിലേക്കു വീണുപോയിരുന്നു.

ഇരുപതാം നൂറാണ്ടിലെ സാസ്ഥ്യരഹിതത്തിന്റെ ഗതിയിൽ ആദ്യമായി,ഞാനിതാ ദൈവത്തെ സൃഷ്ടിക്കാൻ വിസമ്മതിക്കുന്നു. (ദ പൊസസ്ഡ്) ദസ്തയോവ്സ്കിയുടെ യുക്തിബദ്ധമായ ആത്മഹത്യ കമ്യൂവിലെത്തുമ്പോഴേക്കും 'മെറ്റാഫിസിക്കൽ ക്രൈം' ആയി മാറുന്നു. ഇവിടെ മരണത്തിന്റെ യുക്തിയും അനിവാര്യതയുമൊക്കെ അസംബന്ധമായി മാറുന്നു.

അൽവാരസ്

വിർജ്ജിനിയ വുൾഫ്

അൽബർ കമ്യു

ഇപ്രകാരം കലാസ്പര്യയുടെ പ്രകൃതിയും കാല ഉല്ലാസ യാത്രക്കാരെയും സംബന്ധിച്ചിടത്തോളം ഒരു അവഹേളനമെന്നതു പോകട്ടെ—പാചക സംബന്ധവും സാംസ്കാരികവുമായ ദൂരന്തമാണ്.

ഇന്ത്യൻ ടൂറിസ്റ്റ് മാനേജറൻമാർ ഉണ്ടാക്കി വച്ചിരിക്കുന്ന പഞ്ചനക്ഷത്ര സംസ്കാരം ഭാരതീയമെന്നതിനെക്കാളും കൂടുതലായി മോശപ്പെട്ട അമേരിക്കനെന്നുകരണമാണ്. പച്ചമീൻ ധാരാളമിനങ്ങൾ എല്ലാനേരവും ലഭ്യമാണെന്നിരിക്കെ തന്നെ, അവർ ഒരേയൊരു പ്രത്യേകയിനം ഐസ്മീൻ മാത്രം വിളമ്പും. കത്തിരിക്ക, വെണ്ടയ്ക്ക, പയർ, തുടങ്ങിയ പച്ചക്കറികൾ പ്രാദേശികമായിത്തന്നെ തുച്ഛമായ വിലയ്ക്ക് ലഭ്യമാണെന്നിരിക്കെ അവർ മേശപ്പുറത്തു വിളമ്പാൻ അന്തസ്സുള്ള ഒരേയൊരു ഇനമായി നിർബന്ധം പിടിക്കുന്നത് ആലൂ-ഗോബിയാണ്.

പഞ്ചനക്ഷത്ര സംസ്കാരമെന്നു പറഞ്ഞാൽ ആകപ്പാടെ ലക്കുകെട്ട ഇത്തരം പാചകക്രമങ്ങളും പിന്നെ കാർപ്പെറ്റുകളും എയർകണ്ടീഷനിംഗും മഹാരാജാക്കൻമാരെപ്പോലെ വേഷംകെട്ടിയ വെയിറ്റർമാരും ചേരുന്നതാണ്. കടലിലെന്നതിനുപകരം നിങ്ങളുടെ നോട്ടം തറച്ചുനിൽക്കുന്നത് കാർപ്പെറ്റിലാവും. കടൽക്കാറ്റേറ്റു രസിക്കുന്നതിനു പകരം നിങ്ങൾ ഒരു തണുത്ത മുറിക്കുള്ളിൽ കിടന്ന് പുളയും. ബില്ലിന്റെ കാര്യം ആരു ശ്രദ്ധിക്കാൻ? നിങ്ങളുടെ കമ്പനി അത് പേ കൂടുമെന്ന കാര്യം പരിചിന്തിക്കേണ്ടതുണ്ട്.

ചെയ്തു കൊള്ളുമല്ലോ.

ജീവിതം താരതമ്യേന ചെലവു കുറഞ്ഞതും ഭക്ഷണകാര്യത്തിൽ ചില നിലവാരങ്ങൾ സൂക്ഷിച്ചു പോരുന്നതുമായ തെക്കേ ഇന്ത്യയിൽ ഇത്തരത്തിലുള്ള ടൂറിസം ഒരു മഹാശല്യമായി മാറും. സാമാന്യം നല്ല ഒരു സൗത്ത് ഇന്ത്യൻ റെസ്റ്റോറൻറിൽ നിന്ന് ഇപ്പോഴും മൂന്നോ നാലോ രൂപയ്ക്ക് നല്ലൊരു പ്രാതൽ ലഭ്യമാണ്. ടൂറിസം ഇട്ടുതരുമെന്ന് കരുതപ്പെടുന്ന പൊന്മുട്ട കൈക്കലാക്കാൻ ചാടിയിറങ്ങും മുൻപ് സംസ്ഥാന ഗവൺമെൻറുകൾ, ഈ പ്രതിഭാസത്തിൽ ഐ.റ്റി.ഡി.സിയും ടാറ്റായും ഐ.റ്റി.സിയും എന്തൊക്കെ ചെയ്തു

ഗമായ പരീക്ഷണോന്മുഖതയ്ക്കു പിന്നിലുള്ള പ്രധാന ചാലകശക്തി ക്രമരാഹിത്യത്തെക്കുറിച്ചുള്ള ഈ അവബോധമാണ്. കലയിൽ ഇതിന് രണ്ടുത്ഭവസ്ഥാനങ്ങൾ കണ്ടെത്താം. രണ്ടും വ്യാവസായിക വിപ്ലവത്തിന്റെ അനന്തര ഫലങ്ങളാണ്. ഒന്നാമത്തേത്, പ്രാക്തനമായ എല്ലാ സാമൂഹിക ബന്ധങ്ങളുടേയും വിശ്വാസങ്ങളുടെയും തകർച്ചയാണ്. രണ്ടാമത്തേത് സാങ്കേതിക വിദ്യയുടെ വളർച്ച-മനുഷ്യന്റെ ജീവിതം സുഖകരമാക്കാൻവേണ്ടി നിർമ്മിക്കപ്പെട്ട യന്ത്രങ്ങൾ, ഒരു ഭ്രാന്തന്റെ തല തിരിച്ചിൽ പോലെ ജീവിതത്തെ പൂർണ്ണമായും നശിപ്പിക്കുന്ന അവസ്ഥയിലേക്കു മാറിപ്പോവുകയാണുണ്ടായത്. 19—ാം നൂറ്റാണ്ടിൽ മതത്തിന്റെ ആധിപത്യം തിർന്നപ്പോൾ ഈശ്വരനും ജീവിതവും എങ്ങനെ അസംബന്ധമായി തോന്നിയോ അതുപോലെ സാങ്കേതികവിദ്യയുടെ വികാസം 20-ാംനൂറ്റാണ്ടിലെ മനുഷ്യന്റെ മരണത്തെ മറ്റൊരസംബന്ധമാക്കി. മനുഷ്യനിർമ്മിതമായ ഒരു ഭാഷയിലേയും ഒരു വാക്കും സ്വന്തം മരണത്തിന്റെ കാരണമറിയാൻ കഴിയാത്ത ഗിനിപ്പന്നികളെ ആശ്വസിപ്പിക്കുന്നില്ല എന്ന് ഹിരോഷിമയിലെ ദുരന്തത്തിൽനിന്ന് രക്ഷപ്പെട്ട ഒരാൾ എഴുതിയ തോർത്തുപോകുന്നു. ഈ നൂറ്റാണ്ടിലെ ഓരോ കലാസൃഷ്ടിയുടേയും പിന്നിൽ ഈ മനോഭാവമാണുള്ളത്. കൂടുതൽ പ്രകടമായ മറ്റു കാരണങ്ങൾ ഇതിനുപിന്നിലുണ്ടാകാം-പരമ്പരാഗതമൂല്യ സങ്കല്പങ്ങളുടെ തകർച്ച, അർത്ഥം നഷ്ടപ്പെട്ടുപോയ സാമ്പ്രദായികതകളിലുള്ള അക്ഷമ, പരീക്ഷണത്തിനുവേണ്ടിയുള്ള പരീക്ഷണങ്ങൾ എന്നിവ. ഈ നൂറ്റാണ്ടിന്റെ ചരിത്രപരമായ നിമിത്തങ്ങൾ ഭാവനയിലുണർത്താൻ സിദ്ധിയുള്ള ഒരു കാവ്യ ഭാഷ കണ്ടെത്താനുള്ള വെമ്പലാണ് എല്ലാറ്റിനും ഉപരിയായി നിലനിൽക്കുന്നത്. അസ്വാഭാവികമായി വന്നുഭവിക്കുന്ന അകാല മൃത്യുവിനെ ആവിഷ്കരിക്കാൻ മുതുകുന്ന ഒരു ഭാഷ, തീർച്ചയായും അതു മരണവരമ്പത്തെ തെങ്ങിക്കരേച്ചിലിന്റെ ഭാഷയാണ്. അക്കാലത്തെ കലാസൃഷ്ടികൾ സമൂഹത്തെ ബാധിച്ചിരുന്ന മരവിപ്പിനെ തീവ്രമാക്കുന്ന നിലവിളികളായി മാറുകയാണുണ്ടായത്. കാഫ്ക തന്റെ സുഹൃത്തായ ഓസ്കാർ പൊള്ളാക്കിനെഴുതി—ഒരു ദൗർഭാഗ്യംപോലെ നമ്മുടെ മേൽ വന്നു വീഴുന്ന പുസ്തകങ്ങളാണ് നമുക്കുവേണ്ടത്. നാം സ്നേഹിക്കുന്ന ആരുടെയെങ്കിലും മരണം നമ്മുടെ മേൽ വന്നുവീഴുന്നതുപോലെയുള്ള, ആത്മഹത്യയുടെ വെളുമ്പിൽ നമ്മെ കൊണ്ടെത്തിക്കുന്ന പുസ്തകങ്ങൾ. ആഹ്ലാദത്തിന്റെ എല്ലാ മേഖലയേയും തിരസ്കരിക്കുമ്പോൾത്തന്നെ അനുവാചകന് ആനന്ദം പകർന്നുകൊടുക്കുന്ന ഒരു കാവ്യ ഭാഷ ഉണ്ടാക്കുക എന്നതാണ് ഇവിടെ കലാകാരന്റെ പ്രശ്നം.

എഴുത്തുകാരൻ വായനക്കാരനുമായിപങ്കുവയ്ക്കുന്ന പാപബോധങ്ങളിൽ നിന്നും നിഗൂഢമായ ശത്രുതകളിൽ നിന്നും മോചിതനാകാൻ അവൻ തേങ്ങുന്ന ഒരു ഭാഷകണ്ടെത്തുന്നു. ഈ ശ്രമത്തിനിടയിലും അവന അവനെത്തന്നെ ബലിപീഠത്തിൽ വയ്ക്കുന്നു. രക്ഷപ്പെടാനുള്ള പഴുതുകളെല്ലാമടച്ചുവച്ച് അവൻ പ്രതീകാത്മകമായി ആത്മഹത്യചെയ്യുന്നു. ഒരു മഹത്തായ കലാസൃഷ്ടിയെന്നോണം ആത്മഹത്യയും ഹൃദയത്തിന്റെ ആഴങ്ങളിലെവിടെയോ ഉള്ള നിശ്ശബ്ദതയിലാണ് രൂപപ്പെട്ടുവരുന്നത് എന്ന് കമ്യു എഴുതിയിരുന്നല്ലോ. ഇതിനൊരു പൂരകവാക്യം കൂടി അൽവാരസ് എഴുതിച്ചേർക്കുന്നു—തീവ്രമായ മാനസികസംഘർഷത്തിന്റെ നിമിഷങ്ങളിൽ ഓരോ മഹത്തായ കലാസൃഷ്ടിയും ഒരുതരം ആത്മഹത്യയാണ്.

1917-നു മുൻപുതന്നെ രചനയാരംഭിച്ച റഷ്യൻ കവികളുടെ മരണനിരക്കിന്റെ ആധിക്യം ഇതു വിദഗ്ദ്ധീകരിക്കുന്നുണ്ടാവും. ഒന്നാം ലോകമഹായുദ്ധത്തിന്റെ അന്ത്യത്തിൽ സെവര്യാനിനെപ്പോലെയുള്ള ഡീക്കെഡെൻറ് കവികളുടെ ദുരൂഹരചനകൾക്കുനേരെയുള്ള ഒരു കലാപമായിരുന്നു സെർഗേയ് യസനിന്റെ കവിത. നഗരത്തിലെത്തിപ്പെട്ട യസനിൻ ആതുരതയോടെ തന്റെ ഗ്രാമത്തിലേക്കു തിരിഞ്ഞുനോക്കി. 1926-ൽ യസനിൻ തന്റെ കൈപ്പത്തികൾ മുറിച്ച് സ്വന്തം ചോരയിൽ വേർപാടിന്റെ ഗീതമെഴുതി തൂങ്ങിമരിച്ചു. അയാളെ ആകർഷിച്ചു കവിതയെഴുതിയ മയക്കോഫ്സ്കി[*1] അഞ്ചുവർഷങ്ങൾക്കു ശേഷം ആത്മഹത്യചെയ്തു. തന്റെ രാഷ്ട്രീയ വിശ്വാസങ്ങൾക്ക് കവിതയെ വിഷമയമാക്കുന്നു എന്നുകൂടി മയക്കോഫ്സ്കി കരുതിയിരിക്കണം. അന്നു മരണമടഞ്ഞവർക്ക് ബോറിസ് പാസ്റ്റർനാക്കെഴുതിയ ചിതാലേഖനം നോക്കൂ—കഴുമരത്തിൽ പീഡിപ്പിക്കപ്പെടുന്നവന് ഓർമ്മകളുടെ ഒരു വസന്തകാലം സ്വന്തമായുണ്ട്. ആത്മഹത്യ ചെയ്യാൻ തീരുമാനമെടുത്തവനാകട്ടെ, തന്റെ ഉൺമയ്ക്ക് പൂർണ്ണവിരാമമിടുകയാണ്. ഭൂതകാലത്തിൽ നിന്നവൻ മുഖം തിരിക്കുന്നു. ഓർമ്മകൾ അവനയത്നാർത്ഥമാകുന്നു. ആത്മഹത്യ സമൂഹത്തിന്റെ ഒഴിവാക്കാനാകാത്ത ഒരു പ്രകടമാകുന്നതിനെ കുറിച്ചാണ് പാസ്റ്റർനാക് എഴുതുന്നത്

ഒരു സമഗ്രാധിപത്യ വ്യവസ്ഥിതി പൂർണ്ണ അധികാരം നേടുമ്പോഴാണിതു സംഭവിക്കുന്നത്. ഒരു സമഗ്രാധിപത്യ ഭരണകൂടത്തിന്റെ ഇരയായിത്തീർന്നവന് സ്വന്തം ചരിത്രത്തെത്തന്നെ നിഷേധിക്കാൻ ആത്മഹത്യ സഹായകമായിത്തീരുന്നു. കർമ്മങ്ങൾ, ഓർമ്മകൾ, ആത്മീയജീവിതം—ചുരുക്കി. ഒരു വ്യക്തി എന്നനിലയിൽ താൻ നിർവ്വചിക്കപ്പെടുന്ന മുഴുവൻ കാര്യങ്ങളെയും അവൻ മുടിവയ്ക്കുന്നു. കോൺസൻട്രേഷൻ ക്യാമ്പുകൾ 'ജീവിതത്തിന്റെ അന്തിമസാഫല്യം'[*2] എന്ന മൃത്യു സങ്കല്പം ഇല്ലാതാക്കുന്നു. വ്യക്തിയുടെ കൈയിൽ നിന്ന് അവനെറ മരണംപോലും അവതട്ടിയെടുക്കുന്നു. അവന് സ്വന്തമായി ഒന്നുമില്ലാതാകുന്നു. അവനെറ മരണം അവനൊരിക്കലും നിലനിന്നിട്ടില്ല എന്നതിന്റെ മുദ്രമാത്രമാകുന്നു. കോൺസൻട്രേഷൻ ക്യാമ്പുകളിലൊടുങ്ങിയവർക്കും, പാസ്റ്റർനാക്ക് സൂചിപ്പിക്കുംപോലെ ആത്മഹത്യചെയ്തവർക്കും വിഭ്രാന്തി ഒരേ തരമായിരുന്നു—സ്ഥായിയായ, കലയുടെ മായികതകളാൽ മറയ്ക്കപ്പെടാത്ത ക്രമരാഹിത്യവും ഭീതിയും. എങ്കിലും സ്വാതന്ത്ര്യത്തിന്റെ ഒരു കിരണം ആത്മഹത്യയിൽ നിന്നുലഭിച്ചു—സ്വന്തം ജീവനെടുക്കാനുള്ള സ്വാതന്ത്ര്യം!

പൊലീസ് ഭരണകൂടത്തിന്റെയും കോൺസൻട്രേൻ ക്യാമ്പുകളുടെയും ഭീതി എത്രയോ ശ്രമങ്ങൾക്കുശേഷവും വർണ്ണനാതീതമായി നിൽക്കുന്നു. ഒരു കലാകാരനാവിഷ്കരിക്കാനാകാത്ത, അസാദ്ധ്യവിഷയങ്ങളായി അവ നിലനിൽക്കുന്നു. അവിടെ സംഭവിച്ചത് ഭാവനയ്ക്കതീതമായ കാര്യങ്ങളാണ്. അതുകൊണ്ടുതന്നെ അവ കലയ്ക്കും കലയുടെ പരമ്പരാഗത അധിഷ്ഠാനമായ മാനുഷിക മൂല്യങ്ങൾക്കും അതീതമായി നിൽക്കുന്നു. തെദ്യൂസ് ബോറോസ്കി മാത്രം ഇവിടെ ശക്തമായൊരപവാദമാണ്. ക്യാമ്പുകളിലെ ഭീതി ആവിഷ്കരിക്കാൻ പരമ്പരാഗതമായി ഉപയോഗിച്ചുപോന്ന സാഹിത്യമാർഗ്ഗങ്ങൾ—മെലോ ഡ്രാമയും ആത്മാനുതാപവും പ്രചാരതന്ത്രങ്ങളുമെല്ലാം ബോറോസ്കി കൈവെടിയുന്നു. തണുത്തുറഞ്ഞ, വികാരരഹിതമായ ഒരു ശൈലിയിൽ ബോറോസ്കി ഇതു സാധിക്കുന്നു.

—'ഫുട്ബോൾ കളിയിൽ രണ്ടുതവണ 'ത്രോ ഇൻ' ചെയ്തപ്പോഴേക്കും എന്റെ പിന്നിൽ മൂവായിരം പേരെ ചുട്ടുകൊന്നിരുന്നു'. അലസമായി ഒരു ഫുട്ബോൾ കളിയുടെ വർണ്ണനവായിച്ചിരിക്കുന്ന നമ്മുടെ മസ്തിഷ്ക്കത്തിൽ ഈ വാചകം ഒരു സ്ഫോടനമുണ്ടാക്കുന്നു. 'ഒരു പ്രത്യേകതരം ധാർമ്മികതയുടെ അങ്ങേയറ്റം വരെയുള്ള യാത്ര'യാണ് ബോറോസ്കി തന്റെ കഥകളെ കാണുന്നത്. എല്ലാ ധാർമ്മികതയുടെയും അഭാവത്തിൽ നിന്നാണ് ബോറോസ്കി തന്റെ ധാർമ്മികത സൃഷ്ടിച്ചെടുക്കുന്നത്.

ഇതാണ് അപ്പോൾ സമഗ്രാധിപത്യകലയുടെ പ്രശ്നം. സമഗ്രാധിപത്യകല വിളയുപ്രദമാകുന്ന ആത്മഹത്യയുടെ കലയാണ്. ഉൺമയുടെ അതിരുകളെ സ്പർശിക്കുന്ന കലയാകട്ടെ ആത്മഹത്യാശ്രമത്തിന്റെയും. ബക്കറ്റിനെ നോക്കൂ അദ്ദേഹം സൃഷ്ടിച്ചത് 'ലൈഫ് ഇൻ ഡെത്ത്' എന്ന് കോളറിഡ്ജ് വിശേഷിപ്പിച്ച മട്ടിലുള്ള ലോകമാണ്. എല്ലാ വൈയക്തിക സവിശേഷതകളും ഉരിഞ്ഞുകളഞ്ഞ എല്ലാ പ്രത്യാശകളും കൈവെടിഞ്ഞവരാണ് അദ്ദേഹത്തിന്റെ കഥാപാത്രങ്ങൾ.

കലയിൽ ഈ രണ്ടു മനോഭാവങ്ങളുടെ ആധിപത്യമാണ് 20-ാം നൂറ്റാണ്ടിൽ മുന്നിട്ടുനിന്ന സാഹിത്യപ്രസ്ഥാനങ്ങൾക്ക് നിമിത്തമായി അൽവാരസ് നിരീക്ഷിക്കുന്നത്. യുദ്ധഭീതിയും അണുവായുധങ്ങളും അർത്ഥമില്ലാത്ത കൊന്നൊടുക്കലുകളും ഇപ്പോഴും തുടരുകയാണ്. ആസ്ട്രേലിയയിലെ യൂറേനിയം ഖനികളിൽ നിന്നാരംഭിക്കുന്ന പ്രസരണത്തിന്റെ താണ്ഡവനൃത്തം പസഫിക്കിലും സോവിയറ്റ് റഷ്യയിലും നടക്കുന്ന ആണവപരീക്ഷണങ്ങളിലൂടെ തുടരുന്നു. യുദ്ധഭീതി ഡെമോക്ളസിന്റെ വാളുപോലെ നമ്മുടെ ശിരസ്സിന് മേൽ തൂങ്ങിനിൽക്കുന്നു. ഓരോ സെക്കൻറിലും രണ്ടു കുഞ്ഞുങ്ങൾവീതം പട്ടിണിമരണത്തിനു വിധേയമാകുമ്പോഴാണിതും തുടരുന്നത്. അപ്പോൾ ഇനിവരുന്ന നൂറ്റാണ്ടിന്റെ കലയും കൊടും നൈരാശ്യത്തിന്റെ കലയായിരിക്കുമോ? അൽവാരസിന്റെരീതിയിൽ ചിന്തിച്ചാൽ അങ്ങനെയാണു കരുതേണ്ടത്.

എന്നാൽ രണ്ടു കാരണങ്ങൾ ഇതിനെതിരായി ചിന്തിക്കാൻ നമ്മെ പ്രേരിപ്പിക്കുന്നു. ഒന്നാമത്തേത്, ആധുനികതയ്ക്കുശേഷവും സാഹിത്യമുണ്ടെന്നും അത് കൊടും നൈരാശ്യത്തിന്റെ കലയല്ലെന്നും നമ്മെ ശീലിപ്പിച്ച തലയെടുപ്പുള്ള എഴുത്തുകാരുടെ രചനകളാണ്. പ്രാപഞ്ചികമായ ഏതോ ചൈതന്യത്തെ സ്പർശിക്കാൻ വെമ്പുന്ന ബോർഹസിന്റെയും മാർക്വൂസിന്റെയും കാൽവിനോയുടെയും കൃതികൾ ഇതാണു സൂചിപ്പിക്കുന്നത്. രണ്ടാമത്തെക്കാരണം രാഷ്ട്രീയവും സാമൂഹികവുമായ സാഹചര്യങ്ങളാണ് സാഹിത്യലോകത്തെ ചലനങ്ങൾക്ക് കാരണമാകുന്നത് എന്ന സങ്കല്പങ്ങളെ ആധുനികവിമർശകർ അംഗീകരിക്കുന്നില്ല എന്നതാണ്. കലാവ്യൂഹത്തിനകത്തു തന്നെ നടക്കുന്ന തിരിമറിച്ചിലുകളാണ് സാഹിത്യത്തിലെ പല പരിണാമങ്ങൾക്കും നിദാനമായി അവർ കാണുന്നത്. മഹായുദ്ധങ്ങളും വിശ്വാസത്തകർച്ചകളും കൊണ്ട് ലോകമെങ്ങനെ ഒരു തരിശുഭൂമിയായി എന്ന പ്രമേയമുൾക്കൊള്ളുന്ന കവിത ആധുനികതയ്ക്കു നാന്ദികുറിച്ചുവെന്നത് യാദൃച്ഛികം മാത്രമാണ്. 19-ാം നൂറ്റാണ്ടിന്റെ അന്ത്യത്തിൽത്തന്നെ ഓസ്കാർ വൈൽഡിന്റെയും 'ഡീക്കഡെൻറ്സ്' എന്നറിയപ്പെട്ടിരുന്നവരുടെയും രചനകളിൽ ആധുനികതയുടെ സ്പന്ദനങ്ങൾ കാണാം. ഒരു പക്ഷേ, ആധുനികകലയെ ഹൃദയപൂർവ്വം സ്വീകരിക്കാനാകുന്ന ഒരാശയ കാലാവസ്ഥയുദ്ധമാണുണ്ടാക്കിയതെന്നു പറയുന്നതാവും ശരി. 930-കൾക്കുശേഷം ഓരോ പത്തുവർഷവും ആധുനികതയ്ക്കനുകൂലമായും അതിനെതിരായും യൂറോപ്യൻ സാഹിത്യത്തിലുണ്ടായ ചലനങ്ങളെ ഒരു പെൻഡുലത്തിന്റെ ചലനവുമായാണ് ഡേവിഡ് ലോഡ്ജിനെപ്പോലെയുള്ളൊരുവിമർശകൻ സാമ്യം കൽപ്പിക്കുന്നത്. പരീക്ഷണോന്മുഖമായ രചനകൾ അധികം പ്രത്യക്ഷപ്പെട്ടു തുടങ്ങുമ്പോൾ അതിന്റെ പുതുമനശിക്കുകയും കൂടുതൽ ലളിതമായ കൃതികൾ നാം ആഗ്രഹിച്ചു തുടങ്ങുകയും ചെയ്യും. നമ്മുടെ കവിതയും നോവലും തന്നെ ആധുനികതയുടെ ശൈഥില്യനയും പരീക്ഷണോന്മുഖതയും കൈവെടിഞ്ഞ് തെളിമയിലേക്കു നീങ്ങുന്നത് ശ്രദ്ധേയമാണ്. വരുംകാലത്തെ കലയുടെ സ്വഭാവമെന്തായിരിക്കും? എല്ലാ പ്രത്യാശകളും നഷ്ടപ്പെടുമ്പോഴും ജീവിതത്തിന്റെ ചൈതന്യത്തെ വാഴ്ത്തുന്നവയായിരിക്കും. നിരാധാരമായ വാഴ്വിനെച്ചൊല്ലിയുള്ള ആകുലതകൾ നമ്മെ ഇനിയും പിൻതുടർന്നേക്കാം.

ഇ. രാജുശേഖരൻ നായർ

ജി. പരമേശ്വരൻപിള്ള

ഇങ്ങനെയും ഒരാൾ ഉണ്ടായിരുന്നു

1930 മേയ് 21. ഉച്ചയ്ക്ക് 1.30ന് ജി.പി. മരിച്ചു. ബാരിസ്റ്റർ ജി.പി. എന്ന ജി. പരമേശ്വരൻ പിള്ള.

39-ാമത്തെ വയസ്സിൽ മരിച്ചില്ലായിരുന്നെങ്കിൽ ഇന്ത്യൻ ദേശീയനേതൃത്വനിരയിൽ ജി.പിയുടെ സ്ഥാനം നാമിന്നറിയുന്ന നേതാക്കളിൽ ആർക്കൊക്കെ മുകളിൽ ആയിരിക്കുമെന്നായിരുന്നു എന്ന് ആലോചിക്കുന്നതിൽ അർത്ഥമില്ല. എന്നാൽ 39-ാമത്തെ വയസ്സിൽ മരിക്കുമ്പോൾ ജി.പിയുടെ സ്ഥാനം എന്തായിരുന്നു എന്നന്വേഷിക്കുന്നതിന് അർത്ഥമുണ്ട്. പ്രത്യേകിച്ചും, തിരുവിതാംകൂർ കണ്ട ഏറ്റവും പ്രഗത്ഭരിൽ ഒരാളായ ആ മനുഷ്യനെ ചരിത്രപുസ്തകങ്ങളുടെ ഇടനാഴികളിൽപ്പോലും നാം കണ്ടുമുട്ടിയിട്ടില്ല എന്നിരിക്കെ.

മദ്രാസ് മുനിസിപ്പൽ കമ്മീഷണറായി റിട്ടയർ ചെയ്ത വെമ്പാകം രാമയ്യങ്കാർ 1880-ൽ വിശാഖം തിരുനാൾ മഹാരാജാവിന്റെ ക്ഷണപ്രകാരം തിരുവിതാംകൂർ ദിവാനായി അധികാരമേറ്റെടുക്കുമ്പോൾ പള്ളിപ്പുറത്ത് വലവക്കുന്നത്തു നായർ തറവാട്ടിലെ കാർത്ത്യായനി അമ്മയുടെയും ഹരിഹര അയ്യർ എന്ന സംസ്കൃതപണ്ഡിതന്റെയും ഏകപുത്രൻ ജി. പരമേശ്വരൻപിള്ളയ്ക്ക് പതിനാറുവയസ്സായിരുന്നു പ്രായം. തിരുവനന്തപുരത്ത് എഫ്.എയ്ക്കു പഠിക്കുന്നു. പാഠപുസ്തകങ്ങൾക്കപ്പുറം ഒരു ലോകം പരമേശ്വരന് അന്നേ ഉണ്ടായിരുന്നു. അങ്ങനെയാണ് 'കൊച്ചിൻ ആർഗസിൽ' ലേഖനമെഴുതാൻ തുടങ്ങിയത്.

ഭരണരംഗം രാമയ്യങ്കാർ ഉഴുതുമറിച്ചു. വ്യക്തമായ നിയമാവലിയും നടപടിക്രമങ്ങളും ഇല്ലാതിരുന്ന തിരുവിതാംകൂറിലെ പൊലീസ് സേനയ്ക്ക് ഇന്ത്യൻ പീനൽകോഡും പ്രൊ

ന ഡിയർ കോഡും അനുസരിക്കേണ്ടിവന്നു. മദ്രാസ് പൊലീസ് നിയമത്തെ അനുകരിച്ച് തിരുവിതാംകൂറിലും ഒരു നിയമം വന്നതോടെ വേണ്ടത്ര ശമ്പളവും അനുസരണയും ഇല്ലാതിരുന്ന പൊലീസുകാർക്ക് അതുരണ്ടും ആവശ്യത്തിനുണ്ടായി. ഇതിനേക്കാളൊക്കെ പ്രധാനപ്പെട്ടതായിരുന്നു രാമയ്യങ്കാർ [illegible]ത്തിയ തിരുവിതാംകൂർ റവന്യൂ സർ[illegible]

പക്ഷേ, ഭരണരംഗത്തെ ഈ പ്രശ്നങ്ങൾ മറ്റുചില രംഗങ്ങളിൽ ആവശ്യമില്ലാത്ത ആഭ്യന്തര കലഹങ്ങൾക്കു തിരികൊളുത്തി. തിരുവിതാംകൂറിലെ യോഗ്യതയുള്ളവർ ധാരാളം ഉണ്ടായിരുന്നിട്ടും സർക്കാരിന്റെ മേലേത്തട്ടുകളിൽ പുറം ബ്രാഹ്മണരെ ഒന്നൊന്നായി ചേക്കേറ്റിയതായിരുന്നു അവയിൽ ഒന്ന്. പരമേശ്വരനേയും കൂട്ടരേയും അത് അലോസരപ്പെടുത്തി. ഇത് അനീതിയാണ്. അനീതിക്കെതിരെ ശബ്ദിക്കാതിരുന്നാൽ അത് കടുത്ത അനീതി. പ്രത്യേകിച്ചും പ്രതികരിക്കാൻ ശക്തമായ ഒരു മാദ്ധ്യമം ഉള്ളപ്പോൾ. കാരണം, അന്ന് മഹാരാജാസ് കോളേജിലെ ബി.എ. വിദ്യാർത്ഥിയായിരുന്നു പരമേശ്വരൻ. കൊച്ചിയിൽ നിന്നിറങ്ങുന്ന 'വെസ്റ്റേൺ സ്റ്റാർ' എന്ന വാരികയുടെ തിരുവനന്തപുരത്തെ അക്രഡിറ്റഡ് ലേഖകനായിരുന്നു. കൂടാതെ, തിരുവനന്തപുരത്തുനിന്നിറങ്ങിയ 'കേരള പാട്രിയേറ്റിന്റെ' സബ് എഡിറ്ററും.

'ഫിലോ കോസിയർ' എന്ന തൂലികാനാമത്തിലാണ് പരമേശ്വരൻ എഴുതിയത്. എഴുതുന്നതിനുമുമ്പ് തന്റെ രണ്ടു സുഹൃത്തുക്കളുമായി ചർച്ചനടത്തുകപതിവുണ്ടായിരുന്നു. രാമയ്യങ്കാർ വന്നതോടെ സ്ഥാനം നഷ്ടപ്പെട്ട നാണുപിള്ളയുടെ മകൻ രാമൻപിള്ളയും ദിവാൻ പേഷ്കാരായിരുന്ന രഘുനാഥ റാവുവിന്റെ പുത്രൻ രംഗറാവുവുമായിരുന്നു അവർ. അവരിലൊരാൾ 'വെസ്റ്റേൺ സ്റ്റാറിൽ' ത്തന്നെ 'കോസിയർ' എന്ന പേരിൽ എഴുതാറുണ്ടായിരുന്നു.

ഭരണപാളിച്ചകൾ പത്രത്തിലൂടെ മൂർച്ചയുള്ള ഭാഷയിൽ വിമർശിക്കപ്പെട്ടു. ദിവാൻ വെമ്പാകം രാമയ്യങ്കാർക്കു നൊന്തു. പക്ഷേ, പത്രത്തിനെതിരെ ഒരു നടപടിക്കും വിഴിയില്ല. അതിനങ്ങനത് ബ്രിട്ടീഷ് കൊച്ചിയിൽ നിന്ന്. പത്രാധിപർ ഹാൾ മെൽവിൻ വാക്കർ എന്ന സായ്പും. ലേഖനങ്ങളുടെ ഉറവിടം. പേനയുടെ മറുതുമ്പുതേടി ദിവാൻ ചാരന്മാരെ എയ്തു. സംശയത്തിന്റെ കണ്ണുകൾ പല പ്രമുഖരുടെ നേരെയും നീണ്ടു. പക്ഷേ, ഒന്നിനും തെളിവില്ല. എങ്കിലും, അവസാനം ദിവാന്റെ ചാരന്മാർ മിടുക്കുതെളിയിച്ചു. മഹാരാജാസ് കോളേജിന്റെ മരത്തണലിലെ പുൽപ്പരപ്പിലിരുന്ന് അടുത്തലേഖനത്തിന്റെ കോപ്പുകൾ ചെത്തിമിനുക്കിക്കൊണ്ടിരുന്നു 'ഫിലോ കോസിയറു'ടേയും 'കോസിയറു'ടേയും മറയവർ കീറി.

വിദ്യാർത്ഥികളെ മൂന്നുപേരെയും പുറത്താക്കാൻ ദിവാൻ പ്രിൻസിപ്പൽ ജോൺ റോസ്സിനോട് ആവശ്യപ്പെട്ടു. തന്റെ കുട്ടികളിൽ മിടുക്കരാണവർ. പ്രത്യേകിച്ചും പരമേശ്വരൻ. ഇംഗ്ലീഷ് ഭംഗിയായി കൈകാര്യം ചെയ്യാനറിയാവുന്ന വാഗ്മി. ട്രിവാൻഡ്രം കോളേജ് ഡിബേറ്റിംഗ് സൊസൈറ്റിയുടെ അസി. സെക്രട്ടറി. ടെന്നീസ്, ക്രിക്കറ്റ്, ഫുട്ബോൾ എന്നിവയ്ക്ക് സംഘടന ഉണ്ടാക്കിയ ആൾ. മികച്ച കളരിക്കാരൻ. പോരാത്തതിന് ഇവയൊന്നും പഠിത്തത്തിൽ തടസ്സങ്ങളാകാതെ സൂക്ഷിക്കാൻ കഴിയുന്നവൻ. വയ്യ. റോസ്സ് വിയർത്തു.

പത്രലേഖനങ്ങളിലൂടെ വിദ്യാർത്ഥികളുടെ ഇടയിൽ രാഷ്ട്രീയം പ്രചരിപ്പിച്ച് അവരെ ഭരണകൂടത്തിനെതിരെ അണിനിരത്തുന്നു എന്നു കാണിച്ച് മൂന്നുപേരെയും പുറത്താക്കാൻ പറഞ്ഞുകൊണ്ടുള്ള ഡി.ഒ. ലറ്റർ രാമയ്യങ്കാർ പ്രിൻസിപ്പാൾക്കയച്ചു. അതോടെ കുട്ടികൾ മൂവരും പുറത്തായി. ഏതൊരു താമസിയാതെ നിർബ്ബന്ധിത പെൻഷനോടെ പ്രിൻസിപ്പാളും.

1884-ൽ വിശാഖം തിരുനാൾ കാലം ചെയ്തു. മൂലം തിരുനാൾ അധികാരമേറ്റെടുത്ത് മൂന്നു വർഷമായപ്പോൾ രാമയ്യങ്കാർ ദിവാൻ സ്ഥാനത്തുനിന്നു വിരമിച്ചു. റ്റി. രാമറാവു പുതിയ ദിവാനായി. മദ്രാസിൽ പരമേശ്വരൻ ജി.പി. എന്ന ചുരുക്കപ്പേരിൽ പ്രസിദ്ധനായി.

പുതിയ ദിവാന്റെ കീഴിൽ ഭരണം കൂടുതൽ വഷളായി. അതോടെ ജി.പിയുടെ ലേഖനങ്ങളുടെ എണ്ണവും മൂർച്ചയും കൂടി. മദ്രാസിൽ നിന്നിറങ്ങിയ എല്ലാ ഇംഗ്ലീഷ് പത്രങ്ങളിലും തിരുവിതാംകൂറിലെ ദുർഭരണത്തെക്കുറിച്ചുള്ള വാർത്തകൾ വന്നു.

1887-ൽ മദ്രാസ് ഗവർണ്ണർ കണ്ണിമാറ പ്രഭു തിരുവിതാംകൂർ സന്ദർശിച്ചു. സന്ദർശനത്തിനു തൊട്ടുമുമ്പായി ജി.പി. 'പ്രോ പാട്രിയ' എന്ന പേരിൽ 'മദ്രാസ് ഗവർണ്ണർ കണ്ണിമാറ പ്രഭുവിന് ഒരു തുറന്ന കത്ത്' എന്നപേരിൽ ഒരു ലഘുലേഖ ഇറക്കി. തിരുവിതാംകൂറിലെ ഭരണപോരായ്മകൾ അക്കമിട്ടു നിരത്തിയ ലഘുലേഖ ഇന്ത്യയിലെ പ്രധാന പത്രങ്ങളിലെല്ലാം അച്ചടിച്ചു.

എന്നാൽ നാട്ടുരാജ്യങ്ങളുടെ ആഭ്യന്തര കാര്യങ്ങളിൽ ഇടപെടുകയില്ല എന്ന നയമാണ് കണ്ണിമാറ പ്രഭു സ്വീകരിച്ചത്. മറുപടിയെന്നോണം ജി.പി. രണ്ടാമതൊരു ലഘുലേഖ ഇറക്കി. ''തിരുവിതാംകൂർ തിരുവിതാംകൂറുകാർക്ക്'' എന്ന ലേഖനത്തിന്റെ മുഖവുരയിൽ ബ്രിട്ടീഷ് ഗവൺമെന്റ് എപ്പോഴെല്ലാം, എവിടെയെല്ലാം നാട്ടുരാജ്യങ്ങളുടെ ആഭ്യന്തരകാര്യങ്ങളിൽ ഇടപെട്ടിട്ടുണ്ട് എന്നു വ്യക്തമാക്കിയിരുന്നു. ലേഖനം ഇംഗ്ലണ്ടിലും പ്രചരിപ്പിച്ചു. ''മണ്ണിന്റെ മക്കൾ'' എന്ന വാദം ആദ്യമായി മുഴങ്ങിക്കേട്ട ഈ ലഘുലേഖ പില്ക്കാലത്ത് 'മലയാളിമെമ്മോറിയൽ' എന്നപേരിൽ പ്രസിദ്ധമായിത്തീർന്ന 'ട്രാവൻകൂർ മെമ്മോറിയലിന്റെ ആദ്യ തുടിപ്പുകളായിരുന്നു.

സ്വന്തം നാട്ടിൽ രണ്ടാം തരക്കാരനായി മാറേണ്ടിവരുന്ന പുറന്തിര ആത്മനൊമ്പരമാണ് 'ട്രാവൻകൂർ മെമ്മോറിയൽ'.

1890-ലെ കണക്കനുസരിച്ച് തിരുവിതാംകൂറിൽ 14, 36,835 മലയാളി ഹിന്ദുക്കളും 2,87,409 സിറിയൻ ക്രിസ്ത്യാനികളും, 25,224 മുനാടൻ ബ്രാഹ്മണരും ഉണ്ടായിരുന്നു. നാട്ടുരാജ്യങ്ങളിൽ ഇംഗ്ലീഷ് വിദ്യാഭ്യാസത്തിന്റെ കാര്യത്തിൽ ഏറെ സമ്പന്നമായിരുന്നു തിരുവിതാംകൂർ. സർക്കാർ ജോലിയിൽ കയറാനുള്ള എല്ലുമുറിഗുമായാണ് പലരും ഇംഗ്ലീഷ് വിദ്യാഭ്യാസത്തെ കണ്ടത്. കർഷക പ്രാമുഖ്യമുള്ള സമൂഹത്തിലെ നല്ലൊരു ശതമാനം സമ്പത്തും ഇളംതലമുറയ്ക്ക്. ഇംഗ്ലീഷ് വിദ്യാഭ്യാസം നല്കുന്നതിന് വ്യയം ചെയ്തു. എന്നിട്ടോ? പരീക്ഷകളിൽ പ്രശസ്തവിജയം നേടിയവർക്കും അർഹമായ ജോലിയില്ല. ഉയർന്ന സ്ഥാനങ്ങളിലെല്ലാം മറുനാടൻ ബ്രാഹ്മണർ.

ആൻപതു രൂപയ്ക്കും അതിനുമുകളിലും മാസശമ്പളം പറ്റുന്ന 61 മലയാളി ഹിന്ദുക്കളിൽ ഒരാൾ 500-ഉം ഒരാൾ 400-ഉം അഞ്ചുപേർ 300നും 200നും ഇടയ്ക്കും ശമ്പളം പറ്റുന്നരാണ്. 150നും 100നും ഇടയ്ക്ക് 24 പേരും, 100നും 50നും ഇടയ്ക്ക് 24 പേരുമുണ്ട്. അഞ്ഞൂറുരൂപയ്ക്ക് മുകളിൽ ശമ്പളം പറ്റുന്ന ഒരാളും ഇല്ല തിരുവിതാംകൂറുകാരനായി; മൂന്നൂറിനു മുകളിൽ കേവലം രണ്ടുപേർ.

മുനാടൻ ബ്രാഹ്മണരുടെ കാര്യം വരുമ്പോൾ ഈ ചിത്രമാകെ മാറുകയായി. പ്രതിമാസം 2000 രൂപ വാങ്ങുന്ന ഒരാൾ; 1200, 1000, 800നും 700നും ഇടയ്ക്ക്, 700നും 600നും ഇടയ്ക്ക് ഓരോരുത്തർ. 500നും 400നും ഇടയ്ക്കും, 400നും 300നും ഇടയ്ക്കും ഉള്ള ശമ്പളനിരക്കിൽ ഈരണ്ടുപേർ. 300നും 200നും ഇടയ്ക്ക് ശമ്പളം പറ്റുന്നവർ അഞ്ച്; 200നും 150നും ഇടയ്ക്ക് എട്ടുപേർ; 150നും 100നും ഇടയ്ക്ക് ഇരുപത്തി ആറുപേർ, 100നും 50നും ഇടയ്ക്ക് മുപ്പത്തി ആറുപേർ.

ഈ തരംതിരിവിനു കാരണം തീർച്ചയായും വിദ്യാഭ്യാസമില്ലായ്മയല്ല. ബ്രിട്ടീഷുകാർ നേരിട്ടു ഭരണം നടത്തുന്ന പ്രദേശങ്ങളേക്കാൾ ഉയർന്ന വിദ്യാഭ്യാസനിലവാരം തിരുവിതാംകൂറിലുണ്ട്. 11.08 ശതമാനം പുരുഷന്മാരും 0.46 ശതമാനം സ്ത്രീകളും തിരുവിതാംകൂറിൽ അഭ്യസ്തവിദ്യരാണ്. സായ്പ് ഭരിക്കുന്ന മദ്രാസിൽ അതിന്റെ കണക്ക് 9.4ഉം 0.16ഉം ശതമാനം മാത്രമാണ്.

വിദ്യാഭ്യാസകാര്യത്തിൽ മുൻനിരയിൽ നായർ സമുദായമാണ്. അവരിൽ മാസ്റ്റേഴ്സ് ബിരുദമെടുത്തവരും, നിയമബിരുദമെടുത്തവരും, ബിരുദധാരികളും ഒക്കെയുണ്ട്. യോഗ്യതയുടെ കാര്യത്തിൽ ബ്രിട്ടീഷ് രാജ്യമായ മലബാറിലെ നാട്ടുകാരേക്കാൾ ഒട്ടും മോശക്കാരല്ല തിരുവിതാംകൂറുകാർ. എന്നിട്ടും വിദ്യാഭ്യാസം കൊണ്ടുള്ള മെച്ചം മലബാറുകാരുടെ പകുതിപോലും ഈ നാട്ടുകാർക്കില്ല. ഈ സ്ഥിതി മാറണമെന്ന് അഭ്യർത്ഥിച്ചുകൊണ്ടുള്ള ഹർജി 'മദ്രാസ് സ്റ്റാൻഡേർഡിന്റെ' കറന്റ് പ്രൈസ് പ്രസ്സിൽ അച്ചടിച്ച് പതിനായിരം പേരുടെ ഒപ്പോടുകൂടി മഹാരാജാവിന് സമർപ്പിച്ചു.

'മെമ്മോറിയ'ലിൽ ഈഴവരുടെ കാര്യവും സ്പർശിച്ചിട്ടുണ്ട്. എങ്കിലും, അതിൽ പറഞ്ഞിരിക്കുന്ന കാര്യങ്ങൾ അംഗീകരിക്കുകയാണെങ്കിൽപ്പോലും അന്നത്തെ പ്രത്യേക സാമൂഹ്യ വ്യവസ്ഥിതിയിൽ അതിന്റെ പ്രയോജനം സവർണ്ണഹിന്ദുക്കൾക്കും ക്രിസ്ത്യാനികൾക്കും മാത്രമേ ഉണ്ടാകുകയുള്ളൂ എന്നു മനസ്സിലാക്കിയ ജി.പി. ഈഴവരുടെ പിന്നോക്കാവസ്ഥ വ്യക്തമാക്കുന്ന ഒരു രേഖ 'മെമ്മോറിയ'ലിന്റെ അനുബന്ധമായി മഹാരാജാവിന് സമർപ്പിച്ചു.

ഇത്രയേറെപ്പേർ ഒപ്പിട്ട ഹർജിക്ക് മഹാരാജാവിൽ നിന്ന് കാര്യമായ പ്രതികരണം ഒന്നും ഉണ്ടായില്ല. ഒന്നും ഉണ്ടായില്ല എന്നുപറയുന്നതും അത്രശരിയല്ല ഹർജിയിൽ പറഞ്ഞിരിക്കുന്ന കാര്യങ്ങളെക്കുറിച്ച് ചർച്ച ചെയ്തു പഠിക്കാനായി ഒരു കമ്മിറ്റി രൂപീകരിക്കാൻ കൊട്ടാരത്തിൽ നിന്നു തീരുമാനമുണ്ടായി. കമ്മിറ്റി അംഗങ്ങളെ തിരഞ്ഞെടുപ്പിലൂടെയാണ് എടുക്കുന്നത്.

'മെമ്മോറിയ'ലിനെ നാട്ടുകാർക്കു മനസ്സിലാക്കിക്കൊടുക്കുന്നതിനുവേണ്ടി പൊതുയോഗങ്ങളും മറ്റും സംഘടിപ്പിക്കുന്നതിനായി ജി.പി. തിരുവിതാംകൂറിലേക്കു തിരിച്ചു. 1891 മേയ് 23 ശനിയാഴ്ച 4 മണിക്ക് പരവൂർ സെൻട്രൽ വെർണാകുലർ സ്കൂളിൽവച്ച് ആദ്യത്തെ പൊതുയോഗം വിളിച്ചുകൂട്ടി. പരവൂർ വികാരി ഫാദർ റ്റി.ഡി. ഹിലാരിയൺ ആയിരുന്നു അദ്ധ്യക്ഷൻ. തുടർന്ന് കോട്ടയത്തും ആലപ്പുഴയിലും കൊല്ലത്തും തിരുവനന്തപുരത്തും നാഗർകോവിലിലും പൊതുയോഗങ്ങൾ സംഘടിപ്പിച്ചു. ആ സമ്മേളനങ്ങളിലൂടെ തിരുവിതാംകൂർ അതിന്റെ രാഷ്ട്രീയ ചരിത്രത്തിലെ ആദ്യത്തെ പൊതുജനമുന്നേറ്റം കണ്ടു.

ആ കാലത്ത് മദ്രാസ് ഹൈക്കോടതിയിൽ ജോലിനോക്കിയിരുന്ന ജി.പി. രണ്ടുപത്രങ്ങളുടെ ശമ്പളം പറ്റുന്ന എഡിറ്റോറിയൽ എഴുത്തുകാരനായിരുന്നു—'മദ്രാസ് സ്റ്റാൻഡേർഡും' 'ദി മെയിലും'. ഇടയ്ക്കിടെ 'ദി ഹിന്ദു'വിലും മുഖപ്രസംഗങ്ങൾ എഴുതാറുണ്ടായിരുന്നു. ഒരു കൊല്ലം കഴിഞ്ഞപ്പോൾ 'മദ്രാസ് സ്റ്റാൻഡേർഡി'ന്റെ എഡിറ്ററാകാനുള്ള ഓഫർ ജി.പിക്കു ലഭിച്ചു. ഹൈക്കോടതിയിലെ ജോലി രാജിവച്ച് ജി.പി. പത്രത്തിന്റെ എഡിറ്ററായി. തുടർന്ന് പാട്ടവ്യവസ്ഥയിൽ അതിന്റെ ഉടമയും. അന്ന് പ്രായം 28. ദിവസം പതിനാറുമണിക്കൂറോളം പത്രമാഫീസിൽത്തന്നെ. കാരണം, പ്രിൻറിംഗ് വിഭാഗം മാറ്റിനിർത്തിയാൽ, പത്രസ്ഥാപനത്തിൽ ജി.പിയെ സഹായിക്കാൻ ഒരു ക്ളാർക്കുമാത്രമേ ഉള്ളൂ. കൂടുതൽ ആൾക്കാരെ ജോലിക്കുനിർത്താൻ പത്രത്തിന്റെ സാമ്പത്തികനില അനുവദിച്ചില്ല. എന്നിട്ടും ആഴ്ചയിൽ മൂന്നു തവണ ഇറങ്ങിയിരുന്ന പത്രം രണ്ടു കൊല്ലം കഴിഞ്ഞപ്പോൾ ജി.പി. ഡെയിലിയാക്കി. അതോടെ അതിന്റെ സ്വഭാവവും ആകെമാറി. മദ്രാസ് അതിർത്തിപൊട്ടിച്ച് ഇന്ത്യയിലെ പ്രമുഖ പത്രങ്ങളിലൊന്നായി മാറാൻ പിന്നെ അധികനാൾ എടുത്തില്ല.

പൊതുജനാഭിപ്രായം പത്രത്തിലൂടെ പ്രകാശിപ്പിക്കാനും, പത്രം വഴി പൊതുജനാഭിപ്രായം രൂപപ്പെടുത്തി എടുക്കാനും ജി.പിക്കു കഴിഞ്ഞു. അതിന്റെ തെളിവാണ് വെൺലോക്ക് പ്രഭുവിന്റെ നടക്കാതെപോയ യാത്രയയയ്പ്പും, മുത്തുസ്വാമി അയ്യരുടെ പ്രതിമ അനാച്ഛാദനവും.

1896-ൽ വെൺലോക്ക് പ്രഭു വിരമിച്ചു. പ്രഭുവിന്റെ പേരിൽ സ്മാരകങ്ങൾ പണിയാനും, പൊതുജനങ്ങളുടെ വക യാത്രയയയ്പ്പു നല്കാനും വേണ്ടപ്പെട്ടവർ ശ്രമം തുടങ്ങി. നീക്കത്തെ ജി.പി. എതിർത്തു. ഭരണരംഗത്തു പ്രഭു തീരെ കഴിവുകെട്ടവനായിരുന്നു എന്നു തുറന്നുകാട്ടുന്ന പത്രങ്ങളുടെ മുഖപ്രസംഗങ്ങൾ ജി.പി. എഴുതി. അതിൽ അവസാനത്തേത് 1896 മാർച്ച് 11ന് എഴുതിയതായിരുന്നു. പൊതുജനങ്ങളെ തന്റെ അഭിപ്രായത്തിനുപിന്നിൽ അണിനിരത്താൻ ജി. പിക്ക് കഴിഞ്ഞു. ആരോരുമറിയാതെ, ആരാലും ആദരിക്കപ്പെടാതെ വെർലോക്ക് പ്രഭുവിന് ഇന്ത്യ വിടേണ്ടിവന്നു.

വെൺലോക്ക് പ്രഭുവിനെതിരായി ജനശബ്ദം ഉയർത്തിയ ജി.പി തന്റെ ശൈലിയുടെ മൂർച്ചകൊണ്ട് നടാടെ ഒരിന്ത്യാക്കാരന്റെ വെണ്ണക്കൽ പ്രതിമ മദ്രാസ് ഹൈക്കോടതിവളപ്പിൽ സ്ഥാപിപ്പിച്ചു.

1885-ലെ ആദ്യത്തെ ഇന്ത്യൻ നാഷണൽ കോൺഗ്രസ് സമ്മേളനത്തിൽ ജി.പി. (മുൻനിരയിൽ നില്ക്കുന്നവരിൽ ഇടത്തുനിന്നും ആദ്യം)

മദ്രാസ് ഹൈക്കോടതിയിലെ പ്രഗത്ഭ ജഡ്ജിയായിരുന്ന മുത്തുസ്വാമി അയ്യർ ജോലിയിൽ നിന്ന് വിരമിച്ചപ്പോൾ കോടതിവളപ്പിൽ അദ്ദേഹത്തിന്റെ പ്രതിമ അനാച്ഛാദനം ചെയ്യണമെന്ന് ജനങ്ങൾ ആഗ്രഹം പ്രകടിപ്പിച്ചു. മുത്തുസ്വാമിയുടെ കഴിവിനെക്കുറിച്ച് വെൺലോക്ക് പ്രഭുവിനും കൗൺസിൽ അംഗങ്ങൾക്കും രണ്ടഭിപ്രായമില്ല. പക്ഷേ, വെറുമൊരു നാട്ടുകാരന്റെ പ്രതിമ എങ്ങനെ കോടതിവളപ്പിൽ? അതിനോട് അവർ യോജിച്ചില്ല. പ്രത്യേകിച്ചും ഹെൻട്രിബ്ളിസ്. ചില നാട്ടുപ്രമാണിമാരും ബ്രിട്ടീഷ് പക്ഷത്തുകൂടി. പക്ഷേ ജി.പിയുടെ പത്രം അതിനെതിരായി ശബ്ദിച്ചു. പൊതുയോഗങ്ങൾ പലതും നടന്നു: മുത്തുസ്വാമിഅയ്യരുടെ പ്രതിമ ഹൈക്കോടതി വളപ്പിൽ സ്ഥാപിക്കുന്നതുവരെ.

ആഴ്ചയിൽ ഒന്നും രണ്ടും പ്രാവശ്യം വീതം ഇറങ്ങിയ പത്രങ്ങളെ ദിനപത്രങ്ങളാക്കിമാറ്റിയ പത്രാധിപന്മാർ ധാരാളമുണ്ട്. എന്നും ഒരുദിവസം രാവിലെയും വൈകിട്ടുമായി രണ്ട് എഡിഷന്നുകൾ ഇറക്കിയ ആദ്യത്തെ പത്രാധിപർ ഒരുപക്ഷേ ജി.പി. ആയിരിക്കണം.

രാവിലെയും വൈകിട്ടുമായി 'മദ്രാസ് സ്റ്റാൻഡേർഡി'ന്റെ ഓരോ എഡിഷൻ ഇറങ്ങി. ഓരോന്നിലും എട്ടുപേജുവീതം. ഒന്നാമത്തെയും രണ്ടാമത്തെയും പേജിൽ പരസ്യം. മൂന്നാമത്തെ പേജിൽ പൊതുവാർത്ത. അതിൽ പ്രാദേശിക, ദേശീയ, അന്തർദ്ദേശീയ വാർത്തകൾ, പിന്നെ, തപാൽവാർത്തകൾ എന്ന മറ്റൊരിനവും. നാലാം പേജിലെ പ്രധാന ഇനം മുഖപ്രസംഗമാണ്. എണ്ണം രണ്ടോ മൂന്നോ കാണും. കൂടാതെ കാലാവസ്ഥ, ഷെയർ മാർക്കറ്റ്, ചന്ദ്രനില തുടങ്ങിയ സ്ഥിരം പാക്തികൾ. അഞ്ചാംപേജിൽ പ്രാദേശികം, നിയമം, ടെലഗ്രാം തുടങ്ങിയവ. ആറാംപേജിൽ വായനക്കാരുടെ കത്തുകൾ, ലീഗൽ, ഇൻറലിജൻസ്, കളിക്കളം എന്നിവ കൂടാതെ മറ്റു പത്രങ്ങളിൽവന്ന ലേഖനങ്ങളുടെ പുനപ്രസിദ്ധീകരണം തുടങ്ങിയവ. എട്ടാം പേജിൽ വീണ്ടും പരസ്യം. ആറുകോളത്തിൽ എട്ടു പോയൻറ് ടൈപ്പിലാണ് മാറ്റർ കമ്പോസ് ചെയ്തിരുന്നത്. വാർത്തകളോടൊപ്പം പ്രധാന വ്യക്തികളുടെ ചിത്രങ്ങളും ചേർത്തിരുന്നു. പരസ്യത്തിൽ വലിയ ചിത്രങ്ങൾ. എന്നാൽ വാർത്താചിത്രങ്ങൾ ഒന്നുപോലും ഇല്ല. ഏറെറവും ശ്രദ്ധേയമായത് പ്രധാന വാർത്തകൾക്കൊപ്പം സംഭവം നടന്ന സ്ഥലത്തിന്റെ മാപ്പ് കൊടുക്കുന്നരീതിയാണ്.

1898-ൽ ഇന്ത്യൻ നാഷണൽ കോൺഗ്രസ്സിന്റെ സെക്രട്ടറിമാരിൽ ഒരാളായിരുന്ന ജി.പി.

ആ വർഷം മദ്രാസിൽ നടന്ന കോൺഗ്രസ്സിന്റെ പതിനാലാം സമ്മേളനത്തിൽ ദക്ഷിണാഫ്രിക്കയിലെ ഇന്ത്യാക്കാർ അനുഭവിക്കുന്ന കഷ്ടപ്പാടുകളെ അപലപിച്ചുകൊണ്ടുള്ള പ്രമേയം അവതരിപ്പിച്ചു. നാലുകൊല്ലം മുമ്പ് മദ്രാസിൽ ചേർന്ന സമ്മേളനത്തിലാണ് ദക്ഷിണാഫ്രിക്കയിലെ ഇന്ത്യാക്കരെക്കുറിച്ചുള്ള ആദ്യത്തെ പരാമർശം ഉണ്ടാകുന്നത്. നേറ്റാളിലും ട്രാൻസ്വാളിലും ഇന്ത്യാക്കാർക്കുനേരെ നടന്ന അതിക്രമങ്ങളെക്കുറിച്ചാണ് അന്ന് യോഗം ഉതകണ്ാരേഖപ്പെടുത്തിയത്. അന്നും ജി.പി. കോൺഗ്രസ് സെക്രട്ടറിമാരിൽ ഒരാളായിരുന്നു.

1896-ൽ മോഹൻദാസ് കരംചന്ദ് ഗാന്ധി മദ്രാസിൽവന്നപ്പോൾ അദ്ദേഹത്തിൽനിന്ന് ദക്ഷിണാഫ്രിക്കയിലെ ഇന്ത്യാക്കാരുടെ യഥാർത്ഥ ചിത്രം ജി.പിക്കും ലഭിച്ചു. ഈ വിവരങ്ങളും, അതിനുശേഷമുള്ള സംഭവവികാസങ്ങളും ജി.പി. അവതരിപ്പിച്ച പ്രമേയത്തിൽ ഉണ്ടായിരുന്നു.

മദ്രാസ് സന്ദർശനത്തെക്കുറിച്ച് ഗാന്ധിജി പില്ക്കാലത്ത് തന്റെ ആത്മകഥയിൽ ഇങ്ങനെ എഴുതി.

''അവിടെ എനിക്കു ലഭിച്ച ഏറ്റവും വലിയ സഹായം 'മദ്രാസ് സ്റ്റാൻഡേർഡ്'' പത്രാധിപരായിരുന്ന പരേതനായ ശ്രീ.ജി. പരമേശ്വരൻ പിള്ളയിൽ നിന്നായിരുന്നു. ആ പ്രശ്നത്തെപ്പറ്റി-തെക്കേ ആഫ്രിക്കൻ സ്ഥിതിഗതികളെപ്പറ്റി-ശരിയായി പഠിച്ചിരുന്ന അദ്ദേഹം വേണ്ട ഉപദേശങ്ങൾ തരുന്നതിനായി എന്നെ കൂടെക്കൂടെ അദ്ദേഹത്തിന്റെ ആഫീസിലേക്കു ക്ഷണിച്ചിരുന്നു... 'മദ്രാസ് സ്റ്റാൻഡേർഡി'ന്റെ പംക്തികൾ എന്റെ ഇഷ്ടാനുസരണം ഉപയോഗിക്കുന്നതിന് വിട്ടുതന്നു. അദ്ദേഹത്തിന്റെ ഈ ദയാപൂർവ്വമായ ഔദാര്യത്തെ ഞാൻ വേണ്ടുവോളം പ്രയോജനപ്പെടുത്തുകയും ചെയ്തു.''

പത്രപ്രവർത്തനരംഗത്തെന്ന പോലെ സാഹിത്യരംഗത്തും ജി.പി. ആർക്കും പിന്നിലല്ലായിരുന്നു. 1897-ൽ ആദ്യത്തെ ഇംഗ്ളണ്ട് സന്ദർശനവേളയിലാണ് ജി.പിയുടെ ഏറ്റവും പ്രസിദ്ധമായ റപ്രസെൻറേറ്റീവ് ഇന്ത്യൻസ് എന്ന പുസ്തകം പുറത്തിറങ്ങുന്നത്. ബോംബെ ഗവർണ്ണറായിരുന്ന സർ റിച്ചാർഡ് ടെമ്പിളിന്റെ മുഖവുരയോടെ ഇംഗ്ളണ്ടിലെ റൗട്ട്ലഡ്ജ് ആൻറ് കമ്പനിയാണ് പുസ്തകം പുറത്തിറക്കിയത്. പത്തൊമ്പതാം നൂറ്റാണ്ടിൽ ഇന്ത്യയിൽ ജീവിച്ചിരുന്ന 36 പ്രഗത്ഭരുടെ ലഘു ജീവചരിത്രമാണ് 'റപ്രസെൻറേറ്റീവ് ഇന്ത്യൻസ്'

•

പല കാര്യങ്ങളിലും ഒന്നാമനായിരുന്ന ജി.പി. മറ്റൊരു കാര്യത്തിൽ കൂടി ഒന്നാമനായി. ബാരിസ്റ്ററർ പരീക്ഷപാസ്സായ ആദ്യത്തെ മലയാളി.

ഭാഷ്യം അയ്യങ്കാരുമായുള്ള നിയമയുദ്ധത്തിൽ തോറ്റ ജി.പിക്ക് ഒരു കാര്യം വ്യക്തമായി. നിയമജ്ഞാനം പൊതുപ്രവർത്തകന് ഒഴിച്ചുകൂടാൻ പററാത്തതാണ്. അങ്ങനെയാണ് 1889-ൽ നിയമം പഠിക്കാനായി ജി.പി. ഇംഗ്ളണ്ടിലേക്കു തിരിച്ചത്. മൂന്നു വർഷത്തെ പഠിത്തത്തിനും താമസത്തിനും ഭാരിച്ച ചെലവാകും. കൈയിലാണെങ്കിൽ ആവശ്യത്തിനുപോലും പണമില്ല. 'മദ്രാസ് സ്റ്റാൻഡേർഡിന്റെ' സാമ്പത്തികസ്ഥിതി എന്നത്തേതിൽ നിന്നും വ്യത്യസ്തമല്ല. കഷ്ടി. നിയമപഠനത്തിനിടയിലും ജീവിതച്ചെലവിന് ജി.പിക്കു പേന തന്നെ വേണ്ടിവന്നു. 'ദി ഇമ്പീരിയൽ ആൻഡ് കൊളോണിയൽ മാഗസിൻ', 'ഡിയർസൺസ് മാഗസീൻ', 'ഏഷ്യാറ്റിക് ക്വാർട്ടർലിറിവ്യൂ', 'ദി വീക്ക്എൻറ്', ദി റിവ്യൂ ഓഫ് ദി വീക്ക്', 'ദി സ്ഫിയർ', 'ദി ന്യൂ ഏജ്', 'ദി മോർണിംഗ് ലീഡർ' തുടങ്ങിയ പ്രസിദ്ധീകരണങ്ങളിൽ ജി.പി. തുടർച്ചയായെഴുതി.

പഠനത്തിനും എഴുത്തിനും ഒപ്പം ഒരു പ്രസംഗപര്യടനം കൂടിനടത്തി ജി.പി. ബ്രിട്ടീഷ് കോൺഗ്രസ് കമ്മിറ്റിയുടെ ആഭിമുഖ്യത്തിൽ നടന്ന ആ പര്യടനത്തിലൂടെ ബ്രിട്ടീഷ് ജനതയ്ക്ക് ഇന്ത്യയേയും ഇന്ത്യയുടെ അടിയന്തിര ആവശ്യങ്ങളേയും പററി ഒരു സാമാന്യ ജ്ഞാനം ഉണ്ടാക്കാൻ ജി.പിക്കുകഴിഞ്ഞു. പ്രസംഗപര്യടനത്തെ കൽക്കത്തയിൽ നിന്നിറങ്ങിയ 'ബംഗാളി' പത്രം ഇങ്ങനെ വിലയിരുത്തി:

''മി. പിള്ളയുടെ നാവ് അദ്ദേഹത്തിന്റെ തൂലികപോലെതന്നെ കുററവാളികളുടേയും മർദ്ദകരുടേയും നേരെ സുശക്തമായി പ്രയോഗിക്കാൻ പര്യാപ്തമായ ഒരായുധമാണെന്ന് ഇംഗ്ളണ്ടിൽ പല സ്ഥലങ്ങളിലും വച്ച് തെളിയിക്കപ്പെട്ടുകഴിഞ്ഞു.''

ഈ പ്രസംഗ പര്യടനത്തിനിടയ്ക്ക് ദക്ഷിണാഫ്രിക്കയിലെ ഇന്ത്യാക്കാരുടെ പ്രശ്നത്തെക്കുറിച്ചും ജി.പി. ആവർത്തിച്ചുപരാമർശിച്ചു. ജി.പിയുടെ ആത്മാർത്ഥതയിലും പ്രവർത്തനസന്നദ്ധതയിലും വിശ്വാസം വർദ്ധിച്ച ഗാന്ധിജി 1901 മേയ് 18-ന് ദക്ഷിണാഫ്രിക്കയിൽ നിന്ന് ജി.പിക്ക് എഴുതി.

പ്രിയപ്പെട്ട മി. പിള്ള,

തെക്കേ ആഫ്രിക്കയിലെ അവശരായ ഭാരതീയരുടെ കാര്യത്തിൽ നിങ്ങൾ കാണിക്കുന്ന ആത്മാർത്ഥവും സജീവവുമായ താല്പര്യം ഞങ്ങൾ സന്തോഷത്തോടും കൃതജ്ഞതയോടും കൂടിയാണ് വീക്ഷിക്കുന്നത്. ഒരു നിവേദനസംഘം സർ ആൽഫ്രഡ്മിൽനറേയും സാധിക്കുമെങ്കിൽ മി. ചേമ്പർലെയിനേയും സന്ദർശിച്ച് തെക്കേ ആഫ്രിക്കയിലെ ഇന്ത്യാക്കാരുടെ അവശതകൾ അവരുടെ മുമ്പാകെ സമർപ്പിക്കണമെന്ന നിർദ്ദേശമടങ്ങിയ കത്തുകൾ ഇന്ത്യൻ നാഷണൽ കോൺഗ്രസ്സിന്റെ ബ്രിട്ടീഷ് കമ്മിറ്റിക്കും ഈസ്റ്റ് ഇന്ത്യാ അസോസിയേഷനും അയയ്ക്കുന്നു... ഈ പ്രശ്നത്തിന്റെ സകലവശവും നിങ്ങൾക്ക് നല്ലവണ്ണം അറിയുകയും ചെയ്യാം. ഈ സുവർണ്ണാവസരം നഷ്ടപ്പെടാൻ നാം ഇടയാക്കരുത്. എന്റെ ആശയത്തോട് യോജിക്കുന്നപക്ഷം നിങ്ങൾ ഈ കാര്യത്തിൽ താല്പര്യത്തോടുകൂടി പ്രവർത്തിക്കുമെന്ന് ഞാൻ ആശിക്കുന്നു.

എന്ന് നിങ്ങളുടെ വിശ്വസ്തൻ
എം.കെ. ഗാന്ധി

1902-ൽ ജി.പി. ബാരിസ്റ്ററർ പരീക്ഷ എഴുതി. ആ വർഷം ജൂൺ 13-ന് അദ്ദേഹം ഭാര്യ സീതാലക്ഷ്മി അമ്മയ്ക്ക് എഴുതി.

Dearest Girl,

ഈശ്വരാനുഗ്രഹം കൊണ്ട് യാതൊരു തടസ്സവും കൂടാതെ മിനഞ്ഞാന്ന് (ജൂൺ 11 ബുധനാഴ്ച) barrister ആയി—ഇവിടെ വന്നകാര്യം ലഭിച്ചു. പണം ഉണ്ടായിരുന്നെങ്കിൽ ഇന്നുതന്നെ നമ്മുടെ രാജ്യത്തേക്കു തിരിക്കാം—വഴിയാത്രക്കുലിക്കു വേണ്ടി കാത്തിരിക്കുന്നു.

ഞാൻ മടങ്ങിവരുന്നത് ബോംബെ വഴി മദിരാശിയിലേക്കാണ്. മദിരാശിയിൽ നീയും കുട്ടികളും വരുന്നപക്ഷം നമ്മുടെ ചെലവിന് എങ്ങിനെ എന്നറിഞ്ഞുകൂടാ.... എല്ലാത്തിനും ഈശ്വരൻ ഉണ്ട്.''

ഡിസംബറിൽ ജി.പി. ഇന്ത്യയിലേക്കു മടങ്ങി. മദ്രാസിൽ എത്തിയ ജി.പി ഡോക്ടറുടെ നിർദ്ദേശമനുസരിച്ച് തിരുവനന്തപുരത്ത് പൂജപ്പുരയിലെ സ്വന്തംവീടായ 'ഗ്ളാഡ്സ്റ്റൺ ലോഡ്ജി'ലേക്കു തിരിച്ചു. കൊല്ലത്തും തിരുവനന്തപുരത്തും ജി.പിക്ക് ഒരു വീരനായകൻറെ സ്വീകരണമാണ് ലഭിച്ചത്. തിരുവനന്തപുരത്തെത്തിയ ഉടൻ ഹൈക്കോടതിയിൽ എൻറോൾ ചെയ്ത് പ്രാക്ടീസു തുടങ്ങി. എങ്കിലും ആർക്കും വഴങ്ങാത്ത ജി.പിയെ ഇതിനോടകം ഒരാൾ മെരുക്കി തുടങ്ങിയിരുന്നു. മരണം.

ആരോഗ്യസ്ഥിതിമോശമായി. കൊല്ലത്തുള്ള സുഹൃത്ത് ദിവാൻ ബഹദൂർ ഡോക്ടർ പീറ്റർ ലക്ഷ്മണനെ തിരുവനന്തപുരത്തു കൊണ്ടുവന്ന് പരിശോധിപ്പിച്ചു. ഇതിനിടയിലും എഴുത്തുതുടർന്നു. 'ഇന്ത്യൻ ആൻറ് കൊളോനിയൽ ഗൈഡ് ടു ദി ഇംഗ്ളീഷ് ബാർ' എന്ന പുസ്തകം മാർച്ച് 16-ന് എഴുതിത്തുടങ്ങി. 18-ന് തീർത്തു.

ഡയറി എഴുത്ത് ശീലമാക്കിയിരുന്ന ജി.പിയുടെ കൈയക്ഷരം മാർച്ച് അവസാനമായതോടെ വായിക്കാൻ പ്രയാസമുള്ളതായി മാറി. ഏപ്രിൽ ഒടുവിലോടെ രാത്രിയിലെ ഉറക്കം കുറേശ്ശെവിട്ടുമാറി. ഡോക്ടർ ലക്ഷ്മണൻ ജി.പിയെ കൊല്ലത്തെ സ്വവസതിയിലേക്കു കൊണ്ടുപോയി. മേയ് 13 മുതൽ ഡയറിക്കുറിപ്പുകൾ ഒന്നോരണ്ടോ വാക്കിൽ ഒതുങ്ങി. worse, bad cough, weaker തുടങ്ങിയ വാക്കുകൾ.

മേയ് 19ന് വിശപ്പുണ്ടാകാൻ വേണ്ടി അല്പം ബ്രാണ്ടി കഴിക്കാൻ ഭാര്യാസഹോദരനായ കുമാരൻനായർ നിർബന്ധിച്ചു. ജി.പി വിസമ്മതിച്ചു. എഴുതുന്നത് വെട്ടിത്തിരുത്തുന്ന സ്വഭാവം തീരെ ഇല്ലാതിരുന്ന ജി.പി അന്ന് ഡയറിക്കുറിപ്പിലെ ആദ്യത്ത രണ്ടുവരികൾ വെട്ടി. കുറേനാളുകൾക്കുശേഷം ഡയറി എഴുത്ത് ഒന്നോ രണ്ടോ വാക്കുകൾക്കപ്പുറം നീണ്ടുപോയതും അന്നാണ്. ജി.പി. എഴുതി ''cancelled..... can't understand Kumaran's behaviour.''

20-ാം തീയതി ജി.പി ഡയറിയിൽ ഒന്നും കുറിച്ചില്ല. പിന്നീടൊരിക്കലും.

തകഴി

എം. കൃഷ്ണൻനായർ

സാഹിത്യവാരഫലം

എനിക്ക് ഏറ്റവും വൈഷമ്യമുളവാക്കുന്ന പ്രവൃത്തി ശിഷ്യന്മാരും ശിഷ്യകളും എന്റെ കാലിൽതൊട്ടു കണ്ണിൽവയ്ക്കുന്നതാണ്. ശിഷ്യന്മാർ അതിനു ഭാവിക്കുന്നുവെന്നു കണ്ടാൽ ഞാൻ നേരത്തേ അവരുടെ ഭുജങ്ങളിൽ പിടിച്ചു തടസ്സപ്പെടുത്തും. ശിഷ്യകളുടെ കാര്യത്തിൽ ഞാൻ പിറകോട്ടുമാറി നിന്നുകളയും. എങ്കിലും ചിലർ എന്റെ കാലുകളിൽ തൊട്ട് കണ്ണിൽ വയ്ക്കാറുണ്ട്. അവർ അങ്ങനെ പ്രവർത്തിക്കത്തക്കവിധത്തിൽ വിശുദ്ധി എനിക്കില്ല എന്നതാണ് ഈ തടസ്സം സൃഷ്ടിക്കലിനു കാരണം. അങ്ങനെ ഞാൻ ഏതു പ്രവൃത്തിശരിയല്ലെന്നു കരുതുന്നുവോ അതു തന്നെ ഇക്കഴിഞ്ഞ ഏഴാം തീയതി സന്ധ്യക്ക് ഏഴരമണിക്കു ചെയ്തു. ആരുടെ കാലുകളിൽ കൈകൾ കൊണ്ടു തൊട്ട് ഞാൻ കണ്ണുകളിൽ വച്ചു? സാക്ഷാൽ തകഴി ശിവശങ്കരപ്പിള്ള. കുറച്ചുനേരം സംസാരിച്ചിരുന്നതിനു ശേഷം അദ്ദേഹത്തോടു യാത്രപറഞ്ഞപ്പോൾ ഞാൻ എന്നെത്തന്നെ മറന്ന് കൈകൾ കൊണ്ട് അദ്ദേഹത്തിന്റെ പാദങ്ങളിൽതൊട്ട് ഭക്തിപൂർവ്വം, സ്നേഹപൂർവ്വം എന്റെ കണ്ണുകളിൽ വച്ചു. തകഴി ആ പ്രവൃത്തി അത്ര ശരിയല്ല എന്ന മട്ടിൽ തെല്ലു ചഞ്ചലനാകുന്നതു ഞാൻ കണ്ടു. എങ്കിലും എനിക്കു ചരിതാർത്ഥത.

ആലപ്പുഴ ഒരു സമ്മേളനത്തിനുപോയിട്ടു ഞങ്ങൾ—കവിയും പ്രഫെസറുമായ തകഴി ശങ്കരനാരായണനും—തിരുവനന്തപുരത്തേക്ക് തിരിച്ചുപോരികയായിരുന്നു. നേരത്തേ നിശ്ചയിച്ചതനുസരിച്ച് ഞങ്ങൾ തകഴിയുടെ വീട്ടിലെത്തി. അദ്ദേഹം അത്താഴം കഴിഞ്ഞ് കസേരയിൽ ഇരിക്കുന്നതേയുള്ളു. ഞങ്ങളെ കണ്ടയുടനെ വാവിട്ടു കരഞ്ഞു. ദുഃഖം സഹിക്കാനാവാതെ ഞാൻ അദ്ദേഹത്തെ ആശ്ലേഷിച്ചു. അതിനു ശേഷം ശങ്കരനാരായണനും. വടിയൂന്നി നടന്നു തകഴി വേറൊരു കസേരയിൽ വന്നിരുന്ന് സംസാരിക്കാൻ തുടങ്ങി. കാര്യകാരണബന്ധത്തോടെ സ്ഫുടമായി അദ്ദേഹം ഇൻഡസ് വാലി സംസ്കാരത്തെക്കുറിച്ചു വിദ്വജ്ജനോചിതമായി ഏറെനേരം പലതും പറഞ്ഞു. പ്രാകൃതസ്വഭാവമാർന്ന (primitive എന്നാണ് തകഴി ഉപയോഗിച്ചപദം) ശിവൻ ആനയുടെ രൂപമെടുത്ത് അതേരൂപമാർന്ന സഹധർമ്മിണിയുമായി രതിക്രീഡയിൽ ഏർപ്പെട്ടതും സന്തത്യുൽപാദനം നടത്തിയതും തത്ത്വചിന്താപരമായി അദ്ദേഹം വ്യാഖ്യാനിച്ചു. ശിവപുത്രനായ ഹനുമാൻ ശ്രീരാമഭക്തനായി പോയതു വൈഷ്ണമതത്തിലേക്കുള്ള പ്രയാണമായി തകഴികണ്ടു. ഇങ്ങനെ ഗഹനങ്ങളായ ഒട്ടേറെ വസ്തുതകൾ അദ്ദേഹം ആവിഷ്കരിച്ചു.

തകഴിക്കു വടിയുടെ സഹായം വേണം നടക്കാൻ എന്നല്ലാതെ ഒരു രോഗവും എനിക്കു കാണാൻ കഴിഞ്ഞില്ല. അദ്ദേഹം പ്രസന്നവദനനായി പ്രസാദാത്മകതയോടെ വർത്തമാനം പറഞ്ഞു. അദ്ഭുതപ്പെടാനില്ല. ആന്തരചൈതന്യം കെട്ടുപോകുമ്പോഴാണ് ശരീരത്തിന് ആഘാതമേൽക്കുന്നത്. തകഴിയുടെ ആന്തരചൈതന്യം വിടർന്നുവിലസുന്നു.

യാത്രപറഞ്ഞപ്പോഴാണ് ഞാൻ അദ്ദേഹത്തിന്റെ പാദങ്ങളിൽ തൊട്ടതും ആ കൈകൾ എന്റെ കണ്ണിൽവച്ചതും. അത് സ്നേഹത്തിന്റെയും ബഹുമാനത്തിന്റെയും സൂചനയായി പരിഗണിച്ചാൽ മതി. പക്ഷേ അപ്പോഴും തകഴി നിലവിളിച്ചു. ആ കണ്ണീരുകണ്ട്, രോദനം കേട്ട് സ്ത്രീരത്നമായ ശ്രീമതി കാത്തമ്മയും കരഞ്ഞു. സ്നേഹസമ്പന്നനും ശുദ്ധനുമായ ഒരു വലിയ മനുഷ്യനോടുള്ള ആ താൽകാലിക സമ്പർക്കം ഞങ്ങൾക്കാണ് പ്രയോജനപ്പെട്ടത്. നമ്മൾ ഉന്നതന്മാരെ ബഹുമാനിക്കുമ്പോൾ അവർക്ക് ആ ബഹുമാനം കൊണ്ട് വലിയ പ്രയോജനമില്ല. പക്ഷേ ബഹുമാനിക്കുന്ന നമ്മൾക്കു മാനസികമായ ഔന്നത്യമുണ്ടാകുന്നു. കൂട്ടനാടൻ പ്രദേശം സാഹിത്യകാരന്മാരെ മാത്രമല്ല മാന്യതയുടെ മൂർത്തിമദ്ഭാവമായ ഒരു വ്യക്തിയെയും സൃഷ്ടിച്ചിരിക്കുന്നു.

പാലാ നാരായണൻനായർ

വള്ളത്തോളിന്റെ ഭീമാകാരമായ നിഴലിൽ നിന്നുകൊണ്ടു ചില ആറാട്ടുമുണ്ടന്മാർ അദ്ദേഹത്തെ നോക്കി പരിഹസിക്കുന്ന കാലയളവിലാണ് നമ്മൾ ജീവിക്കുന്നത്. അതിൽ വിഷാദിക്കാനില്ല, വിസ്മയിക്കാനില്ല. മഹാന്മാരെ നിന്ദിക്കാൻ ഏതുകാലത്തും ആളുകൾ ഉണ്ടാവും. മലയാളത്തിന്റെ മണ്ണിൽ ജനിച്ച് അതിമനോഹരങ്ങളായ കാവ്യങ്ങൾ രചിച്ച് അമരത്വം നേടിയ ആ മഹാകവി തന്റെ ചൈതന്യം മൃദുലവും



തകഴി



പാലാ
നാരായണൻ നായർ

വൈഷയികവുമാണെന്നു തെളിയിച്ചു. ഈ മൃദുലതയും വൈഷയികതവും കാവ്യങ്ങളിലൂടെ അനുഭവിക്കുന്ന കേരളീയർ തങ്ങളുടെ ചൈതന്യത്തിനു ആ ധർമ്മങ്ങൾ കൈവരുത്തുന്നു. അതോടെ അവർ സങ്കുചിതത്വം വെടിഞ്ഞ് വിശാലമനസ്കരായി മാറുന്നു. ഇങ്ങനെയാണ് ഈ മഹാകവി കേരളീയരെ ഉന്നമിപ്പിച്ചത്. അദ്ദേഹത്തെ നോക്കി അസ്ഥിപഞ്ജരങ്ങൾ പല്ലിളിച്ചുകാണിക്കുന്നു. കാണിക്കട്ടെ. ശ്രീ. പാലാ നായരായണൻ നായരെപ്പോലുള്ള പ്രതിഭാശാലികൾ വള്ളത്തോളിന്റെ പ്രതിഭയെ ആദരിക്കാനുണ്ടല്ലോ. ആ ആദരത്തിനു നിദർശകമാണ് പാലാ മാതൃഭൂമി ആഴ്ചപ്പതിപ്പിൽ എഴുതിയ 'നിളാതീരത്ത്' എന്ന കാവ്യം. വള്ളത്തോളിന്റെ കാവ്യങ്ങളുടെ പേരുകൾ വിളിച്ചുപറയാതെ, അദ്ദേഹത്തിന്റെ പ്രയത്നങ്ങളെ എണ്ണിയെണ്ണിപ്പറയാതെ ആ കവിതയുടെയും കഥകളി പരിഷ്കാരത്തിന്റെയും സത്തെടുത്തു സ്ഫുടീകരിക്കുന്ന പാലായുടെ കവിതയ്ക്കു ചാരുതയുണ്ട്.

ഭാരതപ്പുഴയുടെ തീരത്തിലരങ്ങേറും
കേരളപ്പഴമതൻ കേളികൊട്ടാരംഭിക്കേ
മുന്നമേ നിറം മങ്ങിക്കിടന്ന കലാവിദ്യാ
സുന്ദരി പുനർജ്ജനി തേടുന്ന ഫീനിക്സ് പക്ഷി

ഈ ഭാഗവും മറ്റു ഭാഗങ്ങളും പാലാ നാരായണൻനായർ സാരസ്വതനായ കവിയാണ്, ആഭ്യാസികനല്ലെന്നു തെളിയിക്കുന്നു. (സാരസ്വതൻ = ജന്മകവി. സരസ്വതീ വിലാസമാർന്നവൻ. ആഭ്യാസികൻ = അഭ്യാസംകൊണ്ടു കവിയായവൻ)

വിടർന്നുനിന്നു പരിമളം വീശുന്ന പനിനീർപ്പൂവിനെ അടർത്തിയെടുത്തു കശക്കിയെറിഞ്ഞാൽ പ്രകൃതികോപിക്കും. പ്രശാന്തമായ പൊയ്കയിലിറങ്ങി വെള്ളം കലക്കിവിടരുത്. ഐശ്വരമായ പ്രശാന്തതയാണത്. അതിനെ ഭഞ്ജിക്കാൻ നമുക്ക് അധികാരമില്ല. വള്ളത്തോളിന്റെ കവിതയെ നിന്ദിക്കുമ്പോൾ അതുചെയ്യുന്നവർ പ്രകൃതിയെ കോപിപ്പിക്കുകയാണ്, ഐശ്വരമായ പ്രശാന്തതയെ തകർക്കുകയാണ്.

ചോദ്യം, ഉത്തരം

''പെൻഷൻ പറ്റിയാൽ അസ്വസ്ഥതയുണ്ടാകുമോ?''

''പെൻഷൻ പറ്റുന്നവനെക്കാൾ അസ്വസ്ഥയാകുന്നത് അയാളുടെ ഭാര്യയാണ്.''

''വൈദഗ്ദ്ധ്യം കൂടിയ ഡോക്ടറെ എങ്ങനെ തിരിച്ചറിയാം?''

''തിരിച്ചറിയാൻ പ്രയാസം. ഇരുപതു ഗുളികകൾ എഴുതിക്കൊടുക്കുന്ന ഒരു ഡോക്ടറെ എനിക്കറിയാം. ഏതെങ്കിലുമൊന്നിൽ രോഗം ഭേദമാകും. അതിനുശേഷം മറ്റുള്ള ഗുളികകൾ വല്ലാത്ത രോഗമുണ്ടാക്കും. മൂക്കടപ്പുമായി ചെന്നാൽ ഉടനെ ആൻറിബയോട്ടിക്ക് കുറിച്ചുകൊടുക്കുന്ന വേറൊരു ഡോക്ടറുണ്ട്. ആ രോഗം ഭേദമായിട്ടു മറ്റൊന്നുവരും. രണ്ടുപേരും പ്രശസ്തർ. പിന്നെ വിദഗ്ദ്ധനായ ഡോക്ടറെ കണ്ടുപിടിക്കാൻ ഒരു മാർഗ്ഗമേയുള്ളു. ഏതു ഡോക്ടറുടെ കൈക്ഷരം തിരെ വായിക്കാൻ വയ്യയോ അയാൾ ബഹുകേമൻ. എഴുതിത്തരുന്ന മരുന്നിന്റെ പേര് എന്നെപ്പോലുള്ളവർക്ക് ഉടനടി വായിക്കാൻ കഴിഞ്ഞാൽ അയാൾ വിദഗ്ദ്ധനല്ല.''

''വാതോരാതെ വർത്തമാനം പറയുന്ന സ്ത്രീകളെ നിശ്ശബ്ദരാക്കാൻ എന്തുമാർഗ്ഗം?''

''ടെലിവിഷനിൽ ഏതു സമയവും മലയാള സിനിമകാണിക്കാൻ ഏർപ്പാടു ചെയ്താൽ മതി.''

''കതകിൽ തട്ടുന്നതിന്റെ ശബ്ദത്തിന്റെ രീതിയനുസരിച്ച് തട്ടുന്നവന്റെ സ്വഭാവം നിശ്ചയിച്ചുകൂടേ?''

''നിർണ്ണയിക്കാം. ഉച്ചത്തിൽ തട്ടുന്നവൻ ഒന്നുകിൽ ബന്ധു അല്ലെങ്കിൽ പോസ്റ്റുമാൻ. പതുക്കെ തട്ടുന്നവർ പുസ്തകം വെയ്യ ചെയ്യിക്കാൻ വരുന്നവൻ അല്ലെങ്കിൽ കടം ചോദിക്കാൻ എത്തുന്നവൻ.''

''ദീർഘകാലം ജീവിച്ചിരിക്കുന്നതാര്?''
''ധനികനായ ഫാദർ ഇൻ ലാ.''

''കരയുന്ന മുഖഭാവത്തോടെ ഒരു സ്ത്രീ എപ്പോഴും പൂമുഖത്തു നില്ക്കുന്നതു ഞാൻ പതിവായി കാണുന്നു. ഭർത്താവിന്റെ ഉപദ്രവം കൊണ്ടല്ലേ അവർ ദുഃഖിക്കുന്നത്?''
''അല്ല. ഒന്നുകിൽ ടെലിഫോൺ കേടായിരിക്കും. അല്ലെങ്കിൽ ടെലിവിഷൻസെറ്റ് പ്രവർത്തിക്കുന്നില്ലായിരിക്കും.''

''ജീനിയസ്സിന്റെ അംശമെങ്കിലും ഉള്ള ഏതെങ്കിലുമെഴുത്തുകാരൻ മലയാളസാഹിത്യത്തിലുണ്ടോ? ജീവിച്ചിരിക്കുന്നവരെയാണ് ഞാൻ ഉദ്ദേശിക്കുന്നത്.''
''ഉണ്ട്. ശ്രീമതി മാധവിക്കുട്ടി'' (കമലാദാസ്)

''പ്രായം അധികമില്ലാത്തവർ വൃദ്ധന്മാരായി കാണപ്പെടുന്നത് എന്തുകൊണ്ട്?''
''പണത്തിൽ അത്യാർത്തിയുള്ളവർ പെട്ടെന്നു വൃദ്ധനാകും. കൂടാതെ കുടലിൽ കാൻസർ വരുന്നതും ഇരുകൊണ്ടാണ്. ശരീരവും മനസ്സും തമ്മിൽ വല്ലാത്ത ബന്ധമുണ്ട്.''

അസഹനീയം

വിവാഹം കഴിഞ്ഞാൽ ഭാര്യയെ സ്നേഹിക്കാം. സ്നേഹിക്കാമെന്ന് എടുത്തുപറയേണ്ടതില്ല. സ്നേഹിച്ചുപോകുമല്ലോ. ചെറുപ്പം, സൗന്ദര്യം, ശരീരത്തിന്റെ ആഹ്ലാദദായകമായഗന്ധം-എന്നു വേണ്ട അവളെസ്സംബന്ധിച്ചിടത്തോളം എന്തും നവവരന് ഇഷ്ടമാണ്. അതൊക്കെ വെറുപ്പ് ജനിപ്പിക്കുന്നത് മധുവിധു എന്നു വിളിക്കുന്ന പതിനാലുദിവസം കഴിയുമ്പോഴാണ്. അതിരിക്കട്ടെ. നമുക്കു സ്നേഹിക്കുന്ന കാലയളവിനെ മാത്രം പരിഗണിച്ചാൽ മതി. അപ്പോൾ വീട്ടിൽ കയറിവരുന്ന അവളുടെ ബന്ധുക്കളെയാകെ സ്നേഹിക്കാനും ബഹുമാനിക്കാനും അയാൾ നിർബ്ബന്ധിതനാണ്. പെണ്ണിന്റെ, വിവരമില്ലാത്തതന്ത ഒരു പൊതിക്കെട്ടുമായി ആദ്യം കയറിവരുന്നു. അയാളുടെ മോന്തായം തന്നെ വെറുപ്പ് ജനിപ്പിക്കും. എങ്കിലും ഭാര്യ കേൾക്കാൻ വേണ്ടി 'അമ്മാമൻ, അമ്മാമൻ' എന്നു ഉരുവിട്ട് ഭയഭക്തി ബഹുമാനങ്ങൾ നടിച്ച് അയാളുടെ മുൻപിൽ നില്ക്കും ചെറുപ്പക്കാരൻ. മിക്ക അമ്മാവന്മാരും ഇമ്മാതാക്കളോടു ഇരിക്കാൻ പറയുകയില്ല. പറയാതെ കേറിയങ്ങിരുന്നാൽ ഫാദർ ഇൻ ലാ എന്നുവിളിക്കുന്ന' ഷൈലൊക്കിനു ഇഷ്ടമാവുകയുമില്ല. അയാൾ പോയാൽ ഭാര്യയുടെ ചേച്ചിയുടെ ഭർത്താവെത്തും. എസ്.എസ്.എൽ.സി എന്ന പരീക്ഷയാകുന്ന തടാകം കടന്ന് അക്കരെച്ചെല്ലാൻ ഏഴോ എട്ടോ തവണ ശ്രമിച്ചവനാണ്. ഓരോ തവണയും വിജയലക്ഷ്മി അക്കരെനിന്നു കൊഞ്ഞനം കാണിച്ചതുകൊണ്ട് പിന്മടങ്ങിയവനാണ്. ഇപ്പോൾ ഏതോ ഓഫീസിൽ ശിപായി. നവവരൻ എം.എ ജയിച്ചിട്ട് പി.എച്ച്.ഡിക്ക് ഗവേഷണം നടത്തുന്നവനാണ്. എങ്കിലും ഭാര്യയെക്കരുതി 'ചേട്ടൻ, ചേട്ടൻ' എന്നു മൊഴിയാടി പഞ്ചപുച്ഛമടക്കിനില്ക്കും അയാളുടെ മുൻപിൽ. ഇങ്ങനെ, ഒരു പെണ്ണിനെ കല്യാണം കഴിച്ചുപോയതുകൊണ്ട് അവളുടെ യൂസ്‌ലെസ്സായ സകല ബന്ധുക്കളെയും അയാൾക്കു ബഹുമാനിക്കേണ്ടിവരുന്നു. സ്നേഹം ഭാവിക്കേണ്ടിവരുന്നു. വിരുന്നുവിളിക്കാൻ എന്നുപറഞ്ഞ് എത്തുന്ന സകല അലവലാതികളുടെയും വീടുകളിൽ കറിയവർ ശർക്കരകലക്കിയുണ്ടാക്കുന്ന വെള്ളമാകെ മോന്തേണ്ടിവരുന്നു. അതുകൊണ്ട് എന്റെ 'കൺക്ഗ്രുഷൻ''. ഒരു ബന്ധുവുമില്ലാത്ത പെണ്ണിനെ വിവാഹം ചെയ്യുന്നവനത്രേ ഭാഗ്യവാൻ.

ഇനിയുള്ള ഭാഗം എന്റെ പ്രായത്തെക്കുറിച്ച് ഒട്ടും ആലോചിക്കാതെ വേണം പ്രിയപ്പെട്ട വായനക്കാർ വായിക്കാൻ. 'കലാകൗമുദി' സുന്ദരിയായ യുവതിയാണ്. അവൾ പനിനീർപ്പൂന്തോട്ടത്തിൽ നിന്ന് പൂക്കളിറുക്കുകയാണ്, ആ തലമുടി നോക്കൂ. എന്തൊരു നീളം. ആ കണ്ണുകളുടെ ഭംഗി നോക്കൂ. എന്തൊരാകർഷകത്വം. നേർത്ത മൂന്നോ നാലോ സ്വർണ്ണവളകളിട്ട കൈകൊണ്ട് അവൾ റോസാപ്പൂ അടർത്തിയെടുക്കുന്നു. പൂവേണമെന്നുണ്ടെങ്കിൽ ചോദിക്കൂ. തരും. സൗന്ദര്യത്തോടൊപ്പം സൗജന്യമാധുര്യവുമുണ്ട് അവൾക്ക്. പക്ഷേ അവളുടെ ബന്ധു എന്നു ഭാവിച്ചുകൊണ്ട് വിജയൻ എസ്. കല്ലുനാട് എന്നൊരാൾ ചെറുകഥ എന്നൊരു പൊതിക്കെട്ടുമായി വന്നു നില്ക്കുന്നു. കലാകൗമുദിയോടു സ്നേഹവും ബഹുമാനവും എനിക്കുണ്ടെങ്കിലും ഇദ്ദേഹത്തോടു ആ വികാരങ്ങൾ നടിക്കാൻപോലും എനിക്കു കഴിയുന്നില്ല. ഗൾഫ് രാജ്യത്തുവച്ച് ഒരുത്തൻ ഒരു പഴയ പരിചയക്കാരിയെ കാണുന്നു, അവൾ ഒരു അറബിയുടെ കുഞ്ഞുങ്ങളെ നോക്കുന്നവളാണത്രേ. ലീലാവതി അമ്മാൾ എന്നു പേര്. ഇതുതന്നെയാണ് കഥ. അസഹനീയം, അസഹനീയം എന്നല്ലാതെ എന്തുപറയാൻ.

പോൾ ബോൾസ്

നമ്മൾ വായിക്കേണ്ട ചെറുകഥകളും നോവലുകളുമാണ് പോൾ ബോൾസിനേറത് (Paul Bowles) Gore Vidal എന്ന അമേരിക്കൻ നോവലിസ്റ്റിന്റെ Armageddon എന്ന പ്രബന്ധസമാഹാരത്തിൽ ബോൾസിന്റെ ചെറുകഥകളെക്കുറിച്ച് ഒരുപന്യാസമുണ്ട്. അതുവായിച്ചപ്പോഴാണ് ഞാൻ ബോൾസിനെക്കുറിച്ച് അറിയുന്നത്. അതിനുശേഷം അദ്ദേഹത്തിന്റെ പല ചെറുകഥകളും ഞാൻ തേടിപ്പിടിച്ച് വായിച്ചു. മഹാനായ ഫിലിം ഡയറക്ടർ (ഡിറക്ടർ എന്നതു ശരിയായ ഉച്ചാരണം) ബെർട്ടൊലൂച്ചി (Bernardo Bertolucci) ബോൾസിന്റെ The Sheltering Sky എന്ന നോവൽ സിനിമയാക്കിയിട്ടുണ്ടെന്ന് മനസ്സിലാക്കിയയുടനെ ആ നോവൽ വാങ്ങിവായിച്ചു. സവിശേഷതയാർന്ന നോവലാണ് അത്.

അമേരിക്കക്കാരാണ് പോർട്ടും അയാളുടെ ഭാര്യ കിറ്റും. ജീവിതത്തിന് ഒരർത്ഥവുമില്ലെന്നും മരണമെന്ന ശൂന്യതയിലാണ് നമ്മളെല്ലാവരും ചെന്നുലയിക്കുന്നതെന്നും മനസ്സിലാക്കിയ പോർട്ട് ഭാര്യയുമൊരുമിച്ച് മരണത്തിനുസദൃശമായ സഹാറാമണൽക്കാട്ടിലെത്തുന്നു. അൽജീറിയയിലാണ് അയാൾ വാസമുറപ്പിച്ചത്. എന്നിട്ട് കൂടെവന്ന ടനർ, അൽജീറിയയിൽ വച്ചു പരിചയപ്പെട്ട എറിക് അയാളുടെ അമ്മ ഇവരുമായി പലസ്ഥലങ്ങളിലും അലഞ്ഞുനടക്കുന്നു. ഭാര്യക്ക് ടനറോടു ബന്ധമുണ്ടോ എന്ന സംശയം അയാൾക്ക് ഇല്ലാതില്ല. പക്ഷേ, You're never humanity; you're only your own poor hopelessly isolated self എന്നു വിശ്വസിക്കുന്ന പോർട് അത്രകാര്യമാക്കുന്നില്ല. മരിക്കുന്നവന്റെ മുൻപിൽ കണ്ണാടിയെടുത്തുപിടിച്ചാൽ Good-bye. We won't be seeing each other any more എന്നുപറയില്ലേ? (Valery) അതുപോലെ ലോകത്തോട് യാത്രപറയുന്നവനാണ് പോർട്. മുന്നോട്ടുള്ള പ്രയാണത്തിൽ ഒരു പൊയിൻറിലെത്തിയാൽ തിരിച്ചുവരാനാവില്ല. എന്നു കാഫ്കയും പറഞ്ഞിട്ടുണ്ട്. ആ ബിന്ദുവിൽ എത്തിയപ്പോൾ പോർട്ടിനു സുഖക്കേടുവന്നു. അയാൾ ഒരു ഫ്രഞ്ച് മിലിറ്ററി പോസ്റ്റിൽ കിടന്നു മരിച്ചു. ഭർത്താവിന്റെ തലയിണയിൽ തലവച്ചുകൊണ്ട് അയാളുടെ തലമുടിയിൽ തടവുന്ന കിറ്റ് കണ്ണീരൊഴുക്കാതെ കിടന്നപ്പോൾ ഒരു ശബ്ദം കേട്ടു. അവൾ കണ്ണുതുറന്നുനോക്കിയപ്പോൾ ഭർത്താവിന്റെ കീഴ്ച്ചുണ്ടിൽ ഇരുന്നു രണ്ടു ഈച്ചകൾ ഇണചേരുന്നു.

"She bent over further and placed her lips on the smooth brow. For a while she remained thus. The room grew red. Softly she laid her cheek on the pillow and stroked his hair. No tears flowed; it was a silent leave—taking. A strangely intense buzzing in front of her made her open her eyes. She watched fascinated while two files made their brief, frantic love on his lower lip." (Page 213. Paladin Grafton Books—£2=25) ജീവിതത്തിന്റെ ക്ഷുദ്രസ്വഭാവത്തെ ഇതുപോലെ ചിത്രീകരിക്കാൻ ബോൾസിനല്ലാതെ ആർക്കു കഴിയും? ഇത്തരം വൈരൂധ്യങ്ങളുടെ ചിത്രീകരണം ധാരാളമുണ്ട് ഈ നോവലിൽ. സൂപ്പ് കൊണ്ടുവച്ചപ്പോൾ ടനർ:—Look at the soup! Its full of corpses (Page 101)

ഭർത്താവിന്റെ മരണത്തിനുശേഷം മണൽക്കാട്ടിലേക്ക് ഓടിപ്പോയ കിറ്റ് രണ്ടു അറബികളാൽ ബലാത്സംഗം ചെയ്യപ്പെട്ടു. അവരിൽ ഒരുത്തൻ അവളെ ഹേരത്തിലേക്കു (harem)കൊണ്ടുപോയിപാർപ്പിച്ചു. അവൾക്കു വെറുപ്പോ? ഇല്ല. And when he went away the delicious state of exhaustion and fulfilment persisted for a long

വിടർന്നുനിന്നു പരിമളം വീശുന്ന പനിനീർപ്പൂവിനെ അടർത്തിയെടുത്തു കശക്കിയെറിഞ്ഞാൽ പ്രകൃതി കോപിക്കും. പ്രശാന്തമായ പൊയ്കയിലിറങ്ങി വെള്ളം കലക്കിവിടരുത്. ഐശ്വരമായ പ്രശാന്തതയാണത്. അതിനെ ഭഞ്ജിക്കാൻ നമുക്ക് അധികാരമില്ല.

നമ്മൾ ഉന്നതന്മാരെ ബഹുമാനിക്കുമ്പോൾ അവർക്ക് ആ ബഹുമാനം കൊണ്ട് വലിയ പ്രയോജനമില്ല. പക്ഷേ ബഹുമാനിക്കുന്ന നമ്മൾക്കു മാനസികമായ ഔന്നത്യമുണ്ടാകുന്നു.

കമലാദാസ്

time afterward; she lay half-awake, bathing in an aura of mindless contentment, a state which she quickly grew to take for granted, and then, like a drug, to find indispensable. (Page 262) [ഹാഡ്‌ലി ചേസിന്റെ 'നോ ഓർക്കിഡ്സ് ഫോർ മിസ് ബ്ളാൻഡിഷ്' എന്ന നോവലിൽ ഇതുപോലെ ബലാത്സംഗത്തിനു വിധേയയായ സ്ത്രീ അതിൽ രസിക്കുന്നതായി സൂചനയുള്ളത് ഈ സന്ദർഭത്തിൽ ഞാൻ ഓർമ്മിക്കുന്നു.] ഹോരത്തിൽ നിന്നു രക്ഷനേടിയ കിറ്റ് തളർന്നും തകർന്നും അൽജീറിയയിൽ എത്തുമ്പോൾ നോവൽ അവസാനിക്കുന്നു.

മനുഷ്യന്റെ ആധ്യാത്മികമായ സമ്പന്നതയെക്കുറിച്ചൊക്കെ ചിലർ വാതോരാതെ പ്രസംഗിക്കാറുണ്ടല്ലോ. അത് പച്ചക്കള്ളമാണെന്നും ആകെയുള്ളത് ശൂന്യതയാണെന്നും സ്ഥാപിക്കുകയാണ് ബോൾസ്. അങ്ങനെ അദ്ദേഹം എക്സിസ്റ്റെൻഷ്യലിസ്റ്റായി നമ്മുടെ മുൻപിൽ എത്തുന്നു.

സുന്ദരിയായ കിറ്റിന്റെ കഴുത്തിനു പിറകിൽ ഏതോ മൃദുലമായ വസ്തു. അവൾ നോക്കിയപ്പോൾ ഒരു മഞ്ഞപ്പേൻ. (ചെള്ള്) അവൾ അതിനെ ഏതാണ്ടു പൊട്ടിച്ചു. വെറുപ്പോടെ വിരൽ ചുവരിൽ തേച്ചു. (പുറം 73)

കിറ്റ്:- 'Tunner! Don't tell me you're hungry!
അയാൾ:- Only, my tapeworm (Page 67)
ഇങ്ങനെ വൈരൂപ്യമാർന്ന ജീവിതത്തിന്റെ നിരർത്ഥകത സ്പഷ്ടമാക്കുന്ന ഈ നോവൽ സുശക്തമാണ്. ആഫ്രിക്കയെക്കുറിച്ചു നോവലെഴുതിയ ഗ്രേയം ഗ്രീനിന് ബോൾസിനെ സമീപിക്കാനൊക്കുകയില്ല. ബെർട്ടോലൂച്ചിയുടെ ചിത്രം കാണാൻ നമ്മൾ സന്നദ്ധരായിരിക്കുക.

'വെയ്സ്റ്റ്'

മഹാരാഷ്ട്ര സ്റ്റെയ്റ്റിൽ ബലാർഷാ എന്നൊരു സ്ഥലമുണ്ട്. ആ സ്ഥലത്തെ തീവണ്ടിയാപ്പീസിലിറങ്ങി നാഗപ്പൂരിലേക്കുള്ള റോഡിലൂടെ നടന്നാൽ വലതുഭാഗത്തായി വലിയ പൊക്കത്തിൽ വെള്ളക്കുന്നുകൾ കാണാം. അവ യഥാർത്ഥത്തിൽ കുന്നുകളല്ല. ബലാർഷായിൽ ഒരു കടലാസ്സു ഫാക്ടറിയുണ്ട്. അവിടത്തെ വെയ്സ്റ്റ് (waste) മൂഴുവൻ വളരെ വർഷങ്ങളായി അവിടെ കൊണ്ടിടുകയാണ്. അതു ക്രമേണ കുന്നുകളായി മാറി. കൈലാസത്തിനു വെൺമയുണ്ടെന്നു പറയുന്നു. അതിനെക്കാൾ വെൺമയാണ് ബലാർഷായിലെ 'വെയ്സ്റ്റ് ഹിൽസി'ന്. ആളുകളുടെ ആരോഗ്യത്തിന് ഇതു ഹാനി ഉളവാക്കുകയില്ലേ എന്നു ഞാൻ ഒരു മലയാളിയോടു ചോദിച്ചു. "കടലാസ്സ് ഫാക്ടറി വമിക്കുന്ന വിഷപ്പുകയോടു തട്ടിച്ചുനോക്കിയാൽ ഈ കുന്നുകൾ ദോഷരഹിതങ്ങളാണ്. മാത്രമല്ല അവയ്ക്കടുത്തെങ്ങും ആളുകൾ പാർക്കുന്നുമില്ല." എന്നായിരുന്നു അയാളുടെ മറുപടി.

രണ്ടോ മൂന്നോ കൊല്ലം മുൻപ് F.A.C.T യിൽ വാർഷികസമ്മേളനത്തിനു പ്രസംഗിക്കാൻ പോയി ഞാൻ. ശ്രീ. എം.കെ.കെ.നായർ രൂപംകൊടുത്ത ഗസ്റ്റ് ഹൗസിൽ നിന്ന് തെല്ലകലെത്തക്കു നോക്കിയപ്പോഴും കണ്ടു ചില വെള്ളക്കുന്നുകൾ. എന്താണ് അവയെന്ന് ഒരോളോടു ചോദിച്ചപ്പോൾ വളം നിർമ്മിച്ചുകഴിഞ്ഞതിനുശേഷമുള്ള വെയ്സ്റ്റാണെന്നു മറുപടികിട്ടി. അതിൽ നിന്നു വേറൊരു രാസരൂപം നിർമ്മിക്കാൻ എം.കെ.കെ. നായർക്ക് ഉദ്ദേശ്യമുണ്ടായിരുന്നുവെന്നും ആ ആൾ അറിയിച്ചു. സമീപത്തെങ്ങും വീടുകളില്ലാത്തതുകൊണ്ട് മനുഷ്യരുടെ ആരോഗ്യത്തിന് അതു ഭീഷണിയാവുകയില്ലെന്ന് എനിക്കു വിചാരമുണ്ടായി.

ഞാൻ മുൻപ് തിരുവനന്തപുരത്ത് പേരൂപറയാൻ വൈഷമ്യമുള്ള ഒരു സ്ഥലത്ത് താമസിച്ചിരുന്നു. വീട്ടിന്റെ ഗെയ്റ്റ് തുറന്ന് ഇറങ്ങുന്നത് പാതയിലേക്കായിരുന്നു. രണ്ടുവശത്തും വീടുകൾ. ആ വീടുകളിലെ ചവറുകളെല്ലാം ആ പാതയിലാണ് കൊണ്ടിട്ടിരുന്നത്. അത് അവിടെക്കിടന്ന് അഴുകും. അസഹനീയമായ നാറ്റം ഉണ്ടാകും. കോർപ്പറെയ്ഷന്റെ ചവറുവണ്ടി മാസത്തിലൊരിക്കൽ വന്നാലായി ഇല്ലെങ്കിലായി. ആ നാറ്റം ദിവസത്തിൽ ഇരുപത്തിനാലുമണിക്കൂർ നേരവും ശ്വാസകോശത്തിലാക്കുന്നത് കാലനൂർക്ക് പോകാനുള്ള പാസ്പോർട് വാങ്ങിക്കലാണെന്നു ധരിച്ച് ഞാൻ അവിടെനിന്നു മാറി.

ഞാൻ താമസിച്ചവീട്ടിൽ വെയ്സ്റ്റ് ഇടാൻ സ്ഥലമുണ്ടായിരുന്നതുകൊണ്ട് ഒരിക്കലും പാതയിൽ അതുകൊണ്ടിടാൻ സമ്മതിച്ചിരുന്നില്ല. വീട്ടിൽ സ്ഥലമില്ലാത്തവരാണ് പാതയിൽ അതു നിക്ഷേപിച്ചിരുന്നത്. മറ്റാളുകളുടെ ആരോഗ്യത്തിൽ താൽപര്യമില്ലാത്തവരുടെ പ്രവൃത്തിയായിരുന്നു അത്. കറിക്കുനുറുക്കുന്ന പച്ചക്കറികളുടെ ശിഷ്ടം, മീൻ അറുത്തുകഴുകിയിട്ടു ദൂരെക്കളയേണ്ട തല, വാല്, എന്നിവ, വൃത്തികെട്ട തുണികൾ ഇവയാണ് പാതയിൽ വന്നുവീണിരുന്നത്. ഉപദംശമുണ്ടാക്കൽ സംസ്കാര ഭദ്രമായ ചടങ്ങ്. ആ പ്രക്രിയയുടെ സംസ്കാര ഭദ്രമല്ലാത്ത ഭാഗം പച്ചക്കറികളുടെ അവശിഷ്ടം. ഇതുപോലെ മത്സ്യത്തിന്റെയും പഴന്തുണികളുടെയും അവശിഷ്ടങ്ങൾ സംസ്കാരമുള്ള പ്രവൃത്തികളുടെ വെയ്സ്റ്റ്. ഇമ്മട്ടിൽ ഒരു വെയ്സ്റ്റാണ് ശ്രീ. എം.രാഘവന്റെ 'ചരൽപാത'യിൽ എന്ന ചെറുകഥ. അദ്ദേഹം അതുകൊണ്ടിടുന്നത് "ദേശാഭിമാനി" വാരിക എന്ന ശുചിത്വമുള്ള പാതയിൽ. കാരുണ്യമുള്ള ഒരുത്തന്റെ—കുളിക്കുമ്പോൾ കുളിമുറിയിൽ കണ്ട ഒരു പുഴുവിനെ രക്ഷിച്ച ഒരുത്തന്റെ—അവിശ്വസനീയമായ ചിത്രം വരയ്ക്കുകയാണ് കഥാകാരൻ. എങ്ങനെ അവിശ്വസനീയമായി എന്നൊന്നും ഞാൻ പറയുന്നില്ല. അഴുക്കില്ലാത്ത വസ്ത്രം ധരിക്കുന്ന എനിക്കു ചെളിപുരണ്ട, നാറുന്നതുണികണ്ടാലറിയാം. വെണ്ടയ്ക്ക മെഴുക്കുപുരട്ടി കഴിക്കുന്ന എനിക്ക് വെണ്ടയ്ക്കയുടെ മുകൾഭാഗം മുറിച്ചുകളയേണ്ട വെയ്സ്റ്റാണെന്ന് അറിയാം. ആ അറിവുവച്ചുകൊണ്ടു പറയുകയാണ് ഇക്കഥ സാഹിത്യത്തിന്റെ വെയ്സ്റ്റാണെന്ന്. ജനവാസമില്ലാത്ത വല്ലസ്ഥലത്തും കൊണ്ടിടട്ടെ അത്. ആളുകൾക്ക് സുഖമായി സഞ്ചരിക്കാനുള്ള "ദേശാഭിമാനി" പ്പാതയിൽ അതുകൊണ്ടിടാതിരിക്കട്ടെ.

നിർവ്വചനങ്ങൾ

മലയാളഭാഷ:- നവീനതമ നിരൂപകർ ഓടിക്കുന്ന കാറ് കയറി റോഡിൽ കിടക്കുന്ന ഛരനാഥ പ്രേതം.

"വാതോരാതെ വർത്തമാനം പറയുന്ന സ്ത്രീകളെ നിശ്ശബ്ദരാക്കാൻ എന്തു മാർഗ്ഗം?"
"ടെലിവിഷനിൽ ഏതു സമയവും മലയാള സിനിമ കാണിക്കാൻ ഏർപ്പാടുചെയ്താൽ മതി."

കാമദേവൻ: കാലത്ത് ഒൻപതു മണിയോട് അടുപ്പിച്ച് കോളേജിന്റെ (കൊളിജ് എന്നു ശരിയായ ഉച്ചാരണം) മുൻപിൽ വന്നുനിന്നു വിദ്യാർത്ഥികളെയും വിദ്യാർത്ഥിനികളെയും പൂവമ്പുകൊണ്ടു എയ്തുക്ഷതമേല്പിക്കുന്ന ദുഷ്ടൻ.

സാൽവാർ, കമ്മീസ്:- ഉപയോഗിക്കാതിരിക്കുമ്പോൾ പെൺകുട്ടികൾക്ക് അഴകുണ്ടാക്കുന്ന വസ്ത്രവിശേഷം.

നോക്കട്ടെ:- സാദ്ധ്യമല്ല എന്ന നാലക്ഷരമുള്ള പദം പ്രയോഗിക്കാതെ ഉദ്യോഗസ്ഥന്മാർ അഭ്യർത്ഥനയുമായിച്ചെല്ലുന്നവരോടു ഗൗരവഭാവത്തിൽ പറയുന്ന മൂന്നക്ഷരമുള്ള പദം.

ബൂക്ക്സ് ഇഗ്സിബിഷൻ (Exhibition):- പൊടിയടിച്ചു ചെലവാകാതെ കടകളിലിരിക്കുന്ന പുസ്തകങ്ങൾ ബഹുജനത്തെ കാണിച്ചു ചെലവാക്കാനുള്ള സൂത്രപ്പണി.

സാഹിത്യചർച്ച:- ആരോഗ്യകരം എന്ന് ഉദ്ഘോഷിച്ചുകൊണ്ടു തുടങ്ങുന്നതും അനാരോഗ്യകരമായി അവസാനിക്കുന്നതുമായ ചടങ്ങ്.

കവിയരങ്ങ്:- കവിത ഹൃദയത്തിലല്ല, ചൊല്ലുന്നവന്റെ തൊണ്ടയിലാണ് ഇരിക്കുന്നതെന്ന് സ്പഷ്ടമാക്കിത്തരുന്ന ഒരേർപ്പാട്.

കുഞ്ഞുണ്ണി, കുട്ടിക്കൃഷ്ണമാരാർ

കുങ്കുമം വാരികയിൽ ശ്രീ. കുഞ്ഞുണ്ണി എഴുതുന്ന വരകളും വരികളും എന്ന കോളത്തിൽ കണ്ടത്:- "കുട്ടിക്കൃഷ്ണമാരാരോടു ഒരിക്കലൊരാൾ ചോദിച്ചു: 'മാരാരിപ്പോഴെന്താണ് ഒന്നും എഴുതാത്തത്?' മറുപടി ഉടൻ കിട്ടി: 'ഞാനെഴുതിയതെല്ലാം നിങ്ങൾ വായിച്ചു പഠിച്ചുകഴിഞ്ഞോ?'

കുഞ്ഞുണ്ണി എഴുതിയതുകൊണ്ട് എനിക്കിതു വിശ്വസിക്കാതിരിക്കാൻ വയ്യ. കാരണം അദ്ദേഹം സത്യസന്ധനാണ് എന്നതത്രേ. പക്ഷേ എന്റെ അനുഭവം മറ്റൊരു വിധത്തിലാണ്. രചനകളിൽ ഉദ്ധതനായി പ്രത്യക്ഷനാകുന്ന കുട്ടിക്കൃഷ്ണമാരാർ നേരിട്ടുള്ള പെരുമാറ്റത്തിൽ കൊച്ചു കുഞ്ഞിനെപ്പോലെ നിഷ്കളങ്കനാണ്. ഔദ്ധത്യരഹിതനാണ്. "സ്ഥായിഭാവമാണോ ശരി അതോ സ്ഥായീഭാവമോ" എന്ന് അദ്ദേഹം എന്നോടൊരിക്കൽ ചോദിച്ചു. 'മാഷേ, അങ്ങാര് ഞാനാര്' എന്നു ഞാൻ അങ്ങോടുചോദിക്കയാണുണ്ടായത് അതിനുമറുപടിയായി.

ഇനി കുട്ടിക്കൃഷ്ണമാരാർ അങ്ങനെ മറുപടി നല്കിയെന്നു തന്നെ വിചാരിക്കു. എന്നാൽത്തന്നെയും അദ്ദേഹം അത്രയ്ക്കു മികച്ച പണ്ഡിതനും മികച്ച സഹൃദയനുമാണോ? അദ്ദേഹത്തിന്റെ സഹൃദയത്വത്തെക്കുറിച്ച് എനിക്കു സംശയമുണ്ടാക്കുന്ന വസ്തുതകൾ താഴെച്ചേർക്കുന്നു:-

1. ഹോമറിന്റെ 'ഇലിയഡി'നെയും അതിശയിച്ച 'യുദ്ധവും സമാധാന'വും എന്ന നോവലിനെക്കാൾ മേലേക്കിടയിലാണ് അതിഭാവുകത്വമാർന്ന 'പാവങ്ങൾ' എന്നും അദ്ദേഹം അഭിപ്രായപ്പെട്ടു.
2. വള്ളത്തോളിനെ ചുച് ചരിച്ചിട്ട് നാലപ്പാടനെ അദ്ദേഹം വാഴ്ത്തി.
3. പൊയറ്റിക് ഇൻസ്പിറെയ്ഷനിൽ നിസ്തുലനായ ചങ്ങമ്പുഴയെ അംഗീകരിച്ചില്ല.
4. ഉണ്ണായിവാര്യരെ വാഴ്ത്താൻ വേണ്ടി ശ്രീഹർഷനെ ഇടിച്ചുതാഴ്ത്തി.

കുട്ടിക്കൃഷ്ണമാരാരുടെ സംസ്കൃത പാണ്ഡിത്യം 'കഷ്ടിപിഷ്ടി' ആയിരുന്നു എന്നതിന് ശാകുന്തളം ഗദ്യപരിഭാഷയും മലയാളശൈലിയും തെളിവുതരും. സ്ഥലക്കുറവുകൊണ്ട് ഞാൻ ഉദാഹരണങ്ങൾ നല്കുന്നില്ല. വീണ്ടും അദ്ദേഹത്തിന്റെ സഹൃദയതാത്ത്വികത്തിലേക്കു വരാം. "കാലികൾ നക്കിത്തുടയ്ക്കുമച്ചെന്തളിർക്കാലടിവച്ചു കൊണ്ടുണ്ണിക്കണ്ണൻ സഞ്ചരിക്കുന്ന നിൻ ദിക്കിലെങ്ങാനൊരു പിഞ്ചുപുല്ലായിപ്പിറക്കാവു ഞാൻ" എന്ന വള്ളത്തോൾക്കവിതയ്ക്ക് അദ്ദേഹം നല്കുന്ന വ്യാഖ്യാനമിങ്ങനെ:- "കൃഷ്ണന്റെ പാദസ്പർശമേല്ക്കാനിടവന്നില്ലെങ്കിലും അതു നക്കിത്തുടയ്ക്കാൻ ഭാഗ്യം സിദ്ധിച്ച ഗോക്കൾ വന്ന് ആ വായ്കൊണ്ട് പിഞ്ചുപുല്ലായ എന്നെ കടിക്കുകയെങ്കിലും ചെയ്തേക്കാമല്ലോ എന്നും വ്യഞ്ജിക്കുന്നു." സഹൃദയനിൽ നിന്നു വരുന്നതാണോ ഈ വാക്യങ്ങൾ?



കുഞ്ഞുണ്ണി

മലയാളഭാഷ: നവീനതമ നിരൂപകർ ഓടിക്കുന്ന കാറ് കയറി റോഡിൽ കിടക്കുന്ന ഒരനാഥപ്രേതം.

ചോരയുടെ ഗന്ധം നിറഞ്ഞ കഥകൾ

(15 പേജിൽ നിന്നും തുടർച്ച)

അഭിമാനം ചുരമാന്തുന്നു.

"അമ്പതിൽ ഞങ്ങൾ അറസ്റ്റ് ചെയ്യപ്പെടുമ്പോൾ കമ്മ്യൂണിസ്റ്റു പാർട്ടി നാമമാത്രമായിരുന്നു. മാടമ്പള്ളികളുടേയും ഇൻമിമാരുടേയും ഭരണമായിരുന്നു നിലനിന്നത്. അടിമപ്പണിയും അടിച്ചമർത്തലും തീണ്ടലുമെല്ലാം പൂർണ്ണമായ തോതിൽ അന്ന് നിലനിന്നിരുന്നു.

പക്ഷേ, ഏഴുവർഷത്തെ ഇടവേളയ്ക്കു ശേഷം ശൂരനാട്ടെത്തിയപ്പോൾ സ്ഥിതി ആകെ മാറിയിരുന്നു. കമ്മ്യൂണിസ്റ്റ് പാർട്ടി ആഴത്തിൽ വേരോടിക്കഴിഞ്ഞു. ഞങ്ങളുയർത്തിയ മുദ്രാവാക്യങ്ങൾ പ്രാവർത്തികമായിരിക്കുന്നു. എല്ലാവിധ അനാചാരങ്ങളും അരങ്ങുവിട്ടു. കർഷകത്തൊഴിലാളിക്ക് കൂടികിടപ്പുകിട്ടി. കമ്മ്യൂണിസ്റ്റുപാർട്ടി പ്രവർത്തകർ തലയുയർത്തിപ്പിടിച്ച് നടക്കുന്നത് കാണാം. പഴയ ഇൻമിമാർ കർഷകത്തൊഴിലാളിക്കുമുന്നിൽ പഞ്ചപുച്ഛമടക്കി നിൽക്കുന്നു. ചെയ്ത ജോലിക്ക് വിയർപ്പുണങ്ങും മുമ്പ് കൂലിനൽകുന്നു. ഈ സംഭവത്തിലേക്കെല്ലാം നയിച്ച സർക്കാർ വക പുറമ്പോക്ക് ഭൂമി കർഷകത്തൊഴിലാളികളുടെയും ഹരിജനങ്ങളുടേയും കൈവശാവകാശത്തിലായിക്കഴിഞ്ഞിരുന്നു. ടി.കെ. നാരായണപിള്ളയുടെ സ്ഥാനത്ത് തൊഴിലാളിവർഗ്ഗത്തിന്റെ പടനായകൻ രാജ്യം ഭരിക്കുന്നു.

ഇങ്ങനെ അടിസ്ഥാനപരമായ ഒട്ടേറെ മാറ്റങ്ങൾ ആ ഏഴുവർഷങ്ങൾക്കകം വന്നുകഴിഞ്ഞിരുന്നു."

ഇപ്പോഴെന്തു തോന്നുന്നു എന്ന് ചോദിച്ചപ്പോൾ മറുപടി കവിളൊട്ടിയ മുഖത്ത് നിറഞ്ഞുനിന്ന പുഞ്ചിരിയാണ്. "നിറഞ്ഞ സംതൃപ്തിതന്നെ" "ലോക്കപ്പുകളിൽ അമർനാടങ്ങിയ ജീവിതങ്ങളോട് പുതിയ തലമുറ പൂർണ്ണമായും നീതികാട്ടി. രക്തസാക്ഷിദിനാചരണം ശൂരനാടിന്റെ ദേശീയോൽസവമാണ് ഇന്ന്. അവർ ചൊരിഞ്ഞ ചോരയും വിയർപ്പും അദ്ധ്വാനിക്കുന്നവന്റെ മോചനശാസ്ത്രത്തിന് വളമായപ്പോൾ ഇവിടെ ഒരു മഹാപ്രസ്ഥാനം വളരുകയായിരുന്നു, ഒരു ശക്തിക്കും തകർക്കാൻ കഴിയാത്ത അകക്കാമ്പോടെ. പക്ഷേ, ആ ഏഴുകൊല്ലത്തിനിടയിൽ നഷ്ടപ്പെട്ട അഞ്ച് സഖാക്കളെക്കുറിച്ചോർക്കുമ്പോൾ ഇപ്പോഴും മനസ്സ് വിങ്ങുന്നു."

"ഈ ഗവൺമെന്റ് രക്തസാക്ഷികളുടെ അനന്തരാവകാശികൾക്കും ശൂരനാട് സംഭവത്തിലെ പ്രതികളിൽ ജീവിച്ചിരിക്കുന്നവർക്കും ഇടക്കാലത്ത് മരിച്ചവരുടെ പിൻമുറക്കാർക്കും പത്തനംതിട്ട ജില്ലയിലെ അങ്ങാടിക്കൽ വില്ലേജിൽ അമ്പത് സെന്റ് ഭൂമിവീതം പതിച്ചുകൊടുത്തു. എനിക്കുകിട്ടിയ അരയേക്കറിൽ ഞാൻ കപ്പയിട്ടു."

ടോംസിന്റെ ബോബനും മോളിയും

PRINTED AND PUBLISHED BY I. VIJENDRAN ON BEHALF OF KALAKAUMUDI PUBLICATIONS (PVT.) LTD. AT THE KALAKAUMUDI PRESS, THIRUVANANTHAPURAM. EDITOR: S. JAYACHANDRAN NAIR.